# ആധുനിക മലയാളസാഹിത്യചരിത്രം

COURSE CODE: B21ML01GE

Generic Elective Course - Malayalam

For Undergraduate Programmes

Self Learning Material












**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# ആധുനിക മലയാളസാഹിത്യചരിത്രം

Course Code: B21ML01GE

Semester - V

## Generic Elective Course - Malayalam
## For Undergraduate Programmes
## Self Learning Material

**(With Model Question Paper Sets)**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# ആധുനിക മലയാളസാഹിത്യചരിത്രം

Course Code: B21ML01GE
Semester- V
Generic Elective Course - Malayalam
For Undergraduate Programmes

SREENARAYANAGURU
OPEN UNIVERSITY


**Academic Committee**

Prof. Thomas Thamarasseri
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas

**Development of the Content**

Aswani A.P.
Shaheera Nazeer
Dr. Leja V.R.
Jyothinatha Warrier

**Review and Edit**

Prof. (Dr.) Thomas Thamarassery

**Linguistics**

Prof. (Dr.) Thomas Thamarassery

**Scrutiny**

Dr. Thara S.S., Deepam S.
Aswani A.P., Dr. Deepthi V.S.,
Dr. Lathika A.C.

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.

Scan this QR Code for reading the SLM on a digital device.

**Edition:**
January 2025



**Copyright:**
© Sreenarayanaguru Open University



ISBN 978-81-980417-0-8



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.



www.sgou.ac.in


Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The courses offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The University is committed to providing you with a stimulating learning experience. All the UG programmes are designed to align with similar programmes of other state universities in Kerala. The curriculum adheres to the UGC guidelines, emphasizing interdisciplinary learning and offering opportunities for learners to explore diverse areas of interest. This course titled "ആധുനിക മലയാളസാഹിത്യചരിത്രം" is designed as a preparatory material to introduce learners to the key aspects of modern Malayalam literary history. It provides a foundational understanding of its development, major movements, and socio-cultural influences in a concise and accessible manner. Ideal for beginners, this material will help learners grasp essential concepts and build a strong base for further exploration in the field of Malayalam literature. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Warm regards.
Dr. Jagathy Raj V. P.

01-01-2025

SGOU

# Contents

**BLOCK-1 ആധുനിക മലയാള കവിത** 1

**UNIT-1 കവിത – കവിത്രയം – ആശാൻ – ഉള്ളൂർ – വള്ളത്തോൾ** 2

1.1.1 കുമാരനാശാൻ 4

1.1.1.1 ജീവിതവും ദർശനവും 4

1.1.1.2 സ്നേഹഗായകൻ 5

1.1.1.3 വിപ്ലവവും കവിതയും 5

1.1.1.4 ആശാൻ കവിതയുടെ പുതുവഴി 5

1.1.2 ഉള്ളൂർ എസ്. പരമേശ്വരയ്യർ 8

1.1.2.1 കവിയും പണ്ഡിതനും 8

1.1.2.2 ഉമാകേരളം 9

1.1.2.3 കർണ്ണഭൂഷണം 9

1.1.2.4 ഭക്തിദീപിക 10

1.1.2.5 ദേശാഭിമാനവും പൗരാണിക ഭക്തിയും 10

1.1.2.6 പ്രമേയവും ഭാഷയും 11

1.1.3 മഹാകവി വള്ളത്തോൾ നാരായണമേനോൻ 13

1.1.3.1 കവിയും കാലവും 13

1.1.3.2 കാവ്യജീവിതം 14

1.1.3.3 വിശ്വപൗരസങ്കല്പം 14

**UNIT-2 ബാലാമണിയമ്മ, പി. കുഞ്ഞിരാമൻ നായർ, ചങ്ങമ്പുഴ** 21

1.2.1 എൻ. ബാലാമണിയമ്മ 23

1.2.2 പി. കുഞ്ഞിരാമൻ നായർ 25

1.2.3 ചങ്ങമ്പുഴ കൃഷ്ണപിള്ള 28

**UNIT-3 ഇടശ്ശേരി ഗോവിന്ദൻനായർ, എൻ.വി. കൃഷ്ണവാരിയർ** 36

1.3.1 ഇടശ്ശേരി ഗോവിന്ദൻ നായർ 37

1.3.1.1 കവിയും കാലവും 37

1.3.1.2 ഭാഷയും പ്രമേയവും 38

1.3.2 എൻ.വി. കൃഷ്ണവാരിയർ 41

1.3.2.1 എൻ.വിയുടെ കാവ്യലോകം 41

1.3.2.2 ഭാവപരമായ സവിശേഷതകൾ 42

| | | |
|---|---|---|
| **UNIT-4** | **പി. ഭാസ്കരൻ, വയലാർ, അയ്യപ്പപ്പണിക്കർ** | **47** |
| | 1.4.1 പി. ഭാസ്കരൻ | 49 |
| | 1.4.1.1 കവിയും കാലവും | 49 |
| | 1.4.1.2 കവിതയുടെ രാഷ്ട്രീയം | 49 |
| | 1.4.2 വയലാർ രാമവർമ്മ | 51 |
| | 1.4.2.1 കവിയും കാലവും | 51 |
| | 1.4.2.2 ഗാനങ്ങൾ | 54 |
| | 1.4.3 കെ. അയ്യപ്പപ്പണിക്കർ | 54 |
| | 1.4.3.1 കവിയും കാലവും | 55 |
| **BLOCK-2** | **നോവലും ചെറുകഥയും** | **64** |
| **UNIT-1** | **മലയാള നോവലിന്റെ പശ്ചാത്തലം ആദ്യകാല നോവലുകൾ** | **65** |
| | 2.1.1 നോവലിന്റെ പശ്ചാത്തലം | 66 |
| | 2.1.1.1 നോവലും ചെറുകഥയും | 67 |
| | 2.1.1.2 ഘട്ട വിഭജനം | 68 |
| | 2.1.2 മലയാള നോവലിന്റെ ചരിത്രം | 68 |
| **UNIT-2** | **വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ. പൊറ്റെക്കാട്ട്, എം.ടി. വാസുദേവൻ നായർ** | **75** |
| | 2.2.1 വൈക്കം മുഹമ്മദ് ബഷീർ | 77 |
| | 2.2.2 എസ്.കെ. പൊറ്റെക്കാട്ട് | 80 |
| | 2.2.3 എം.ടി. വാസുദേവൻ നായർ | 82 |
| **UNIT-3** | **ഉറൂബ്, കാക്കനാടൻ, ഒ.വി. വിജയൻ, സാറാ ജോസഫ്** | **88** |
| | 2.3.1 പി.സി. കുട്ടികൃഷ്ണൻ - ഉറൂബ് | 89 |
| | 2.3.2 കാക്കനാടൻ-ജോർജ് വർഗീസ് | 91 |
| | 2.3.3 ഒ.വി. വിജയൻ | 92 |
| | 2.3.4 ആനന്ദ് | 94 |
| **UNIT-4** | **ചെറുകഥ** | **100** |
| | 2.4.1 ആദ്യകാല കഥകൾ | 103 |
| | 2.4.1.1 വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ | 104 |
| | 2.4.1.2 മൂർക്കോത്ത് കുമാരൻ | 104 |
| | 2.4.1.3 സി.എസ്. ഗോപാലപ്പണിക്കർ | 104 |
| | 2.4.1.4 ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ | 104 |
| | 2.4.1.5 അമ്പാടി നാരായണപ്പൊതുവാൾ | 104 |

2.4.1.6 എം.ആർ.കെ.സി 104
2.4.1.7 കെ. സുകുമാരൻ 105
2.4.1.8 ഇ.വി. കൃഷ്ണപിള്ള 105
2.4.2 നവോത്ഥാന ഘട്ടം 105
2.4.2.1 വൈക്കം മുഹമ്മദ് ബഷീർ 105
2.4.2.2 കാരൂർ നീലകണ്ഠപ്പിള്ള 106
2.4.2.3 തകഴി ശിവശങ്കരപ്പിള്ള 107
2.4.2.4 പി. കേശവദേവ് 107
2.4.2.5 പൊൻകുന്നം വർക്കി 107
2.4.3 ആധുനിക ഘട്ടം 108
2.4.3.1 ടി. പത്മനാഭൻ 109
2.4.3.2 എം.ടി. വാസുദേവൻ 109
2.4.3.3 മാധവിക്കുട്ടി 110
2.4.3.4 ഒ.വി. വിജയൻ 110
2.4.3.5 കാക്കനാടൻ 111
2.4.3.6 സാറാ ജോസഫ് 111
2.4.3.7 സക്കറിയ 111
MODEL QUESTION PAPER SETS 116

# 1 BLOCK

# ആധുനിക മലയാള കവിത

SGOU

BLOCK - 1

# UNIT 1

# കവിത - കവിത്രയം - ആശാൻ - ഉള്ളൂർ - വള്ളത്തോൾ

## Learning Outcomes

- ആശാന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- ഉള്ളൂരിന്റെ രചനാലോകത്തെക്കുറിച്ച് അറിവ് നേടുന്നു
- വള്ളത്തോൾ കവിതകളുടെ സവിശേഷതകൾ കണ്ടെത്തുന്നു
- കവിത്രയമെന്നനിലയിൽ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കാലഘട്ടത്തെക്കുറിച്ച് മനസിലാക്കുന്നു

## Prerequisites

19-ാം നൂറ്റാണ്ടിലെ ഉത്തരാർധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിലും മലയാള കവിതയിൽ പരിവർത്തനത്തിന്റെയും പുതിയ ഉൾക്കാഴ്ചയുടെയും സൂര്യവെളിച്ചം പ്രത്യക്ഷപ്പെടുന്നു. ഈ പോരാട്ടത്തിന് നേതൃത്വം കൊടുത്ത മഹാകവികളാണ് ആശാനും ഉള്ളൂരും വള്ളത്തോളും. മലയാളകവിതയിലെ കാൽപനികയുടെ പുതിയ പ്രഭാതത്തെ ഉദാത്തമാക്കി തീർത്തതും ഈ മൂന്ന് മഹാകവികളാണ്. ഇവർ വൈവിധ്യപൂർണമായ രചനകൾകൊണ്ട് ആധുനിക മലയാള കവിതയുടെ സുവർണദശസൃഷ്ടിച്ചു. കവിത്രയം എന്ന പേരിൽ ഈ കവികളെ ഒരുമിച്ച് ചേർത്ത് പറയാറുണ്ടെങ്കിലും കവിതയുടെ കാര്യത്തിൽ അവർ അവരവരുടേതായ വഴി നിർമിക്കുകയുണ്ടായി.

തിരുവനന്തപുരം ജില്ലയിലെ കായിക്കര എന്ന സ്ഥലത്താണ് ആശാൻ ജനിച്ചത് 1873 ഏപ്രിൽ 12-ന്, ഒരു സാധുകുടുംബത്തിൽ. കുമാരു എന്നാണ് ആശാനെ വിളിച്ചിരുന്നത്. വിദ്യാഭ്യാസത്തിനു ശേഷം കുറച്ചുകാലം അധ്യാപകനായിരുന്നു. രാജാധികാരത്തിന്റെ വെൺകൊറ്റക്കുടയുടെ കീഴിൽ ഒതുങ്ങിനിന്ന ജനജീവിതം-നാടുവാഴിത്തത്തിന്റെ ആധിപത്യം. ഇതോടൊപ്പം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ



SGOU

ഭാരതത്തിലൊന്നാകെ ആഞ്ഞടിച്ച ദേശീയബോധം കേരളത്തിനും ഉണർവേകി. എങ്കിലും രാജാധികാരത്തിന്റെ സുവർണ ദശയായിരുന്നു അത്. അതിനാൽ കവിക്കാകട്ടെ, ചിന്തകനാകട്ടെ സ്വന്തം പ്രതിഭയും ചിന്തയും വികസിപ്പിച്ചെടുക്കാൻ ചില പരിമിതികളുണ്ടായിരുന്നു. സാമൂഹികാസമത്വങ്ങളിൽ ഏറ്റവും ക്രൂരമായത് സവർണമേധാവിത്വവും അവർണപീഡനവുമായിരുന്നു. ഗത്യന്തരമില്ലാതെവന്ന അവർണരിൽ നല്ലൊരു വിഭാഗം മതപരിവർത്തനം നടത്തി ക്രിസ്ത്യാനികളായി. ഈ സാഹചര്യത്തിൽ ജീവിതം മുളപ്പിച്ചെടുത്ത ആശാൻ ആധ്യാത്മിക ജീവിതത്തോടാണ് ആദ്യം ആഭിമുഖ്യം കാണിച്ചത്. ശ്രീനാരായണ ഗുരുവിന്റെ സ്വാധീനമായിരുന്നു അതിന് കാരണം. 1891-ൽ ആശാൻ ശ്രീനാരായണ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചു. അങ്ങനെ യൗവനത്തിന്റെ ഇതൾ വിരിഞ്ഞു തുടങ്ങിയ കാലത്തും ബുദ്ധിപരവും സാംസ്കാരികവുമായി വളർന്നുവന്ന കാലത്തും ആശാൻ ആധ്യാത്മികതയുടെ കൈകളിൽ ഒതുങ്ങി നിന്നു. സംസ്കൃതസാഹിത്യവും ഭാഷയും ആശാനെ പൗരസ്ത്യസാഹിത്യത്തോടു ചേർത്തുനിർത്തി. ബുദ്ധമത ദർശനങ്ങളാണ് ആശാനെ ഏറെയും സ്വാധീനിച്ചത്. ഗുരുദേവനിൽ നിന്നു സ്വീകരിച്ച സന്യാസജീവിതം, എസ്.എൻ.ഡി.പി.യുടെ സെക്രട്ടറി എന്ന നിലയ്ക്കുള്ള സാമൂഹിക സേവനം, നിയമസഭാ സാമാജികത്വം, സാഹിത്യ പ്രവർത്തനം- എന്നിങ്ങനെ വൈവിധ്യം നിറഞ്ഞ ജീവിതമണ്ഡലങ്ങളിലാണ് ആശാൻ വ്യാപരിച്ചത്. ഇതിനിടയിൽ ഉപരിപഠനാർഥം കൽക്കത്തയിലും ബാംഗ്ലൂരിലും മദ്രാസിലും താമസിച്ചു. ടാഗോറും രാമകൃഷ്ണ പരമഹംസനും രാജാറാം മോഹൻ റോയിയും സ്വാമി വിവേകാനന്ദനും എല്ലാം ആശാനെ സ്വാധീനിച്ചിട്ടുണ്ട്. ആധ്യാത്മിക ജീവിതത്തിൽ നിന്ന് ഭൗതിക ജീവിതത്തിലേക്ക് കടന്നുവരുന്ന അസാധാരണത്വവും ആശാന്റെ നിത്യജീവിതത്തിൽ ഉണ്ട്.

പാണ്ഡിത്യവും കവിത്വവും ഒത്തിണങ്ങിയ സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായി ഉള്ളൂരിനെ സാഹിത്യചരിത്രങ്ങൾ വിലയിരുത്തുന്നു. കവി, സാഹിത്യചരിത്രകാരൻ, ഭാഷാ-ചരിത്ര ഗവേഷകൻ, പ്രബന്ധകാരൻ തുടങ്ങി സാഹിത്യത്തിന്റെ വിവിധ രംഗങ്ങളിൽ അർപ്പിതചേതസ്സോടെ സേവനം നടത്തി സമാരാധ്യനായത്തീർന്നു, ഈ പ്രതിഭാശാലി. ഉന്നതമായ സർക്കാരുദ്യോഗത്തോടൊപ്പമാണ് (ദിവാൻ പേഷ്കാരായിരുന്നു) ഉള്ളൂർ സാഹിത്യ രചനകളിൽ വ്യാപൃതനായിരുന്നത്. തമിഴ് പാരമ്പര്യത്തിൽ നിന്ന് വരുമ്പോഴും മലയാള സാഹിത്യത്തിന് നിരവധി സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് സാധിച്ചു.

1879 ഒക്ടോബർ 16-ന് തിരൂർ താലൂക്കിൽപെട്ട ആലത്തിയൂരിൽ (മംഗലം അംശം) വള്ളത്തോൾ തറവാട്ടിൽ കവി വള്ളത്തോൾ നാരായണമേനോൻ ജനിച്ചു. തികച്ചും യാഥാസ്ഥിതിക പാരമ്പര്യത്തിലാണ് വള്ളത്തോളും ജനിച്ചുവളർന്നത്. സംസ്കൃതമാണ് വിദ്യാഭ്യാസത്തിന്റെ തായ്ത്തടി. നാടുവാഴിത്ത സാമൂഹിക വ്യവസ്ഥകളും മരുമക്കത്തായ കുടുംബബന്ധങ്ങളും കെട്ടഴിയാതെ നിലനിന്നുപോന്ന ഭൗതിക സാഹചര്യം. കവിയെന്ന നിലയിൽ സാർവത്രികമായ അംഗീകാരം നേടിയ ശേഷമാണ് ഇംഗ്ലീഷ് സാഹിത്യവുമായി വിദൂര ബന്ധമെങ്കിലും വള്ളത്തോളിനുണ്ടായത്. അതുതന്നെ നാലപ്പാടനിൽനിന്ന് കിട്ടിയ അറിവുമാത്രം. അപ്പോൾ പുരാണേതിഹാസങ്ങളിൽ സ്ഫുരിച്ച കാവ്യസംസ്കാരമാണ് വള്ളത്തോൾ പ്രതിഭയ്ക്ക് ഊർജം നല്കിയത്. ബഹിർമുഖനായ കവി, പരന്ന വായനയിലൂടെ, സാമൂഹിക ബന്ധങ്ങളിലൂടെ വിശാലമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ചു. വികസ്വരമായിക്കൊണ്ടിരുന്ന വള്ളത്തോളിന്റെ കാവ്യമനസ് പ്രാചീന ഭാരതീയ സാഹിത്യത്തിന്റെ ഈടുവയ്പ്പിലേക്കു മാത്രമല്ല ചെന്നെത്തിയത്, ടാഗോർ, പ്രേംചന്ദ്, സുബ്രഹ്മണ്യഭാരതി തുടങ്ങിയ ദേശീയവാദികളായ സാഹിത്യകാരന്മാരുടെ ജീവിതവുമായി വള്ളത്തോൾ നിരന്തരം ബന്ധപ്പെട്ടു. സുഹൃദ്ബന്ധങ്ങളിലൂടെ പതു

ക്കെപ്പതുക്കെ തന്നിൽ ഊറിക്കൂടിയ വിശ്വസാഹിത്യബോധം തന്റെ കാവ്യചിന്താപദ്ധതിയുമായി സമന്വയിപ്പിക്കാൻ വള്ളത്തോളിനു സാധിച്ചു. 1919-നു ശേഷമാണല്ലോ ഇന്ത്യൻ സ്വാതന്ത്ര്യസമരം കൂടുതൽ ശക്തമായത്. ഗാന്ധിജിയിൽ നിന്ന് ദേശീയബോധത്തിന്റെ അർഥവും പ്രാധാന്യവും മനസിലാക്കിയ വള്ളത്തോൾ ക്രമേണ ദേശീയ സമരത്തിന്റെ പ്രവാഹത്തിൽ ലയിച്ചു ചേർന്നു. കേരളത്തിന്റെ ദേശീയ കവി എന്ന അദ്ദേഹത്തെ വിശേഷിപ്പിക്കാം. 1958 മാർച്ച് 13-ന് അന്തരിച്ചു.

## Keywords

കവിത്രയം - ആശാൻ - ആശാന്റെ കാവ്യലോകം - വള്ളത്തോൾ - പ്രധാനപ്പെട്ട കൃതികൾ - ഉള്ളൂർ എസ്. പരമേശ്വര അയ്യർ - പ്രധാന രചനകൾ

## Discussion

### 1.1.1 കുമാരനാശാൻ

#### 1.1.1.1 ജീവിതവും ദർശനവും


കുമാരനാശാൻ

മലയാളകവിതയുടെ കാല്പനിക പ്രസ്ഥാനത്തിന് സുവർണ സിംഹാസനമൊരുക്കിയ കവിശ്രേഷ്ഠൻ എന്ന് കുമാരനാശാനെ വിശേഷിപ്പിക്കാം. ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങളോടും, പ്രസ്ഥാനത്തോടും ചേർന്നുനിന്നുകൊണ്ട് തന്നെ കവനപാതയിൽ ഉദാത്ത സൃഷ്ടികളുടെ സൂര്യതേജസായി വിളങ്ങി നിന്ന മഹത് പ്രഭാവമാണ് ആശാൻ. 'വിപ്ലവത്തിന്റെ ശുക്രനക്ഷത്രമെന്ന്' പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും, 'നവോത്ഥാനത്തിന്റെ കവിയെന്ന്' തായാട്ട് ശങ്കരനും ആശാനെ വിശേഷിപ്പിച്ചിട്ടുണ്ട്. കൗമാരത്തിൽ തന്നെ സ്വഭാഷയ്ക്ക് പുറമെ, സംസ്കൃത ഭാഷയിലും അറിവ് നേടിയ കുമാരു മാഘം, നൈഷധം, ഭോജചമ്പു, ശാകുന്തളം, കുവലയാനന്ദം എന്നിവ പഠിച്ചെടുക്കുകയും ചെയ്തു. ഒരേ സമയം ജീവിതത്തിന്റെ ഭിന്ന തലങ്ങളിൽ ഇടം പിടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കവിയും അധ്യാപകനും സന്യാസിയും ആയിട്ടുള്ള അദ്ദേഹത്തിന്റെ ജീവിതവൈവിധ്യം തന്നെ അതിന് ഉദാഹരണമാണ്. ഒരു നിരയിലുള്ള ജീവിതത്തിന് പല വഴികൾ തീർത്ത കവിയാണ് അദ്ദേഹം.

അദ്വൈത സിദ്ധാന്തത്തിലധിഷ്ഠിതമായ ശ്രീനാരായണഗുരുവിന്റെ ആശയങ്ങളോട് ആഭിമുഖ്യം തോന്നിയ കുമാരനാശാനെ ഗുരു അരുവിപ്പുറത്തേക്ക് കൊണ്ടുപോകുകയും തന്റെ ശിഷ്യനാക്കുകയും ചെയ്തു. ശ്രീനാരായണഗുരുവിന്റെ ആഗ്രഹവും, പിന്തുണയും ലഭിച്ച ആശാൻ സംസ്കൃത ഭാഷയിൽ 'വിദ്വാൻ' ബിരുദം നേടുന്നതിനായി ബാംഗ്ലൂർ സംസ്കൃത വിദ്യാലയത്തിൽ ചേർന്നുവെങ്കിലും അവിടമാകെ പടർന്നുപിടിച്ച പകർച്ചവ്യാധി കാരണം പഠനമുപേക്ഷിക്കേണ്ടി വന്നു. ഇക്കാലത്താണ് 'സൗന്ദര്യലഹരി' വിവർത്തനം ചെയ്തത്. അത് 'വിദ്യാവിലാസിനി' മാസിക(1901)യിൽ പ്രകാശിതമാകുകയും ചെയ്തു.

ഗുരുവിന്റെ നിർദ്ദേശപ്രകാരം ഡോ. പല്പുവിന്റെ സഹായത്തോടെ കൽക്കത്തയിൽ തുടർപഠനത്തിന് ചേരുകയും പകർച്ചവ്യാധിയായ പ്ലേഗിന്റെ അതിവ്യാപനത്താൽ നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. ബംഗാളിലേക്ക് ചേക്കേറിയതിൽ പിന്നെ ആശാന്റെ കാവ്യ സങ്കല്പങ്ങൾക്ക് കാതലായ മാറ്റം സംഭവിച്ചു. രവീന്ദ്രനാഥ ടാഗോറിന്റെ സാഹിത്യ ചിന്തകളോടും, സ്വാമി വിവേകാന

ന്ദന്റെ ആത്മീയചിന്തകളോടും തോന്നിയ ആഭിമുഖ്യം അതിനൊരു കാരണമായി ത്തീർന്നു. 'വിവേകോദയം' എന്ന പേരിൽ ആശാന്റെ നേതൃത്വത്തിലാരംഭിച്ച പത്രം, സ്വാമി വിവേകാനന്ദനോടുള്ള ആത്മീയ ബന്ധത്തിന്റെ സ്മാരകമായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് ഡോ. എം ലീലാവതി മലയാള കവിതാസാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധേയമാണ്. ശ്രീനാരായണപരിപാലനയോഗത്തിന്റെ കരുത്തുറ്റ ശബ്ദമായി വിവേകോദയം പത്രം അറിയപ്പെടുകയും, യോഗത്തിന്റെ ആദ്യ സെക്രട്ടറിയായ ആശാൻ തന്നെ പത്രാധിപരായി തുടരുകയും ചെയ്തു.

ബഹുമുഖ വ്യക്തിപ്രഭാവത്തിന്റെ ഉടമയായിരുന്ന ആശാന് ധാരാളം അനുയായികളും, അതോടൊപ്പം അസൂയാലുക്കളുമുണ്ടായിരുന്നതായി കാണാം. ഒരേ സമയം, കവി, ചിന്തകൻ, വിമർശകൻ, പ്രഭാഷകൻ, പത്രാധിപർ, പ്രജാസഭാ സമാജികൻ എന്നിങ്ങനെ മറ്റുള്ളവരിൽ അസൂയ ജനിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു ആ മഹത് വ്യക്തിത്വം. ശ്രീനാരായണഗുരുവിന്റെ സ്നേഹത്തിനും വാത്സല്യത്തിനും വിശ്വസ്തതയ്ക്കും പാത്രമായി തീർന്നതും സ്വന്തം സമുദായത്തിൽ തന്നെ പ്രമുഖരായ പലർക്കും അസൂയ ജനിപ്പിച്ചിരുന്നു. വിവാഹാനന്തരം തനിക്കെതിരെയുള്ള അപവാദങ്ങളും, ആരോപണങ്ങളും അവഗണിക്കുകയും ആത്മരോഷത്തിന്റെ ഇടിമുഴക്കമായി, പ്രതിഷേധകാവ്യമായി രചിക്കപ്പെട്ടതായിരുന്നു 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന കൃതി.

### 1.1.1.2 സ്നേഹഗായകൻ

സ്നേഹഗായകൻ എന്നറിയപ്പെട്ട ആശാന്റെ കൃതികളിലെ മുഖ്യ പ്രമേയം സ്നേഹമായിരുന്നു. സ്നേഹമാണഖിലസാരമൂഴിയിൽ എന്നു പാടിയ കവിഹൃദയത്തെ നാം ഏറ്റു പാടുകയും ചെയ്തു. 1907-ൽ മിതവാദി പത്രത്തിൽ അച്ചടിച്ചുവന്ന 'വീണപൂവ്' എന്ന ഖണ്ഡകാവ്യത്തിലൂടെ ആശാൻ കാവ്യലോകത്തേക്ക് ചുവട് വച്ചു. 1908-ൽ ഭാഷാപോഷിണിയിലും ഈ കാവ്യം പ്രകാശിതമായതോടെ കണ്ണടച്ച് തുറക്കും വേഗത്തിൽ ആശാൻ ലോകപ്രശസ്തനായി ത്തീർന്നു. കാല്പനികതയുടെ മുഖമുദ്രകളായ നഷ്ടബോധവും, ജീവിത നശ്വരതയും കണ്ണീർ ചാലുകളാകുന്ന വീണപൂവ് എക്കാലവും അനുവാചക ഹൃദയസ്പന്ദനമായി നിലകൊള്ളുന്നു.

'സ്നേഹിക്ക ഉണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നിക്കീടാ
സ്നേഹം നീക്കീടുമോർക്ക നീ'

വിചിത്ര വിജയത്തിൽ ദീർഘബാഹുവാണിത് പറയുന്നതെങ്കിലും ഈ വരികൾ സ്നേഹഗായകനായ ആശാന്റെ മനസ് തന്നെയാണ്. ആശാന്റെ സ്നേഹ ശബ്ദമാണ് വീണപൂവിലും നളിനിയിലും ചണ്ഡാലഭിക്ഷുകിയിലും കരുണയിലുമെല്ലാം അലയടിച്ചുയർന്നിരുന്നത്.

### 1.1.1.3 വിപ്ലവവും കവിതയും

പ്രാപഞ്ചിക ജീവിതത്തിലെ ക്രൂരയാഥാർഥ്യങ്ങളുമായി ഏറ്റുമുട്ടുകയും, സാമൂദായിക സമത്വങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ബോധ്യമാകുകയും ചെയ്ത ഘട്ടത്തിലാണ് 'ദുരവസ്ഥ'യുടെ ജനനം. അനീതികൾക്കെതിരായ പടഹധ്വനിയായി ഈ കാവ്യത്തെ വിലയിരുത്താം(അവിടെയും സ്നേഹം ഒരു ഘടകമായി കടന്നു വരുന്നുണ്ട് എന്നതും ഓർക്കണം). ഉപരിപ്ലവതയും മുദ്രാവാക്യസ്വഭാവവും ആശാൻ അന്ന് സ്വീകരിച്ച ചില നിലപാടുകളുടെ വർത്തമാനകാല വീക്ഷണവും പല നിലയിൽ കാവ്യലോകത്ത് പിൽക്കാലത്ത് വിമർശനങ്ങൾ ഏറ്റുവാങ്ങാൻ കാരണമായി എന്നതും കൂട്ടത്തിൽ ഓർക്കേണ്ടതുണ്ട്.

### 1.1.1.4 ആശാൻ കവിതയുടെ പുതുവഴി

പാശ്ചാത്യ ദുരന്തകാവ്യങ്ങളുടെ ഭാവതീവ്രത ആശാന്റെ കാവ്യങ്ങളുടെ സവിശേഷതയായി കണക്കാക്കപ്പെട്ടിട്ടുള്ളതാണ്. മിക്ക കവിതകളിലും തീവ്രമായ ലൗകീക ജീവിതത്തിൽ നിന്നും മോക്ഷപ്രാപ്തി നേടി സ്വച്ഛന്ദ മൃത്യു വരിക്കുന്ന പ്രണയ ഹൃദയങ്ങളുടെ നേർ ചിത്രങ്ങളാണ് ആശാൻ സഹൃദയ സമക്ഷം അവതരിപ്പിക്കുന്നത്. വീണപൂവിലും നളിനിയിലും ലീലയിലും കരുണയിലും മറ്റു പല പ്രശസ്ത കൃതികളിലും ലൗകിക ജീവിതത്തിന്റെ നശ്വരത ദർശനീയമാണ്.

ആത്മീയതയും ലൗകിക ജീവിതവും തമ്മിലുള്ള കടുത്ത പോരാട്ടങ്ങൾക്കൊടുവിൽ ഭൗതികതയ്ക്ക് സംഭവിക്കുന്ന ആത്മസംഘർഷങ്ങൾ ആശാന്റെ കവിതയുടെ പൊതുസ്വഭാവമായി കണക്കാക്കാം. മലയാള കാവ്യലോകത്തിന്റെ മുഖച്ഛായ മാറ്റിയ ആശാൻ കേരളീയ നവോത്ഥാനത്തിന്റെ രാജശില്പി കൂടിയാണ്. പാരമ്പര്യത്തിന്റെ ദൗർബല്യങ്ങളിൽ കവിതയെ മോചിപ്പിച്ചുകൊണ്ട് പുതിയ ഭാവുകത്വ പരിണാമത്തിന് തുടക്കം കുറിക്കുകയായിരുന്നു ആശാൻ. സാമൂഹിക നവോത്ഥാനത്തിന് അതിസാഹസികതയുടേയോ വിപ്ലവത്തിന്റെയോ അതിര് കടന്ന വാചക കസർത്തുക്കളുടെ മാർഗം കവി സ്വീകരിച്ചിരുന്നില്ല. സാമൂഹിക ഉച്ചനീചത്വങ്ങളുടെ അടിവേരുകൾ ഇളക്കി മാറ്റാൻ അദ്ദേഹം സമചിത്തതയോടെയുള്ള സമീപനവും ജീവിത പ്രമേയങ്ങൾ ഇതിവൃത്തമായ കാവ്യങ്ങളും രചിച്ചു.

> ഇതിവൃത്തത്തിലും അവതരണത്തിലും പ്രതിപാദനരീതിയിലും പുതുമ പ്രദർശിപ്പിച്ച കാവ്യമാണ് നളിനി. പൗരാണിക കഥാപാത്രങ്ങളെ അവലംബിച്ചുള്ള കാവ്യരചന സർവസാധാരണമായിരുന്ന ഒരു കാലഘട്ടത്തിലാണ് കാല്പനികഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്ന നളിനീ കാവ്യം ആശാൻ രചിച്ചത്. 'നളിനി'യെ നവീനസ്വഭാവമുള്ള ഒരു കൃതിയായി നാം ഇന്നു പരിഗണിക്കുന്നതിന്റെ മുഖ്യകാരണവും ഇതുതന്നെയാണ്.
>
> 'നളിനി'യും എച്ച്. ഡബ്ല്യൂ ലോങ്ഫെല്ലോവിന്റെ 'ഇവാൻജലിൻ' എന്ന കവിതയും തമ്മിൽ ബന്ധമുണ്ടെന്ന് കുട്ടികൃഷ്ണമാരാർ എഴുതിയിട്ടുണ്ട്.

ഖണ്ഡകാവ്യങ്ങളാൽ സമ്പന്നമാണ് ആശാന്റെ കാവ്യലോകം. മഹാകാവ്യപ്രസ്ഥാനത്തിൽ നിന്നും മാറി കാവ്യലോകത്തെ ഒരു പുതു സരണിയിലേക്ക് അദ്ദേഹം നയിച്ചതായി കാണാം. ഖണ്ഡകാവ്യങ്ങളിൽ വച്ച് ഏറ്റവുമധികം നിരൂപണ ശ്രദ്ധയാകർഷിച്ചിട്ടുള്ള കൃതിയാണ് 'നളിനി'. നായികമാരുടെ മാദക ലാവണ്യം ആവർത്തന വിരസങ്ങളായ കല്പനകളിലൂടെ ശബ്ദാഡംബര പ്രധാനമായ കവിതകൾ സൃഷ്ടിച്ചു വിടുന്ന കാവ്യപാരമ്പര്യത്തിൽ നിന്ന് ആശാൻ മലയാളകവിതയെ മോചിപ്പിച്ചു. അതായത് സ്ത്രീയെ ഉപഭോഗവസ്തുവായി കണ്ട ഒരു കാലഘട്ടത്തിന്റെ അവസാനമായിരുന്നു അത്. നളിനിയുടെ പിറവിയോടെ അത്തരമൊരു കാലഘട്ടത്തിന് കാവ്യലോകം വിരാമമിട്ടുവെന്നു പറയാം. നളിനിക്ക് ശേഷം സ്ത്രീയെ ഉപഭോഗവസ്തു മാത്രമെന്ന നിലയിൽ നോക്കിക്കാണാൻ ഒരു കവിയും ധൈര്യപ്പെട്ടിട്ടില്ലെന്ന് തായാട്ട് ശങ്കരനും അഭിപ്രായപ്പെട്ടിട്ടുണ്ട്. നളിനിയുടെ അവതാരികയിൽ ഏ. ആറിന്റെ വിലയിരുത്തൽ ഇങ്ങനെയാണ്: 'ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്ത് വല്ല പൊടിയും വെച്ചു കുറച്ചൊന്നു മിനുക്കി ആദ്യാവസാനം ഓരോ മംഗളവും ചേർത്തു ചൊല്ലുന്നതല്ല കവിയുടെ മനോധർമ്മമെന്ന് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതി കൊണ്ട് തന്നെ അറിയാവുന്നതാണ്.' ഇതിലെ കഥാവസ്തു കല്പിതമാണെന്നു മാത്രമല്ല അതിന്റെ രീതിയും അസാധാരണമായിരിക്കുന്നു. ബാഹ്യസൗന്ദര്യ സങ്കല്പങ്ങൾക്ക് നശ്വരമായ ഈ പ്രപഞ്ചത്തിൽ ഒരു സ്ഥാനവുമില്ലെന്നും അവയൊക്കെ വളരെ വേഗം ഇല്ലാതാകുന്ന അല്പമാത്ര പ്രസക്തങ്ങളായ സങ്കല്പ സൗന്ദര്യങ്ങളെന്നും ഓരോ കവിതയിലും കവി നമ്മെ പഠിപ്പിക്കുന്നു. ഒരേ സമയം സ്നേഹവും വേദാന്തവും സമദർശന സ്വഭാവവും അദ്ദേഹത്തിന്റെ മിക്ക കൃതികളുടെയും മുഖമുദ്രയായി കാണാം. എന്നാൽ സ്വപ്നാടകനായ ഒരാളായിരുന്നില്ല അദ്ദേഹം. സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകൾ അറിയുകയും ഉച്ചനീചത്വങ്ങൾക്കും, അനീതിയ്ക്കും ചൂഷണത്തിനുമെതിരെ പ്രതികരണായുധമായി തൂലികത്തുമ്പിനെ പരുവപ്പെടുത്തുകയും ചെയ്ത മനുഷ്യസ്നേഹിക്കൂടിയായിരുന്നു. അന്ധവിശ്വാസവും ജാതീയതയും അരങ്ങുവാണ മലയാള മണ്ണിൽ കവനശൈലിയുടെ ഉജ്ജ്വലപ്രഭ കൊണ്ട് കൂരിരുൾ നിറഞ്ഞ മനുഷ്യമനസുകളിൽ സുവർണ ശോഭ നിറച്ച ശുക്രനക്ഷത്രമായിരുന്നു കുമാരനാശാൻ.

**ഖണ്ഡകാവ്യ പ്രസ്ഥാനം**

- മലയാളത്തിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ചു.
- ജീവിതത്തിലെ ഏതാനും അംശങ്ങളെ ഏകാഗ്രമായി അവതരിപ്പിക്കണം.
- ഭാവോത്തേജകമായ പ്രതിപാദനത്തിന് പ്രാധാന്യം
- ഭാവതീവ്രത, ആവിഷ്കരണത്തിലെ ആർജവം, വർണനയിലെ മിതത്വം തുടങ്ങിയ ഗുണങ്ങൾ.

The Gospel of Buddha എന്ന കൃതിയെ അടിസ്ഥാനമാക്കിയാണ് ആശാൻ 'കരുണ'എന്ന കൃതി എഴുതിയത്. ഇതിൽ വാസവദത്തയുടെ സൗഭാഗ്യജീവിതവും, അതിദാരുണമായ ദുരന്തവും, അടയാളപ്പെടുത്തുന്നു. ഒരു വേശ്യയുടെ ആർഭാടങ്ങളും, അവസാനത്തിൽ നാശവും വ്യക്തമാക്കുന്ന കൃതി. നിയോക്ലാസിസത്തിന്റെ ഊഷരത അവസാനിപ്പിച്ച് മലയാള കവിതയിൽ പുതിയൊരു വസന്തം സൃഷ്ടിച്ച കാവ്യചേതന. ആശാന്റെ കൃതികൾ നിരൂപണം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ കാഴ്ചപ്പാട്, കൈകാര്യം ചെയ്തിട്ടുള്ള പ്രമേയങ്ങൾ, അവയ്ക്ക് അവലംബമായി സ്വീകരിച്ചിട്ടുള്ള കഥയും കഥാപാത്രങ്ങളും, അവയെ സംവിധാനം ചെയ്യുന്നതിൽ കാണിച്ചിട്ടുള്ള കലാകൗശലം, ആശയഗാംഭീര്യം, അദ്വൈത-ബൗദ്ധദർശനങ്ങളുടെ സ്വാധീനശക്തി, ആഖ്യാനശൈലി, ഭാഷാരീതി, അലങ്കാരനിബന്ധന, ശില്പഭംഗി ഇങ്ങനെ ഓരോന്നും മനസിരുത്തി പഠിക്കേണ്ടതായിട്ടുണ്ട്. സാഹിത്യ വിമർശകനും ചിന്തകനുമായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ ഈ അഭിപ്രായം പ്രസക്തമാണ്. ചണ്ഡാലഭിക്ഷുകിയിലും കരുണയിലും നളിനിയിലും, മറ്റും കാണുന്ന ദയയും, സ്നേഹവും അഹിംസയും ആശാനിലെ ബുദ്ധദർശനത്തിന്റെ സ്വാധീനമാണ് വ്യക്തമാക്കുന്നത്.

"ആശാന്റെ കാവ്യകലയുടെ സൗന്ദര്യാത്മകത വിലയിരുത്തുമ്പോൾ പൗരസ്ത്യ സാഹിത്യത്തിന്റെ സൗന്ദര്യവും, പാശ്ചാത്യസാഹിത്യത്തിന്റെ ബാഹ്യഭംഗിയും സമമായി സമ്മേളിപ്പിച്ച് അന്യാദൃശങ്ങളായ ഖണ്ഡകാവ്യങ്ങൾ രചിക്കുകയാണ് ആശാൻ ചെയ്തത്, നായികയുടേയോ നായികാ നായകന്മാരുടേയോ ചരമത്തിലാണ് അവ അവസാനിക്കുന്നതെങ്കിലും അവയൊന്നും വിഷാദാത്മകങ്ങളല്ല. പ്രസാദത്തിന്റെ അസാധാരണമായ ഒരു കാന്തിയാണ് അവ പ്രസരിപ്പിക്കുന്നതെന്ന് എം. പി. അപ്പൻ നിരീക്ഷിക്കുന്നുണ്ട്, പാശ്ചാത്യ ഭാഷയിൽ പൂർണജ്ഞാനം സിദ്ധിച്ച പല കവികളും ഉണ്ടായിട്ടുണ്ടെങ്കിലും, പാശ്ചാത്യ സമ്പ്രദായത്തിലുള്ള വസ്തു നിർദേശവും, വർണനയും ഭാഷയിൽ ആദ്യമായി തുടങ്ങുന്നത് ആശാനായിരുന്നു എന്നും 'വീണപൂവ്' സാഹിത്യ നഭോമണ്ഡലത്തിൽ അഭൂതപൂർവമായ പ്രകാശത്തോടുക്കൂടിയ ഒരു ജ്യോതിസിന്റെ ആവിർഭാവത്തെയാണു കുറിക്കുന്നതെന്ന് മഹാകവി ഉള്ളൂരും സാക്ഷ്യപ്പെടുത്തുന്നു.

**പ്രധാന കൃതികൾ**

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ, എന്നീ ഖണ്ഡകാവ്യങ്ങളും, പുഷ്പവാടി, മണിമാല, വനമാല തുടങ്ങിയവ കവിതാ സമാഹാരങ്ങളുമാണ്. ബാലരാമായണം, ശ്രീബുദ്ധചരിതം, എന്നീ കാവ്യങ്ങളും സൗന്ദര്യലഹരി എന്ന വിവർത്തനവും ആശാന്റെ പ്രധാന കൃതികളാണ്

## അവലോകനം

എഴുത്തച്ഛൻ പാട്ടുകൾ വഹിച്ച ആസ്വാദന ഉന്നമനം തന്നെയായിരുന്നു മറ്റൊരു കാലത്ത് ആശാന്റെ കൃതികളും വഹിച്ചത് ( പ്രൊഫ. എൻ. കൃഷ്ണപിള്ള). ആശാൻ കവിത ജീവിക്കാൻ പോകുന്നത് കഴിഞ്ഞ തലമുറകളിലൂടെയല്ല - നാം അവിടവിടെയായി സ്ഥാപിക്കുന്ന പ്രതിമകളിലൂടെയല്ല, ഗവൺമെന്റ് പ്രസിദ്ധീകരിക്കുന്ന സ്റ്റാമ്പുകളിലൂടെയുമല്ല, ആശാൻ കവിതയെപ്പറ്റി വലിയ ഗ്രാഹ്യമില്ലെങ്കിലും കവിത ജീവിക്കുക പുതിയ സാ

ഹിത്യാസ്വാദകരുടെ തലമുറകളിലൂടെയായിരിക്കും, എന്ന് പ്രൊഫ. എം.കെ. സാനുവും പ്രസ്താവിച്ചിട്ടുണ്ട്. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും സ്വീകരിച്ചതുകൊണ്ട് ആശാൻ ബ്രിട്ടീഷ് പക്ഷപാതിയാണെന്ന് ഒരു വിമർശനവും അദ്ദേഹത്തിന്റെ നേരെ ഉയർന്നു വരികയുണ്ടായി. ഇന്നത്തെ സാമൂഹിക സാഹചര്യത്തെയും അധികാരഘടനയെയും പരിഗണിച്ചുകൊണ്ട് വേണം വിമർശനങ്ങളെ സമീപിക്കാൻ. അദ്വൈതവും മാനവിക ദർശനങ്ങളും ഒന്നിച്ചുചേർന്ന ആശാൻ കവിതയിൽ ഋഷിപ്രോക്തങ്ങളായ സംസ്കാരത്തിന്റെ അന്തഃസത്തയും സാമൂഹിക വ്യവസ്ഥിതിയിൽ നിന്ന് സംജാതമാകുന്ന സംഘർഷങ്ങളും ഒരുപോലെ കാണുന്നു. ഒരുപക്ഷേ, ആശാനെപ്പോലെ അന്തഃസംഘർഷം അനുഭവിച്ച കവി മലയാളത്തിൽ വേറെ ഉണ്ടാകില്ല. ആധ്യാത്മികവും ഭൗതികവുമായ ചിന്തകൾ ആ ജീവിതത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്നു. ഈ ദ്വന്ദ്വഭാവങ്ങളുടെ സമാശ്ലേഷത്തിലൂടെ കൈവന്ന വീക്ഷണോൽക്കർഷം - ഇത് കുമാരനാശാന്റെ വ്യക്തിത്വത്തിനാധാരം. 1924 ജനുവരി 16-ാം തീയതി പല്ലനയിൽ ഉണ്ടായ ബോട്ട് അപകടത്തിൽ മഹാകവി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

## 1.1.2 ഉള്ളൂർ എസ്. പരമേശ്വരയ്യർ

### 1.1.2.1 കവിയും പണ്ഡിതനും



ഉള്ളൂർ

കേരളവർമ്മ പ്രസ്ഥാനത്തിന്റെ ചുവട് പിടിച്ച് കാവ്യരംഗത്തേക്ക് കടന്നു വന്ന കവിയാണ് ഉള്ളൂർ. പിന്നീട് വെൺമണി പ്രസ്ഥാനത്തോട് ആഭിമുഖ്യം തോന്നുകയും ഭാവാത്മക രചനകൾ രചിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രതിപത്തി എല്ലായിപ്പോഴും പ്രാസനിബന്ധവും, സംസ്കൃത പ്രയോഗത്തിലും അധിഷ്ഠിതമായ കേരളവർമ്മ പ്രസ്ഥാനത്തിന്റെ വേരുകൾ ഹൃദയത്തിലേറ്റിയ കവനശൈലി തന്നെയായിരുന്നു. മഹാകവിയെ വിലയിരുത്തുമ്പോൾ നിയോക്ലാസിക് കാവ്യാനുശീലത്തിന്റെ വക്താവ് എന്നൊരു അലങ്കാരം കൂടി അദ്ദേഹത്തെ അണിയിക്കേണ്ടതുണ്ട്.

കേരളത്തിലെ സംസ്കൃത സാഹിത്യത്തിന്റെ ചരിത്രവും മലയാള സാഹിത്യത്തിന്റെ ചരിത്രവും ഒരേപോലെ വിസ്തരിച്ച് പ്രതിപാദിക്കുന്ന ബ്രഹത് കൃതിയാണ് കേരള സാഹിത്യ ചരിത്രം. വിജ്ഞാനദീപിക എന്ന പേരിലറിയപ്പെടുന്ന ഗവേഷണ-നിരൂപണ-ഉപന്യാസങ്ങളും, ഭാഷാചമ്പുക്കളെക്കുറിച്ചുള്ള പഠനഗ്രന്ഥവും, ഭാഷാ പഠനമേഖലയ്ക്ക് ഒഴിച്ചുകൂടാനാകാത്ത പഠനഗ്രന്ഥങ്ങളാണ്. 'സുജാതോദ്വാഹം' ചമ്പുവും, 'ഉമാകേരളം' മഹാകാവ്യവും പതിമൂന്നോളം ഖണ്ഡകാവ്യങ്ങളും നിരവധി കവിതാസമാഹാരങ്ങളും കാവ്യകൈരളിക്ക് ഉള്ളൂർ നല്കിയ സംഭാവനകളാണ്.

സംസ്കൃതം, തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ മികവുറ്റ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. അസാമാന്യമായ ഓർമശക്തിയുണ്ടായിരുന്ന അദ്ദേഹത്തിന് വളരെ ചെറുപ്പത്തിൽ തന്നെ കാളിദാസ കാവ്യങ്ങളും, നൈഷധീയവും മറ്റു പ്രശസ്തമായ കൃതികൾ പലതും ഹൃദിസ്ഥമാക്കാൻ കഴിഞ്ഞിരുന്നതായി മനസിലാക്കാം.

പുനം നമ്പൂതിരിയുടെ ശൈലിയോട് ആദരവ് പുലർത്തിയ കവിയായിരുന്നു ഉള്ളൂർ. പൂർവകാലത്ത് ഭാരത രാജാക്കന്മാരായിരുന്ന ജയചന്ദ്രന്റെയും, പൃഥ്യുവിന്റേയും ശത്രുത ഇതിവൃത്തമാകുന്ന സുജാതോദ്വാഹത്തിന്റെ ചിട്ടപ്പെടുത്തൽ അതിനൊരുദാഹരണമായി കാണാവുന്നതാണ്. രാജാക്കന്മാരുടെ ശത്രുതയും, പകപോക്കലും സ്വയം നശിക്കുന്നതിന് കാരണമായി തീരുന്നു.

'ആരാന്റെ വായിലൊരു മൺപൊടി നുള്ളിയിട്ടാ-
ലാരാൽ തനിക്കുമതു തൊണ്ണയിൽ നില്ക്കുമെന്നായ്'

എന്ന അർഥവത്തായ പദ്യശകലം ഈ ചമ്പുവിന്റെ അവസാനത്തിൽ കവി നല്കുന്ന ഉപദേശമാണ്. സമൂഹത്തിന് നല്കുന്ന വലിയൊരു ഗുണപാഠമായി ഈ വരികളെ കണക്കാക്കാം.

1913-ലാണ് തിരുവിതാംകൂർ പശ്ചാത്ത

ലമായി വരുന്ന 'ഉമാകേരളം' മഹാകാവ്യം പ്രസിദ്ധം ചെയ്തത്. ഉള്ളൂരിന്റെ ഉമാകേരളവും പന്തളം കേരളവർമ്മത്തമ്പുരാന്റെ രുഗ്മാംഗദചരിതവും ഏതാണ്ടൊരേ കാലത്ത് നിർമാണമാരംഭിച്ചവയാണെന്ന് ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ളതായി ഡോ. എം. ലീലാവതിയുടെ മലയാള കവിതാസാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്കൃത മഹാകാവ്യങ്ങളുടെ പാത പിൻതുടർന്നുണ്ടായ മികച്ച മഹാകാവ്യമാണ് ഉമാകേരളം. ഉദ്വേഗഭരിതമായ രംഗങ്ങൾക്കൊപ്പം ശൃംഗാരം, വീരം, ഭക്തി, കരുണം, ബീഭത്സം, ഭയാനകം, ഹാസ്യം എന്നീ ഭാവങ്ങൾക്കും ഉമാകേരളത്തിൽ സ്ഥാനമുള്ളതായി കാണാം. ശൈലീ ഗാംഭീര്യം, വർണ്ണനകളുടെ പ്രൗഢി എന്നിവയിൽ നൈഷധീയ ചരിത കർത്താവായ ശ്രീഹർഷൻ എന്ന മഹാകവിയെ ഉള്ളൂർ പിന്തുടരുന്നതായി കാണാം. ഒപ്പം തന്നെ കാളിദാസ കൃതികളോടുള്ള ആഭിമുഖ്യം വ്യക്തമാണ്. 'കാളിദാസ കവീന്ദ്രന്റെ കാൽ നഖേന്ദു മരീചികൾ ' മഹാകാവ്യ നിർമ്മിതിയിൽ ഉള്ളൂരിന് ശരിയായ മാർഗദർശനം നൽകിയിട്ടുണ്ടെന്ന വസ്തുതയും അംഗീകരിക്കേണ്ടിയിരിക്കുന്നു. കാളിദാസന്റെ രഘുവംശത്തെ അനുകരിച്ചുക്കൊണ്ട് രാജനീതിയോട് ബന്ധപ്പെട്ട കഥ ഇതിവൃത്തമായി ഉമാകേരളത്തിൽ സ്വീകരിച്ചിരിക്കുന്നു. ഒപ്പം തന്നെ കുമാരസംഭവത്തിന്റെ മാതൃകയിൽ പർവതവർണ്ണനകൊണ്ട് കാവ്യം ആരംഭിച്ചതും, ചിത്രസർഗം നിരസിച്ചതും കാളിദാസ പ്രേരണയാകാം.

### 1.1.2.2 ഉമാകേരളം

മഹാകാവ്യത്തിന്റെ സകല ലക്ഷണങ്ങളും തികഞ്ഞു വിളങ്ങുന്ന കൃതിയായിരുന്നു ഉമാകേരളം. കാളിദാസ കൃതികളുടെ സവിശേഷ മുദ്രയായ വികാരപരത ഉമാകേരളത്തിനുമുണ്ട്. നൈഷധീയകാരനായ ഹർഷന്റെ ശരീരത്തിൽ കാളിദാസന്റെ ആത്മാവ് പ്രവേശിച്ചതു പോലെയുള്ള അനുഭവമാണ് ഉമാകേരളം കാഴ്ചവയ്ക്കുന്നതെന്ന് പറയപ്പെടുന്നു. 'ശ്രീക്കേറ്റ ലാസ്യപദമായ്' എന്ന് 'ശ്രീ' കൊണ്ടുതുടങ്ങുന്ന ഉമാകേരളം മഹാകാവ്യ ലക്ഷണമായ നമസ്ക്രിയയുടെ ഫലപ്രാപ്തി ലഭിച്ച കൃതി തന്നെ എന്ന് പറയാം. വളരെ ചെറിയ പ്രായത്തിലായിരുന്നു കവി ഉമാകേരളം രചിച്ചത്. ഈ ചെറുപ്രായത്തിനുള്ളിൽ അദ്ദേഹം നേടിയെടുത്ത നിസതുലമായ ഭാഷാ പാണ്ഡിത്യവും, കാവ്യാനുശീലനകുശലതയും ആരെയും അമ്പരപ്പിക്കുന്നതായിരുന്നു. മികച്ച വർണ്ണനകൾ, അലങ്കാര പ്രയോഗ വൈഭവം, ശില്പഭംഗി എന്നിവ ഉമാകേരളത്തിന്റെ പ്രൗഢി വർധിപ്പിക്കുന്നു. തിരുവിതാംകൂർ ചരിത്രത്തെയും, രാജവാഴ്ചയേയും സംബന്ധിക്കുന്ന മനോഹരമായ ഒരേട്, അതായിരുന്നു ഉമാകേരളം. കാവ്യാരംഭത്തിലെ സഹ്യപർവത വർണ്ണന കവിയുടെ പാണ്ഡിത്യവും, കൽപ്പനാശക്തിയും വ്യക്തമാക്കുന്നുണ്ട്. വർണ്യ വസ്തുവിന്റെ ഛായ ആസ്വാദക ഹൃദയത്തിൽ എന്നെന്നും ഒട്ടിക്കിടക്കും പോലെ മനോജ്ഞമായി വരയ്ക്കപ്പെടുന്ന കാവ്യചിത്രങ്ങളായിരുന്നു ഓരോ വരികളും.

**മഹാകാവ്യം**

- സംസ്കൃതത്തിൽ നിന്നും മലയാളം കൈക്കൊണ്ട കാവ്യ പ്രസ്ഥാനം
- പൗരാണിക ജീവിതമൂല്യങ്ങളോടുള്ള ആഭിമുഖ്യം
- പുരാണ- ഇതിഹാസങ്ങളുടെ പുനരാവിഷ്കാരം
- വർണ്ണനാ രസാലങ്കാര പ്രയോഗം, പദസംയോജനം തുടങ്ങിയ കാവ്യഘടകങ്ങൾക്ക് പ്രാധാന്യം

**മലയാളത്തിലെ പഞ്ചമഹാകാവ്യങ്ങൾ**

രാമചന്ദ്രവിലാസം
-അഴകത്ത് പദ്മനാഭക്കുറുപ്പ്

രുഗ്മാംഗദചരിതം
-പന്തളം കേരളവർമ്മ

ചിത്രയോഗം - വള്ളത്തോൾ

ഉമാകേരളം - ഉള്ളൂർ

കേശവീയം
- കെ.സി.കേശവപിള്ള

### 1.1.2.3 കർണ്ണഭൂഷണം

'കൈരളിയുടെ കർണ്ണപുണ്യമെന്ന്' സഞ്ജയൻ വിശേഷിപ്പിച്ച കർണ്ണഭൂഷണം

ഖണ്ഡകാവ്യങ്ങളിൽ ശ്രദ്ധേയമാണ്. കർണ്ണന്റെ ദാനത്തിന് അത്രമേൽ മൂല്യം കല്പിച്ച കാവ്യം. ഭാരത സംസ്കാരത്തിന്റെ മഹത്വങ്ങളിൽ നിസ്വാർത്ഥമായ ദാനത്തിനും, തത്വജ്ഞാനത്തിനും പരമോന്നത സ്ഥാനം പ്രതിഷ്ഠിക്കുക എന്നൊരു ലക്ഷ്യവും കൂടി കർണ്ണഭൂഷണത്തിലൂടെ കവിക്കുണ്ടായിരുന്നു എന്ന് കരുതാം. 1928-ൽ പ്രകാശിതമായ കർണ്ണഭൂഷണവും, പിംഗളയും സമാന ലക്ഷ്യമുൾക്കൊണ്ട കാവ്യങ്ങൾ എന്ന് കരുതുന്നു. മഹാഭാരതത്തോടും, അതിലെ മുഖ്യ കഥാപാത്രമായ കർണ്ണനോടും തോന്നിയ ആദരവാണ് കർണ്ണഭൂഷണം എന്ന കവിതയ്ക്ക് കാരണമായത്. മഹാഭാരതം വനപർവ്വം കുണ്ഡലാപഹരണ പർവ്വത്തിൽ പ്രതിപാദിച്ചിരിക്കുന്ന സൂര്യ കർണ്ണസംവാദമാണ് അടിസ്ഥാന കഥ. കാവ്യത്തിന്റെ നാമത്തിൽ അതു സഹൃദയന്മാരുടെ കർണ്ണത്തിന് ഒരു ഭൂഷണമാണെന്നുള്ള അഭിപ്രായം കൂടി വ്യഞ്ജിപ്പിച്ചിരിക്കുന്നതായി കാണാം. മഹാകവി ഉള്ളൂരിന്റെ രചനാവൈഭവം പരിശോഭിക്കുന്ന കൃതി കൂടിയാണ് കർണ്ണഭൂഷണം. മുപ്പതു ഭാഗങ്ങളിലായി തൊള്ളായിരം പാദങ്ങൾ പ്രസ്തുത കൃതിയുടെ അന്തസ്സുയർത്തുന്നു. എം.എച്ച്. ശാസ്ത്രികൾ 'ഉള്ളൂർക്കവിത' എന്ന പ്രബന്ധകൃതിയിൽ ഭാരതത്തിലെ കർണ്ണകഥാഖനിയിൽ നിന്നും സമുദ്ധരിച്ചു ശാണഘർഷണം ചെയ്തു സുപ്രകാശമാക്കപ്പെട്ട ഒരു രത്നമാണ് ഉള്ളൂരിന്റെ കർണ്ണഭൂഷണം എന്ന് അഭിപ്രായപ്പെടുന്നു.

### 1.1.2.4 ഭക്തിദീപിക

'ഭക്തിദീപികയിൽ'(ചാത്തന്റെ സദ്ഗതി) മഹാവിഷ്ണുവിന്റെ നരസിംഹാവതാരത്തെ പ്രത്യക്ഷപ്പെടുത്താൻ കഠിന തപസു ചെയ്ത ശങ്കരാചാര്യ ശിഷ്യനായ സനന്ദനൻ മഹർഷിക്കു മുന്നിൽ നരസിംഹാവതാരം പ്രത്യക്ഷപ്പെടാതിരിക്കുകയും ഇതിൽ വിഷമം തോന്നിയ വനവാസിയായ ചാത്തൻ കാട്ടിലാകെ അവതാരപുണ്യത്തെ തേടി അലയുന്നതും, ഒടുവിൽ ആ വനവാസിയുടെ നിഷ്കളങ്ക ഭക്തിക്കു മുന്നിൽ നരസിംഹാവതാരം പ്രത്യക്ഷനാകുന്നതും, മഹർഷി, ചാത്തന്റെ നിഷ്കളങ്കമായ ഭക്തിയ്ക്കു മുന്നിൽ തന്റെ തപസ്സ് ഒന്നുമല്ലെന്ന പരമാർഥം തിരിച്ചറിയുകയും ചെയ്യുന്നതാണ് ഭക്തിദീപികയുടെ ഇതിവൃത്തം.

### 1.1.2.5 ദേശാഭിമാനവും പൗരാണിക ഭക്തിയും

ദൃഢമായ ദേശാഭിമാനവും പൗരാണിക ഭക്തിയും ഉള്ളൂരിന്റെ കവിതകളുടെ മുഖമുദ്രയാണ്. ഭാരതസ്ത്രീകൾ പരാധീനകളും, അടിമകളും, പതിതരുമാണെന്ന മിസ് കാതറിൻ മേയോ എന്ന അമേരിക്കൻ വനിതയുടെ 'മദർ ഇന്ത്യ'എന്ന ലേഖനത്തിനുള്ള ചുട്ട മറുപടിയായിട്ടാണ് 'ചിത്രശാല'എന്ന കാവ്യം രചിക്കപ്പെട്ടത്. ഇതിഹാസങ്ങളിൽ നിന്നു പോലും മികച്ച സ്ത്രീ കഥാപാത്രങ്ങളെ അണിനിരത്തി 'ഭാരത ക്ഷമേ! നിന്റെ പെൺമക്കളടുക്കളക്കാരികൾ, വീടാം കൂട്ടിൽ കുടുങ്ങും തത്തമ്മകൾ എന്ന വിമർശനത്തെ നേരിടാൻ കവി തയ്യാറാകുകയാണിവിടെ. പതിമൂന്ന് ഭാഗങ്ങളിലായിട്ടാണ് ചിത്രശാലയുടെ ഇതിവൃത്തഘടന. ഭാരതം മഹാത്മ്യമേറിയ ഒരു നാടാണെന്ന് മഹാകവി ഈ കൃതിയിൽ അഭിമാനപൂർവം വെളിപ്പെടുത്തുന്നു. ചിത്രലിഖിതങ്ങളായ പുരാണ കഥകളെപ്പറ്റി വിവരിക്കുന്ന ഒരു ഭാഗം നൈഷധീയ ചരിതത്തിൽ ഉണ്ടെന്നും, അതിന്റെ അനുകരണമാണ് ചിത്രശാലയെന്നും കവി പറഞ്ഞിട്ടുണ്ട്. ഭാരതം, സ്ത്രീകളെ ആരാധിക്കുന്ന രാജ്യമാണ്. അസ്വതന്ത്രകളായി അടുക്കളയിൽ കഴിയുന്നവരാണ് ഭാരത സ്ത്രീകളെങ്കിൽ, നിർലജ്ജം നാടകശാലകളിൽ ആണുങ്ങളോടു ചേർന്നു കൂത്താടുന്നവരാണ് പാശ്ചാത്യ സ്ത്രീ സമൂഹം. ദോഷം രണ്ടു കൂട്ടർക്കുമുണ്ട്. അടുക്കളയും അരങ്ങും രണ്ടും വേണമെന്നും മഹാകവി അഭിപ്രായപ്പെടുന്നു. ഭൗതികവും ബാലിശവുമാണ് പാശ്ചാത്യ സംസ്കാരം. എന്നാൽ ആത്മീയവും വിശുദ്ധവുമാണ് ഭാരതത്തിന്റെ ആദർശം എന്നും കവി ഓർമിപ്പിക്കുന്നു. വായനക്കാരുടെ പുരാണ ഭക്തി വർധിപ്പിക്കുന്ന കൃതിയാണ് ചിത്രശാല. എന്നാൽ കഥാപാത്രങ്ങളെ വർണിച്ചിരിക്കുന്നതിന് അടുക്ക് ഇല്ല എന്നൊരു ദോഷം ചിത്രശാലയ്ക്കുണ്ട് എന്ന് 'ഉള്ളൂർ മഹാകവി'എന്ന പഠനഗ്രന്ഥത്തിൽ വടക്കുംകൂർ രാജരാജ വർമ്മ ചൂണ്ടിക്കാട്ടുന്നു.

അധ്യാത്മജ്ഞാനത്തിന്റെ മഹാത്മ്യം പിംഗളയിൽ ദർശനീയമാണ്. 'ആശാ ഹി പരമം

ദു:ഖം നൈരാശ്യം പരമം സുഖം' എന്ന വേദാന്ത തത്വത്തെ അടിസ്ഥാനമാക്കി വിരചിച്ചിരിക്കുന്ന കാവ്യം. വേശ്യയായ പിംഗള ഒടുവിൽ നൈരാശ്യം ബാധിച്ച് തപസ്വിനി യായിത്തീരുന്നു. പിംഗളയെ അത്യഗാധമായ വേശ്യാപാപ പാതാളത്തിന്റെ ആഴത്തിൽ എവിടം വരെ ചെല്ലാമോ അവിടം വരെ കൊണ്ടുചെന്നു തള്ളാൻ വേദാന്ത തത്വങ്ങളിലൂടെ കവിക്ക് കഴിയുന്നു. കാവ്യാരംഭത്തിൽ ഭോഗിനിയായി പ്രത്യക്ഷപ്പെടുന്ന പിംഗള കാവ്യാവസാനത്തിൽ യോഗിനിയായി വ്യത്യാസപ്പെടുന്ന കാഴ്ച. വേശ്യാവൃത്തിയുടെ നികൃഷ്ടതയേയും ആധ്യാത്മീക ധർമ്മത്തിന്റെ മാഹാത്മ്യത്തേയും പ്രതിപാദിച്ചു ഫലിപ്പിക്കുന്നതിൽ ഇവിടെ കവി പരിപൂർണമായി വിജയിച്ചിരിക്കുന്നതായി കാണാം.

### 1.1.2.6 പ്രമേയവും ഭാഷയും

സാധാരണക്കാർക്ക് എളുപ്പത്തിൽ വഴങ്ങാത്ത ഒരു കാവ്യ ഭാഷയായിരുന്നു ഉള്ളൂരിന്റേതെന്നൊരു വാദം പൊതുവെ നിലനില്ക്കുന്നുണ്ട്. അത് ഏറെക്കുറെ ശരിയുമാണെന്ന് നിരൂപണ പക്ഷം. കവിയുടെ ഓരോ കാൽവെയ്പ്പിലും പ്രൗഢയും, കാവ്യസംസ്കാരം സമ്പന്നർക്ക് മാത്രം പ്രാപ്യയുമായ ഇരുത്തം വന്ന ഒരു ദേവസ്ത്രീ സാന്നിധ്യം മഹാകവിയുടെ തൂലികത്തുമ്പിലൂടെ സദാ വിരചിതമായിരുന്നു എന്ന് കാണാം. കവിതയെക്കുറിച്ച് രൂപപ്പെടുത്തിയിട്ടുള്ള ധാരണകളും, വിശ്വാസങ്ങളും സാധാരണക്കാർക്ക് നിരക്കാത്തതായി തീരാനുള്ള പ്രധാന കാരണം സംസ്കൃത കാവ്യങ്ങളിലും, ചമ്പുക്കളിൽ നിന്നും മറ്റും കവിക്ക് ലഭിച്ച സംസ്കാരം കവിയുടെ ചേതനയാകെ വിരിഞ്ഞു വിലസി നിന്നിരുന്നു എന്നതു തന്നെയാണ്. സംസ്കൃത ഭാഷയോട് കവിക്കുണ്ടായിരുന്ന ഭക്തിയും, ആഭിമുഖ്യവും മറ്റൊരു ഭാഷയോടും ഉണ്ടായിരുന്നില്ല. വിജ്ഞാനദീപിക മൂന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്ന 'സംസ്കൃത ഭാഷ' എന്ന ഉപന്യാസത്തിൽ നിന്നും ഈ വസ്തുത തെളിയുന്നു. പിന്നിടുള്ള സാഹിത്യ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി തീർന്നതത്രയും ഈ ഭാഷാജ്ഞാനമായിരുന്നു. കാവ്യനാടകാദി സാഹിത്യത്തേക്കാൾ കൂടുതലായി അദ്ദേഹം പുരാണേതിഹാസാദി ഗ്രന്ഥസമുദായത്തെ ആദരിച്ചിരുന്നു. അതിൽ മഹാഭാരതത്തെ അന്യ ഗ്രന്ഥങ്ങളെക്കാൾ കൂടുതലായി അദ്ദേഹം ബഹുമാനിച്ചു.

'ലോകത്തെ സർവഗ്രന്ഥങ്ങൾക്കും നാശം നേരിട്ടാലും മഹാഭാരത ഗ്രന്ഥം നശിക്കാതെ നിലനില്ക്കുന്ന പക്ഷം വിജ്ഞാന സംബന്ധമായി ആർക്കും ഒരു നഷ്ടവും സംഭവിക്കുന്നതല്ല' എന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. 'ലോകത്തിലെ പല ഉത്തമ പ്രബന്ധങ്ങളും ഇതിഹാസപുരാണങ്ങളും, വീരചരിതങ്ങളും താരതമ്യ വിവേചനം ചെയ്തിട്ടുണ്ട് എന്നതിൽ എനിക്ക് അഭിമാനമുണ്ട്. എന്നാൽ ഒരു ഗ്രന്ഥത്തെ സാഹിത്യസാമ്രാജ്യത്തിലെ സിംഹാസനത്തിൽ ഇരുത്തി സമാരാധിക്കുവാൻ എനിക്ക് സാധിക്കും ആ ഗ്രന്ഥം മറ്റൊന്നുമല്ല. കൃഷ്ണദ്വൈപായന മഹർഷിയാൽ പ്രണീതമായ മഹാഭാരതം തന്നെയാണ്'എന്ന് അദ്ദേഹത്തിന്റെ അഭിപ്രായം ലോകോത്തര ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്.

**ചമ്പു**

ഗദ്യവും പദ്യവും ഇടകലർന്ന കാവ്യങ്ങളെ ചമ്പു എന്നു പറയുന്നു

അലങ്കാര പ്രയോഗചാതുര്യം കവിതയുടെ വിജയത്തിന്റെ അടിസ്ഥാന ഘടകമെന്ന് ഉറച്ച വിശ്വാസം കവിക്കുണ്ടായിരുന്നു. കവിത ആസ്വാദനീയമായി തീരണമെങ്കിൽ അലംകൃതയാകണമെന്ന കാഴ്ചപ്പാട് കവി കാത്തു സൂക്ഷിച്ചിരുന്നു.

അർഥാലങ്കാരങ്ങൾക്കും, ശബ്ദാലങ്കാരങ്ങൾക്കും ഒന്നുപോലെ പ്രാധാന്യം കല്പിച്ചിരുന്ന കവിയാണ് ഉള്ളൂർ. ദ്വിതിയാക്ഷര പ്രാസം കവിതയ്ക്ക് അത്യന്താപേക്ഷിതമെന്ന പക്ഷക്കാരനായിരുന്നു കവി. ഉമാകേരളത്തിലെ പ്രാസദീക്ഷ ശ്രദ്ധേയമാണ്. അനുപ്രാസം, ആദിപ്രാസം, അന്തിപ്രാസം, യമകം എന്നിങ്ങനെ ശബ്ദാലങ്കാരങ്ങളോട് ഉള്ളൂരിന് സവിശേഷ പ്രതിപത്തി ഉണ്ടായിരുന്നതിന് തെളിവായിരുന്നു ഉമാകേരളം ഒന്നാം സർഗം. കേരളവർമ്മ പ്രസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന കവിയായിരുന്നു ഉള്ളൂരെങ്കിലും പ്രാസം ഉപയോഗിച്ചുള്ള ഘടനാരീതിക്കൊപ്പം അർഥത്തെ ബലി കഴിക്കാതിരിക്കാൻ അദ്ദേഹം പരമാവധി ശ്രമിച്ചിരുന്നതായി കാണാം. ശബ്ദാഡംബരത്വം ഉമാകേരളത്തിന്റെ

കൂടപിറപ്പാണ്. എന്നാൽ അത് അരോചകമാവുന്ന രംഗങ്ങൾ കുറവാണ്. ശബ്ദാഢംബരത്തിന് പിന്നിലും ആശയപരമായ ഭംഗി വിശേഷം ഉൾക്കൊള്ളിക്കാൻ മഹാകവി പ്രത്യേകമായി ശ്രദ്ധിച്ചിരുന്നതായി കാണാം. സുകുമാർ അഴീക്കോടിന്റെ അഭിപ്രായത്തിൽ 'ജീവനകലയായ കർമപരതയുടെ കവിയായ ഉള്ളൂരാണ് നമ്മുടെ കവികളുടെയിടയിൽ വെച്ച് ഏറ്റവും പുരോഗമിച്ച തത്വചിന്തകൻ. ജീവിക്കലിന്റെ കലയാണ് തത്വചിന്ത എന്ന വാദം ശരിയെങ്കിൽ ബറ്ററാൻ റസ്സലിന്റെ ദി കോൺക്വസ്റ്റ് ഓഫ് ഹേപ്പിനസ് എന്ന കൃതിയിൽ പോലും ഉള്ളൂരിനെ വെല്ലുന്നൊരു പുരോഗമനവിചാരം താൻ വായിച്ചതായി ഓർമയില്ലെന്നും സുകുമാർ അഴീക്കോട് (ഉള്ളൂർക്കവിത പ്രബന്ധം :കവിതാ സമിതി) അഭിപ്രായപ്പെടുന്നു.

സന്മാർഗത്തിലേക്കള്ള വഴി തെളിക്കുന്ന അഞ്ഞൂറു ശ്ലോകങ്ങളുള്ള ദീപാവലിയാണ് മറ്റൊരു കാവ്യം. അനുഷ്ടുപ്പ് വൃത്തത്തിലും ലളിത ഭാഷയിലുമുള്ള സ്വന്തം ശ്ലോകങ്ങളുടെ അവതരണം. കൂടാതെ സന്മാർഗ പ്രതിപാദകങ്ങളായ സംസ്കൃത സുഭാഷിത സഞ്ചയത്തെ കവി ലളിതമായി തർജ്ജമ ചെയ്തിട്ടുമുണ്ട്. ശബരിമല തീർത്ഥാടകർക്ക് ഉപയോഗിക്കാമെന്ന് വടക്കുംകൂർ ചൂണ്ടിക്കാട്ടിയ അയ്യപ്പസ്തുതിയായ 'ശരണോപഹാര'മാണ് മറ്റൊരു കൃതി. ചങ്ങമ്പുഴ ശൈലിയെ അനുസ്മരിപ്പിക്കുന്ന 'കവിയും കീർത്തിയും' കൂടാതെ അമൃതധാരയിലെ മികച്ച കവിതകളും, മണി മഞ്ജുഷയിലെ മലയാളത്തിലെ 'പ്രേമോപനിഷത്ത്'എന്നറിയപ്പെട്ട പ്രേമസംഗീതമുൾക്കൊള്ളുന്ന കാവ്യങ്ങളും സംഗീത ഭംഗികൊണ്ടും, തത്വദർശനപരമായ ഉത്കൃഷ്ടതകൊണ്ടും അനുപമമായ ഭാവഗീതങ്ങളായി തീരുന്നു. അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളെക്കാൾ ഏറ്റവുമധികം നിരൂപകശ്രദ്ധ നേടിയ കാവ്യമായിരുന്നു 'പ്രേമസംഗീതം'.

"ഒരൊറ്റ മതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ...'' എന്ന വരികളോടെയാണ് കവിത ആരംഭിക്കുന്നത്.

'ചേറിൽ കിടക്കുന്നു സിതാംബുജങ്ങൾ.
കാറിൽ പിറക്കുന്നു പയ: കണങ്ങൾ
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഹ ചിത്രം വരവാൻ മനോജ്ഞം.'
(തുമ്പപ്പൂവ്)

ഉള്ളൂർക്കവിതയുടെ ഗംഭീരമായ ആശയഭംഗിയുടേയും, ഭാവനാവിലാസത്തിന്റെയും ശ്രേഷ്ഠത വെളിപ്പെടുത്തുന്ന മറ്റൊരു കാവ്യാംഗന. ഇത്തരം നിരവധി കാവ്യങ്ങൾ ഉള്ളൂർ കവിതകളുടെ സ്നിഗദ്ധ സൗന്ദര്യത്തിന്റെ മുഖമുദ്രകളാണ്.

"സംക്ഷേപണത്തേക്കാൾ വിസ്തരണമാണ് ഉള്ളൂരിന്റെ പ്രതിപാദനത്തിനുള്ള മുഖ്യസ്വഭാവം, ഇത് കവിതയെ വിജ്ഞേയവും ഉദ്ബോധകവും ആക്കുന്നതിനൊപ്പം കലാഭംഗിയും കൃശീഭവിപ്പിക്കുന്നു എന്ന്' പി.കെ. പരമേശ്വരൻ നായർ അദ്ദേഹത്തിന്റെ കൃതികളെ ഇങ്ങനെ വിലയിരുത്തുന്നുണ്ട് ആശയം സംക്ഷിപ്തമായി അവതരിപ്പിക്കുന്ന രീതി ഉള്ളൂരിന്റെ കാവ്യ നിർമാണത്തിൽ ഉൾപ്പെട്ടിരുന്നില്ല. ഇത് പലപ്പോഴും സാധാരണക്കാരന്റെ കാവ്യാസ്വാദനത്തിന്റെ പരിധിക്കപ്പുറമാകാം, ഒരു പക്ഷേ അദ്ദേഹത്തിന്റെ വിശാലവിജ്ഞാനത്തിന്റെ ആഴമാകാം വിഷയവതരണത്തിലും പ്രകടമായത് എന്ന് കരുതാം.

അലങ്കാര ബഹുലത, അപൂർവ പദങ്ങൾ ഉപയോഗിക്കുന്ന ശീലം, സങ്കീർണമായ ഭാഷാശൈലിയോടുള്ള താല്പര്യം ഇവയെല്ലാം പാണ്ഡിത്യം കൊണ്ട് ഉള്ളൂർ കവിതകൾക്ക് വന്ന ദോഷങ്ങളാണെന്ന് ഡോ. കല്പറ്റ ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടിട്ടുണ്ട്(മലയാള സാഹിത്യ ചരിത്രം).

കേരളവർമ്മ വലിയകോയിത്തമ്പുരാനെയും അവിടുത്തെ കൃതികളെയും എത്രയധികം പുകഴ്ത്തിയാലും പരമേശ്വരയ്യർക്കു തൃപ്തിവന്നിരുന്നില്ലത്രേ. അത്രമേൽ ആത്മമിത്രങ്ങളായ രണ്ടു പേർ. 'യഥാർഥ സഹൃദയനായ നിങ്ങളുടെ അഭിനന്ദനത്തെ മാത്രമേ ഞാൻ വകവയ്ക്കുന്നുള്ളു എന്ന് ഒരു സന്ദർഭത്തിൽ വലിയകോയിത്തമ്പുരാൻ ഉള്ളൂരിനോടായി എഴുതിയറിയിച്ചിരുന്നതായി വടക്കുംകൂർ രാജരാജ വർമ്മ (ഉള്ളൂർ മഹാകവി) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഉള്ളൂരിന്റെ ഉമാകേരളം അന്നേവരെയുള്ള മലയാള മഹാകാവ്യങ്ങളിൽ വെച്ച് ശ്രേഷ്ഠമാണെന്നും, നൈഷധീയ ചരിതത്തോട് തുലനം ചെയ്യാവുന്ന പ്രൗഢി


അതിനുണ്ടെന്നും കേരള വർമ്മ വലിയകോയിത്തമ്പുരാൻ പ്രഖ്യാപിച്ചിരുന്നതായി ഡോ. എം. ലീലാവതി മലയാളകവിതാ സാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### അവലോകനം

മാതൃഭൂമിയായ ഭാരതം പോലെ പാവനമായ ഒരു നാടും, ആർഷ സംസ്കാരം പോലെ മഹനീയമായ ഒരു സംസ്കാരവും, സംസ്കൃതം പോലെ ഉത്കൃഷ്ടമായ ഒരു ഭാഷയും വേറെയില്ലെന്ന് ഉറച്ച് വിശ്വസിച്ച കവിയായിരുന്നു ഉള്ളൂർ. ജീവിതത്തിലും, സാഹിത്യത്തിലും സമഭാവനയുടെ ദൃഷ്ടി കൊണ്ട്, ജാതീയമായ ചിന്തകൾക്കപ്പുറത്തേക്ക് ഒരു പുതുലോകത്തെ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നതാണ് സത്യം. വരേണ്യവർഗത്തിൽ പിറവി കൊണ്ട ആ മഹാനുഭാവന്റെ കൃതികൾ തന്നെ വലിയ ഉദാഹരണങ്ങളായി ഇന്നും മാനവഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടിയതും അതുകൊണ്ട് തന്നെയാകാം.

## 1.1.3 മഹാകവി വള്ളത്തോൾ നാരായണമേനോൻ

### 1.1.3.1 കവിയും കാലവും



വള്ളത്തോൾ

കവിത്രയത്തിന്റെ നടുനായകസ്ഥാനമലങ്കരിച്ച കവിയാണ് വള്ളത്തോൾ നാരായണമേനോൻ. മലയാള സാഹിത്യത്തിനും, സംസ്കാരത്തിനും സാർവദേശീയ അംഗീകാരവും, ആദരവും നേടിതന്ന ആദ്യത്തെ മഹാകവിയെന്ന ഖ്യാതിയും അദ്ദേഹത്തിന് സ്വന്തം. ആധുനിക കേരളത്തിന്റെ നിത്യസ്മരണാർഹരായ മുഖ്യശില്പികളിൽ പ്രമുഖൻ. ഇരുപതാം നൂറ്റാണ്ടിന്റെ കേരള ചരിത്രം അദ്ദേഹത്തിന്റെ ജീവിത ചരിത്രവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നതായി കാണാം 1878 മുതൽ 1958 വരെയുള്ള ഏകദേശം എട്ടുപതിറ്റാണ്ടായിരുന്നു ആ സജീവ സാന്നിധ്യത്തിന്റെ അതിധന്യമായ ജീവിതകാലം. എഴുത്തച്ഛന്റെയും, മേല്പുത്തൂരിന്റെയും ജന്മം കൊണ്ട് പവിത്രമായ വെട്ടത്തുനാട്ടിലാണ് വള്ളത്തോൾ ജനിച്ചത്. 'നിളാദേവി, നിത്യം നമസ്തേ!'' എന്നു പാടിയ മഹാകവിയുടെ കർമരംഗം സദാ നിളയെ വലം വച്ച് തന്നെയായിരുന്നു.

പഠിക്കുന്ന കാലത്ത് തന്നെ ഭാഷാപോഷിണി, കേരള സഞ്ചാരി, വിജ്ഞാന ചിന്താമണി, തുടങ്ങിയ ആനുകാലികങ്ങളിലും ഇതരപത്രമാസികകളിലും കവിതകൾ പ്രസിദ്ധീകരിച്ചിരുന്നു. ഭാഷാപോഷിണി സഭ സംഘടിപ്പിച്ച മത്സരത്തിൽ കവിതാരചനയ്ക്ക് ഒന്നാം സ്ഥാനം നേടിയതോടെ കവി എന്ന നിലയിൽ അംഗീകാരം ലഭിച്ചു. സ്വന്തം ഗ്രാമത്തിൽ 'പരിഷ്ക്കാര വർധിനി സഭ' എന്നൊരു സംഘടനയ്ക്ക് രൂപം കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ, വാസുണ്ണി മൂസ്സ്, കറുത്തപാറ ദാമോദരൻ നമ്പൂതിരി എന്നീ പണ്ഡിത ശ്രേഷ്ഠന്മാരുമായുള്ള കവിയുടെ ഗാഢ പരിചയം ചെറിയ പ്രായത്തിൽ തന്നെ മറ്റു മഹാകവികളുടെയും പണ്ഡിത ശ്രേണിയിലുള്ളവരുടെയും ശ്രദ്ധ അദ്ദേഹത്തിലേക്കെത്തിക്കാൻ കാരണമായി. 'കാളിദാസ കവീന്ദ്രന്റെ കാൽ നഖേന്ദു മരീചികൾ' തനിക്ക് വഴികാട്ടണമെന്ന് മനസാ മോഹിച്ച കവി, കാളിദാസ മാർഗത്തോടുള്ള അഭിനിവേശം ഒന്നുകൊണ്ട് മാത്രമായിരുന്നുവത്രേ 'ഋതുവിലാസം' എന്ന രചന നടത്തിയത്. 'ഋതുസംഹാര'ത്തിന്റെ മറ്റൊലിയായിട്ടാണ് ഋതുവിലാസത്തെ നോക്കി കാണുന്നത്. പിന്നീട് ശബ്ദാർഥ പൊരുത്തമുള്ള കവന ശൈലിയിലേക്ക് വള്ളത്തോൾ പ്രതിഭ ചുവട് മാറിക്കൊണ്ടിരുന്നതായി കാണാം.

ആയുർവേദം സാമാന്യം നന്നായി പഠിച്ചിരുന്ന വള്ളത്തോൾ കണ്ണു ചികിത്സയെപ്പറ്റി 'നേത്രാമൃതം' എന്ന ഒരു കൃതി രചിച്ചതും, 'ഉന്മത്തരാഘവം' നാലു ദിവസം കൊണ്ട് അദ്ഭുതകരമായി വിവർത്തനം ചെയ്തതും യൗവ്വനത്തിലായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും ഭാരതത്തിലും മറ്റും അലയടിച്ചുയർന്നുകൊണ്ടിരുന്ന ദേശീയ പ്രസ്ഥാനങ്ങളുടെ അലയൊലി വള്ളത്തോളിലും മാറ്റങ്ങളുണ്ടാക്കിയിരുന്നു. മാതൃഭാഷയോടുള്ള അടങ്ങാത്ത സ്നേഹവും, സമുദായോദ്ധാരണ തൃഷ്ണയും, സാമൂഹിക പരിഷ്ക്കരണ ലക്ഷ്യവും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ കേരളത്തിലേക്കും, തന്റെ കവിതയിലേക്കും കൊണ്ടുചെന്നെത്തിക്കാ

നും ക്രമേണ ജനഹൃദയങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കാനും അദ്ദേഹത്തിനായി. മലയാള ഭാഷയോടുള്ള അടങ്ങാത്ത ആഭിമുഖ്യം മിക്ക കൃതികളിലും കാണാം.

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാരെന്നും മർത്യന്റെ പെറ്റമ്മ സ്വഭാഷയെന്നും' ഹൃദയം കൊണ്ട് അടയാളപ്പെടുത്തിയ മഹാകവി കൂടിയാണ് അദ്ദേഹം.

### 1.1.3.2 കാവ്യജീവിതം

ഭാഷാപോഷിണിയും, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും അദ്ദേഹത്തിന്റെ കാവ്യസരണിയിലെ വഴിവിളക്കുകളായിരുന്നു. 1905-ൽ കേരള 'കല്പദ്രുമം' പ്രസ്സിന്റെ മനേജരായി. വള്ളത്തോൾ കവിതയുടെ വഴിത്തിരിവായി ഇക്കാലത്തെ കണക്കാക്കാം. പ്രസിദ്ധമായ 'തപതീസംവരണം' വഞ്ചിപ്പാട്ടായി രചിച്ചത് 'രസികരഞ്ജിനി'ക്ക് വേണ്ടിയായിരുന്നു. 1905-ൽ തുടങ്ങി 1907-ൽ വാല്മീകി രാമായണ വിവർത്തനം അഭിനന്ദനീയമാം വിധം പൂർത്തിയാക്കി. കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതം ഏക ഹസ്തനായി തർജമ ചെയ്തതാണ് വള്ളത്തോളിനെ രാമായണ തർജമയ്ക്ക് പ്രേരിപ്പിച്ചത്. 1909-ൽ രാമായണ തർജമ പ്രസിദ്ധപ്പെടുത്തി. അന്നേവരെയുള്ള അദ്ദേഹത്തിന്റെ കാവ്യഗംഗയിലെ സരസ്വതീ സംഗമസ്ഥാനമായി രാമായണം തർജുമ നിലകൊള്ളുന്നു എന്നത് രചനാപരമായ ഔന്നിത്യമായി കരുതാം. പിന്നീടങ്ങോട്ടുള്ള കവിയുടെ കാവ്യകവനസരണിയിൽ. 1909-ൽ പെട്ടെന്നുണ്ടായ കർണ്ണ രോഗം 'ബധിര വിലാപം' എന്ന കൃതിയുടെ രചനയ്ക്ക് കാരണമായി. ഹൃദയഭേദകമായ വിഷാദത്തിന്റെ നേർചിത്രമായിരുന്നു ഈ കാവ്യം.'

'ചിത്രയോഗം' മഹാകാവ്യരചനയോടെ (1913) കാല്പനികതയുടെ കടന്നുവരവ് ദർശനീയമാണ്. എന്നാൽ കവിയിൽ തീവ്രമായ കാല്പനിക ചിന്തയുടെ നേരടയാളങ്ങൾ ശ്രദ്ധേയമാം വിധം ദർശനീയമായത് 'ബന്ധനസ്ഥനായ അനിരുദ്ധനിലാണ്. കവിതയിൽ പുതുവഴി വെട്ടുന്നതിനും, തന്റെ സ്വത്വത്തെ തിരിച്ചറിയുന്നതിനും വള്ളത്തോൾ നടത്തിയ സുദീർഘവും ശോഭനവുമായ പരിശ്രമത്തിന്റെ തുടക്കമായി 1914-ൽ പുറത്ത് വന്ന 'ബന്ധനസ്ഥനായ അരുദ്ധൻ' എന്ന ഖണ്ഡകാവ്യം പരിഗണിക്കപ്പെടുന്നു. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെയുള്ള സഹൃദയർക്ക് ഈ കാവ്യത്തിലെ കാവ്യശകലങ്ങൾ മന:പാഠമായി തീർന്നതിൽ നിന്നും 'ബന്ധനസ്ഥനായ അനിരുദ്ധൻ നേടിയ പ്രചാരം എത്രമാത്രമെന്ന് മനസിലാക്കാവുന്നതാണ്. ചിത്രയോഗത്തിന് മുമ്പ് പ്രകാശിതമായ ഖണ്ഡകാവ്യങ്ങളായ ദണ്ഡകാരണ്യം, 'ഗണപതി' എന്നിവ ഖണ്ഡകാവ്യ പ്രസ്ഥാനത്തിലെ ഒരു വഴിത്തിരിവിലേക്കുള്ള രചനകളെന്ന് പറയാൻ കഴിയുന്നവയും ആയിരുന്നില്ല. 1917-ലാണ് സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിന്റെ പ്രകാശനം ഇതിലെ ഒന്നാമത്തെ കവിത തന്നെ 'വന്ദിപ്പിൻ മാതാവിനെ' എന്നു തുടങ്ങുന്ന മാതൃസങ്കീർത്തനമാണ്.

അമ്മയെ വന്ദിക്കുന്ന, ആ സൗന്ദര്യദർശനത്തിലാനന്ദിക്കുന്ന പൈതലിന്റെ മനോഭാവങ്ങളാണ് കവിതയിലുള്ളത്. പൂർവകാലത്തെ കേരളത്തിന്റെ പ്രൗഢ ഗംഭീരത, പ്രകൃതി സ്നേഹം, നാടു നശിക്കുന്നതിലുള്ള തീവ്രദുഃഖം ഇവയെല്ലാം അവശനിദ്രയിലാണ്ടുപോയ ഭാരതപൗരനെ വിളിച്ചുണർത്തി ബോധ്യപ്പെടുത്തുന്ന മഹത്തായ കവിദൗത്യം ഇവിടെ പ്രകടമാണ്.

'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും,
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു
കൊള്ളുന്നൂ കുമാരിയും ഗോകർണ്ണേശനുമമ്മേ!

എന്നിങ്ങനെ കേരള പ്രകൃതിയുടെ അനിർവചനീയ ലാവണ്യം സഹൃദയന്റെ വൈകാരിക തലത്തെ വല്ലാതെ ഭാവസാന്ദ്രമാക്കുന്നു.

### 1.1.3.3 വിശ്വപൗരസങ്കല്പം

മനുഷ്യരാശിയുടെ നേർക്കുനീളുന്ന കവിമനസിന്റെ ആകുലതകൾ ഒരു വിശ്വപൗരന്റെ വിഹ്വലതകളായി തീരുന്നുണ്ട്. ജർമനിയെ ഭാഗിച്ചതിനെക്കുറിച്ചും (കന്നാലികളല്ല) സാമ്രാജ്യത്വ ശക്തികൾ സൂയസ്സിനെ ആക്രമിച്ചതിനെക്കുറിച്ചും (പിൻമാറുവിൻ)

അൾജീരിയയുടെ സ്വാതന്ത്ര്യ ദാഹത്തെപ്പറ്റിയും (വെളുപ്പും, കറുപ്പും) അണുശക്തിയുടെ ദുർവിനിയോഗത്തെപ്പറ്റിയും (ഏകലോകം) എന്നീ കവിതകളിലൂടെ ഒരു കവിയുടെ മനോഭാവത്തിലുണ്ടാകേണ്ട ഭാവതീവ്രതയേക്കാൾ പ്രഭാഷണപരതയുടെ ആധിക്യമാണ് നിറഞ്ഞുനില്ക്കുന്നതെന്ന അഭിപ്രായവും ഉണ്ടായിട്ടുണ്ട്.

വള്ളത്തോൾ കവിതകളുടെ പുതിയ പ്രയാണകാലഘട്ടം ഒരു 'രസവാദനാളി'തന്നെയായിരുന്നുവെന്നും പഴയ പ്രവണതകളുടെ 'ഇരുമ്പുരാക്കിൻ പൊടി' യെ അതു വെള്ളിയും കാഞ്ചനവുമാക്കി മാറ്റിയെന്നും 'ഡോ. എം. ലീലാവതി മലയാള കവിതാ സാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നാടകീയതയിൽ 1913-ൽ രചിച്ച ഗണപതിയും 1918-ൽ രചിച്ച ശിഷ്യനും മകനും ഏറെക്കുറെ സമശീർഷമാണെന്നും എങ്കിലും നാടകീയ സൗന്ദര്യത്തിലും, ഭാവപ്രകർഷത്തിലും 'ശിഷ്യനും മകനും' വളരെ ഉയരത്തിൽ വർത്തിക്കുന്നു എന്നും ഡോ. എം. ലീലാവതി അഭിപ്രായപ്പെടുന്നു(മലയാള കവിതാസാഹിത്യ ചരിത്രം).

ദേശീയ കവിതയുടെ പ്രൗഢഗംഭീരത ദൃശ്യമാകുന്നത് സാഹിത്യ മഞ്ജരി നാലാം ഭാഗത്തോടെയാണ്.'കർമ്മഭൂമിയുടെ പിഞ്ചുകാൽ' എന്ന കവിതയിലെ

"ഭാരതമെന്ന പേർ കേട്ടാലഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ'' എന്ന വരികൾ മൂളാത്തവർ ആരുമുണ്ടാകില്ല.

'എന്റെ ഗുരുനാഥൻ', 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി' എന്നീ കൃതികൾ മികച്ച കാവ്യഭംഗികൾ ഇന്നും സഹൃദയന്റെ ചുണ്ടിണയിലെ സ്ഥിര രാഗങ്ങൾ തന്നെയാണ്.

'ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ'
(കിളിക്കൊഞ്ചൽ)

മോചനത്തിനായ് വെമ്പുന്ന ഒരു ജനതയുടെ ഒട്ടാകെയുള്ള അഭിലാഷത്തെ ധ്വനിപ്പിക്കാൻ ഈ വരികൾക്കുള്ള കരുത്ത് ഇന്നും അത്രമേൽ തീവ്രമാണ്. 'കന്യകയല്ല ഞാൻ -കാന്തനെൻ പ്രാണനാണന്യനെ - അപ്രീതി തോന്നരുതേ..', 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി,' എന്ന കവിതയിലെ വരികൾ മങ്ങലേല്ക്കാത്ത ഭാരത സ്ത്രീയുടെ മഹത്വം വിളംബരം ചെയ്യുന്ന ഉദാത്തമായ വള്ളത്തോൾ സൃഷ്ടിയുടെ പ്രതീകമാണ് എന്ന് നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ക്രിസ്തു ദേവന്റെ പരിത്യാഗ ശീലവും
സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ ധർമ്മ
രക്ഷോപായവും'

എന്നിങ്ങനെ ഗാന്ധിജിയെ ഒരു പുരാണ പുരുഷന്റെ ശ്രേഷ്ഠതയോടെ ചിത്രീകരിക്കാൻ ഗുരുനാഥനിലൂടെ അദ്ദേഹത്തിന് കഴിഞ്ഞു. മഹാത്മാ ഗാന്ധിയോടുള്ള അവസാനമില്ലാത്ത ആദരവിന്റെ കാണിക്കയായി ആ ശ്രേഷ്ഠതയെ കണക്കാക്കാവുന്നതാണ്. കവിയെ സംബന്ധിച്ചിടത്തോളം യുക്തിക്കതീമായ ഗുരുവായിരുന്നു ഗാന്ധിജി. ബുദ്ധിശക്തിയും, ദയയും, അഹിംസയും, സ്ഥൈര്യവും, ഇവയെല്ലാം തന്നെ കവിയെ സംബന്ധിച്ച് ലോകഗുരുക്കളാണ്. ഇതൊക്കെയും ഒരാളിൽത്തന്നെ കാണാൻ കവി ശ്രമിക്കുന്നതാകട്ടെ ഗാന്ധിജിയിലും.

സാഹിത്യമഞ്ജരി അഞ്ചാം ഭാഗത്തിലെ മികച്ച കവിതകളാണ് 'ഭക്തിയും വിഭക്തിയും' 'ശുദ്ധരിൽ ശുദ്ധൻ', 'കാട്ടെലിയുടെ കത്ത്' മുതലായവ. തുടർന്നു പതിനൊന്നോളം ഭാഗങ്ങളിലും വ്യത്യസ്തതയുടെ കാവ്യപ്രഭ കൊളുത്തി സാഹിത്യമഞ്ജരി നീളുന്നു. ശ്രദ്ധേയമായ 'കൊച്ചു സീത', 'അച്ഛനും മകളും' എന്നീ നാടകീയ കാവ്യങ്ങളും മഹാകവി വള്ളത്തോളിന്റേതാണ്.

സംസ്കൃത വൃത്തങ്ങളിൽ ആദ്യകാലങ്ങളിൽ എഴുതി തുടങ്ങിയ കവിക്ക് പിന്നീട് ദ്രാവിഡ ശൈലിയോടുള്ള പ്രിയം ഏറി വരുന്നതായി കാണാം. മഗ്ദലന മറിയം, കർമ്മഭൂമിയുടെ പിഞ്ചുകാൽ, എന്റെ ഭാഷ, പണ്ടത്തെ പാട്ടുകൾ അങ്ങനെ പ്രശസ്തമായ പല കൃതികളിലും കവി ചെറുശ്ശേരിയുടെ മഞ്ജരി വൃത്തത്തോട് ആഭിമുഖ്യം പുലർത്തിയിട്ടുണ്ട്. എഴുത്തച്ഛന്റെ കേകയോട് നീതി പുലർത്തിയ 'വാനമേ ! ഗഗനമേ !

വ്യോമമേ! സുരസിദ്ധ സ്ഥാനമേ! വിഹായ സ്സേ! നഭസ്സേ! നമസ്കാരം'. എന്ന ശ്രദ്ധേയ വരികളും കിളികൊഞ്ചലിലേതാണ്.

കാവ്യലോകത്ത് മാത്രമായി തിളങ്ങി നിന്ന ഉദയസൂര്യനായിരുന്നില്ല കവി. കേരളീയ സംഗീതനൃത്തനാട്യകലകൾക്കു വള്ളത്തോൾ ശാപമോക്ഷം നല്കി. ഇന്ത്യയുടെ തനതു പാരമ്പര്യത്തിനനുസൃതമായി ചിട്ടപ്പെടുത്തിയ ഒരു വിദ്യാഭ്യാസവ്യവസ്ഥയ്ക്കു വേണ്ടി രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച ശാന്തിനികേതനം ലോക ശ്രദ്ധയിലേക്ക് തലയുയർത്തുമ്പോൾ അതിൽ നിന്ന് പ്രചോദനമുൾക്കൊണ്ട കവി തന്റെ സുഹൃത്തായ മണക്കുളം മുകുന്ദ രാജാവുമൊത്തു നടത്തിയ അശ്രാന്ത പരിശ്രമത്തിന്റെ വിജയഗാഥയായി കലാമണ്ഡലത്തിന്റെ ജനനം. അദ്ദേഹം കഥകളിയുടെ സമുദ്ധാരണം ലക്ഷ്യമിട്ട് 1931-ൽ കേരള കലാമണ്ഡലം സ്ഥാപിച്ചതോടെ കാലങ്ങളായി താൻ താലോലിച്ച സ്വപ്ന സാക്ഷാത്ക്കാരത്തിന് പൂർണത ലഭിച്ചു എന്ന് തന്നെ പറയാം. കഥകളി, മോഹിനിയാട്ടം എന്നീ തനതു ക്ലാസ്സിക്കൽ കലകളുടെ പുനരുദ്ധാരണത്തിന് കലാമണ്ഡലം സാക്ഷിയായി.

### അവലോകനം

വർത്തമാനകാല അനാചാരങ്ങൾ, അഹിംസ, മദ്യനിരോധനം അയിത്തം മുതലായ സമകാലിക പ്രശ്നങ്ങളോട് എങ്ങനെയാണോ സാധാരണക്കാരായ ജനവിഭാഗങ്ങൾ ഇടപ്പെടുന്നത്, അത്തരത്തിലുള്ള ധീരമായ ഇടപെടലുകൾ തന്നെയായിരുന്നു കവിയുടെ തൂലികയിൽ നിന്നും ജനമനസ്സുകളിലേക്ക് തീവ്രതയോടെ ഒഴുകി നിറഞ്ഞത്. 'ലോകമേ തറവാട്' എന്ന ശക്തി മന്ത്രം കൊണ്ട് മാനവഹൃദയങ്ങളിൽ ചിരംഞ്ജീവിയായി എന്നും നിലകൊള്ളുന്ന വ്യക്തിപ്രഭാവമായിരുന്നു അദ്ദേഹത്തിന്റേത്. 1958 മാർച്ച് 13-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞുവെങ്കിലും, മലയാളകാവ്യസരണിയിൽ അദ്ദേഹം സംഭാവന ചെയ്ത കാവ്യ ദീപങ്ങൾ അംബര ചുംബികളായി നിലകൊള്ളുന്നു.

## Recap

- ആശാന്റെ കാവ്യജീവിതം
- സ്നേഹമാണഖിലസാരമൂഴിയിൽ
- കാല്പനികതയുടെ മുഖമുദ്രകളായ നഷ്ടബോധവും, ജീവിത നശ്വരതയും
- സ്നേഹ ഗായകനായ ആശാന്റെ മനസ്
- ക്രൂര യാഥാർഥ്യങ്ങളുമായി ഏറ്റുമുട്ടുക
- ദുരന്ത കാവ്യങ്ങളുടെ ഭാവതീവ്രത
- ആത്മീയതയും ലൗകിക ജീവിതവും തമ്മിലുള്ള കടുത്ത പോരാട്ടങ്ങൾ
- ഖണ്ഡകാവ്യങ്ങളാൽ സമ്പന്നമാണ് ആശാന്റെ കാവ്യലോകം
- ആശാന്റെ കാവ്യകലയുടെ സൗന്ദര്യാത്മകത
- 'കരുണ'യിലെ വാസവദത്തയുടെ സൗഭാഗ്യജീവിതവും, അതിദാരുണമായ ദുരന്തവും
- കേരളവർമ്മ പ്രസ്ഥാനത്തിന്റെ വേരുകൾ
- കവന ശൈലി
- ഉമാകേരളം
- ഉള്ളൂരിന്റെ കാവ്യലോകം
- വള്ളത്തോൾ കവിതയുടെ സവിശേഷതകൾ
- ദേശീയതയും വള്ളത്തോൾ കവിതയും
- ഭാവപരവും രൂപപരവുമായ സവിശേഷതകൾ

## Objective Questions

1. പാശ്ചാത്യ ദുരന്ത നാടകങ്ങളുടെ ഭാവതീവ്രതയ്ക്ക് സമാനമായ ഭാവശില്പം ആദ്യമായി മലയാള ഭാഷയിൽ അവതരിപ്പിച്ചത് കുമാരനാശാനാണെന്ന് അഭിപ്രായപ്പെട്ടത് ആരാണ്?
2. 1908-ൽ ഭാഷാപോഷിണിയിൽ വീണ പൂവ് പ്രസിദ്ധം ചെയ്തത് ആരാണ്?
3. ഗ്രാമവൃക്ഷത്തിലെ കുയിൽ എന്ന പ്രതീകാത്മ കൃതി രചിച്ചത് ആരാണ്?
4. ഏ.ആറിന്റെ മരണത്തിൽ അനുശോചിച്ച് ആശാൻ എഴുതിയ വിലാപകാവ്യം ഏത്?
5. പ്രരോദനം രചിച്ച വർഷം?
6. 'സൗന്ദര്യലഹരി' പ്രകാശിതമായ മാസിക ഏതാണ്?
7. വിവേകോദയം പത്രത്തിന്റെ പത്രാധിപരായിരുന്ന കവിത്രയത്തിലെ കവി ആരായിരുന്നു?
8. പേർഷ്യൻ കഥയായ ലൈലമജ്നുവിന്റെ ചുവടുപിടിച്ച് മലയാളത്തിലെഴുതിയ ഖണ്ഡകാവ്യം?
9. 'ആശാന്റെ നളിനി കാവ്യത്തിന് മാതൃകയായി ഭവിച്ച രംഗങ്ങളും വർണനകളുമുള്ള നളിനി, എന്ന കാവ്യരചന ആരുടേതാണ്?
10. 'ഹാ! സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതി തൻ ത്രാസുപൊങ്ങുന്നതും താനേ താണു പോവതും' 'ഒരു നിശ്ചയമില്ലയൊന്നിനും,വരുമോരോ ദശ വന്ന പോലെ പോം.' ഏത് കവിതയിലെ വരികൾ?
11. എഡ്വിൻ ആർനോൾഡിന്റെ ലൈറ്റ് ഓഫ് ഏഷ്യ (Light of Asia) എന്ന കൃതിവിവർത്തനം ചെയ്തത താരാണ്?
12. ഉള്ളൂരിന്റെ പ്രശസ്തമായ ചമ്പു?
13. കൈരളിയുടെ കർണ്ണ പുണ്യം എന്ന് സഞ്ജയൻ വിശേഷിപ്പിച്ച ഖണ്ഡകാവ്യം?
14. ഉള്ളൂരിന്റെ മഹാകാവ്യം?
15. ശബരിമല തീർത്ഥാടകർക്ക് ഉപയോഗിക്കാമെന്ന് വടക്കുംകൂർ ചൂണ്ടിക്കാട്ടിയ ഉള്ളൂരിന്റെ അയ്യപ്പ സ്തുതി?
16. ചങ്ങമ്പുഴ ശൈലിയെ അനുസ്മരിപ്പിക്കുന്ന ഗാനാത്മകത ഉള്ളൂരിന്റെ ഏത് കൃതിയിലാണുള്ളത്?
17. മലയാളത്തിലെ പ്രേമോപനിഷത്ത് എന്നറിയപ്പെടുന്ന കൃതി?
18. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ ചിത്രീകരിക്കുന്ന ഉള്ളൂർ കാവ്യം?
19. മിസ് മേയോവിന്റെ ഭാരത വിമർശനത്തിനെതിരെ ഉള്ളൂർ രചിച്ച കൃതി?
20. ഉള്ളൂരിന്റെ ആദരവ് നേടിയ കാവ്യരൂപങ്ങൾ?
21. കേരളവർമ്മ പ്രസ്ഥാനത്തിന്റെ പിന്തുടർച്ചാവകാശി എന്ന നിലയ്ക്ക് കവന ശൈലി രൂപപ്പെടുത്തിയ കവി?
22. വള്ളത്തോളിന്റെ ചരമ വിലാപ കൃതികളുടെ സമാഹാരം?
23. മഹാത്മജിയുടെ വിയോഗത്തെ മുൻനിർത്തി വള്ളത്തോൾ എഴുതിയ

വിലാപകാവ്യം?

24. വിശ്വാമിത്രന് കാവ്യഭാവനയിൽ ഒരു പിതൃഹൃദയം നല്കിക്കൊണ്ട് വള്ളത്തോൾ രചിച്ച കവിത?
25. 'അഭിജ്ഞാനശാകുന്തളം' തർജ്ജമ ചെയ്ത വർഷം?
26. കേരള കലാമണ്ഡലം സ്ഥാപിതമായ വർഷം?
27. ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി എന്ന കവിത ഉൾപ്പെടുന്ന സമാഹാരം?
28. മഗ്ദലനമറിയം പ്രസിദ്ധീകരിച്ച വർഷം?
29. ആരോഗ്യ കല്പദ്രുമം എന്ന ബാലചികിത്സാഗ്രന്ഥം വിവർത്തനം ചെയ്തതാര്?
30. വള്ളത്തോൾ ചുമതല വഹിച്ച മാസികയുടെ പേര്?
31. ബധിര വിലാപം ആരുടെ കൃതിയാണ്?

## Answers

1. ഡോ. എം.ലീലാവതി ( മലയാള കവിതാ സാഹിത്യ ചരിത്രം)
2. സി.എസ്. സുബ്രഹ്മണ്യൻ
3. കുമാരനാശാൻ
4. പ്രരോദനം
5. 1919
6. വിദ്യാവിലാസിനി
7. കുമാരനാശാൻ
8. ലീല
9. ചിന്താവിഷ്ടയായ സീത
10. കുമാരനാശാൻ
11. കുമാരനാശാൻ
12. സുജാതോദ്വാഹം
13. കർണ്ണഭൂഷണം
14. ഉമാകേരളം
15. ശരണോപഹാരം
16. കവിയും, കീർത്തിയും
17. പ്രേമസംഗീതം
18. മൃണാളിനി
19. ചിത്രശാല
20. ചമ്പുക്കളും, മഹാകാവ്യങ്ങളും
21. ഉള്ളൂർ
22. പരലോകം
23. ബാപ്പുജി

24. അച്ഛനും, മകളും
25. 1937
26. 1931
27. സാഹിത്യമഞ്ജരി നാലാം ഭാഗം
28. 1921
29. വള്ളത്തോൾ
30. രാമാനുജൻ
31. വള്ളത്തോൾ

## Assignments

1. ആശാൻ കവിതയിലെ ജീവിത ദർശനം - ഉപന്യാസം തയ്യാറാക്കുക.
2. ചിത്രയോഗം മഹാകാവ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം? വിവരിക്കുക.
3. ഉമാകേരളത്തിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ കണ്ടെത്തി വിവരിക്കുക?
4. ഉള്ളൂരിന്റെ സാഹിത്യജീവിതത്തെക്കുറിച്ച് വിശദീകരിക്കുക?
5. കേരളത്തിന്റെ ദേശീയ കവി എന്ന് വള്ളത്തോളിനെ വിശേഷിപ്പിക്കാം - വിലയിരുത്തുക.

## Suggested Reading


1. തായാട്ട് ശങ്കരൻ, ആശാൻ നവോത്ഥാനത്തിന്റെ കവി, എൻ.ബി.എസ്., കോട്ടയം.
2. പി. പവിത്രൻ, ആശാൻ കവിത ആധുനികാനന്തര പഠനങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.

# Reference


1. കെ.എം. ജോർജ്, ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
3. എം. ലീലാവതി, മലയാള കവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

2
UNIT

# ബാലാമണിയമ്മ, പി. കുഞ്ഞിരാമൻ നായർ, ചങ്ങമ്പുഴ

## Learning Outcomes

- കവിത്രയത്തിന്റെ കാലത്തിനു ശേഷം മലയാള കവിതാരംഗത്ത് ഉണ്ടായ പരിണാമത്തിന്റെ ചരിത്രം പരിശോധിക്കുന്നു
- മലയാള കവിതയിൽ ഉണ്ടായ നവീന കാവ്യ പ്രസ്ഥാനങ്ങളെ വിലയിരുത്തുന്നു
- ഭാവാത്മക കവിതകളെ പഠനവിധേയമാക്കുന്നു
- കാല്പനിക പ്രസ്ഥാനത്തെക്കുറിച്ച് അറിവ് നേടുന്നു

## Prerequisites

കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ ആധുനിക കവിത്രയങ്ങളുടെ കാലത്താണ് മലയാള സാഹിത്യം പരിവർത്തനത്തിന്റെ പാതയിലേക്ക് കടന്നത്. അവരുടെ വഴിയിലൂടെ ആദ്യം സഞ്ചരിച്ചവർ കാല്പനികതയുടെ വർണ ശബളതയിൽ മയങ്ങി കിടന്നു. ആ കാലഘട്ടങ്ങളിലാണ് ജി. ശങ്കരക്കുറുപ്പിൽ ആരംഭിക്കുന്ന ഒരു രണ്ടാംതലമുറ രംഗപ്രവേശം ചെയ്തത്. ആധുനിക മലയാള കവിതയുടെ ശക്തികേന്ദ്രങ്ങളായ പല കവികളും ഇവരിൽ ഉൾപ്പെടുന്നു. പുതിയൊരു കാവ്യാവബോധം വളർത്തിയെടുക്കുന്നതിൽ അവർ വിജയിച്ചു.

തികച്ചും വ്യത്യസ്തമായ കാവ്യധാരകളിലൂടെ പ്രയാണം ചെയ്തവരാണ് ബാലാമണിയമ്മ, പി. കുഞ്ഞിരാമൻ നായർ, ചങ്ങമ്പുഴ എന്നീ കവികൾ. ഇംഗ്ലീഷ് സാഹിത്യത്തിൽ നിലനിന്നിരുന്ന ലിറിക് എന്ന കാവ്യരൂപം മലയാള കവിതയിൽ ആദ്യമായി പ്രകടമായത് ഇവരുടെ കാവ്യങ്ങളിലൂടെയാണ്. ഭാവഗീതം എന്നാണ് ലിറിക്കിന്റെ അർഥം. ആധുനിക കവിത്രയത്തിനുശേഷം ശുഷ്കമായി തീർന്ന ഖണ്ഡകാവ്യങ്ങളുടെ സ്ഥാനത്ത് ആത്മനിഷ്ഠതയിലൂന്നിയ ഭാവഗീതങ്ങൾ കൂടുതൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ലയർ എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ലിറിക്കിന്റെ നിഷ്പത്തി. ഏഴു തന്ത്രികളോടു കൂടിയ ഒരുതരം വാദ്യോപകരണമാണ് ലയർ. ഇതിന്റെ അകമ്പടിയോ

ടുകൂടി ഗ്രീക്കുകാർ പാടിപ്പോന്ന സമൂഹഗാനങ്ങളെയാണ് ലിറിക് എന്ന് വിളിച്ചിരുന്നത്. ജനസമൂഹത്തിന്റെ വ്യത്യസ്തമായ മാനസിക വ്യാപാരങ്ങൾ പ്രതിഫലിക്കുന്നവയാണ് ലിറിക്കുകൾ. പതിനാറാം നൂറ്റാണ്ടോടെ ലയർ എന്ന വാദ്യോപകരണവും അത് ഉപയോഗിച്ചുള്ള സമൂഹഗാനവും അപ്രതക്ഷ്യമായി തുടങ്ങി. ആ സ്ഥാനത്ത് ആസ്വാദനക്ഷമങ്ങളായ ഭാവാത്മക കവിതകൾ പ്രത്യക്ഷപ്പെട്ട് തുടങ്ങി. ശില്പപരമായും ഭാവപരമായും ഉള്ള പുതുമകൾ അത്തരം കവിതകൾക്ക് ഉണ്ടായിരുന്നു. ഒരു കവിയുടെ സ്വകീയമായ വികാരവിചാരങ്ങൾക്കാണ് ആത്മഗീതങ്ങൾ എന്നു പറയുന്ന ഭാവഗീതങ്ങളിൽ പ്രാധാന്യം. ഒരു വ്യക്തിഭാവത്തിന്റെ ഏകാഗ്രഭാസുരവും നാതിദീർഘവും സംഗീതാത്മകവുമായ രചനയാണ് ഭാവകാവ്യം എന്നാണ് ഇതിന്റെ നിർവചനം. ആത്മപ്രകാശന പ്രധാനമാണ് ഭാവഗാനം.

മാതൃത്വത്തിന്റെ മഹത്വവും വിശുദ്ധിയും കവിതയിലൂടെ മലയാളികൾക്ക് പകർന്നു തന്ന കവിയാണ് എൻ. ബാലാമണിയമ്മ. പ്രായേണ അന്തർമുഖമാണ് ബാലാമണിയമ്മയുടെ മനോഭാവം. ഉത്തമ സ്ത്രീയെക്കുറിച്ചുള്ള പാരമ്പര്യമായ കാഴ്ചപ്പാടുകൾ തന്നെയാണ് ബാലാമണിയമ്മയുടെ കവിതകളിലും പ്രകടമാകുന്നത്. ഭാര്യ, കുടുംബിനി, അമ്മ, മുത്തശ്ശി തുടങ്ങിയ സ്ത്രീയുടെ ഭിന്ന ഭാവങ്ങളിൽ ഒതുങ്ങുന്നതാണ് ബാലാമണിയമ്മയുടെ സ്ത്രീ സങ്കല്പം. ഓരോ അവസ്ഥയിലും സ്ത്രീക്കുള്ള ധാർമിക ബാധ്യതകളും ചേതോവികാരങ്ങളും ഭാവഭംഗിയോടെ ആവിഷ്കരിക്കാനാണ് അവർക്ക് എപ്പോഴും താല്പര്യം.

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും പ്രകൃതി ലാവണ്യവും തന്റെ കവിതകളിലൂടെ ആവിഷ്കരിച്ച കവിയാണ് പി. കുഞ്ഞിരാമൻ നായർ. വസന്തഭംഗികൾ നിർവിഘ്നം കടന്നുവരുന്ന ഭാവനകളുടെയും ബിംബങ്ങളുടെയും കലവറയാണ് പി.യുടെ കവിതകൾ. സാമൂഹിക ജീവിതത്തിന്റെ തകർച്ച അഗാധമായ വേദനയോടെ ആവിഷ്കരിക്കാനും മനുഷ്യന്റെ വികലവും നിർദയവും ആയ പ്രവർത്തനങ്ങൾ വിട്ടുവീഴ്ചയില്ലാതെ വിമർശിക്കാനും പി. തയ്യാറാകുന്നു. ബിംബകല്പനകൾ പി.യുടെ കവിതകളുടെ ആത്മതേജസ്സാണ്. കേരളീയതയുടെയും കേരളസംസ്കാരത്തിന്റെയും പ്രകാശധാരകളാണ് ഈ ബിംബങ്ങൾ. കേരളത്തിന്റെ ഋതുകാലങ്ങളും കേരളീയരുടെ സംസ്കാര പൈതൃകത്തിന്റെ തിളക്കവും പ്രകൃതിവിലാസവും പി.യുടെ കവിതകളെ ഉദാത്തമാക്കുന്നു.

ആത്മനിഷ്ഠകാവ്യങ്ങൾ അഥവാ ഭാവാത്മഗീതങ്ങൾ ഏറ്റവും കൂടുതൽ ദൃശ്യമാകുന്നത് അവയുടെ കാല്പനികതയിലാണ്. ആത്മനിഷ്ഠത കൂടുതൽ പ്രകടമാകുന്നത് വ്യക്തിയുടെ വൈകാരികതയിലും. മലയാളത്തിലെ കാല്പനിക കവികളിൽ ഏറ്റവും പ്രധാനപ്പെട്ടവരാണ് ഇടപ്പള്ളിയും ചങ്ങമ്പുഴയും. വിഷാദാത്മകതയാണ് ഇവരുടെ കവിതകളിലെ മുഖ്യഭാവം. ജീവിതം മുഴുവൻ കവിതയാക്കി മാറ്റിയ ആളാണ് ചങ്ങമ്പുഴ. ആത്മദുഃഖം അസാധാരണമായ ചമല്കാരത്തോടെ ആവിഷ്കരിക്കുന്നതോടൊപ്പം സമൂഹത്തിന്റെ ചലനങ്ങൾ പകർത്താനും ചങ്ങമ്പുഴ തയ്യാറായി. നാൽപതിലേറെ കവിതാസമാഹാരങ്ങളും തർജമകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ആയിരത്തിലേറെ ഭാവാത്മക കവിതകൾ ഉൾക്കൊള്ളുന്ന വിപുലമായ കാവ്യ പ്രപഞ്ചമാണ് ചങ്ങമ്പുഴയുടേത്. ഭാഷാലാളിത്യം, ആഖ്യാനസൗകുമാര്യം, പ്രകൃതി വർണ്ണനകൾ, വാങ്മയ ചിത്രങ്ങൾ, പ്രേമാനുഭൂതിയുടെ ഊഷ്മളത, ഗാനാത്മകത, തീവ്രമായ വിഷാദാത്മകത, സഹാനുഭൂതി, ആത്മപ്രതിഫലനം തുടങ്ങിയവയാണ് ചങ്ങമ്പുഴ കവിതകളുടെ സവിശേഷതകൾ.

## Keywords

എൻ. ബാലാമണിയമ്മ - പി. കുഞ്ഞിരാമൻനായർ - ചങ്ങമ്പുഴ, ലിറിക്സ് - കാല്പ്നികത

## Discussion

### 1.2.1 എൻ. ബാലാമണിയമ്മ


ബാലാമണിയമ്മ

മലയാളകവിതാരംഗത്ത് ഏതാണ്ട് ഏഴു ദശകത്തിലേറെ കാലം സജീവമായ ഒരു സാനിധ്യമായിരുന്നു ബാലാമണിയമ്മ എന്ന കവിയുടെ കാവ്യജീവിതം. മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും കവിതയുടെ ഭൂമികയാക്കി മാറ്റാൻ അവർക്ക് സാധിച്ചു. നിയോക്ലാസിസത്തിന്റെ വഴികളിൽ നിന്നും വിട്ടുമാറി കാല്പനികത അതിന്റെ എല്ലാ വർണാഭയോടും കൂടി മലയാള കവിതയിൽ ജ്വലിച്ചു നിന്നിരുന്ന കാലഘട്ടത്തിലാണ് ബാലാമണിയമ്മയുടെ കാവ്യരംഗപ്രവേശം.

അനൗപചാരിക വിദ്യാഭ്യാസമാണ് ബാലാമണിയമ്മയ്ക്ക് ലഭിച്ചിരുന്നതെങ്കിലും സംസ്കൃതം, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളിലും അഗാധമായ പാണ്ഡിത്യം അവർക്കുണ്ടായിരുന്നു. മനുഷ്യജീവിതത്തിലെ ആർദ്രവും ലോലവുമായ ഭാവങ്ങൾ ഹൃദയസ്പർശിയായി അവർ തന്റെ കവിതകളിൽ അവതരിപ്പിച്ചു. അവരുടെ കവിതകളിൽ മാതൃത്വം എന്ന ഭാവത്തിന്റെ ആദർശവല്കരണം കാണാം. സഹൃദയമനസിനെ ഉരുക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യാൻ കഴിയുന്ന സർഗാത്മക വൈഭവം ബലാമണിയമ്മയുടെ കവിതകൾക്കുണ്ട്.

വിലാപം എന്ന കവിത എഴുതികൊണ്ടാണ് കാവ്യരംഗത്തേക്കുള്ള ബാലാമണിയമ്മയുടെ രംഗപ്രവേശം നടന്നത്. ആത്മസുഹൃത്തിനോടുള്ള സ്നേഹവും അവളുടെ ദേഹവിയോഗത്തിലുള്ള ദുഃഖവും ആയിരുന്നു കവിതയുടെ പ്രമേയം. സ്വപ്നത്തിൽ ഇനിയും കാണാമെന്നുള്ള പ്രത്യാശയോടെയാണ് കാവ്യം അവസാനിക്കുന്നത്. മനുഷ്യന്റെ എല്ലാ അനുഭൂതി തലങ്ങളെയും സ്പർശിക്കുന്ന വിധത്തിൽ തനിമ നഷ്ടപ്പെടാതെ ആവിഷ്കരിക്കുകയാണ് ബാലാമണിയമ്മ ചെയ്തത്. വാത്സല്യം, ഭക്തി, പ്രേമം തുടങ്ങിയ ഭാവങ്ങളെ ഏറെ തന്മയത്വത്തോടെ അവർ തന്റെ കാവ്യങ്ങളിൽ അവതരിപ്പിച്ചു.

> "സർവ്വകാല ജീവിതസമസ്യകളും സമകാലജീവിതസമസ്യകളും ആത്മാവിന്റെ കവാടങ്ങളിൽ മുട്ടുമ്പോൾ തുറക്കാൻ മടിച്ച് അപത്യസ്നേഹത്തിന്റെ അകത്തളത്തിലേക്ക് സ്വയം വലിഞ്ഞ് ഒളിക്കുകയുണ്ടായിട്ടില്ല''
>
> -എം. ലീലാവതി

മാനുഷികഭാവങ്ങൾ ആവിഷ്കരിക്കുന്നതിനോടൊപ്പം ഭാരതീയ സംസ്കാരത്തിന്റെ സനാതനമായ മൂല്യങ്ങൾ തന്റെ കവിതകളിൽ പകർത്തുവാനും അവർ ശ്രമിച്ചു. ഭാരതീയതയും കേരളീയതയും കവയിത്രിയെ എക്കാലവും പ്രചോദിപ്പിച്ചിരുന്നു. ഭാരതീയ സാംസ്കാരിക പാരമ്പര്യത്തോടുള്ള അഭിനിവേശം അവരുടെ കവിതകളിൽ കാണാം. സ്വന്തം അനുഭൂതിതലത്തിൽ നിന്നുകൊണ്ട് സാമൂഹികമായ ഭാവങ്ങളെ അവതരിപ്പിക്കുമ്പോഴും മൂല്യാധിഷ്ഠിതമായ ജീവിതത്തിന് അവർ പ്രാധാന്യം നൽകി.

മാതൃത്വത്തിന്റെയും ശൈശവത്തിന്റെയും

പ്രണേതാവ് എന്ന നിലയ്ക്കാണ് ബാലാമണിയമ്മ അറിയപ്പെടുന്നത്. മാതൃത്വത്തിന്റെ കവി എന്ന് അവർ വാഴ്ത്തപ്പെടുകയും ചെയ്യുന്നു. എന്നാൽ ടാഗോറിന്റെ കവിതകളിൽ കാണുന്ന ശൈശവത്തിന്റെ മുഗ്ദ്ധ സങ്കല്പലോകമോ വള്ളത്തോളിന്റെ കവിതകളിൽ ദൃശ്യമാകുന്ന ബാല്യത്തിന്റെ സുന്ദരമായ ചിത്രങ്ങളോ ബാലാമണിയമ്മയുടെ കവിതകളിൽ സുലഭമല്ല. സ്ത്രീത്വത്തിന്റെ വ്യത്യസ്തമായ ജീവിത പരിതോവസ്ഥകളെ ആദർശവല്കരിക്കുന്ന ബാലാമണിയമ്മ സ്ഥാപിതമായ സാമൂഹ്യഘടനയിൽ സ്ത്രീ അനുഭവിക്കുന്ന ആസ്വാതന്ത്ര്യങ്ങളെയോ പീഡനങ്ങളെയോ കുറിച്ച് അത്രതന്നെ ബോധവതിയാണെന്ന് പറഞ്ഞുകൂടാ.

മർത്യജീവിതദർശനത്തിന്റെ മുഖ്യധാരയായി വർത്തിക്കുന്ന ഭാവം മാതൃത്വമാണ്. ബാലാമണിയമ്മയുടെ കവിതകളിൽ മാതൃത്വഭാവം സ്ഫുരിക്കുന്നവ ധാരാളമുണ്ട്. കൂപ്പുകൈ (1930), അമ്മ (1933), കുടുംബിനി (1936), ധർമമാർഗത്തിൽ (1937), പ്രഭാങ്കുരം (1943), സ്ത്രീഹൃദയം (1946), കളിക്കൊട്ട(1949) എന്നീ കാവ്യസമാഹാരങ്ങളിലെ ഏറിയപങ്കും മാതൃഭാവം പ്രകടമാക്കുന്നവയാണ്.

മാതൃഹൃദയത്തിന്റെ ആശങ്കകളും ആകാംക്ഷകളും പ്രതീക്ഷകളും എല്ലാം വളരെ ആർദ്രമായാണ് കവി ആവിഷ്കരിച്ചിരിക്കുന്നത്. ആദർശവല്കൃതമായ സ്ത്രീസങ്കല്പത്തെ മാത്രമല്ല പുരുഷസങ്കല്പത്തെയും അവർ രൂപവല്കരിച്ചു. കുടുംബം ഏറ്റവും മഹത്തരമാണെന്നും ജീവിത സാക്ഷാത്കാരത്തിന്റെ കാതലുമാണെന്ന സത്യത്തെ കവിതകളിൽ ചിത്രീകരിച്ചു. ശാശ്വതമൂല്യങ്ങളിലും പരമ്പരാഗത ധർമ സംഹിതകളിലും ദാമ്പത്യത്തിന്റെ വിശുദ്ധിയിലും വിശ്വസിച്ച കവി തന്റെ കവിതകളിലുടനീളം ഇവയെ ഉദാത്തവല്കരിച്ചു.

സ്ത്രൈണസ്വത്വത്തിന്റെ സൂക്ഷ്മഭാവമാണ് മാതൃത്വവും ശൈശവവും. അമ്മയുടെ അമൃതഭാവം കാവ്യാനുഭൂതിയായി സഹൃദയരിൽ എത്തിക്കാൻ ബാലാമണിയമ്മയ്ക്ക് സാധിച്ചു. ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ കുഞ്ഞും വിലപ്പെട്ടതാണ് എന്ന ആശയം വ്യക്തമായ രീതിയിൽ അവതരിപ്പിക്കുന്ന കവിതയാണ് ആശിർവാദം. കളങ്കമറ്റ കൈ, അന്തിയുഴിച്ചിൽ, മഴവെള്ളത്തിൽ, കുട്ടികൾക്കിടയിൽ തുടങ്ങിയ കവിതകളിലും ശൈശവത്തിന്റെ മൃദുല ഭാവങ്ങൾ സൂക്ഷ്മമായി ചിത്രീകരിച്ചിട്ടുണ്ട്. മാതൃഭാവം പോലെത്തന്നെ സഹോദരസ്നേഹം ബാലാമണിയമ്മയുടെ കവിതകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുലരിപ്പൂക്കൾ, പ്രതീക്ഷ എന്നീ കവിതകളിൽ ജ്യേഷ്ഠത്തിയുടെ സ്നേഹം മാതൃസ്നേഹത്തിന് തുല്യമായി ഭവിക്കുന്ന കാഴ്ചകളാണുള്ളത്.

കുഞ്ഞുങ്ങളെ ഈശ്വരാംശമായിട്ടാണ് കവി ദർശിക്കുന്നത്. മകനെ വളർത്തി വലുതാക്കുന്നത് ഈശ്വര സാക്ഷാത്കാരത്തിനുള്ള മാർഗമായിട്ടാണ് കവി കാണുന്നത്. മകന്റെ നര, കുട്ടികൾക്കിടയിൽ എന്നീ കവിതകളിൽ ഈശ്വരന്റെ മഹത്വത്തെയും ശൈശവത്തിന്റെ നിഷ്കളങ്ക ഭാവങ്ങളെയും സമന്വയിപ്പിക്കാനുള്ള ശ്രമമാണ് കാണുന്നത്.

> "ആത്മീയത എന്നത് ബാലാമണിയമ്മയ്ക്ക് തീവ്രമായ ആന്തരികതയാണ്. സമസ്ത ബാഹ്യലോകത്തേയും മനസ്സിന്റെ കണ്ണാടിയിൽ അത് പ്രതിഫലിപ്പിക്കുന്നു. മതനിരപേക്ഷമായ ഈ ആത്മീയത ഇരുപതാം നൂറ്റാണ്ടിന്റെ ആവശ്യകതയാണ്''
>
> -കെ. അയ്യപ്പപ്പണിക്കർ

വൈകാരികവും ധൈഷണികവുമായുള്ള തലങ്ങളെ സമർഥമായി സമന്വയിപ്പിക്കുകയും വ്യക്തമായ ഒരു ജീവിത ദർശനം പങ്കുവെക്കുകയും ചെയ്ത കവിയാണ് ബാലമണിയമ്മ. സന്ധ്യ, പ്രഭാങ്കുരം, വെളിച്ചത്തിൽ, ലോകാന്തരങ്ങളിൽ തുടങ്ങിയ കാവ്യസമാഹാരങ്ങളിൽ ദാർശനികവും ആധ്യാത്മികവുമായ മേഖലകൾ തേടിയുള്ള കവിയുടെ അന്വേഷണം കാണാം. ജീവിതം പ്രകാശമാണെന്നും ഓരോ യാത്രികനും അറിവിന്റെ വെളിച്ചമേന്തി കാലമാകുന്ന വഴിയിലൂടെ സഞ്ചരിക്കുമ്പോൾ പിൻതലമുറക്കാർ പൂർവികരെ പിന്തുടർന്ന് മുന്നേറുന്നത് പഴമക്കാർ ഇടറിവീണ ഇത്തിരി വെട്ടത്തിലാണെന്നും, ആ ഇത്തിരി വെട്ടത്തെ ജ്വലിപ്പിക്കുന്നത് ഇന്നത്തെ തലമുറകളുടെ

ദൗത്യമാണെന്നും കവി പറയുന്നു. മനുഷ്യർ പ്രപഞ്ചത്തിൽ വെറും യാത്രക്കാർ മാത്രമാണെന്ന ദാർശനികതലം അവർ ഉയർത്തിക്കാട്ടുന്നു.

> അടുക്കള ഒരു നിറഞ്ഞ സാന്നിധ്യമായി കാണുന്ന കവിതകളാണ് പ്രഭാതത്തിൽ'. (1934), അടുക്കളയിൽ' (1934), മഴവെള്ളത്തിൽ (1934), 'കുട്ടികൾക്കിടയിൽ (1934), എന്തിനെ? (1934), പ്രപഞ്ചം മറയുന്നു (1934), ഓമന (1937), നിഴലുകൾ (1979), ഗൃഹിണി (1937), സ്ത്രീ (1966), ഉണ്ണിപ്പൂര (1963) എന്നിവ

പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങളുടെ പുനഃസൃഷ്ടി ബാലാമണിയമ്മയുടെ കവിതകളിലുണ്ട്. വിശ്വാമിത്രൻ, വിഭീഷണൻ, ച്യവനൻ, ഭീഷ്മർ, പരശുരാമൻ, യയാതി, മാധവി, വസുമാൻ, പ്രതർദ്ദനൻ, അഷ്ടകൻ, മഹാബലി, മഹാവീരൻ, തുടങ്ങിയവരെ പുതിയ കഥാസന്ദർഭങ്ങളിലൂടെ പുനഃസൃഷ്ടിക്കുവാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. കേരളത്തിന്റെ ശില്പിയെന്ന് വാഴ്ത്തപ്പെടുന്ന ഇതിഹാസ കഥാപാത്രമായ പരശുരാമന്റെ ആത്മഗതമാണ് മഴുവിന്റെ കഥ. ഒരു നാടകീയ സ്വഗതാഖ്യാനത്തിന്റെ (Dramatic Monologue)സ്വഭാവമുള്ള കവിതയാണിത്. പിതൃശാസന പ്രകാരം അമ്മയുടെ കഴുത്തു വെട്ടുന്ന പരശുരാമന് ചോദിക്കുന്ന എന്തു വരവും നല്കാൻ തയ്യാറായ പിതാവിനോട് അമ്മയുടെ ജീവൻ മടക്കി ചോദിക്കുകയാണ് പരശുരാമൻ. പുനർവിചിന്തനത്തിലൂടെ പരശുരാമന് തോന്നിയ കുറ്റബോധം കവയിത്രി ആവിഷ്കരിച്ചിരിക്കുന്നത് മർത്യകുലത്തിന് ആകമാനമുള്ള ഒരു താക്കീതായിട്ടാണ്.

'ഏതു നന്മയും ക്രമാൽ കൂർപ്പിച്ചിട്ടേറ്റം
യാതനാവഹമാക്കാൻ കഴിയും നരനെന്നും'

ഏതൊരാദർശത്തിനും മനുഷ്യസ്പർശം ഏല്ക്കുമ്പോൾ നിറം കെട്ടുപോകുന്നു എന്ന സനാതനസത്യത്തിന് ഈ കവിത അടിവരയിടുന്നു.

വിഭീഷണൻ എന്ന കവിതയിൽ, സീതയെ അപഹരിച്ച് ലങ്കയിൽ കൊണ്ടുവന്ന കാലത്ത് രാവണന് വിഭീഷണൻ നൽകുന്ന ഉപദേശം സമകാലിക തിന്മകൾക്കെതിരെയുള്ള ആഹ്വാനമാണ്.

'കളയൂ രണാവേശം ! ജീവിതങ്ങളെക്കൊയ്തോ
വിളയാടേണ്ടു വൃഥാ പ്രജ്ഞയ്ക്കു പാകം വന്നോ'

ഹിംസ കൂടാതെ പ്രശ്നങ്ങൾ പരിഹരിക്കാനും അതിലൂടെ നീതിപുലരാനും വേണ്ടിയുള്ള കവിയുടെ മോഹമാണ് വിഭീഷണന്റെ വാക്കുകളിലൂടെ പുറത്തുവരുന്നത്.

### അവലോകനം

ബാലാമണിയമ്മയുടെ കവിതകളിൽ വ്യക്തിസ്വത്വത്തിന്റെ വികാസപരിണാമങ്ങൾ കാണാൻ കഴിയും. സാമാന്യജീവിതത്തിന്റെ ഭാവലോകങ്ങളെയും ദാർശനികതലങ്ങളെയും വ്യത്യസ്തമായ വീക്ഷണകോണുകളിൽ അവർ അവതരിപ്പിക്കുന്നു. മാതൃത്വവും ശൈശവവും ആവിഷ്കരിക്കുന്നതിനോടൊപ്പം ജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ ആശയങ്ങളും ദർശനങ്ങളും അവരുടെ കവിതകളിൽ ഉൾചേർന്നിരിക്കുന്നു. പരമ്പരാഗതമായ കാവ്യശിക്ഷണവും വിദ്യാഭ്യാസവും ലഭിച്ചതുകൊണ്ട്, കാവ്യഭാഷയിലും അന്തർഭാവത്തിലും ആവിഷ്കാരത്തിലും എല്ലാം ആ പാരമ്പര്യത്തിന്റെ മായാത്ത മുദ്രകൾ പ്രകടമാണ്.

## 1.2.2 പി. കുഞ്ഞിരാമൻ നായർ


പി. കുഞ്ഞിരാമൻ നായർ

മലയാള കാല്പനിക കവിതയെ ഭാവനാസമ്പന്നമാക്കിയ കവിയാണ് പി. കുഞ്ഞിരാമൻ നായർ. ഏതോ സ്വർഗലോകത്ത് നിന്നും വഴിതെറ്റി തിന്മകൾ നിറഞ്ഞ ഈ ഭൂമിയിൽ വന്നുപെട്ട ഒരു ആത്മാവിന്റെ അങ്കലാപ്പും അപരിചിതത്വവും പി.യുടെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. അനന്തമായ അന്വേഷണ വ്യഗ്രതയും തീവ്രമായ കുറ്റബോധവും സൂക്ഷ്മമായ

ആസ്തിക്യബോധവും ഗൃഹാതുരതയും അദ്ദേഹത്തിന്റെ കവിതകളെ വർണാഭമാക്കുന്നു.

> തിരുവോണവും തിരുവാതിരയും വിഷുവും പൂരവും പൂക്കളവും പൂനിലാവും മാത്രമല്ല ഈ കവി അലഞ്ഞു തിരിഞ്ഞു കണ്ടത്. മാനവജീവിതത്തിന്റെ സൗന്ദര്യമെന്നപോലെ നെടുവീർപ്പും കണ്ണീരും അദ്ദേഹം ഗ്രഹിക്കുകയും ആവിഷ്കരിക്കുകയും ചെയ്തു.
>
> ബി. ഭാനുമതിയമ്മ, പി. കുഞ്ഞിരാമൻനായരുടെ കവിത (പഠനം), നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

നഗരത്തിന്റെ തിരക്കുകളിൽ ജീവിക്കുമ്പോഴും കവിയുടെ മനസ് കാർഷിക പാരമ്പര്യത്തിന്റെ ശീതളച്ഛായയുള്ള മലനാടിനെയാണ് തേടുന്നത്. ആ നാടിന്റെ സ്മരണ കവിയുടെ മനസിൽ സജീവമായ ഒരു മിത്തായി പ്രതിഫലിക്കുന്നു.

'തോടുകൊണ്ടൊരു വെള്ള പൂണുനൂൽ ധരിച്ചോരു

പാടത്തിൻ വക്കത്തായൊരമ്പലം കാണുന്നില്ലേ

-------------------------------

-------------------------------

നിൽക്കുന്നൂ കരിമ്പന കുടയും പിടിച്ചങ്ങ്
നിശ്ചലമാമൊരു കുന്ന് നാലു ഭാഗവും നോക്കി.'

ഈ നാടിന്റെ തനിമയെ ഇല്ലാതാക്കുന്നതെല്ലാം കവിയിൽ അസ്വസ്ഥത ഉണ്ടാക്കുന്നു. വൈദേശിക സംസ്കാരത്തിന്റെ അധിനിവേശത്തോടും ഇംഗ്ലീഷിന്റെ കടന്നുകയറ്റത്തോടും ഇരുപതാം നൂറ്റാണ്ടിൽ രൂപംകൊണ്ട എല്ലാവിധ പരിഷ്കാരങ്ങളോടും കവി കയർക്കുന്നു. അമ്പലങ്ങളും അമ്പലക്കുളങ്ങളും നാട്ടുപാതകളും കാളവണ്ടിയും നിലാവും പച്ചപ്പും നിറഞ്ഞുനിൽക്കുന്ന പഴയ ഗ്രാമീണ ജീവിതത്തോടാണ് കവിക്ക് ആഭിമുഖ്യം. ഇതിനെ കവിയുടെ ശക്തമായ പാരിസ്ഥിതിക ബോധമായാണ് വിലയിരുത്തപ്പെടുന്നത്. പരിഷ്കാരത്തോട് വൈമുഖ്യം കാണിക്കുന്നത് കടുത്ത യാഥാസ്ഥിതിക മനോഭാവമായി വ്യാഖ്യാനിക്കാം. ഗ്രാമങ്ങളിലേക്ക് മടങ്ങുക എന്നത് കാല്പനികതയുടെ ആഹ്വാനമായിരുന്നു എന്നതും ഓർക്കാം.

> തനി കേരളീയ കവി, ഭക്ത കവി എന്നൊക്കെ പി.യെ വിശേഷിപ്പിക്കാറുണ്ട്.

നഷ്ടപ്പെട്ടുപോയ ഗ്രാമീണ അനുഭവങ്ങളോടുള്ള തീവ്രമായ അഭിനിവേശം മാത്രമല്ല; കവിക്കുതന്നെ വ്യക്തമല്ലാത്ത മറ്റേതോ അനുഭവങ്ങളുടെ അഭാവവും കവിയിൽ തീവ്രമായ ഗൃഹാതുരത്വം ഉണർത്തുന്നു. അത് കാവ്യദേവതയായും സൗന്ദര്യദേവതയായും നിത്യകാമുകിയായും പ്രപഞ്ചസത്തയായും കവിയുടെ മുന്നിലെത്തുകയും കവിയെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

'പ്രേമമേ, നിന്നെയോർപ്പൂ ഞാൻ മുഗ്ദ –
ഗ്രാമ മോഹന സൂനമേ!
ജീവിതത്തിൽ വിജയലക്ഷ്മിയായ്
നീ വരില്ലിനിയെങ്കിലും
കാത്തിരിക്കും ഞാൻ രാപ്പറവയായ്
പേർത്തുമീ ശൂന്യവാഴിയിൽ'

ഒരിക്കലും സഫലീകരിക്കാത്ത ഈ സ്വപ്നം അദ്ദേഹത്തിന്റെ വിഷാദത്തിന്റെ ഒരു കാരണമാകാം.

ബിംബകല്പനകളുടെ ധാരാളിത്തമാണ് പി.യുടെ കവിതകൾ. തികച്ചും ഗ്രാമീണമായ ബിംബകല്പനകളെ കവിതയിൽ ഉൾചേർക്കുമ്പോൾ, മറന്നുപോയ മലനാടിനെ പുനഃസൃഷ്ടിക്കുവാനുള്ള ശ്രമമാണ് കവിതയിലൂടെ അദ്ദേഹം നടത്തുന്നത് എന്ന് പറയാം. പക്ഷേ ബിംബകല്പനകൾ ഒന്നിലും ഏകാഗ്രമാകുന്നുമില്ല. അദ്ദേഹത്തിന്റെ കവിതകളിൽ പ്രകൃതി മനുഷ്യഭാവത്തിൽ പ്രത്യക്ഷപ്പെടുകയും മനുഷ്യനെപ്പോലെത്തന്നെ പെരുമാറുകയും ചെയ്യുന്നു. 'ഓലക്കുട പൊക്കിപ്പിടിച്ച് കരിമ്പനയമ്മാവൻ', തീരത്തെ കെട്ടിപ്പിടിക്കുന്ന കൊച്ചോളങ്ങൾ' തുടങ്ങിയ ബിംബങ്ങളിലൂടെ പ്രകൃതിയെ കവി സജീവമാക്കുന്നു.



SGOU

ആസ്വാദക മനസിൽ അതിസാന്ദ്രമായ അനുഭൂതിയുണർത്തുവാൻ കാവ്യബിംബങ്ങളിലൂടെ സാധ്യമാവുന്നു. എണ്ണമറ്റ വരികളിലൂടെ ആവിഷ്കരിക്കുന്ന അനുഭൂതിയെ ഒരൊറ്റ ബിംബകല്പനയിലൂടെ ആസ്വാദ്യമാക്കാൻ ഭാവനാധനനായ കവിക്ക് കഴിയുന്നു. ആതിരരാവുകളെക്കുറിച്ചും പൊയ്പോയ പൊന്നാണ നാളുകളെക്കുറിച്ചുമെല്ലാം തനിമയാർന്ന ബിംബങ്ങളിലൂടെ കവി നമ്മെ ഓർമിപ്പിക്കുന്നു.

പറന്നു പോയ പൂത്തിരുവാതിര എന്ന കവിതയിൽ

“വാസന നൂറു പുരട്ടിയ വെറ്റില
പോലെ പകലുകൾ ചുരുളുമ്പോൾ”

എന്ന് വർണിക്കുമ്പോൾ വെറ്റില പോലെ ചുരുളുന്ന പകലുകൾ നമ്മിൽ ആതിരനാളിനെക്കുറിച്ചുള്ള മധുരസ്മരണയുതിർക്കുന്നു.

"കുഞ്ഞിരാമൻ നായർ ഭക്തകവിയല്ലെന്നല്ല, അതുമാത്രമല്ല എന്നു മാത്രം. ഓരോ കവിയുടെയും വ്യതിരിക്തത, വ്യത്യാസം, തനിമ മനസിലാക്കുന്നതുവരെ നാം ആ കവിയെ വേണ്ടപോലെ അറിയുന്നില്ല. എന്നുകൂടി അറിയേണ്ടിയിരിക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലയാള കാവ്യനിരൂപണത്തിലെ വൈകല്യം തിരുത്താൻ സമയമായി എന്ന് തോന്നാൻ കാരണമിതാണ്. തന്നെയുമല്ല. ഓരോ കൃതിയെയും പറ്റിയുള്ള അവബോധം മാറുകയും വളരുകയും ചെയ്യുന്നതനുസരിച്ച് പഠനങ്ങളും നിരൂപണങ്ങളും തിരുത്തപ്പെടേണ്ടിയിരിക്കുന്നു. നിരന്തരമായ തിരുത്തൽ അവബോധ വികസനം തന്നെയാണല്ലോ നിരൂപണത്തിന്റെ കാതൽ’’– -അയ്യപ്പപ്പണിക്കർ

ഒരു ആശയം പലമട്ടിൽ പറയുക, ഒരു വസ്തുവിനെത്തന്നെ പല വസ്തുക്കളോടുപമിക്കുക, ഒരു അനുഭവം തന്നെ പല ബിംബങ്ങളിലൂടെ പകർന്നുതരിക ഇതെല്ലാം പിയുടെ കാവ്യ സവിശേഷതകളാണ്.

ഗാന്ധിസത്തെ ആദരവോടെ ആത്മാവിലേറ്റു വാങ്ങിയ കവിയാണ് പി. കുഞ്ഞിരാമൻ നായർ. സത്യം, സ്നേഹം, അഹിംസ എന്നിവയിലധിഷ്ഠിതമായ ഒരു സാമൂഹിക ക്രമത്തിന്റെ സംരചനയിലൂടെ സ്വാതന്ത്ര്യത്തിന്റെ അർഥം സഫലമാക്കാൻ മോഹിച്ച ലോകരക്ഷകനാണ് ഗാന്ധിജി. മൂല്യങ്ങളുടെ ആൾരൂപമായാണ് ഗാന്ധിജിയെ പി. ആവിഷ്കരിച്ചത്.

“‘ഹാ കഥ മറ്റൊന്നായിപ്പോയേനേ ഹിമാദ്രി ത
ന്നാശ്രമാങ്കണത്തിലീ കൃശഗാത്രനില്ലെങ്കിൽ
ലോകത്തിൻ വിഷഭയമിറക്കാൻകിഴക്കേവ

മോഷധീശനാമൊരു വിഷവൈദ്യനില്ലെങ്കിൽ പാമ്പാടും എന്നു പേരുള്ള ഈ കവിതയിൽ ബ്രിട്ടീഷ് കരിനാഗത്തിന്റെ വിഷമിറക്കിയ വിഷഹാരിയായി ഗാന്ധിജിയെ ബിംബവത്കരിക്കുന്നു. ഭാരതത്തെ മാത്രമല്ല ലോകത്തെ തന്നെ ഹിംസാവിഷത്തിൽ നിന്നു രക്ഷിക്കാനെത്തിയ ഓഷധീശനാണത്രേ ഗാന്ധിജി.

ബിംബാവലികളുടെ ഒടുങ്ങാത്ത ഘോഷയാത്രയാണ് പി. കുഞ്ഞിരാമൻനായരുടെ കവിത എന്നു പറഞ്ഞത് ഡോ. എം. ലീലാവതിയാണ്.

കുറ്റബോധം പി.യുടെ കവിതകളുടെ ഭാവത്തെ നിർണയിക്കുന്ന അടിസ്ഥാന ഘടകമാണ്. വ്യക്തിജീവിതത്തിൽ സംഭവിച്ചു പോയ അപരാധങ്ങളായിരിക്കാം ഈ കുറ്റബോധത്തിന് കാരണം. സ്നേഹനിധിയായ അച്ഛനോട് കാട്ടിയ ധിക്കാരം, ഗുരുവിനോട് കാട്ടിയ അനുസരണക്കേട്, ലൈംഗികമായ വഴിതെറ്റലുകൾ ഇങ്ങനെ പലതും കവിതകളിൽ സൂചിപ്പിക്കപ്പെടുന്നു. വീടും കൂടും മറന്ന് മലയാളിയുടെ പശ്ചാത്താപമായി, സംസ്കൃതത്തെയും മാതൃഭാഷയായ മലയാളത്തെയും മറന്ന് ഇംഗ്ലീഷിനെ കലാലയങ്ങളിൽ പ്രതിഷ്ഠിച്ചതിലെ ആത്മവേദനയായുമൊക്കെ ഈ പാപബോധം പ്രത്യക്ഷപ്പെടുന്നു.

‘കളിയച്ഛൻ’ എന്ന കവിതയിൽ പ്രത്യക്ഷ

പ്പെടുന്നതും തീക്ഷ്ണമായ കുറ്റബോധമാണ്. കളിയോഗം ഒരു പ്രതീകവും ഗുരുനിന്ദ പാപത്തിന്റെ കാരണമാകുകയും ചെയ്യുന്നു. കവിയുടെ സഹജമായ ആസ്തികൃബോധം അതിന്റെ എല്ലാ ചൈതന്യത്തോടെയും കളിയച്ഛനിൽ കടന്നുവരുന്നു.

'ലോലപീതാംബര ചാർത്തുകൾക്കപ്പുറം
പീലിമുടി വനമാലകൾക്കപ്പുറം

പ്രീതിപ്പൊലിമതൻ പൊൻതിടമ്പാം മഹാ
ജ്യോതിസ്വരൂപനെക്കാണുന്നതില്ലയോ'

മലയാളത്തിലെ ഏറ്റവും അകൃത്രിമമായ പ്രതീകാത്മക കവിതയാണിത്. കളിയച്ഛനെ ഗുരുവായും ഈശ്വരനായും പിതാവായും സങ്കല്പിക്കാം.

മലയാളത്തിലെ മികച്ച ഓണപ്പാട്ടുകാരനാണ് പി. കുഞ്ഞിരാമൻ നായർ. അദ്ദേഹത്തിന് ഓണം കേവലമൊരു ഓർമയല്ല, മലനാടിന്റെ ഗൃഹാതുരത ഉണർത്തുന്ന അനുഭൂതിയാണ്. പരമമായ നന്മയും വിശുദ്ധിയും ഐശ്വര്യവും ആനന്ദവും എല്ലാം ഓണം എന്ന വാക്കിൽ കവി ഒതുക്കുന്നു. സമകാല ജീവിതത്തോടും ജീവിതത്തിലെ വൈകൃതങ്ങളോടും തീവ്രമായി കവി പ്രതികരിക്കുന്നു. സാമൂഹിക രാഷ്ട്രീയ അധികാരങ്ങളോട് കവി കലഹിക്കുന്നു. അലയുന്നവന്റെ ഗീതികളാണ് കുഞ്ഞിരാമൻ നായർക്കവിതകൾ. മറ്റുള്ളവരോട് ഉൾച്ചേർന്ന നില്ക്കുമ്പോഴും സ്വയംഭ്രഷ്ടനായി അലയുന്ന കവി തന്റെ നിമിഷങ്ങളെ സാർഥകമാക്കുന്നുണ്ട്, അന്വേഷണത്തിലൂടെ. അതിന്റെ ശക്തിവിശേഷങ്ങളാണ് അദ്ദേഹത്തിന്റെ കവിതകൾ. പി.യുടെ നിതാന്തമായ കാവ്യപ്രമേയങ്ങളിലൊന്ന് പ്രകൃതിയാണ്. പ്രകൃതിയുടെ ചഞ്ചലത അനന്തവിസ്മയം, ഹരിതസൗന്ദര്യം ഇവയെല്ലാം പി.യുടെ ഹൃദയത്തെ കാവ്യാത്മകമാക്കുന്നു. സ്വപ്ന സുന്ദരമായ ഒരു കേരളീയ ജീവിതത്തെ സ്വപ്നം കാണുകയും ആ സ്വപ്നലോകത്തെ കവിതകളിലൂടെ ആദർശവത്ക്കരിക്കുകയും ചെയ്തു അദ്ദേഹം.


തീവ്രമായ സൗന്ദര്യാനുഭൂതി പി.യുടെ കവിതകളിൽ കാണാം. പ്രകൃതിയിൽ നിറഞ്ഞുനിൽക്കുന്ന സൗന്ദര്യം, പച്ചപ്പ്, സ്ത്രൈണ സൗന്ദര്യം, പുഴകളുടെയും മലകളുടെയും ആകർഷണം, പ്രഭാതത്തിന്റെയും പ്രദോഷത്തിന്റെയും ശബളിമ ഇവയെല്ലാം കവിയെ ലഹരി പിടിപ്പിക്കുന്നു. ഗ്രാമീണവും ചലനാത്മകവും ആയ ബിംബകല്പനകൾ കവിതയിൽ നിറഞ്ഞു നില്കുന്നത് സൗന്ദര്യബോധത്തിന്റെ തീക്ഷ്ണതയിലാകാം. പി.യുടെ കാവ്യശൈലി സംഗീതാത്മകവും ലയാത്മകവും ആണ്. സുന്ദരവും ശ്രുതിമധുരവുമായ പദങ്ങൾ ആ കാവ്യഭാഷയ്ക്ക് ആകർഷണീയത നൽകുന്നു.

> കവിയുടെ കാല്പാടുകൾ, എന്നെത്തിരയുന്ന ഞാൻ, നിത്യ കന്യകയെ തേടി - ഇവ മൂന്നും പി.യുടെ ആത്മകഥകളാണ്.

### അവലോകനം

പ്രകൃതിയുടെ കവി എന്നും ധിക്കാരിയായ കവി എന്നും അറിയപ്പെടുന്ന കവിയാണ് പി. കുഞ്ഞിരാമൻ നായർ. ഒരു അവധൂതനായി ജീവിച്ച ആളാണ് അദ്ദേഹം. സൗന്ദര്യത്തോടും പ്രകൃതിയോടും മലനാടിനോടുമുള്ള അടങ്ങാത്ത അഭിനിവേശം അദ്ദേഹത്തിന്റെ കവിതകളുടെ മുഖ്യധാരയാണ്. പാപബോധവും കുറ്റബോധവും പേറുന്ന ഒരു ആത്മാവ് കവിയിൽ ഉണ്ട്. അതോടൊപ്പം തന്നെ തികഞ്ഞ ആസ്തികൃബോധവും കവി പുലർത്തുന്നു. ബിംബകല്പനകളുടെ ഘോഷയാത്രയാണ് പി.യുടെ കവിതകൾ എന്ന് പറയാം. സൗന്ദര്യത്തോടുള്ള കാമനകൾ ബിംബങ്ങളായി ആ കവിതകളിൽ പ്രത്യക്ഷമാകുന്നു. താളലയങ്ങളുടെ വിന്യാസവും മധുരമായ ഭാഷയും പി.യുടെ കവിതകളെ ആകർഷണീയമാക്കുന്നു.

## 1.2.3 ചങ്ങമ്പുഴ കൃഷ്ണപിള്ള


ചങ്ങമ്പുഴ കൃഷ്ണപിള്ള

മലയാള കവിതയിലെ കാല്പനിക പ്രസ്ഥാനത്തെ വിലമതിക്കാനാകാത്ത സംഭാവനകൾ കൊണ്ട് ധന്യമാക്കിയ കവികളാണ് ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴ കൃഷ്ണപിള്ളയും. ഇടപ്പള്ളി കവികൾ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്.

സതീർഥ്യരായ ഇവർ ഏതാണ്ട് സമാനകാലത്ത് കാവ്യരംഗത്ത് പ്രവേശിക്കുകയും അകാലമരണം പ്രാപിക്കുകയും ചെയ്തു. രാഘവൻപിള്ള ആത്മഹത്യ ചെയ്തു; ചങ്ങമ്പുഴയാകട്ടെ രോഗഗ്രസ്തനാവുകയും.

വിഷാദത്തിന്റെ സ്വരമായിരുന്നു അവരുടെ കവിതകൾക്ക്. ആ വിഷാദത്തിന് ജീവിതപശ്ചാത്തലവും കാരണമായിട്ടുണ്ട്. കാല്പനികതയുടെ സഹജസ്വഭാവങ്ങളായ വ്യക്തിപരത, സ്വച്ഛന്ദത, സ്വാതന്ത്ര്യബോധം തുടങ്ങിയവ ഇവരുടെ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്ന പ്രമേയങ്ങളാണ്. ഇടപ്പള്ളി തുടങ്ങിവച്ച പ്രസ്ഥാനം എന്ന നിലയിൽ ഈ കാവ്യരീതി ഇടപ്പള്ളി പ്രസ്ഥാനം എന്നറിയപ്പെട്ടു. മധുര മനോഹരവും അത്യന്തം നൂതനവുമായ ഒരു ഗാനരീതി കേരളീയർ ആദ്യമായി അനുഭവിച്ചത് രാഘവൻപിള്ളയിൽ നിന്നാണ്. സുന്ദരവും ഹൃദ്യവുമായ ഇടപ്പള്ളിയുടെ കവിതകൾ നിരക്ഷരർ പോലും പാടി നടന്നു. ദ്രാവിഡവൃത്തങ്ങളുടെ താളലയം ഇടപ്പള്ളി കവിതയുടെ രചനാപരമായ സവിശേഷതയാണ്.

> ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം എന്ന ജീവിതചരിത്ര കൃതി എഴുതിയത് എം.കെ. സാനുവാണ്.

ഇടപ്പള്ളി പ്രസ്ഥാനം തുടങ്ങിവെച്ചത് രാഘവൻപിള്ള ആണെങ്കിലും അതിനെ പുഷ്കലമാക്കിയത് ചങ്ങമ്പുഴ കൃഷ്ണപിള്ളയാണ്. ഇരുവരുടെയും കാവ്യശൈലിക്ക് സാദൃശ്യമുണ്ട്. ഇടപ്പള്ളി എൺപത്തഞ്ചോളം കവിതകൾ എഴുതിയപ്പോൾ ചങ്ങമ്പുഴ നൂറുകണക്കിന് കവിതകൾ എഴുതി. അവയിൽ അധികവും ജനങ്ങൾ ഹൃദയത്തിൽ ഏറ്റിയവയാണ്. 'ഒരേ ഞെട്ടിൽ വിരിഞ്ഞ രണ്ട് വാസനാസമ്പന്നങ്ങളായ കുസുമങ്ങൾ' എന്നാണ് ഉള്ളൂർ ഈ കവികളെ വിശേഷിപ്പിച്ചിട്ടുള്ളത്.

രൂപത്തിലും ഭാവത്തിലും ചങ്ങമ്പുഴക്കവിതകൾ ആത്മനിഷ്ഠമാണ്. കാല്പനികതയുടെ സഹജസ്വഭാവമാണത്. അദ്ദേഹം വിവർത്തനത്തിന് തെരഞ്ഞെടുത്ത കൃതികൾ നോക്കിയാലും വ്യക്തിജീവിതത്തോട് ബന്ധപ്പെട്ട കഥാഭാഗങ്ങളും ആത്മാംശമുള്ള കഥാസന്ദർഭങ്ങളുമാണ് കൂടുതലുള്ളതെന്ന് കാണാം.

> ഇടപ്പള്ളി രാഘവൻപിള്ളയെക്കുറിച്ച് ചങ്ങമ്പുഴ എഴുതിയ കവിതയാണ് 'തകർന്ന മുരളി'

ഭാവഗീതങ്ങളുടെ രചനയിലാണ് ചങ്ങമ്പുഴ തന്റെ വിജയം കൊയ്തെടുത്തത്. ഇംഗ്ലീഷ് സാഹിത്യത്തിൽ സാർവത്രികമായി പ്രചാരം നേടിയിരുന്ന ഭാവഗീതങ്ങൾ ചങ്ങമ്പുഴയെ ഏറെ സ്വാധീനിച്ചിരുന്നു. ആത്മനിഷ്ഠതയാണ് ഭാവഗീതങ്ങളുടെ മുഖമുദ്ര. വികാരതീവ്രത, ഗാനാത്മകത, ശബ്ദഭംഗി, നാതിദീർഘത തുടങ്ങിയവയും ഇവയുടെ പ്രത്യേകതകളാണ്. കവിക്കുണ്ടാകുന്ന വ്യക്തിപരമായ അനുഭവത്തിന്റെ ശക്തമായ ആവിഷ്കാരമാണ് ഭാവഗീതങ്ങൾ.

> കാല്പനിക പ്രണയത്തിന്റെ പുഞ്ചിരിയും കണ്ണീരും ഉൾപ്പുളകവും ഉത്കണ്ഠയും സരളകോമളഗാനമായി ഒഴുക്കി എന്ന് പരാമർശിച്ചത് ജി. കുമാരപിള്ളയാണ്.

ചങ്ങമ്പുഴയ്ക്ക് ഏറെ ജനപ്രീതി നേടിക്കൊടുത്ത കവിതയാണ് രമണൻ. 1936-ൽ പ്രസിദ്ധീകരിച്ച ഈ കവിത 'ഗ്രാമീണ വിലാപകാവ്യം' (Pastoral Elegy) എന്നാണ് അറിയപ്പെടുന്നത്. രമണന്റെയും ചന്ദ്രികയുടെയും പ്രണയവും അതിന് പശ്ചാത്തലമായ ഗ്രാമീണഭംഗിയും മലയാളിയുടെ മനസിനെ കീഴടക്കി. അതോടൊപ്പം പ്രണയ പരാജയം, ആത്മഹത്യ, സ്ത്രീവിരുദ്ധ പരാമർശം എന്നിവയുടെ പേരിൽ ധാരാളം വിമർശനങ്ങൾ രമണനു നേർക്ക് ഉണ്ടായി. സ്ത്രീപുരുഷ പ്രണയത്തിന് വിലക്കുകൾ ഏർപ്പെടുത്തുന്ന സാമുദായിക നീതികളെയും സാമ്പത്തികമായ ഉച്ചനീചത്വങ്ങളെയും എതിർക്കുകയാണ് ഇതിലൂടെ കവി ചെയ്തത്. പ്രണയത്തെ മഹത്വവല്കരിക്കുകയും മറ്റെല്ലാ വിഷയങ്ങൾക്കും അപ്രധാനമായ സ്ഥാനം നല്കുകയും ചെയ്തുകൊണ്ട് മറ്റൊരു സാമൂഹിക മൂല്യബോധത്തെ സ്ഥാപിക്കാനാണ് ചങ്ങമ്പുഴ

ശ്രമിച്ചത്. അന്നത്തെ സാമൂഹിക വ്യവസ്ഥിതിയാണ് രമണന്റെയും ചന്ദ്രികയുടെയും പ്രണയത്തെ എതിർത്തതും. ഇത്തരം നിലപാടുകളോട് ഉള്ള പ്രതിഷേധം ആയിട്ടാണ് ചങ്ങമ്പുഴ പ്രേമത്തെ പറ്റി പാടിയത്. മലയാളത്തിലെ എക്കാലത്തെയും ഹൃദയഹാരിയായ പ്രണയകാവ്യം ആയിട്ടാണ് രമണൻ ഇന്നും വാഴ്ത്തപ്പെടുന്നത്. ഈ കൃതിയിലെ പ്രകൃതിവർണ്ണനകളും പ്രണയരംഗങ്ങളും നായികാ നായകന്മാരുടെ സംഭാഷണങ്ങളും മലയാളിക്ക് സുപരിചിതമാണ്.

'ഒരു നല്ല ചിത്രം വരച്ച പോലെ
വരിവരി നിൽക്കുന്ന കുന്നുകളും
------------------------
ഇടയന്റെ പാട്ടിലലിഞ്ഞൊഴുകും
തടിനിയും താമരപൊയ്കകളും
ഇവയെല്ലാമാ വെറും ഗ്രാമരംഗം
ഭുവനൈക സ്വർഗ്ഗമായ് തീർത്തിരുന്നു'

ചങ്ങമ്പുഴയുടെ പ്രണയ കവിതകളിലെല്ലാം പ്രകൃതി ഒരു നിറഞ്ഞ സാനിധ്യമാണ്. പ്രകൃതിയും വനഭംഗിയും ഋതുവർണ്ണനകളും രമണൻ എന്ന കവിതയിലെ പ്രണയ രംഗങ്ങൾക്ക് അനാദൃശശോഭ നൽകുന്നു.

> മലയാളത്തിൽ ഏറ്റവും അധികം വിറ്റഴിക്കപ്പെട്ട കൃതികളുടെ കർത്താവ്, സംഗീതാത്മകമായ കാവ്യശൈലിയുടെ പ്രചാരകൻ, പ്രണയത്തിന്റെ കവി, നിമിഷങ്ങളുടെ കവി തുടങ്ങിയ വിശേഷണങ്ങൾക്ക് അർഹനാണ് ചങ്ങമ്പുഴ.

1930-കളുടെ ചരിത്രപശ്ചാത്തലം ചങ്ങമ്പുഴയെ സ്വാധീനിച്ചിട്ടുണ്ട്. ദാരിദ്ര്യം, അരക്ഷിതാവസ്ഥ, സാമ്പത്തിക പ്രതിസന്ധി, ഫാസിസം, ലോകമഹായുദ്ധം, കമ്യൂണിസ്റ്റ് ആശയങ്ങളുടെ പ്രചാരം, സാമ്രാജ്യത്വം എന്നിവ സൃഷ്ടിച്ച സാമൂഹികാവസ്ഥയിലാണ് ചങ്ങമ്പുഴ കവിതകൾ എഴുതുന്നത്. അതുകൊണ്ടുതന്നെ സാമൂഹിക അനീതികളോടുള്ള പ്രതിഷേധം, വിഷാദാത്മകത, മരണാഭിമുഖ്യം എന്നിവ അദ്ദേഹത്തിന്റെ കവിതകളിൽ പ്രതിഫലിക്കുന്നു. സങ്കല്പവും യാഥാർഥ്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ചങ്ങമ്പുഴ കവിതയുടെ മാറ്റൊലികൾ ആണ്.

സാമ്പത്തിക ഉച്ചനീചത്വങ്ങളും ചൂഷണവും ചൂഷകരോടുള്ള വിധേയത്വവും പ്രകടമാക്കുന്ന കവിതയാണ് വാഴക്കുല.

'അവശന്മാരാർത്തന്മാർ ആലംബഹീനന്മാർ
അവരുടെ സങ്കടം ആർക്കറിയാം'.

ഇത്തരത്തിൽ അവശന്മാരും ആർത്തന്മാരും ആലംബഹീനന്മാരുമായ പാർശ്വവല്കരിക്കപ്പെട്ട സമൂഹങ്ങളുടെ ദൈന്യതയാണ് വാഴക്കുല എന്ന കവിതയിൽ പ്രതിഫലിക്കുന്നത്. അതുകൊണ്ട് 'ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ, പതിതരെ നിങ്ങൾതൻ പിന്മുറക്കാർ' എന്ന് കവി പറയുന്നു.

ചങ്ങമ്പുഴയുടെ കാവ്യവ്യക്തിത്വത്തിലെ വിരുദ്ധഭാവങ്ങൾ സ്പന്ദിക്കുന്ന അസ്ഥിമാടം, പാടുന്ന പിശാച്, അസ്ഥിയുടെ പൂക്കൾ തുടങ്ങിയ കവിതകളിൽ കാണാം. സുന്ദരമായ ഭാവങ്ങളും അബോധമനസിൽ ഉറഞ്ഞു കിടക്കുന്ന ഗൂഢവാസനകളും കവിതയുടെ ഭാഗമാകുന്നു. വ്യക്തിജീവിതവും തൃഷ്ണകളും സാമൂഹിക നിയമങ്ങളോടൊത്തുചേരാതെ നിൽക്കുന്ന തന്നിലെ തന്നെ വൈരുധ്യങ്ങളെ കവി തിരിച്ചറിയുന്നു.

> ചങ്ങമ്പുഴക്കവിതകളെ 'മിഠായിക്കവിതകൾ' എന്നു വിശേഷിപ്പിച്ച വിമർശകനാണ് സാഹിത്യ പഞ്ചാനനൻ, പി.കെ.നാരായണപിള്ള.

സ്ത്രീ-പുരുഷ പ്രണയത്തിന് വിലക്കേർപ്പെടുത്തുന്ന സാമൂഹിക വ്യവസ്ഥിതിയോടുള്ള പ്രതിഷേധമാണ് സ്പന്ദിക്കുന്ന അസ്ഥിമാടം. കാലദേശങ്ങളുടെ, മർത്യനീതികളുടെ വിലക്കുകൾ പ്രണയാനുഭവങ്ങൾക്ക് തടസമാകുമ്പോൾ മരണത്തിനപ്പുറത്ത് ഓരോ അണുക്കളിലും പ്രണയസ്മൃതികൾ ഉണർന്ന് നൃത്തമാടുന്ന ഒരു കാലം കവി ഭാവനയിൽ കാണുന്നു.

'താരകങ്ങളേ, കാൺമിതോ നിങ്ങൾ
താഴെയുള്ളൊരീ പ്രേതകുടീരം
മഞ്ഞണിഞ്ഞു മദാലസയായി
മഞ്ജുചന്ദ്രിക നൃത്തമാടുമ്പോൾ
മന്ദമന്ദം പൊടിപ്പതായ് കേൾക്കാം
സ്പന്ദനങ്ങളിക്കല്ലറയ്ക്കുള്ളിൽ'.

ഇരുളിലും വെളിച്ചത്തിലും മാറിമറിയുന്ന ഭാവതലങ്ങളുടെ സമന്വയം മനസ്വിനി എന്ന കവിതയിലുമുണ്ട്. ചങ്ങമ്പുഴയുടെ ഏറെ ചർച്ച ചെയ്യപ്പെട്ട കവിതയാണ് മനസ്വിനി. മനസ്വിനിയിലെ നായിക സുന്ദരിയും വിരൂപയുമായി പ്രത്യക്ഷപ്പെടുന്നുണ്ട്.

'നീലാരണ്യ നിചോളനിവേഷ്ടിത
നിഹാരാർദ്ര മഹാദ്രികളിൽ
മലരൊളി ചിതറും മധുചന്ദ്രികയിൽ

മഴവിൽ കൊടിയുടെ മുനമുക്കി'-യാണ് കവി സൗന്ദര്യത്തെ ആവിഷ്കരിക്കുന്നത്. പ്രണയവും സുന്ദരഭാവങ്ങളും ആയിരുന്നു ചങ്ങമ്പുഴയുടെ ആദ്യകാല ഭാവഗീതങ്ങളുടെ പ്രമേയം. എന്നാൽ കഥാകാവ്യങ്ങളും പില്കാല കവിതകളും നഷ്ടപ്രണയങ്ങളുടെയും ജീവിതദുരന്തങ്ങളുടെയും ആഖ്യാനമാണ്. ചങ്ങമ്പുഴയുടെ കവിതകളിൽ രോഗത്തിന്റെയും മരണത്തിന്റെയും മുഖങ്ങൾ കടന്നുവരുന്നു.

'വേദന വേദന ലഹരി പിടിക്കും
വേദന ഞാനതിൽ മുഴുകട്ടെ
മുഴുകട്ടെ മമജീവനിൽ നിന്നൊരു
മുരളീ മൃദുരവമൊഴുകട്ടെ'.

മനസ്വിനിയിലെ ഈ വരികളിൽ തന്നിലെ സാത്വിക വികാരങ്ങൾക്കും മൂല്യങ്ങൾക്കും പ്രാധാന്യം നൽകുന്ന സത്തയെ തിരിച്ചറിഞ്ഞ് യാഥാർഥ്യബോധത്തിലേക്ക് നടന്നടുക്കുവാനുള്ള ശ്രമം കവി നടത്തുന്നത് കാണാം.

> ഗീതാ ഗോവിന്ദത്തിന് ചങ്ങമ്പുഴയുടെ പരിഭാഷയാണ് ദേവഗീത.

കവിതകൾ പോലെത്തന്നെ മനോഹരങ്ങളാണ് ചങ്ങമ്പുഴയുടെ സ്വതന്ത്രവിവർത്തനങ്ങളും. വിവർത്തന കൃതികളിലും കേരളീയമായ പശ്ചാത്തലം ഒരുക്കാൻ കവി ശ്രദ്ധിച്ചിരുന്നു. ജയദേവന്റെ ഗീതാഗോവിന്ദം (ദേവഗീത), സോളമന്റെ ഉത്തമഗീതം(ദിവ്യഗീതം), ഒമർ ഖയ്യാമിന്റെ റുബായിയാത്ത് (മദിരോത്സവം), ടെന്നീസന്റെ ഈനോൺ (സുധാംഗദ), ടാഗോറിന്റെ വികൃറി തുടങ്ങിയ കൃതികളിൽ പ്രണയവും രതിയും സൗന്ദര്യാനുഭങ്ങളും നിറഞ്ഞു നില്ക്കുന്നു.

പ്രണയകവിതകൾ പാടിയ ഭാവഗായകൻ എന്ന നിലയ്ക്കാണ് ചങ്ങമ്പുഴ അറിയപ്പെടുന്നത്. ലളിത കോമളപദാവലികളാൽ സമ്പന്നമാണ് അദ്ദേഹത്തിന്റെ കവിതകൾ. പ്രണയത്തെക്കുറിച്ചും ലോകത്തിന്റെ കാപട്യത്തെക്കുറിച്ചും നിരന്തരം പാടിക്കൊണ്ട് ജനമനസുകളിൽ ഇടം നേടിയ കവിയാണ് ചങ്ങമ്പുഴ.

'കപട ലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം'

എന്ന് പറയുമ്പോൾ സമൂഹത്തിന്റെ ഹൃദയരാഹിത്യത്തിലേക്കാണ് കവി വിരൽ ചൂണ്ടുന്നത്.

### അവലോകനം

കാല്പനിക കവിതകളുടെ രചയിതാവ് എന്ന നിലയിൽ ചങ്ങമ്പുഴയുടെ ആദ്യകാല രചനകൾ ഒരു പുതിയ കാവ്യധാരയ്ക്ക് വഴി തുറന്നു. പാടിപ്പതിഞ്ഞ ശീലുകളിൽ ആയിരുന്നില്ല അദ്ദേഹം കവിതകൾ എഴുതിയിരുന്നത്. ദശഗുണങ്ങളാൽ സമ്പുഷ്ടമായ ചങ്ങമ്പുഴക്കവിതകൾ മലയാളികളുടെ ആത്മാവിലേക്ക് കടന്നുകയറാൻ ശേഷിയുള്ളവയായിരുന്നു. ആർക്കും എപ്പോഴും എവിടെവെച്ചും ചൊല്ലാവുന്ന കവിതകളായിരുന്നു ഭൂരിഭാഗവും. ആത്മാർഥമായ ഒരു ഹൃദയം ഉണ്ടായതിന്റെ പരാജയം ഏറ്റുവാങ്ങിയ കവിയാണ് ചങ്ങമ്പുഴ. വിശ്വസാഹിത്യകാരന്മാരുടെ ഒട്ടേറെ വിചിത്രമായ സങ്കല്പങ്ങളും സ്വഭാവവൈരുധ്യങ്ങളുമുള്ള കവിയായിരുന്നു അദ്ദേഹം. ലോകപ്രശസ്തരായ നിരവധി കവികളുടെയും നോവലിസ്റ്റുകളുടെയും വിചാരധാരയുമായി ബന്ധപ്പെട്ടവയായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾ.

# Recap

- ഭാവഗീതം എന്നാണ് ലിറിക്കിന്റെ അർഥം
- ലയർ എന്ന പദത്തിൽ നിന്നാണ് ലിറിക്കിന്റെ ഉല്പത്തി
- ജനങ്ങളുടെ വ്യത്യസ്തമായ മനോവ്യാപാരങ്ങൾ പ്രതിഫലിക്കുന്നവയാണ് ലിറിക്കുകൾ
- ഒരു കവിയുടെ സ്വകീയമായ വികാരവിചാരങ്ങൾക്കാണ് ഭാവഗീതങ്ങളിൽ പ്രാധാന്യം
- മാതൃത്വത്തിന്റെ കവി എന്നറിയപ്പെടുന്ന കവി: എൻ. ബാലാമണിയമ്മ
- ബാലാമണിയമ്മയുടെ ആദ്യ കാവ്യം - വിലാപം
- ശൈശവത്തിന്റെ മൃദുല ഭാവങ്ങൾ ആവിഷ്കരിച്ചിട്ടുള്ള ബാലാമണിയമ്മയുടെ ചില കവിതകൾ - ആശിർവാദം, കളങ്കമറ്റ കൈ, അന്തിയുഴിച്ചിൽ, മഴവെള്ളത്തിൽ, കുട്ടികൾക്കിടയിൽ
- സഹോദര സ്നേഹം പ്രകടമാകുന്ന കവിതകൾ - പുലരിപ്പൂക്കൾ, പ്രതീക്ഷ
- ബാലാമണിയമ്മയുടെ കവിതകളിലെ ദർശനം-മനുഷ്യർ പ്രപഞ്ചത്തിൽ വെറും യാത്രക്കാരാണ്
- മഴുവിന്റെ കഥ എന്ന കവിതയുടെ രൂപഘടന - നാടകീയ സ്വഗതാഖ്യാനം
- അനന്തമായ അന്വേഷണ വ്യഗ്രത, തീവ്രമായ കുറ്റബോധം, സൂക്ഷ്മമായ ആസ്തിക്യ ബോധം, ഗൃഹാതുരത എന്നിവ പി.യുടെ കവിതകളിലെ അന്തസത്തയാണ്
- പി.യുടെ കവിതകളിൽ ബിംബങ്ങളുടെ ധാരാളിത്തം കാണാം
- നഷ്ടപ്പെട്ട ഗ്രാമീണാനുഭവങ്ങളോടുള്ള അഭിനിവേശവും ഗൃഹാതുരത്വവും കാവ്യങ്ങളിൽ ഉണ്ട്
- പ്രകൃതി മനുഷ്യഭാവത്തിൽ പ്രത്യക്ഷപ്പെടുകയും മനുഷ്യനെപ്പോലെ പെരുമാറുകയും ചെയ്യുന്നു
- കുറ്റബോധം പി.യുടെ കവിതകളുടെ ഭാവത്തെ നിർണയിക്കുന്ന അടിസ്ഥാന ഘടകമാണ്
- കളിയച്ഛൻ എന്ന കവിതയിൽ കളിയച്ഛൻ ഗുരുവായും പിതാവായും ഈശ്വരനായും സങ്കല്പിക്കപ്പെടുന്നു
- മികച്ച ഒരു ഓണപ്പാട്ടുകാരനാണ് പി. കുഞ്ഞിരാമൻ നായർ
- പി.യുടെ കാവ്യശൈലി സംഗീതാത്മകവും ലയാത്മകവും ആണ്
- മലയാളകവിതയിലെ കാല്പനികപ്രസ്ഥാനത്തിന്റെ പ്രയോക്താക്കളാണ് ഇടപ്പള്ളിയും ചങ്ങമ്പുഴയും
- ഇവർ ഇടപ്പള്ളിക്കവികൾ എന്നറിയപ്പെടുന്നു
- ഇവരുടെ കവിതകളിലെ മുഖ്യഭാവം വിഷാദമാണ്
- കാല്പനികതയുടെ സഹജസ്വഭാവങ്ങളായ വ്യക്തിപരത, സ്വച്ഛന്ദത, സ്വാതന്ത്ര്യബോധം എന്നിവ ഇവരുടെ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നു
- ഒരേ ഞെട്ടിൽ വിരിഞ്ഞ രണ്ടു വാസനാസമ്പന്നങ്ങളായ കുസുമങ്ങൾ എന്ന് ഉള്ളൂർ ഇവരെ വിശേഷിപ്പിച്ചു
- ആത്മനിഷ്ഠതയാണ് ചങ്ങമ്പുഴക്കവിതകളുടെ അന്തഃസത്ത
- ഭാവഗീതങ്ങളുടെ മുഖമുദ്രയാണ് ആത്മനിഷ്ഠത
- ചങ്ങമ്പുഴക്ക് ഏറെ ജനപ്രീതി നേടിക്കൊടുത്ത കൃതിയാണ് രമണൻ

- ആരണ്യക വിലാപകാവ്യമാണ് രമണൻ
- ചങ്ങമ്പുഴയുടെ പ്രണയ കവിതകളിൽ എല്ലാം പ്രകൃതി ഒരു നിറസാനിധ്യ മാണ്
- സങ്കല്പവും യാഥാർഥ്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ചങ്ങമ്പുഴയുടെ കവിതകളിൽ കാണാം.
- പാർശ്വവല്കരിക്കപ്പെട്ടവരുടെ ദൈന്യതയാണ് വാഴക്കുല എന്ന കവിതയിൽ പ്രതിഫലിക്കുന്നത്.

## Objective Questions

1. ലിറിക് എന്നാൽ എന്ത്?
2. ലിറിക്കിന്റെ നിഷ്പത്തി?
3. മാതൃത്വത്തിന്റെ കവി എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ആരെ?
4. മഴുവിന്റെ കഥയിലെ കേന്ദ്രകഥാപാത്രം?
5. മഴുവിന്റെ കഥ ഏത് കാവ്യരൂപത്തിൽ ഉൾപ്പെടുന്നു?
6. ബാലാമണിയമ്മയുടെ കവിതകളുടെ ദാർശനിക തലം എന്ത്?
7. സഹോദരസ്നേഹം പ്രമേയമാകുന്ന ബാലാമണിയമ്മയുടെ രണ്ട് കവിത കൾ എതെല്ലാം?
8. മനുഷ്യ ജീവിതദർശനത്തിന്റെ മുഖ്യധാരയായി വർത്തിക്കുന്ന ഭാവം?
9. ബാലാമണിയമ്മയുടെ ആദ്യ കവിത ഏത്?
10. പി. കുഞ്ഞിരാമൻ നായരുടെ കവിതകളിലെ അന്തസത്ത എന്ത്?
11. ഗ്രാമീണമായ ബിംബകല്പനകൾ തന്റെ കവിതകളിൽ പി. ഉൾപ്പെടുത്തു ന്നതിന്റെ ലക്ഷ്യമെന്ത്?
12. പി.യുടെ കവിതകളിൽ പ്രകൃതി പ്രത്യക്ഷപ്പെടുന്നത് എങ്ങനെയാണ്?
13. പി. കുഞ്ഞിരാമൻ നായരുടെ കവിതകളുടെ ഭാവത്തെ നിർണയിക്കുന്ന അടിസ്ഥാന ഘടകം ഏത്?
14. ഇടപ്പള്ളി കവികൾ ആരെല്ലാം?
15. ഇടപ്പള്ളിക്കവികളുടെ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്ന പ്രമേയ ങ്ങൾ എന്തെല്ലാം?
16. ഒരേ ഞെട്ടിൽ വിരിഞ്ഞ വാസനാസമ്പന്നങ്ങളായ പൂക്കൾ എന്ന് ഇടപ്പള്ളി ക്കവികളെ വിശേഷിപ്പിച്ചത് ആര്?
17. ഭാവഗീതങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
18. രമണൻ ഏത് കാവ്യശാഖയിൽ ഉൾപ്പെടുന്നു?
19. സാമ്പത്തികമായ ഉച്ചനീചത്വങ്ങളും ചൂഷണവും പ്രകടമാകുന്ന ചങ്ങമ്പു ഴക്കവിത ഏത്?
20. പാർശ്വവല്കരിക്കപ്പെട്ട സമൂഹങ്ങളുടെ ദൈന്യത പ്രതിഫലിക്കുന്ന ചങ്ങ മ്പുഴ കൃതി ഏത്?

21. ഗീതാഗോവിന്ദത്തിന് ചങ്ങമ്പുഴ എഴുതിയ വിവർത്തനം ഏത്?
22. മദിരോത്സവം ഏത് കൃതിയുടെ വിവർത്തനമാണ്?
23. 'കപട ലോകത്തിൽ ആത്മാർഥമായൊരു ഹൃദയം ഉണ്ടായതാണെൻ പരാജയം' എന്ന് പറഞ്ഞ കവി ആര്?

## Answers

1. ഭാവഗീതം
2. ലയർ എന്ന പദത്തിൽ നിന്ന്
3. എൻ. ബാലാമണിയമ്മയെ
4. പരശുരാമൻ
5. നാടകീയ സ്വാഗതാഖ്യാനം.
6. മനുഷ്യർ പ്രപഞ്ചത്തിൽ വെറും യാത്രക്കാർ മാത്രമാണ്
7. പുലരിപ്പൂക്കൾ, പ്രതീക്ഷ
8. മാതൃത്വം
9. വിലാപം
10. അനന്തമായ അന്വേഷണ വ്യഗ്രത, കുറ്റബോധം, സൂക്ഷ്മമായ ആസ്തിക്യബോധം, ഗൃഹാതുരത
11. മറന്നുപോയ മലനാടിനെ പുനഃസൃഷ്ടിക്കുവാൻ വേണ്ടി
12. മനുഷ്യഭാവത്തിൽ
13. കുറ്റബോധം
14. ഇടപ്പള്ളി രാഘവൻപിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള
15. വ്യക്തിപരത, സ്വച്ഛന്ദത, സ്വാതന്ത്ര്യബോധം
16. ഉള്ളൂർ
17. വികാരതീവ്രത, ഗാനാത്മകത, ആത്മനിഷ്ഠത, ശബ്ദഭംഗി, നാതി ദീർഘത
18. ഗ്രാമീണ വിലാപകാവ്യം ( ആരണ്യക വിലാപകാവ്യം)
19. വാഴക്കുല
20. വാഴക്കുല
21. ദേവഗീത
22. ഒമർഖയ്യാമിന്റെ റുബായിയാത്ത്
23. ചങ്ങമ്പുഴ

SGOU

## Assignments

1. സങ്കല്പവും യാഥാർഥ്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ചങ്ങമ്പുഴയുടെ കവിതകളിൽ കാണാം - ഉപന്യാസം തയ്യാറാക്കുക.
2. കാല്പനിക പ്രസ്ഥാനത്തെക്കുറിച്ച് വിശദമാക്കുക.
3. മാതൃത്വത്തിന്റെ കവി എന്ന നിലയിൽ ബാലാമണിയമ്മയുടെ കാവ്യജീവിതത്തെ വിലയിരുത്തുക.
4. പി. കുഞ്ഞിരാമൻ നായരുടെ കവിതകളിലെ ബിംബകല്പനകളെ കുറിച്ച് ഉപന്യസിക്കുക.

## Suggested Reading


1. എൻ. ജയകുമാർ, ആധുനികമലയാളകവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.
2. ഡോ.അജയപുരം ജ്യോതിഷ്കുമാർ, കവിതയുടെ രഥോത്സവം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Reference


1. കെ.എം. ജോർജ്., ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
3. എം. ലീലാവതി, മലയാള കവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

BLOCK - 1

UNIT 3

# ഇടശ്ശേരി ഗോവിന്ദൻനായർ, എൻ.വി. കൃഷ്ണവാരിയർ

## Learning Outcomes

- ലോകമഹായുദ്ധവും തുടർന്ന് സമൂഹത്തിൽ ഉണ്ടായ പ്രത്യാഘാതങ്ങളും കവികളിൽ ഉണ്ടാക്കിയ പ്രതികരണങ്ങളെക്കുറിച്ച് മനസിലാക്കുന്നു
- ഇടശ്ശേരി ഗോവിന്ദൻ നായരുടെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- എൻ.വി. കൃഷ്ണവാരിയരുടെ കവിതകളുടെ പൊതുസവിശേഷതകൾ കണ്ടെത്തുന്നു
- നവോത്ഥാനകാല കവികളെപ്പറ്റി അറിയുന്നു

## Prerequisites

കേരളത്തിൽ ഫ്യൂഡൽ സംസ്കാരത്തിന് എതിരായ മുന്നേറ്റം ആയിരുന്നു ഇന്ത്യയിലെ നവോത്ഥാന കാലത്തിന്റെ ആദ്യ കാലഘട്ടം. ഫ്യൂഡലിസത്തിന് എതിരായി സോഷ്യലിസ്റ്റ് സാമൂഹികക്രമം ഉയർത്തിക്കൊണ്ടു വരാൻ സാഹിത്യകാരന്മാരും കലാകാരന്മാരും ശ്രമിക്കേണ്ടത് ആവശ്യമാണെന്ന ചർച്ചയുടെ ഫലമായി കേരളത്തിൽ രൂപം കൊണ്ടതാണ് ജീവൽ സാഹിത്യപ്രസ്ഥാനം. മൂന്നു തരം ആവിഷ്കാര സമ്പ്രദായങ്ങളാണ് ഈ പ്രസ്ഥാനം സ്വീകരിച്ചത്. 1. റവല്യൂഷനറി റൊമാന്റിസിസം 2. ക്രിട്ടിക്കൽ റിയലിസം 3. സോഷ്യലിസ്റ്റ് റിയലിസം. ഇതിൽ ക്രിട്ടിക്കൽ റിയലിസത്തിന്റെ വക്താക്കളായിരുന്നു ഇടശ്ശേരി, എൻ വി കൃഷ്ണവാരിയർ, സുഗതകുമാരി എന്നിവർ.

ജീവിതാവബോധത്തിന്റെ മൗലികശബ്ദവുമായാണ് ഇടശ്ശേരി ഗോവിന്ദൻ നായർ മലയാള കവിതാരംഗത്തേക്ക് കടന്നുവന്നത്. സമൂഹനിഷ്ഠമാണ് ഇടശ്ശേരിയുടെ കാവ്യപ്രമേയങ്ങൾ. അനുഭവസ്പർശിയായ വിപ്ലവബോധം കൊണ്ട് ചടുലവും ഉജ്ജ്വലവും ആണ് അദ്ദേഹത്തിന്റെ കവിതകൾ. നാട്ടിൻപുറത്തെ കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതത്തിന്റെ മഹത്വം മനസിലാക്കി അവരുടെ ജീവിതത്തിന് നാടൻശീലുകളിൽ കാവ്യരൂപം നൽകിയപ്പോൾ, ചൂഷണ മുക്തമായ പുതിയൊരു സാമൂഹിക വ്യവസ്ഥിതി പുലരും എന്ന സ്വപ്നം ഇടശ്ശേരിക്ക് ഉണ്ടായിരുന്നു. വ്യക്തമായ ജീവിത കാഴ്ചപ്പാട് കവിക്കുണ്ട്. ആ വീക്ഷണമാകട്ടെ മാനവിക

ബോധത്തിൽ നിന്ന് ഉയിർക്കൊണ്ടതും. നാട്ടിൻപുറത്തെ പരുക്കൻ ജീവിതം പരുക്കൻ ഭാഷയിൽ ആവിഷ്കരിച്ച് കവിതയുടെ ശില്പഘടനയിൽ മൗലികമായ പരിവർത്തനം നടത്തിയ കവിയാണ് ഇടശ്ശേരി. അതിനാൽ അദ്ദേഹത്തെ ശക്തിയുടെ കവിയായും ആ കവിതകളെ ശക്തിയുടെ കവിതയായും വിശേഷിപ്പിക്കുന്നു.

മലയാള കവിതയെ അതിന്റെ പാരമ്പര്യസിദ്ധമായ രചനാസങ്കേതങ്ങളിൽ നിന്ന് മോചിപ്പിക്കാൻ നേതൃത്വം നൽകിയ കവിയാണ് എൻ.വി. കൃഷ്ണവാരിയർ. കവിതയെ സാധാരണക്കാരുമായി അടുപ്പിക്കാനാണ് എൻ.വി. ശ്രമിച്ചത്. സാമൂഹിക ബോധം ഉണർത്തിയ പ്രതിഷേധത്തിന്റെ കാർക്കശ്യവും പൊള്ളത്തരവും അർഥശൂന്യവുമായ ജീവിതത്തിനെതിരെയുള്ള പരിഹാസവും എൻ.വി. കൃഷ്ണ വാരിയരുടെ കവിതകളിൽ കാണാം. നമ്മുടെ പൊങ്ങച്ചസംസ്കാരത്തിന്റെയും സദാചാരലംഘനത്തിന്റെയും നട്ടെല്ലൊടിക്കാൻ പര്യാപ്തങ്ങളാണ് എൻ.വി.യുടെ കവിതകൾ ഓരോന്നും.

## Keywords

ആഖ്യാന കവിതകൾ – ഇടശ്ശേരി ഗോവിന്ദൻ നായർ – എൻ.വി. കൃഷ്ണവാരിയർ

## Discussion

### 1.3.1 ഇടശ്ശേരി ഗോവിന്ദൻ നായർ



ഇടശ്ശേരി ഗോവിന്ദൻനായർ

മലയാള കവിതയുടെ ആത്മനിഷ്ഠവും ഭാവാത്മകവുമായ പ്രവണതകൾക്കെതിരെ നിലകൊണ്ട കവിയാണ് ഇടശ്ശേരി ഗോവിന്ദൻനായർ. യഥാതഥവും ആഖ്യാനപരവുമായ കവിതകളിലൂടെ സാമൂഹിക സംഘർഷങ്ങൾ ചിത്രീകരിച്ചു കൊണ്ടാണ് ഇടശ്ശേരി മലയാളസാഹിത്യത്തിൽ സ്വന്തമായ ഒരിടം നേടിയത്. ഇടശ്ശേരിയെ എന്നും പ്രചോദിപ്പിക്കുകയും യാഥാർഥ്യ ചിന്തകൾ സാധ്യമാക്കുകയും ചെയ്തത് അടിസ്ഥാന ജനതയുടെ ജീവിതാനുഭവങ്ങളാണ്. മലയാള കവിതയിലെ പുരോഗമന പാരമ്പര്യത്തിന് ശക്തമായ സംഭാവനയാണ് അദ്ദേഹത്തിന്റെ കവിതകൾ.

> ഗ്രാമീണമായ നന്മയും ഗ്രാമത്തിലെ ചെറുതും വലുതുമായ വൈയക്തികവും ഗാർഹികവുമായ ഏതു പ്രശ്നവും ഇടശ്ശേരിയുടെ കവിതകളിൽ പ്രതിഫലിക്കുന്നു

#### 1.3.1.1 കവിയും കാലവും

കർഷകതൊഴിലാളികളുടെ ജീവിതത്തെയും അവരുടെ പ്രതീക്ഷകളെയും അവതരിപ്പിക്കുന്ന കവിതകൾ അടിസ്ഥാന വർഗത്തിന്റെ ജീവിത മൂല്യങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. അദ്ദേഹം തന്റെ കവിത

SGOU

കൾക്ക് പാഠങ്ങൾ കണ്ടെത്തുന്നത് സ്വന്തം അനുഭവങ്ങളിൽ നിന്നാണ്. ജീവിതത്തെ നേരിടാൻ ഉപയുക്തമായ പ്രത്യയശാസ്ത്രങ്ങൾ ജീവിതത്തെ തകർക്കാൻ തുടങ്ങിയാൽ അവയെ വലിച്ചെറിയണമെന്ന് കവി പറയുന്നു. പുരോഗമന പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുമ്പോൾ തന്നെ പരിസ്ഥിതിയുടെ വിനാശത്തിൽ സങ്കടപ്പെടുകയും ചെയ്യുന്നു. കുറ്റിപ്പുറം പാലം എന്ന കവിത പരിസ്ഥിതിയുടെ നാശകരമായ പോക്കിലേക്ക് വിരൽചൂണ്ടുന്ന ഒന്നാണ്. വിവാഹസമ്മാനം, പെങ്ങൾ തുടങ്ങിയ കവിതകളിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ അദ്ദേഹം വിലയിരുത്തുന്നു. പുരാണകഥകളും മിത്തുകളും വർത്തമാനകാലത്തിന്റെ പ്രശ്നങ്ങളെ അവതരിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

'വളകളൂരിക്കളയുന്നു പാമ്പുകൾ
വളരും നൂതന ചൈതന്യമേയ്ക്കുവാൻ
പഴയ സിദ്ധാന്തസാഹസ്രകങ്ങൾ തൻ
വഴുവഴുപ്പുറ്റൊരുച്ചാണിതാകയാൽ'

പഴയ സിദ്ധാന്തങ്ങളുടെ വെറുപ്പുളവാക്കുന്ന ബാഹ്യാവരണങ്ങൾ ഊരികളഞ്ഞ് അനുഭവങ്ങളെ ആധാരമാക്കി മുന്നേറുവാനാണ് കവി ആഗ്രഹിക്കുന്നത്. പലതരത്തിലുള്ള പ്രത്യയശാസ്ത്രങ്ങൾ താൻ വാടകയ്ക്ക് താമസിക്കുന്ന ഗോപുരങ്ങൾ ആയിട്ടാണ് കവിക്ക് അനുഭവപ്പെടുന്നത്. അതിനേക്കാൾ തനിക്കിഷ്ടം സ്വന്തമായി ഉണ്ടാക്കിയ മൺകുടിലാണ്. മറ്റൊരാളുടെ സ്വാധീനതയില്ലാതെ തന്റെ സംസ്കാരത്തിലും അനുഭവങ്ങളിലും ഊന്നി താൻ രൂപപ്പെടുത്തിയ സ്വന്തം കാവ്യലോകത്തിന്റെ ഉടമയാകാനാണ് കവിക്ക് ഇഷ്ടം.

> പുരാവൃത്തങ്ങളെ പശ്ചാത്തലമാക്കിയ ഇടശ്ശേരിയുടെ കവിതകളാണ് പൂതപ്പാട്ടും കാവിലെപ്പാട്ടും

വായനക്കാരനെ അലസമായ സുഖനിർവൃതിയിലേക്ക് എത്തിക്കുന്നതല്ല ഇടശ്ശേരിയുടെ കവിതകൾ. ജീവിതത്തിന്റെ പരുഷഭാവങ്ങളാണ് അദ്ദേഹത്തിന്റെ കവിതകൾക്ക് വിഷയമാകുന്നത്. മനുഷ്യജീവിതത്തെ അതീവ സാധാരണമായ ഒന്നായാണ് അദ്ദേഹം വീക്ഷിക്കുന്നത്. സ്വന്തം പ്രവർത്തനങ്ങൾ മാത്രമാണ് ഒരുവനെ രക്ഷിക്കാൻ എന്നും തെറ്റുകൾക്ക് മാപ്പില്ല എന്നും ഉള്ള ക്രൂരമായ വാക്കുകളാണ് തന്റെ ഹൃദയത്തെ ഉത്തേജിപ്പിക്കേണ്ടത് എന്ന് കവി ആഹ്വാനം ചെയ്യുന്നു. സംഘർഷഭരിതമായ സാധാരണ മനുഷ്യന്റെ ജീവിതം അടിസ്ഥാനവർഗത്തിന്റെ നിലപാടിൽ ഊന്നിനിന്നുകൊണ്ട് അനുഭവിക്കുകയും അതിനെ ആവിഷ്കരിക്കുകയും ചെയ്ത കവിയാണ് ഇടശ്ശേരി. മനുഷ്യന്റെ മഹത്വത്തെക്കുറിച്ച് ഉചിതമായ രീതിയിൽ വിപ്ലവാത്മക മൂല്യങ്ങൾ തന്റെ കവിതകളിൽ ചിട്ടപ്പെടുത്തി കവി മുന്നേറി.

> ശക്തിയുടെ കവി എന്നറിയപ്പെടുന്നത് - ഇടശ്ശേരി ഗോവിന്ദൻനായർ

### 1.3.1.2 ഭാഷയും പ്രമേയവും

കേരളീയമായ അമ്മദൈവസങ്കല്പവും അതിന്റെ അടിസ്ഥാനത്തിലുള്ള മിത്തുകളും അദ്ദേഹത്തിന്റെ ശക്തമായ പ്രചോദനങ്ങളായിരുന്നു. പൂതപ്പാട്ട്, കാവിലെ പാട്ട് എന്നീ കവിതകൾ അത്തരം പ്രചോദനങ്ങളുടെ ഫലമായി എഴുതപ്പെട്ടവയാണ്. ആത്മബലികൊണ്ട് രൗദ്രമൂർത്തിയായ മാതൃദേവതയെ സൗമ്യമൂർത്തിയാക്കിയ യുവാവിന്റെ കഥയാണ് കാവിലെ പാട്ട്. നിഗ്രഹമൂർത്തിയായ ഗ്രാമദേവതയുടെ പരിണാമവും അതിന്റെ ദുരന്തവും ആണ് പൂതപ്പാട്ടിന്റെ പ്രമേയം.

'പൂതത്തിനുള്ളിലൊരിക്കിളി തോന്നി
പൂതത്തിൻ മാറത്തു കോരിത്തരിച്ചു.'

അതിന്റെ ഫലമായി ആ ഉണ്ണിയെ തട്ടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ ഒടുവിൽ അവളെ മനുഷ്യരുടെ താളത്തിനൊപ്പം തുള്ളുന്നവളാക്കി. മലയാളി എന്ന കവിതയിൽ

'മാറിലമ്മിഞ്ഞയും കൈയ്യിൽക്കൊടും
കൊല -
വാളുമെഴുന്നൊരു മൂർത്തി
കാവിലുണ്ടെങ്കിലും ഇല്ലെങ്കിലും ശരി
മേവിടുന്നുണ്ടയാൾക്കുള്ളിൽ'

എന്ന് മലയാളിയുടെ അബോധമനസിലെ മാതൃദേവതയെ ഇടശ്ശേരി അവതരിപ്പിക്കുന്നു. ഈ മാതൃദേവതയെ മനുഷ്യവല്കരിക്കുകയാണ് പൂതപ്പാട്ടിൽ കവി ചെയ്തിരി

ക്കുന്നത്.

ഏതു തത്വചിന്തകളും സിദ്ധാന്തങ്ങളും മനുഷ്യന് എതിരായി ഭവിച്ചാൽ അവയെ ഉപേക്ഷിച്ച് പുതിയതിലോട്ട് പോകണമെന്ന പ്രായോഗിക വാദം ആണ് ഇടശ്ശേരിക്കുള്ളത്. ബുദ്ധനും നരിയും ഞാനും, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ എന്നീ കവിതകൾ ഭൗതികവാദങ്ങൾക്ക് ജീവിതയാഥാർഥ്യങ്ങളെ നേരിടാൻ കഴിയാതെ വന്നാൽ അവ അപ്രസക്തങ്ങളാകും എന്ന സൂചനയാണ് നൽകുന്നത്. പ്രത്യയശാസ്ത്രങ്ങളിൽ നിന്ന് പിറന്ന് പ്രത്യയശാസ്ത്രങ്ങളെ അറിഞ്ഞ് വളരുന്ന കലയുടെ ആപേക്ഷികമായ ശാസനകൾക്ക് ഏറ്റവും നല്ല തെളിവാണ് ഇടശ്ശേരി എന്ന കവി. സ്വന്തം പ്രാദേശിക സംസ്കാരത്തിൽ ഉറച്ചുനിന്നുകൊണ്ട് സ്വന്തം അധ്വാനം മാത്രം മൂലധനമാക്കി ജീവിച്ച ഒരാളുടെ സർഗാത്മകമായ ഇടപെടലുകളായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ.

ഇന്ത്യൻ പുരാണങ്ങളെയും കേരളീയ മിത്തുകളെയും ബുദ്ധപൈതൃകത്തെയുമൊക്കെ തന്റെ കവിതകൾക്ക് വിഷയമാക്കുമ്പോൾ സ്വന്തം ജീവിതാനുഭവങ്ങളിൽ ഊന്നി നിന്ന് അവയെ സംസ്കരിച്ചുകൊണ്ട് തനിക്ക് പറയാനുള്ളത് പറയാനാണ് ഇടശ്ശേരി എപ്പോഴും ശ്രമിച്ചിട്ടുള്ളത്. പുരാണ കഥാപാത്രമായ ഹനുമാനെ ആധാരമാക്കി ലവണാസുര വധം, ഹനുമൽസേവ തുഞ്ചൻ പറമ്പിൽ എന്ന് രണ്ട് കവിതകൾ അദ്ദേഹം എഴുതിയിട്ടുണ്ട്. ഹനുമാന്റെ വീക്ഷണത്തിലൂടെ ലവണാസുരയുദ്ധവും സീതാസമാഗമവും വർണിക്കുന്ന കവിത ഹൃദ്യമാകുന്നത് തികച്ചും മാനുഷികമായ കഥാപാത്രവ്യാഖ്യാനം കൊണ്ടാണ്. ഒരമ്പത് രാവണൻമാരെ വധിച്ചാലും നൂറുനൂറ് അശ്വമേധങ്ങൾ ജയിച്ചാലും ഓമലാളായ കൊച്ചുകുമാരന്മാരെ മെയ്യോടു ചേർക്കാൻ സാധിക്കാത്ത ഒരാളെ ഭാഗ്യവാൻ എന്ന് പറയാൻ കഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ഹനുമാൻ ശ്രീരാമ വിമർശനത്തിൽ എത്തിച്ചേരുന്നു. എത്ര മഹാനായാലും മാനുഷിക വികാരങ്ങളിൽ നിന്നന്യമായ, മണ്ണിൽ ഉറച്ചുനിൽക്കാത്ത ഒരാൾ സഹതാപമർഹിക്കുന്നില്ല എന്നാണ് കവിയുടെ വിവക്ഷ.

'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയിൽ ദാരുകൻ എന്ന സൂതനിലൂടെ തന്റെ ജീവിതസംബന്ധിയും സാഹിത്യസംബന്ധിയുമായ വിശ്വാസപ്രമാണങ്ങളെ ചേർത്തുവയ്ക്കാൻ അവസരം ഒരുക്കുകയാണ് ഇടശ്ശേരി. സുഖസമൃദ്ധമായ കൊട്ടാരജീവിതം മടുപ്പിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട്,

'ഇടയ്ക്ക് കണ്ണീരുപ്പു പുരട്ടാ-

തെന്തിനു ജീവിതപലഹാരം.' എന്ന് പ്രഖ്യാപിക്കുന്നു. ഇടശ്ശേരിയുടെ സ്വന്തം കാവ്യ പ്രത്യയശാസ്ത്രങ്ങളാണ് ദാരുകന്റെ വാക്കുകളിലൂടെ പ്രത്യക്ഷീകരിക്കുന്നത്.

'എനിക്ക് രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കാൻ
എനിക്കു രസമത്യാസന്നോദയ
വികാരവിപ്ലവ ദൃശ്യങ്ങൾ'.

മനുഷ്യവർഗത്തിന്റെ നേർപകുതിയായ സ്ത്രീയോട് മനുഷ്യവർഗം കാണിക്കുന്ന അവഗണനയ്ക്കും ക്രൂരതയ്ക്കും എതിരെ നിലപാട് എടുക്കുന്ന കവിയിൽ സ്ത്രീസ്വത്വബോധത്തിന്റെ ആവിഷ്കാരങ്ങൾ ഉടലെടുക്കുന്നു. തികച്ചും ആഖ്യാനപരമായി സാംസ്കാരിക സമരത്തിന്റെ ഇടങ്ങൾ ചിത്രീകരിക്കുന്ന ഇടശ്ശേരിക്കവിതകളുടെ നല്ലൊരു പങ്ക് സ്ത്രീയുടെ സ്വത്വബോധത്തെ ആവിഷ്കരിക്കുന്നവയാണ്. വിവാഹസമ്മാനം, പെങ്ങൾ, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, കല്യാണപ്പുടവ, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ എന്നീ കവിതകൾ സ്ത്രീയനുഭവങ്ങളുടെ നേർക്കാഴ്ചകളാണ്.

> യന്ത്രസംസ്കാരത്തിന്റെ ദുരന്തം വ്യക്തമാക്കിയ ഇടശ്ശേരി കവിതയാണ് നെല്ലുകുത്തുകാരി പാറുവിന്റെ കഥ.

വളരെ മനോഹരമായ വസ്തുക്കൾ നെയ്തെടുക്കാൻ ഉപയോഗിക്കുന്ന കയറിനെ അഭിനന്ദിക്കുന്നതിനോടൊപ്പം അവയുണ്ടാക്കുന്ന തൊഴിലാളികളെയും കാണണമെന്ന് പറയുന്ന 'ചകിരിക്കുഴികൾ', കേരളത്തെ ഫലസമൃദ്ധമാക്കാൻ തമിഴ്നാട്ടിൽ നിന്നും സാധനങ്ങൾ വിൽക്കാനും മറ്റുപണികൾക്കും എത്തുന്ന കറുത്ത തമിഴ് ചെട്ടിച്ചിമാരെ കണ്ട് അവരെ സംസ്കാരം ഇല്ലാത്തവർ എന്നപഹസിക്കുന്ന മലയാളികളെ,

'ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ'

എന്ന് വിമർശിക്കുന്ന 'കറുത്ത ചെട്ടിച്ചികൾ', ഒരു ചിത്രം പോലെ മനോഹരമായ നെൽപ്പാടത്തിന്റെ ചിത്രം ഒരു കറുത്ത മനുഷ്യന്റെ രൂപംകൊണ്ട് മാത്രം ചിത്രീകരിക്കുന്ന 'വയലിന്റെ ചിത്രകാരൻ' എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിലുള്ള കവിതകളിലും സൗന്ദര്യം ഉണ്ടാകുന്നത് സാംസ്കാരികമായ ഇടപെടലുകളിലൂടെയാണ്. ഇത്തരം കവിതകളിലൂടെ അധ്വാനത്തിന്റെ മഹത്വത്തെ ഉദ്ഘോഷിക്കുകയായിരുന്നു കവി ചെയ്തത്.

"താൻ ചുറ്റും കണ്ട് ഗ്രാമജീവിതാനുഭവങ്ങൾ തന്നെയാണ് ഇടശ്ശേരിയുടെ കവിതകളിൽ നിറഞ്ഞ് നിന്നത്. ഗ്രാമത്തിലെ നാട്ടുപഴമയും ഗ്രാമാന്തരീക്ഷവും നാടൻകഥകളും ദേശസ്വാതന്ത്ര്യത്തിനും സാമൂഹിക സമത്വത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളുമെല്ലാം ആ കവിക്ക് ഊടും പാവും തീർത്തു''

– എസ് രാജശേഖരൻ

'പുളിമാവുവെട്ടി' എന്ന കവിതയിൽ പക്ഷികൾക്ക് ആവാസവും കുട്ടികൾക്കും മറ്റുള്ളവർക്കും തണലും നൽകുന്ന വലിയ മാവ് പലകക്കു വേണ്ടി മുറിക്കാൻ കല്പിക്കുന്ന ഉടമയെ മനുഷ്യന്റെ ദുരാഗ്രഹത്തിന്റെ പ്രതീകമായി കവി ചിത്രീകരിക്കുന്നു. ഇവിടെ മനുഷ്യനെ പരിഹസിക്കുന്ന കവിയിൽ ഇന്നത്തെ പാരിസ്ഥിതിക ബോധത്തിന്റെ നാമ്പുകൾ കാണാം. കുറ്റിപ്പുറം പാലത്തിലൂടെയും മറ്റുമുള്ള വികസനത്തിന്റെ ഫലമായി,

'അമ്പ പേരാറെ നീ മാറിപ്പോയോ
ആകുലമായൊരഴുക്കുചാലായ്'

എന്നാശങ്കിക്കുന്ന കുറ്റിപ്പുറം പാലവും ഇത്തരത്തിലുള്ള കവിതയാണ്.

ദേശീയ സ്വാതന്ത്ര്യത്തിനുശേഷം കേരളത്തിലെ കർഷകരും തൊഴിലാളികളും അനുഭവിക്കുന്ന ചൂഷണവും അവഗണനയും അവതരിപ്പിക്കുന്ന പണിമുടക്കം, പുത്തൻ കലവും അരിവാളും എന്നീ കവിതകളാണ് ഇടശ്ശേരിക്ക് മലയാള കാവ്യലോകത്ത് സ്ഥാനം നേടിക്കൊടുത്തത്. മാർക്സിയൻ ആദർശത്തിന്റെ ഉത്തമഫലങ്ങൾ ആയിരുന്നു ആ കവിതകൾ. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് വർഗബോധത്തിലേക്ക് ഉണരുന്ന കോമൻ എന്ന ചെറു കർഷകൻ,

'അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ'

എന്ന് തിരിച്ചറിയുകയാണ്. വ്യക്തിപരമായ തീവ്രനഷ്ടം അവതരിപ്പിച്ചുകൊണ്ട് അവയിൽ നിന്നും കരുത്തോടെ മുന്നേറുന്ന തൊഴിലാളിവർഗത്തെ രാമൻ എന്ന തൊഴിലാളിയിലൂടെ കവി അവതരിപ്പിക്കുന്നു.

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ'


എന്ന മുദ്രാവാക്യത്തിലേക്ക് വളർത്തിക്കൊണ്ടുവരുന്ന കലാതന്ത്രമാണ് പണിമുടക്കം എന്ന കവിതയിലേത്.

കവിതകൾക്ക് പുറമെ 'കൂട്ടുകൃഷി' എന്ന നാടകം കൂടി ഇടശ്ശേരി രചിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ, മനുഷ്യജീവിതത്തിന് അടിസ്ഥാനം മതമല്ലെന്നും മനുഷ്യൻ തന്നെയാണെന്നും ഉദ്ഘോഷിക്കുന്ന നാടകമാണ് കൂട്ടുകൃഷി.

### അവലോകനം

തന്റെ കാലഘട്ടത്തിലെ സാമൂഹ്യപ്രശ്നങ്ങളെ പശ്ചാത്തലമാക്കിയാണ് ഇടശ്ശേരി കവിതകളും നാടകവും എഴുതിയത്. അടിസ്ഥാനവർഗമായ തൊഴിലാളികളുടെയും കർഷകരുടെയും ജീവിതയാഥാർഥ്യങ്ങളുടെ പ്രത്യക്ഷീകരണം ആണ് ഇടശ്ശേരിക്കവിതകൾ. മലയാളത്തിന്റെ തനത് സവിശേഷതകൾക്കിണങ്ങും വിധം കവിതയെ സാമാന്യജനതയുടെ ജീവിതവുമായി അടുപ്പിക്കുന്നതിനും പുതിയ സംസ്കാരവുമായി ബന്ധപ്പെട്ട ആശയങ്ങളെ അവതരിപ്പിക്കുന്നതിനും അനുയോജ്യമായ ഭാഷാശൈലിയാണ് ഇടശ്ശേരി പ്രയോഗിച്ചിട്ടുള്ളത്. ഭൂതകാല സംസ്കാരത്തിന്റെ ഈടുവെയ്പ്പുകൾ പരമാവധി ഉപയോഗപ്പെടുത്തി വർത്തമാനകാലത്തെ അഭിസംബോധന ചെയ്ത ആ കവിതകൾ വരുംകാലത്തിന്റെ സന്ദേശം കൂടി ഉൾക്കൊള്ളുന്നവയായിരുന്നു.

## 1.3.2 എൻ.വി. കൃഷ്ണവാരിയർ



എൻ.വി. കൃഷ്ണവാരിയർ

മലയാളകവിതയിലെ ഭാവഗീതങ്ങളിൽ പ്രകടമായിരുന്ന ആത്മനിഷ്ഠത, അമിത വൈകാരികത, ചാപല്യം എന്നിവയ്ക്കെതിരെ നിലകൊണ്ട കവിയാണ് എൻ.വി. കൃഷ്ണവാരിയർ. മലയാളകവിതയിൽ യഥാതഥ പ്രവണതകൾക്കും ആഖ്യാനപരതയ്ക്കും സാമൂഹികബോധത്തിനും അദ്ദേഹം പ്രാധാന്യം നൽകി. പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ കവിത മുതൽതന്നെ സംഘർഷഭരിതവും ആഖ്യാനപരവുമായ കവിതകളിലൂടെ ഒരു നവഭാവുകത്വം അവതരിപ്പിക്കാനാണ് എൻ.വി. ശ്രമിച്ചത്.

### 1.3.2.1 എൻ.വിയുടെ കാവ്യലോകം

വൈയക്തിക ഭാവങ്ങളുടെ ആത്മനിഷ്ഠതയ്ക്ക് പകരം സാമൂഹിക പ്രവണതകളുടെ സംഘർഷങ്ങൾ പ്രകാശിപ്പിക്കാനാണ് കവികൾ ആഖ്യാനപരതയിലേക്ക് തിരിയുന്നത്. സ്വന്തം കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിൽ വ്യത്യസ്ത സാമൂഹിക പ്രവണതകളുടെ സംഘർഷം അവതരിപ്പിക്കാനും അതിൽ അതിജീവനത്തിന്റെ പാത തുറന്നിടാനുമാണ് തങ്ങളുടെ കവിതകളിലൂടെ ഇടശ്ശേരി, വൈലോപ്പിള്ളി, അക്കിത്തം, ഒളപ്പമണ്ണ തുടങ്ങിയവരെല്ലാം ശ്രമിച്ചത്. എൻ.വി.യുടെ കവിതകളും സാമൂഹികമായ അത്തരം ധർമങ്ങൾ നിർവഹിച്ചവയായിരുന്നു.

എൻ.വിയുടെ കാവ്യശൈലിയുടെ പ്രത്യേകത നീണ്ട കവിതകളാണ് അവ എന്നുള്ളതാണ്. അവയിൽ ലിറിക്കൽ സ്വഭാവമുള്ള കാല്പനിക കവിതാരീതി പ്രശ്നവല്കരിക്കപ്പെടുന്നു. ഭാവഗീതങ്ങളുടെ ഏറ്റവും വലിയ സവിശേഷത ആസ്വാദകൻ അതുമായി താദാത്മ്യം പ്രാപിക്കുന്നു എന്നതാണ്. അതിനുപകരം അന്യവൽക്കരണത്തിന്റെ തന്ത്രമാണ് എൻ.വി തന്റെ 'നീണ്ട കവിതകളി'ലും കുറേക്കൂടി നീണ്ട കവിതകളി'ലും ഉൾചേർക്കുന്നത്. മാത്രമല്ല അന്ന് സമൂഹത്തിൽ സ്വാധീനം നേടിക്കഴിഞ്ഞിരുന്ന വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതിക വാദത്തിന്റെ കരുക്കളും കലാതന്ത്രങ്ങളും ആണ് അദ്ദേഹത്തിന്റെ കവിതകളുടെ കേന്ദ്രബിന്ദു. സാഹിത്യവും അധ്വാനവുമായുള്ള ബന്ധം, സാഹിത്യത്തിന്റെ ജനകീയമായ ഉറവിടങ്ങളെ പറ്റിയുള്ള അവബോധം, നാടോടി സംസ്കാരത്തിന് സാഹിത്യവുമായി ഉള്ള ബന്ധം എന്നിവയെല്ലാം എൻ.വി. ഉൾക്കൊണ്ടിരുന്നു. മിത്തുകളെ ചരിത്രവൽക്കരിക്കാനും മനുഷ്യവൽക്കരിക്കാനും ഉള്ള ശ്രമം എൻ.വി.യുടെ കവിതകളിൽ കാണാം.

സാഹിത്യത്തെ ഒരു വിനോദോപാധിയായി കാണുന്ന നിലയിൽ നിന്ന് മാറി സാമൂഹിക മാറ്റത്തിനുള്ള ഒരുപകരണമായി കാണാനുള്ള ശ്രമം എൻ.വി. യുടെ രചനകളിൽ കാണാം. കവികളുടെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് എൻ.വി. ബോധവാനായിരുന്നു എന്ന് സാരം.

'ഉണർന്നെണീക്കുവിൻ അടിമച്ചങ്ങല
പൊറുത്തിടാത്തോരേ
ഉണർന്നെണീക്കുക തൻനാടിന്നായ്
സമരം ചെയ്വോരെ'

എന്ന് ആരംഭിക്കുന്ന ഉണരുക എന്ന കവിത അദ്ദേഹത്തിന്റെ സ്വാതന്ത്ര്യാവേശത്തിന്റെ പ്രകടനമായിരുന്നു. ദേശീയബോധം നിറഞ്ഞുനിൽക്കുന്നവയാണ് എൻവിയുടെ സ്വാതന്ത്ര്യസമരകവിതകൾ. ഒരു ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആവേശം ആ കവിതകളിൽ അലയടിക്കുന്നത് കേൾക്കാം.

> ഭാഷാപ്രയോഗത്തിൽ എൻ.വി. കൃഷ്ണവാരിയർ കാല്പനിക കവികളിൽനിന്നും വളരെയേറെ അകന്നു നിൽക്കുന്നു. കാല്പനികരുടെ മൃദുവും അലംകൃതവുമായ ഭാഷയ്ക്കു പകരം അദ്ദേഹം കൃത്യമായ അർഥം വ്യക്തമാക്കുന്നതും പലപ്പോഴും പരുക്കൻ എന്നു പറയാവുന്നതുമായ ഭാഷ പ്രയോഗിച്ചു. (കെ.എസ്. സുരേഷ്ചന്ദ്രൻ, എൻ.വി. കവിതയുടെ രൂപശില്പം, ഭാഷാ സാഹിതി 1987.)

ബ്രിട്ടീഷിന്ത്യൻ ഭരണാധികാരികളെ പരിഹസിക്കുന്ന ഏമറിയുടെ ചേവടികളിൽ, മുറിവൈദ്യൻ തുടങ്ങിയ കവിതകളും ഗാന്ധിജി, ജവഹർലാൽ നെഹ്റു തുടങ്ങിയ ദേശീയ നേതാക്കൾക്ക് ആശംസകളോതുന്ന കവിതകളും ക്ഷേത്രപ്രവേശനത്തിന് എതിരെ നിൽക്കുന്ന കൊച്ചിരാജാവിനെ പരിഹസിക്കുന്ന കവിതകളും എൻ.വിയുടെ ദേശീയ പ്രസ്ഥാനകവിതകളിൽ ഉൾപ്പെടുന്നു. ആത്മകഥാസ്പർശിയായ 'ആഗസ്റ്റ് കാറ്റിൽ ഒരില' എന്ന കവിതയിൽ ഈ അവബോധം മുഴുവൻ സംഗ്രഹിക്കപ്പെടുന്നുണ്ട്.

"മനുഷ്യൻ പരിസ്ഥിതിയുടെ ഭാഗമാണ്, അവരുടെ വികാരങ്ങളെ ആവിഷ്കരിക്കാൻ പ്രകൃതിയുടെ ചലനങ്ങളിലൂടെ കടന്നുപോയാൽ മതിയെന്ന കാല്പനികന്റെ അവബോധം ഒരു സമഗ്രസത്താസങ്കല്പത്തിന്റെ സന്തതിയാണ്. എന്നാൽ ആധുനികതയിൽ ഈ സമഗ്രബോധത്തിന് വിച്ഛിത്തിയുണ്ടാവുകയും ഇവിടെ മനുഷ്യൻ ഒറ്റയ്ക്കാണ് എന്ന ശിഥിലബോധത്തിലേക്ക് എത്തുകയും ചെയ്തു. ഇതിനായാണ് സമഗ്രബോധത്തെ ശക്തമാക്കുന്ന പ്രകൃതിഭാഷയിൽ നിന്നും ശിഥിലസത്തയെ വ്യക്തമാക്കുന്ന ശരീരഭാഷയിലേക്ക് ബോധപൂർവം കവിതയെ അവർ പരുവപ്പെടു അത്തിയടുക്കുന്നത്. ഇതിനു മുന്നോടിയായി എൻ.വി. കൃഷ്ണവാര്യർ പ്രകൃതിഭാഷയെ അനവസരത്തിൽ ഉപയോഗിച്ചു പരിഹരിക്കുക മാത്രമല്ല ശരീരഭാഷയുടെ സാന്നിധ്യം അറിയിക്കുക കൂടി ചെയ്തിട്ടുണ്ട്''

– ഡോ. സി.ആർ. പ്രസാദ് (എഴുത്ത് കരുത്തും വിശ്വാസവും)

### 1.3.2.2 ഭാവപരമായ സവിശേഷതകൾ

ലോകമെങ്ങും മനുഷ്യനും അവന്റെ അതിജീവന സമരങ്ങളും ഒന്നാണെന്ന സാർവദേശീയ ബോധവും മനുഷ്യമഹത്വബോധവും എൻ.വി. കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. നാടോടി സംസ്കാരത്തിന്റെ അംശങ്ങൾ ഉൾചേർത്ത് മനുഷ്യന്റെ അതിജീവനസമരത്തെ ചിത്രീകരിക്കുന്നവയാണ് അദ്ദേഹത്തിന്റെ തീവണ്ടിയിലെ പാട്ട്, എൻജിനീയർ, ഒരു പഴയ പാട്ട്, ആനക്കാരൻ തുടങ്ങിയ കവിതകൾ. അഭ്യസ്തവിദ്യരല്ലാത്ത, അടിസ്ഥാനവർഗത്തിൽപ്പെട്ട പച്ചയായ ഗ്രാമീണ മനുഷ്യരെ കേന്ദ്രീകരിച്ചുള്ളവയാണ് ആ കവിതകൾ. സ്വന്തം മകളെ മലവേടരുടെ അരചൻ ബലി കൊടുക്കാൻ ഒരുങ്ങുന്നതും ഒരു മലവേടയുവാവ് അതിനെ ചെറുക്കുന്നതും തുടർന്നുള്ള പ്രകൃതിക്ഷോഭവും ചിത്രീകരിച്ചുകൊണ്ട് പഴയ മിത്തുകൾക്ക് ഒരു ശാസ്ത്രീയവശം നൽകാനുള്ള ശ്രമമാണ് പഴയ പാട്ട് എന്ന കവിതയിൽ. തീവണ്ടിയിലെ പാട്ടും ഒരു ഗ്രാമീണ ഗായകൻ പാടുന്നതാണ്. ഇതിലും ഒരു മിത്തിക്കൽ അന്തരീക്ഷം ഉണ്ട്. കാല്പനികതയുടെ വശ്യതയെ യാഥാർഥ്യങ്ങളുടെ മുമ്പിൽ ലോകനന്മയ്ക്കായി തിരസ്കരിക്കുകയാണ് ഇതിൽ.

'ഐറണിയുടെ എരിവുമായി വന്ന കവിയെന്നാണ്' എൻ വി. കൃഷ്ണവാരിയരെ നെല്ലിക്കൽ മുരളിധരൻ വിശേഷിപ്പിച്ചിരിക്കുന്നത്

'മദിരാശിയിൽ ഒരു രാത്രി' എന്ന കവിതയിൽ ബ്രിട്ടീഷ് ഇന്ത്യയിലെ ഉപരിവർഗ ജീവിതവും അടിസ്ഥാന വർഗത്തിന്റെയും യാചകരുടെയും ദയനീയ ജീവിതവും തമ്മിലുള്ള അന്തരം ചിത്രീകരിക്കുന്നു. നഗരത്തിലെ ഉപരിവർഗ ജീവിതത്തിന്റെ പൊള്ളയായ സുഖഭോഗ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ, പട്ടിണി കിടന്നു മരിക്കുന്ന വൃദ്ധ യാചകനെ അവതരിപ്പിക്കുകയാണ് 'മദിരാശയിൽ ഒരു സായാഹ്നം' എന്ന കവിതയിൽ. ചാവാറായ പട്ടിണിക്കോലത്തെ അവതരിപ്പിച്ചുകൊണ്ട് യാഥാർഥ്യദർശനം സാധ്യമാക്കുകയാണ് കവി ചെയ്യുന്നത്. തനിക്ക് പറയാനുള്ളത് ഒട്ടും സുഖമില്ലാത്ത കാര്യങ്ങൾ ആയതുകൊണ്ട് പരുക്കനായ ഒരു കാവ്യശൈലിയാണ് എൻ.വി രൂപപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമീണ നന്മകളെ നശിപ്പിക്കുന്ന ആധുനിക നഗരത്തിന്റെ മൂർത്തരൂപമായി മദി

രാശിയെ അവതരിപ്പിച്ചുകൊണ്ട്, നല്ലൊരു ജീവിതം ലക്ഷ്യമാക്കി ഗ്രാമങ്ങളിൽ നിന്നെത്തുന്ന പലതരത്തിലുള്ള ആൾക്കാരിലൂടെ ജീവിതത്തിന്റെ തീക്ഷ്ണവും തിക്തവുമായ യാഥാർഥ്യങ്ങളെ കവി അവതരിപ്പിക്കുന്നു. പട്ടണത്തിന്റെ പൂഴ്ത്തിവെപ്പ് മൂലമുള്ള ഭക്ഷ്യക്ഷാമത്തിന്റെ പശ്ചാത്തലത്തിലാണ് എലികൾ മനുഷ്യനെ ഭക്ഷണമാക്കുന്നത്.

'ഇല്ല സാമ്രാജ്യത്വവുമില്ലടിമത്വവുമില്ല മാത്സര്യവും'

എന്ന് ചിത്രീകരിച്ചുകൊണ്ട് മനുഷ്യനുമായി താരതമ്യപ്പെടുത്തി എലികളുടെ വിജയ കഥ അവതരിപ്പിക്കുന്നതിലൂടെ രൂക്ഷമായ പരിഹാസം അനുഭവവേദ്യമാക്കുകയാണ് എലികൾ എന്ന കവിതയിലൂടെ കവി ചെയ്യുന്നത്.

> "മാനുഷികമൂല്യങ്ങൾക്കെന്നല്ല മനുഷ്യജീവനുപോലും വിലയിടിഞ്ഞ ഒരു കാലത്തിനെതിരായുള്ള പ്രതിഷേധമാണ് എൻ.വി.കവിതകൾ പൊതുവെ''
>
> -ഡോ.എസ്. രാജശേഖരൻ

കൃഷ്ണവധം, ഗാന്ധിയും ഗോഡ്സെയും എന്നീ കവിതകളിൽ മിത്തോളജിയും ചരിത്രവും ഉപയോഗിച്ചുകൊണ്ട് ഒട്ടും മഹത്വമില്ലാത്ത സമകാലിക ജീവിതത്തിന്റെ കൊള്ളരുതായ്മകൾ അവതരിപ്പിക്കുന്നു. കംസന്മാരും ഗോഡ്സെമാരും വിജയിക്കുന്ന സമകാലിക ജീവിതത്തിന്റെ മൂല്യശോഷണത്തിനെതിരെ തന്റെ കവിതകളെ ആയുധമാക്കുകയാണ് എൻ.വി. ചെയ്തത്. നിരന്തര പരിണാമിയായ മനുഷ്യചരിത്രത്തിലും അടിച്ചമർത്തപ്പെടുന്ന മനുഷ്യന്റെ ഐക്യബോധത്തിലും വിശ്വാസമർപ്പിക്കുകയും അതിനെ ചിത്രീകരിക്കുകയും ചെയ്ത കവിയാണ് എൻ.വി. അഗാധമായ ചരിത്രബോധത്തോടെ സാമൂഹികസ്വഭാവമുള്ള കവിതകൾ രചിക്കുകയായിരുന്നു അദ്ദേഹം.

## അവലോകനം

ചങ്ങമ്പുഴയെത്തുടർന്ന് മലയാള കവിതയിൽ രൂപംകൊണ്ട വൈയക്തികമായ ഭാവഗീതങ്ങളിൽ നിന്ന് അതിനെ മോചിപ്പിക്കാൻ ശ്രമിച്ച കവിയാണ് എൻ.വി. കൃഷ്ണവാരിയർ. കവിത നൂതന പരീക്ഷണങ്ങൾക്ക് വിധേയമായിരിക്കണം എന്ന് അദ്ദേഹം വിശ്വസിച്ചു. ആത്മഗീതങ്ങളുടെ പ്രചാരം കൂടിവന്നപ്പോൾ കവിതകൾ ഏതെങ്കിലും ഒരു ഭാവത്തിന്റെ മാത്രം പ്രകാശനത്തിൽ ഒതുങ്ങിപ്പോയതിന്റെ പ്രത്യാഘാതത്തിൽ രചിക്കപ്പെട്ടവയാണ് എൻ.വി.യുടെ ദീർഘ കവിതകൾ. വസ്തുനിഷ്ഠമായ രീതിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന കാവ്യശൈലിയിലൂടെ കൂടുതൽ വൈവിധ്യവും വൈചിത്ര്യവും കവിതയിൽ കലർത്താൻ എൻ.വിക്ക് സാധിച്ചു. ജീവിതയാഥാർഥ്യങ്ങളെ ഭാവനയുടെയും അനുഭൂതികളുടെയും മായാസ്വപ്നങ്ങൾ കലർത്തിയാണ് എൻ.വി ചിത്രീകരിച്ചിട്ടുള്ളത്. മനുഷ്യ പുരോഗതിയുടെ ചലനാത്മകമായ ചരിത്രവും ആധുനിക മനശാസ്ത്ര ദർശനങ്ങളുമെല്ലാം അദ്ദേഹത്തിന്റെ കവിതകൾക്ക് വിഷയമായിട്ടുണ്ട്.

## Recap

- മലയാളകവിതയുടെ ആത്മനിഷ്ഠ പ്രവണതകൾക്കെതിരെ നിലകൊണ്ടു
- യഥാതഥവും ആഖ്യാനപരവുമായ കവിതകൾ എഴുതി
- അടിസ്ഥാന ജനതയുടെ ജീവിതാനുഭവങ്ങളാണ് ഇടശ്ശേരിയെ പ്രചോദിപ്പിച്ച ഘടകം
- പുരോഗമന പ്രത്യയശാസ്ത്രത്തിന്റെ വക്താവാണ് ഇടശ്ശേരി
- പരിസ്ഥിതിയുടെ വിനാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പാണ് കുറ്റിപ്പുറം പാലം എന്ന കവിത
- കേരളീയമായ അമ്മദൈവസങ്കല്പവും മിത്തുകളും ഇടശ്ശേരിയുടെ കവിതകളിൽ കാണാം
- അമ്മദൈവസങ്കല്പത്തിലും മിത്തുകളിലും ഊന്നിയ കവിതകളാണ് പൂതപ്പാട്ട്, കാവിലെ പാട്ട് എന്നിവ
- ഇടശ്ശേരിക്ക് മലയാള കവിതാലോകത്ത് സ്ഥാനം നേടിക്കൊടുത്ത കവിതകളാണ് പണിമുടക്കം, പുത്തൻകലവും അരിവാളും എന്നിവ
- ഇടശ്ശേരി രചിച്ച നാടകമാണ് കൂട്ടുകൃഷി
- കാല്പനികവിരുദ്ധ കവിതകൾ എഴുതിയ കവിയാണ് എൻ.വി
- കൊച്ചു തൊമ്മൻ, ഒരു വിദ്യാർത്ഥി പുരാണം എന്ന കവിത കാല്പനിക വിരുദ്ധമാണ്.
- നീണ്ട കവിതകൾ എൻവിയുടെ കാവ്യശൈലിയാണ്
- കാല്പനികതയുടെ അന്യവൽക്കരണം എന്ന തന്ത്രമാണ് എൻവിയുടെ നീണ്ട കവിതകളിൽ കാണുന്നത്
- മിത്തുകളെ ചരിത്രവൽക്കരിക്കാനും മനുഷ്യവൽക്കരിക്കാനും ഉള്ള ശ്രമം എൻ.വി. കവിതകളിലുണ്ട്
- എൻ.വിയുടെ സ്വാതന്ത്ര്യസമര കവിതകളിൽ ദേശീയബോധം നിറഞ്ഞുനിൽക്കുന്നു
- ആത്മകഥാംശമുള്ള എൻ.വി. കവിതയാണ് ആഗസ്റ്റ് കാറ്റിൽ ഒരില
- ഭക്ഷ്യക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ കവിതയാണ് എലികൾ

## Objective Questions

1. ഇടശ്ശേരിയെ പ്രചോദിപ്പിച്ച ഘടകം ഏത്?
2. പരിസ്ഥിതിയുടെ വിനാശത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന ഇടശ്ശേരിക്കവിത ഏത്?
3. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ അവതരിപ്പിക്കുന്ന ഇടശ്ശേരിയുടെ കവിതകൾ ഏതെല്ലാം?
4. പുരാണകഥകൾ കവിതയിൽ ഇടശ്ശേരി ഉപയോഗിക്കുന്നതിന്റെ ലക്ഷ്യമെന്ത്?

5. കേരളീയമായ അമ്മദൈവസങ്കല്പം പ്രമേയമാകുന്ന ഇടശ്ശേരിയുടെ കവിതകൾ ഏതെല്ലാം?
6. കാവിലെ പാട്ട് എന്ന കവിതയിലെ പ്രമേയം എന്ത്?
7. മാതൃദേവതയെ മനുഷ്യവൽക്കരിക്കുന്ന ഇടശ്ശേരിയുടെ കവിത ഏത്?
8. ഹനുമാൻ കഥാപാത്രമാകുന്ന ഇടശ്ശേരിയുടെ കവിതകൾ ഏതെല്ലാം?
9. 'ഇടയ്ക്ക് കണ്ണീരുപ്പു പുരട്ടാതെന്തിനു ജീവിതപ്പലഹാരം' – ഏത് കവിതയിലെ വരികൾ?
10. ചകിരിത്തൊഴിലാളികൾ പ്രമേയമായി വരുന്ന ഇടശ്ശേരിക്കവിത ഏത്?
11. 'അമ്പ പേരാറെ, നീ മാറിപ്പോയോ ആകുലമായൊരഴുക്കുചാലായ്' – കവിതയേത്?
12. കൊച്ചു തൊമ്മൻ എന്ന കവിതയിലെ ഭാവം എന്ത്?
13. തന്റെ നീണ്ട കവിതകളിൽ എൻ വി പുലർത്തിയ തന്ത്രം?
14. എൻ.വി.യുടെ സ്വാതന്ത്ര്യാവേശത്തിന്റെ പ്രകടനമായ കവിത ഏത്?
15. ആത്മകഥാസ്പർശിയായ എൻ.വി. കവിത ഏത്?
16. ബ്രിട്ടീഷിന്ത്യൻ ഭരണാധികാരികളെ പരിഹസിക്കുന്ന ഒരു എൻ.വി.യുടെ കവിത ഏത്?
17. കേരളത്തിലെ ഭക്ഷ്യക്ഷാമം പശ്ചാത്തലമാക്കി എഴുതിയ കവിത ഏത്?

## Answers

1. അടിസ്ഥാന ജനതയുടെ ജീവിതാനുഭവങ്ങൾ
2. കുറ്റിപ്പുറം പാലം
3. വിവാഹസമ്മാനം, പെങ്ങൾ, നെല്ലു കുത്തുകാരി പാറുവിന്റെ കഥ
4. വർത്തമാനകാല പ്രശ്നങ്ങളെ അവതരിപ്പിക്കാൻ
5. പൂതപ്പാട്ട്, കാവിലെ പാട്ട്
6. ആത്മബലി കൊണ്ട് രൗദ്രമൂർത്തിയായ മാതൃദേവതയെ സൗമ്യമൂർത്തിയാക്കിയ കഥ
7. പൂതപ്പാട്ട്
8. ലവണാസുര വധം, ഹനുമൽസേവ തുഞ്ചൻപറമ്പിൽ
9. അമ്പാടിയിലേക്ക് വീണ്ടും
10. ചകിരിക്കുഴികൾ
11. കുറ്റിപ്പുറം പാലം
12. കാല്പനിക വിരുദ്ധത
13. കാല്പനികനായ അന്യൻ ( romantic outsider )
14. ഉണരുക

15. ആഗസ്റ്റ് കാറ്റിൽ ഒരില
16. ഏമറിയുടെ ചേവടികളിൽ / മുറിവൈദ്യൻ
17. എലികൾ

## Assignments

1. എലികൾ എന്ന കവിതയുടെ രാഷ്ട്രീയം ചർച്ച ചെയ്യുക.
2. എൻ.വി. കൃഷ്ണവാരിയരുടെ കവിതകളുടെ സവിശേഷതകൾ വിവരിക്കുക.
3. അടിസ്ഥാന ജനതയുടെ ജീവിതാനുഭവങ്ങളാണ് ഇടശ്ശേരിയെ പ്രചോദിപ്പിച്ച ഘടകം - വിലയിരുത്തുക.
4. മിത്തുകളെ ചരിത്രവൽക്കരിക്കാനും മനുഷ്യവൽക്കരിക്കാനും ഉള്ള ശ്രമം എൻ.വിയുടെ കവിതകളിലുണ്ട് - വിലയിരുത്തുക.
5. ഇടശ്ശേരിയുടെ കവിതകളിലെ കാവ്യബിംബങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

## Suggested Reading

1. എം. ലീലാവതി, മലയാള കവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

## Reference

1. കെ.എം. ജോർജ്, ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.

4
UNIT

# പി. ഭാസ്കരൻ, വയലാർ, അയ്യപ്പപ്പണിക്കർ

## Learning Outcomes

- മലയാള കവിതയിലുണ്ടായ ആധുനികതയുടെ ഭാവതലങ്ങളെ വിശകലന വിധേയമാക്കുന്നു
- സ്വാതന്ത്ര്യസമരങ്ങളും കർഷകത്തൊഴിലാളി സമരങ്ങളും കവികളെ സ്വാധീനിച്ചത് എങ്ങനെയെന്ന് മനസിലാക്കുന്നു
- സാമൂഹിക പുരോഗതിക്കുവേണ്ടിയുള്ള ശ്രമങ്ങൾ കവിതകളിലൂടെ ആവിഷ്കരിക്കപ്പെട്ടതെങ്ങനെ എന്ന് കണ്ടെത്തുന്നു
- പി. ഭാസ്കരൻ, വയലാർ രാമവർമ്മ, കെ. അയ്യപ്പപ്പണിക്കർ എന്നിവരുടെ കാവ്യജീവിതത്തെക്കുറിച്ച് മനസിലാക്കുന്നു

## Prerequisites

1928-നു ശേഷം കേരളത്തിലുണ്ടായ സാമ്പത്തികമാന്ദ്യവും പ്രതിസന്ധിയും, ക്ഷേത്രപ്രവേശന വിളംബരം, ജാതി ചിന്തക്കെതിരായി ഉയർന്നുവന്ന സാമൂഹികാവബോധം, ഗുരുവായൂർ - വൈക്കം സത്യാഗ്രഹങ്ങൾ, നിവർത്തന പ്രക്ഷോഭം, കാർഷിക സമരങ്ങൾ തുടങ്ങിയ ജനകീയ പ്രക്ഷോഭങ്ങൾ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ എന്നപോലെ സാഹിത്യത്തിലും പ്രത്യക്ഷമായും പരോക്ഷമായും മാറ്റത്തിന് വഴി തുറന്നു. ആ കാലഘട്ടത്തിലാണ് ജീവൽ സാഹിത്യ പ്രസ്ഥാനം ഉദയം കൊണ്ടത്. ആ പ്രസ്ഥാനത്തിന്റെ ആവിഷ്കാര രീതികളിൽ ഒന്നാണ് സോഷ്യലിസ്റ്റ് റിയലിസം. കമ്യൂണിസ്റ്റ് കവിത്രയങ്ങൾ എന്നറിയപ്പെടുന്ന പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി. എന്നിവർ തങ്ങളുടെ കവിതകളിൽ സോഷ്യലിസ്റ്റ് റിയലിസം എന്ന ആശയത്തിന് കരുത്ത് പകർന്നു. തങ്ങൾ ജീവിക്കുന്ന കാലത്തിന്റെ ചലനങ്ങളോട് ശക്തമായി പ്രതികരിക്കാനും അതിൽ നിന്നുണ്ടായ ചേതോവികാരങ്ങൾ സമഗ്രമായും കാവ്യാത്മകമായും ആവിഷ്കരിക്കാനും കവികൾ തയ്യാറായി.

കവിതയിൽ ആകെ സമരാഗ്നി പടർത്തി കാവ്യരംഗത്തേക്ക് വന്ന വിപ്ലവകാരിയാണ് പി. ഭാസ്കരൻ. പി. ഭാസ്കരന്റെ ആദ്യകാല കവിതകളിൽ വിപ്ലവാവേശവും

ദേശാഭിമാനവും സാമൂഹികമായ അനീതിക്കെതിരെ ആളിക്കത്തുന്ന വിദ്വേഷവും നിറഞ്ഞുനിൽക്കുന്നു. ഗാനാത്മകമായ ആ കവിതകൾക്ക് ശക്തി നൽകിയത് ജീവിത പ്രശ്നങ്ങളാണ്. സാമൂഹികമായ ഉച്ചനീചത്വങ്ങളെ വിമർശിക്കാൻ തന്റെ കവിതകളെ അദ്ദേഹം ആയുധമാക്കി. തത്വാധിഷ്ഠിതമായ പുതിയൊരു സമൂഹത്തിന്റെ സൃഷ്ടിയാണ് കവിയുടെ ആത്യന്തിക ലക്ഷ്യം എന്ന് പി. ഭാസ്കരൻ കരുതുന്നു. അതുകൊണ്ടു തന്നെ കവിയായ താൻ അധ:സ്ഥിത ജനസമൂഹത്തിനോടൊപ്പം ആണെന്ന് അദ്ദേഹം അവകാശപ്പെടുന്നു.

മനുഷ്യന്റെ കർമചേതനയിൽ വിശ്വസിക്കുകയും കവിതയെ സാമൂഹിക പരിവർത്തനത്തിനുള്ള പടവാളാക്കി മാറ്റുകയും ചെയ്ത കവിയാണ് വയലാർ രാമവർമ്മ. ആധുനികശാസ്ത്രത്തിന്റെ വിപുലമായ സാധ്യതകൾ മനുഷ്യൻ പ്രയോജനപ്പെടുത്തേണ്ടതിനെക്കുറിച്ച് ബോധവാനാണ് വയലാർ. ഭാരതീയ സംസ്കാരവും പാരമ്പര്യവും സമകാലീന സാമൂഹിക ജീവിതവുമായി ബന്ധിപ്പിച്ച് പുതിയ അർഥതലങ്ങൾ കണ്ടെത്താൻ വയലാർ ശ്രമിച്ചു. വള്ളത്തോളിന്റെയും ജിയുടെയും ചങ്ങമ്പുഴയുടെയും സ്വാധീനത വയലാർ കവിതകളിൽ ഉണ്ട്. കവിയുടെ മനസിൽ ഉയർന്നുനിന്ന കാല്പനിക ഭാവവും മാർക്സിയൻ ദർശനങ്ങളിൽ നിന്ന് ഊറിക്കൂടിയ വിപ്ലവാവേശവും വയലാർ കവിതകളുടെ പ്രതിസ്പന്ദനങ്ങൾ ആയി മാറി. അക്കാലത്ത് നിലനിന്നിരുന്ന നാടുവാഴിത്ത വ്യവസ്ഥ, പള്ളി മേധാവിത്വം, മതപരമായ ചൂഷണം, യാഥാസ്ഥിതികമായ വിശ്വാസപ്രമാണങ്ങൾ, മുതലാളിത്ത സർവാധിപത്യം എന്നിവയ്ക്കെതിരെയുള്ള ശക്തമായ ആക്രമണങ്ങളാണ് വയലാറിന്റെ പല കവിതകളും. തൊഴിലാളി വർഗത്തിന്റെ നെഞ്ചിടിപ്പ് സ്വന്തം നെഞ്ചിടിപ്പായി ഏറ്റുവാങ്ങിയ കവി ആ വർഗത്തിന്റെ വിമോചനത്തിനുള്ള വഴി സ്വന്തം കവിതകളിലൂടെ തെളിയിച്ചുകൊടുത്തു.


മലയാള കാവ്യലോകത്ത് ആധുനികതയുടെ സ്വരവുമായി കടന്നുവന്ന കവിയാണ് കെ. അയ്യപ്പപ്പണിക്കർ. വ്യക്തിവാദ പക്ഷക്കാരനാണ് അയ്യപ്പപ്പണിക്കർ. സമൂഹത്തിന്റെ പൊയ്മുഖം വലിച്ചെറിയാനുള്ള ആയുധമാണ് പണിക്കർക്ക് തന്റെ കവിതകൾ. ഉത്തമമായ ബിംബങ്ങളിലൂടെ വ്യക്തിചേതനയുടെ ദീപ്തിയെ ഉദാത്തവൽക്കരിക്കുന്നതിനൊപ്പം സാമൂഹികമായ പൊങ്ങച്ചങ്ങളെ അദ്ദേഹം പരിഹാസവിധേയമാക്കുകയും ചെയ്യുന്നു. മനുഷ്യന്റെ സങ്കടങ്ങളാണ് പലപ്പോഴും അദ്ദേഹത്തിന്റെ കാവ്യത്തിന് പ്രമേയങ്ങളാകുന്നത്. ലളിതവും എന്നാൽ വ്യംഗ്യാർഥ പ്രധാനവുമാണ് പണിക്കർ കവിതകൾ. അദ്ദേഹത്തിന്റെ ഉപഹാസ കവിതകൾ വിപുലമായ അർഥതലങ്ങൾ ഉള്ളവയാണ്. മലയാള കവിതയിൽ പുതിയ ഭാവുകത്വം വളർത്തിയെടുക്കാൻ നേതൃത്വം കൊടുത്ത കവിയാണ് കെ. അയ്യപ്പപ്പണിക്കർ.

## Keywords

പി. ഭാസ്കരൻ - വയലാർ രാമവർമ്മ - കെ. അയ്യപ്പപ്പണിക്കർ - കാവ്യജീവിതം

# Discussion

## 1.4.1 പി. ഭാസ്കരൻ



പി. ഭാസ്കരൻ

1940-കളിൽ മലയാള കാവ്യരംഗത്ത് നിലനിന്നിരുന്ന സാമൂഹികാവബോധവും ശൈലിയും 50-കൾ വരെ ആഴത്തിലും പിന്നീട് മന്ദമായും പ്രസരിക്കുകയുണ്ടായി. ഈ കാലത്ത് സാമൂഹികാന്തരീക്ഷവുമായി അഭേദ്യബന്ധം പുലർത്തിയിരുന്ന കവിയാണ് പി. ഭാസ്കരൻ. കാല്പനികത വെടിഞ്ഞ് യഥാതഥ സമ്പ്രദായം സ്വീകരിച്ച് ജീവിതത്തിന്റെ വൈരുദ്ധ്യങ്ങളെ തുറന്നുകാട്ടാൻ ശ്രമിച്ച കവിയാണ് അദ്ദേഹം.

> വയലാർ ഗർജ്ജിക്കുന്നു, വില്ലാളി, കർഷഗാനം, സത്രത്തിൽ ഒരു രാത്രി, ഓർക്കുക വല്ലപ്പോഴും, ഒരിക്കൽ കൂടി, കായൽക്കാറ്റ്, ഒറ്റക്കമ്പിയുള്ള തംബുരു എന്നിവയാണ് പ്രധാനകൃതികൾ.

### 1.4.1.1 കവിയും കാലവും

കവിത മനുഷ്യജീവിതത്തിന്റെ പുരോഗതിക്കുള്ള ഉപാധിയായിട്ടാണ് കവി കണ്ടിരുന്നത്. സാമ്പത്തിക ക്രമങ്ങളിൽ വരുന്ന അടിസ്ഥാനപരമായ മാറ്റങ്ങളും ജോലി വിഭജനത്തിലൂടെ ഉണ്ടായ ഉച്ചനീചത്വങ്ങളും സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതായി അദ്ദേഹം മനസിലാക്കി. ഗുണപരമായ മാറ്റങ്ങളെ പ്രശംസിക്കുകയും അല്ലാത്തവയെ വിമർശിക്കുകയും ചെയ്തു. സമൂഹത്തിന്റെ ഉല്പന്നമാണ് കവിത എന്നും അത് അധ്വാനത്തിന്റെ പ്രതീകമാണെന്നും കവി വിശ്വസിച്ചു .

'വില്ലാളിയാണു ഞാൻ ജീവിത സൗന്ദര്യ -
വല്ലകി മീട്ടലല്ലെന്റെ ലക്ഷ്യം.'

ആദ്യകാല കവിതയായ വില്ലാളി അദ്ദേഹത്തിന്റെ തന്നെ ആത്മാവിഷ്കാരമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായതിന്റെ പേരിൽ ആറുമാസം ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്ന കവിയാണ് പി. ഭാസ്കരൻ.

ഏറെ പ്രസിദ്ധമായ 'വയലാർ ഗർജിക്കുന്നു' എന്നത് ഖണ്ഡകാവ്യമാണ്. വയലാർ വിപ്ലവത്തിന്റെ നേർസാക്ഷ്യം എന്ന് വിശേഷിപ്പിക്കാവുന്ന ആ കൃതിയിൽ താൻ വിശ്വസിച്ചു പോന്ന പ്രത്യയശാസ്ത്രത്തിന്റെ എല്ലാ അടയാളങ്ങളും കവി ഉൾച്ചേർത്തിട്ടുണ്ട്. കേരളത്തിലെ നാല്പതുകൾ രാഷ്ട്രീയ കലാപങ്ങളുടെ കാലമാണ്. അധ്വാനം, ദാരിദ്ര്യം, രോഗം, യുദ്ധം, മതപരമായ പീഡനം തുടങ്ങിയ അനവധി പ്രശ്നങ്ങൾ നിലനിന്നിരുന്ന കാലം. അത്തരത്തിലുള്ള സാമൂഹികാവസ്ഥയിൽ നിന്നും മോചനം ലഭിക്കാനുള്ള ഏകമാർഗം തൊഴിലാളി വർഗങ്ങളുടെ ആധിപത്യം ആണെന്ന് കവി പറയുന്നു.

> മിനിയേച്ചർ ഓട്ടോബയോഗ്രഫി എന്ന് വിശേഷിപ്പിക്കപ്പെട്ട പി. ഭാസ്കരന്റെ കാവ്യമാണ് ഒറ്റക്കമ്പിയുള്ള തംബുരു

### 1.4.1.2 കവിതയുടെ രാഷ്ട്രീയം

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും സാമ്രാജ്യത്വവിരുദ്ധതയെയും പ്രകാശിപ്പിക്കുന്ന കവിതകളാണ് ലജ്ജാവഹം, പരിണാമം, ആശംസ, ഓടക്കുഴലും ലാത്തിയും എന്നിവ. ഓടക്കുഴലും ലാത്തിയും എന്ന കവിത ബ്രിട്ടീഷ് ഗവൺമെന്റ് നിരോധിച്ചു.

കർഷകനും ഭൂമിയും പി. ഭാസ്കരന്റെ കവിതകളിൽ ആവർത്തിച്ചുവരുന്ന ബിംബങ്ങളാണ്. ഈ ബിംബങ്ങളുമായി കവിക്ക് ആത്മബന്ധം ഉണ്ട്. മനുഷ്യന്റെ ആദിമബീജം മുളച്ചത് ഈ മണ്ണിലാണെന്നും അവന്റെ ഊർജം കൊണ്ട് കിളിർത്ത ചെടി മനുഷ്യപ്രകൃതി തന്നെയാണെന്നും കവി തിരിച്ചറിയുന്നു. മനുഷ്യന്റെ സാമൂഹികജീവിതം പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ നിന്ന് ഭിന്നമല്ല. സ്നേഹം നൽകി സംരക്ഷിക്കപ്പെടുന്ന

മണ്ണ് പതിന്മടങ്ങ് സ്നേഹം ഉൽപ്പന്നങ്ങളായി തിരികെ നൽകുന്നു. ഭൂമിയുടെ ഉപ്പും പുളിയും അവന്റെ വിയർപ്പാണ്. മണ്ണിന്റെ ഗന്ധം അവന്റേതു കൂടിയാണ്. ഈ തിരിച്ചറിവാണ് പി. ഭാസ്കരനെ നയിക്കുന്നത്. പ്രകൃതിയെയും അതിലെ ജീവിതങ്ങളെയും കവി സമഭാവനയോടെ കാണുന്നു.

"സംഗീതാത്മകമായ കാവ്യഭാഷയും ചങ്ങമ്പുഴയെപ്പോലുള്ളവർ വികസിപ്പിച്ചെടുത്ത താളക്രമവുമാണ് പി. ഭാസ്കരന്റെ കവിതകളിൽ കാണാവുന്നത്. കവിത, സമ്പൂർണമായ സ്വയം പ്രകടനമാണെന്ന് കരുതുന്ന പി. ഭാസ്കരൻ സ്വന്തം ഹൃദയത്തിൽ നഖം ആഴ്ത്തുകയും അപ്പോൾ ഇറ്റുവീഴുന്ന രക്തത്തുള്ളികൾ ക്ക് കാവ്യസൗന്ദര്യം നൽകുകയും ചെയ്യുന്നു''

– എരുമേലി (മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ)

സ്ത്രീപുരുഷ ബന്ധത്തെയും സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെയും കുറിച്ചുള്ള കവിതകളും പി. ഭാസ്കരൻ എഴുതിയിട്ടുണ്ട്. സ്ത്രീപുരുഷ ബന്ധത്തിൽ ആദ്യകാലം മുതലേ നിലനിന്നിരുന്ന പരസ്പരാഭിമുഖ്യവും ഇടപെടലുമാണ് ഉണ്ടാകേണ്ടത്. അതുപോലെ മതരഹിതമായ ഒരു ലോകമാണ് കവിയുടെ സ്വപ്നം. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞുനിൽക്കുന്ന സമൂഹത്തെ കവി വിമർശിക്കുന്നു. ഒപ്പം സങ്കുചിതമായ ജാതിചിന്തകളെയും എതിർക്കുന്നു. വ്യക്തിജീവിതത്തിലും കാവ്യജീവിതത്തിലും യുക്തിയുടെ അവബോധത്തിലാണ് കവി മതത്തെ വിലയിരുത്തുന്നത്.

ധാരാളം മിത്തുകളും പി. ഭാസ്കരൻ തന്റെ കവിതയിൽ ചേർത്തിട്ടുണ്ട്. പക്ഷേ ആ മിത്തുകൾക്കും പ്രതിരൂപങ്ങൾക്കും സൃഷ്ടിയുടെ ഭാവമാണുള്ളത്. സമകാലിക സംഭവങ്ങൾ, ഭാവിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ, സ്വപ്നങ്ങൾ, പ്രത്യയശാസ്ത്രപരമായ ഇടപെടലുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ മിത്തുകൾ അദ്ദേഹത്തിന്റെ കവിതകളിൽ കാണാം.

ആദ്യകാലങ്ങളിൽ പി. ഭാസ്കരൻ പ്രണയത്തെ നിഷിദ്ധമായ ഒരു വികാരമായാണ് കരുതിയിരുന്നത്. വിപ്ലവപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് പ്രണയം പാടില്ലെന്ന വിശ്വാസം അന്ന് കവിക്കുണ്ടായിരുന്നു. കാല്പനികത നിഷിദ്ധവും യാഥാർഥ്യബോധം സ്വീകാര്യവും ആണെന്ന വിശ്വാസം അന്നത്തെ വിപ്ലവകവികളെപ്പോലെ പി. ഭാസ്കരനും ഉണ്ടായിരുന്നു. ഈ വിശ്വാസത്തിൽ നിന്നുമാണ്,

'പ്രേമഗായകനല്ല ഞാനിപ്പോൾ

ഓമനേ മാപ്പു നൽകണേ'– എന്ന വരികൾ പിറവിയെടുത്തത്. ഇവയ്ക്ക് ശേഷം പ്രണയത്തെ വീണ്ടെടുക്കാനുള്ള ശ്രമം ഓർക്കുക വല്ലപ്പോഴും, ചോരുന്ന തേൻകുടം തുടങ്ങിയ കവിതകളിൽ നടത്തുന്നുണ്ട്. അപ്പോഴേക്കും ജീവിതത്തിന്റെ പ്രായോഗികത അദ്ദേഹം മനസിലാക്കിയിരുന്നു. പ്രണയം, വ്യക്തിബന്ധങ്ങൾ, കുടുംബം എന്നിവ വിപ്ലവ വിരുദ്ധങ്ങൾ അല്ലെന്ന ധാരണ അദ്ദേഹത്തിനുണ്ടായിരുന്നു.

പി. ഭാസ്കരനും വയലാറിനെപ്പോലെ ഒരൊറ്റ തത്വശാസ്ത്രമേയുള്ളൂ. നോവുമാത്മാവിനെ സ്നേഹിക്കുന്ന തത്വശാസ്ത്രം. മാനിഷാദ എന്ന കവിതയെഴുതിയ വയലാറിനും ആ കവിതയോടുള്ള പ്രതികരണമായി മാ മഹർഷേ എന്ന കവിതയെഴുതിയ പി. ഭാസ്കരനും ഒരുപോലെ ചേരുന്നു

– എം. ലീലാവതി

### അവലോകനം

മനുഷ്യപക്ഷത്ത് നിലയുറപ്പിച്ചിരുന്ന കവിയാണ് പി. ഭാസ്കരൻ. ലളിതവും ഋജുവും ആണ് അദ്ദേഹത്തിന്റെ ഭാഷ. മാനുഷികവത്കരിക്കപ്പെട്ട പ്രതിരൂപങ്ങൾ, നിഷ്കളങ്കമായ സ്നേഹത്തിൽ നിന്നും ഉറവയെടുത്ത വാക്കുകൾ, ഉദാത്തമായ കല്പനകൾ, കാല്പനികതയും റിയലിസവും സമ്മേളിക്കുന്ന രചനാശൈലി ഇവയെല്ലാമാണ് പി. ഭാസ്കര

ന്റെ കവിതകളുടെ സവിശേഷത. സിനിമമേഖലയിലേക്ക് കടന്നപ്പോഴും അദ്ദേഹം തന്റെ കവിതയെയും നിലനിർത്തി. കവിതയോളം മാധുര്യമാർന്നതാണ് അദ്ദേഹത്തിന്റെ ഗാനങ്ങളും. കവി, ഗാനരചയിതാവ്, അഭിനേതാവ്, സിനിമാ സംവിധായകൻ, നിർമ്മാതാവ് എന്നീ നിലകളിലെല്ലാം ശോഭിച്ചിരുന്ന പ്രതിഭയാണ് പി. ഭാസ്കരൻ.

## 1.4.2 വയലാർ രാമവർമ്മ


വയലാർ രാമവർമ

ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാനമായ ഒരു ഘടകമാണ് പാരമ്പര്യം. കലാകാരനെ സംബന്ധിച്ചിടത്തോളം ഈ പാരമ്പര്യത്തിന്റെ സ്വാധീനം അയാളുടെ രചനകളിൽ പ്രതിഫലിക്കുകയും ചെയ്യും. ആചാരങ്ങൾ, വിശ്വാസങ്ങൾ, സങ്കല്പങ്ങൾ, ജീവിതരീതികൾ എല്ലാം ഉരുത്തിരിയുന്നത് പാരമ്പര്യത്തെ കേന്ദ്രീകരിച്ചാണ്. ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം സ്വന്തം ഭാഷ, അതിലെ സാഹിത്യരൂപങ്ങൾ, ധർമസംഹിതകൾ തുടങ്ങിയവയെല്ലാം അവഗണിക്കാനാകാത്ത പാരമ്പര്യഘടകങ്ങളാണ്.

> പാദമുദ്രകൾ, ആയിഷ, മുളങ്കാട്, സർഗസംഗീതം, വഞ്ചിശദീപം, രാജഹംസം, ആത്മാവിൽ ഒരു ചിത, മാടവനപറമ്പിലെ ചിത, രാവണപുത്രി, എനിക്ക് മരണമില്ല, കൊന്തയും പൂണൂലും, എന്റെ ദന്തഗോപുരത്തിലേയ്ക്ക് ഒരു ക്ഷണക്കത്ത് എന്നിവ പ്രധാന കൃതികളാണ്.

### 1.4.2.1 കവിയും കാലവും

വയലാർ രാമവർമ്മയുടെ പാരമ്പര്യം ഹൈന്ദവമായ അടിത്തറയിൽ വേരുന്നിയതാണ്. കുട്ടിക്കാലത്ത് ലഭിച്ച സംസ്കൃത വിദ്യാഭ്യാസം, രാമായണ ഭാരതാദികളുടെ നിത്യപാരായണം, സാമുദായികമായ ആചാരാനുഷ്ഠാനങ്ങൾ എന്നീ പാരമ്പര്യ ഘടകങ്ങൾ കവിയിൽ രൂഢമൂലമായിരുന്നു. അദ്ദേഹത്തിന്റെ കവിതകളിലും സിനിമാഗാനങ്ങളിലും ഇവ ഇടയ്ക്കിടയ്ക്ക് പ്രകാശിതമാകുന്നുണ്ട്. ധാരാളം വിപ്ലവകവിതകളും ഗാനങ്ങളും എഴുതി ഭൗതികവാദി എന്ന് പേരെടുത്തതിനുശേഷവും അദ്ദേഹത്തിന്റെ കവിതകളിൽ ഈ പാരമ്പര്യം തുടിച്ചു നിൽക്കുന്നത് കാണാം.

'ആരണ്യാന്തര ഗഹ്വരോദര തപ -<br>
സ്ഥാനങ്ങളിൽ സൈന്ധവോ -<br>
ദാരശ്യാമ മനോഭിരാമ പുളിനോ -<br>
പാന്തപ്രദേശങ്ങളിൽ'

'സർഗ്ഗസംഗീതം' എന്ന ഈ കവിതയിൽ ഉയർന്നുനിൽക്കുന്ന ഭാരതസംസ്കാരത്തോടുള്ള ആദരവ്, കാലത്തിനോ ജീവിതസാഹചര്യങ്ങൾക്കോ ഇല്ലാതാക്കാൻ കഴിയുന്നതല്ല ഒരു വ്യക്തിയുടെ പാരമ്പര്യം എന്ന് സൂചിപ്പിക്കുന്നതാണ്.

പൂർവികരും സമകാലികരുമായ എഴുത്തുകാരുടെ സ്വാധീനം മിക്ക എഴുത്തുകാരിലും കാണാം. വയലാർ രാമവർമയും ഇതിന് ഒരു അപവാദമല്ല. മലയാള കവിതകൾക്ക് പുറമെ സംസ്കൃതം, ഇംഗ്ലീഷ്, റഷ്യൻ തുടങ്ങിയ ഭാഷകളിലെ കവികളും വയലാറിനെ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം സ്വാധീനതകൾക്ക് വശംവദനാകുമ്പോഴും തന്റെ സ്വന്തം കാവ്യശൈലി നിലനിർത്താൻ അദ്ദേഹം ശ്രമിച്ചിരുന്നു. വയലാറിനെ സ്വാധീനിച്ച പൂർവകവികളിൽ കുഞ്ചൻ നമ്പ്യാരും വെണ്മണിക്കവികളും ആണ് മുന്നിൽ നിൽക്കുന്നത്. ലളിതവും ഹൃദ്യവുമായ അദ്ദേഹത്തിന്റെ ഭാഷാശൈലി ഇവരുടെ ഭാഷാരീതിയോട് സാമ്യം പുലർത്തുന്നവയാണ്.

വയലാർകവിതകളിൽ തിളങ്ങി നിൽക്കുന്ന പ്രസാദത്തിന്റെയും ഫലിത പരിഹാസങ്ങളുടെയും ഉറവ നമ്പ്യാർ കവിതകളാണെന്ന് നിസംശയം പറയാം. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ജീർണതകളെ മുഖം നോക്കാതെ പരിഹസിച്ചിരുന്ന നമ്പ്യാരുടെ രീതി, സാമൂഹിക പരിവർത്തനത്തിന് കവിതയെ ആയുധമാക്കുന്ന ഏതൊരാൾക്കും പ്രചോദനമാകുന്നതാണ്. രാമവർമ്മയുടെ ഇത്താപ്പിരി, കുചേലൻ കുഞ്ഞൻ നായർ, തറവാടിന്റെ മാനം, ദൈവം വീട്ടിൽ

വന്നിരുന്നു, ഒരു ദൈവവും കൂടി തുടങ്ങിയ കവിതകളിലെല്ലാം നിറഞ്ഞുനിൽക്കുന്ന ഫലിതപരിഹാസങ്ങൾ നമ്പ്യാരുടെ സ്വാധീനതയെയാണ് വെളിവാക്കുന്നത്.

> വയലാർ, പി. ഭാസ്കരൻ, ഒ.എൻ.വി ഈ മൂന്നു കവികളും കമ്യൂണിസ്റ്റ് ആശയലോകത്തോട് ആഭിമുഖ്യം പുലർത്തിയവരാണ്.

മലയാള കവിതയിലെ ശൈലീപരമായ മാറ്റത്തിന് തുടക്കം കുറിച്ചവരാണ് വെണ്മണി കവികൾ. ലഘുവായ സംസ്കൃതപദങ്ങൾ പോലും ഒഴിവാക്കി പച്ചമലയാള പദങ്ങൾ സമൃദ്ധമായി അവർ തങ്ങളുടെ കവിതകളിൽ ഉപയോഗിച്ചു. പറയുന്നതിലെല്ലാം ഒരു ലാളിത്യം വേണമെന്നും അർഥം ഗ്രഹിക്കാൻ ആർക്കും ബുദ്ധിമുട്ട് ഉണ്ടാകരുതെന്നും അവർ സ്വന്തം കവിതകളിലൂടെ വ്യക്തമാക്കി. പൗരാണിക കഥാസന്ദർഭങ്ങൾ ഉപേക്ഷിച്ച് സാധാരണ മനുഷ്യരുടെ ജീവിത പരിസരങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ ആദ്യം തയ്യാറായതും അവരാണ്. ഫലിതവും പരിഹാസവും വെണ്മണി കവിതകളിലും നിറയെ കാണാം. വയലാർ കവിതകളിലും ശൈലീപരമായ ഈ സാമ്യത ഏറെ ദൃശ്യമാണ്.

ചങ്ങമ്പുഴയ്ക്ക് പിന്നാലെ വന്ന കവികളിൽ എല്ലാം കാല്പനികതയുടെ സ്വാധീനത കാണാമായിരുന്നു. വയലാറിലും ഇത് പ്രകടമാണ്. പക്ഷേ പ്രണയത്തെക്കുറിച്ച് പറയുന്നിടത്തുപോലും സാമൂഹിക പ്രശ്നങ്ങൾ അവതരിപ്പിക്കാൻ വയലാർ ശ്രമിച്ചിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. വള്ളത്തോളും ജി. ശങ്കരക്കുറുപ്പും വയലാറിനെ സ്വാധീനിച്ച കവികളാണ്. രാമവർമ്മയുടെ ആദ്യകൃതിയായ പാദമുദ്രകൾ ശൈലിയിലും ഉള്ളടക്കത്തിലും വള്ളത്തോൾക്കവിതയോട് ചേർന്നുനിൽക്കുന്നു. ജി.യുടെ മനോഹരങ്ങളും നൂതനങ്ങളുമായ കവിതകൾ വയലാറിനെ ആകർഷിച്ചിട്ടുണ്ട്. ചില കാവ്യബിംബങ്ങളും വൃത്തവും ജി.യുടെ കവിതകളുടെ പ്രതിസ്പന്ദനങ്ങളാണെന്ന് കാണാം.

'ജീവിക്കാനുള്ള അവകാശത്തിനു വേണ്ടി സമരം ചെയ്ത കവിയാണ് രാമവർമ്മ. അവരുടെ സാധാരണമനുഷ്യരുടെ ജീവിതപ്രശ്നങ്ങളാണ് എന്നും അദ്ദേഹത്തെ അലട്ടിയിരുന്നത്. തന്റെ ഗ്രാമത്തിൽ നടന്ന സമരത്തിൽ തൊഴിലാളികൾ കാണിച്ച ധീരതയാണ് അദ്ദേഹത്തിന്റെ കാവ്യകലയുടെ ആത്മാവ്' - എന്ന് എൻ.വി. കൃഷ്ണവാരിയർ രേഖപ്പെടുത്തിയിട്ടുള്ളത് വയലാറിന്റെ കവിതകൾ പരിശോധിക്കുമ്പോൾ മനസിലാകും. നാടും നാട്ടുകാരും അവരുടെ പ്രശ്നങ്ങളുമായിരുന്നു വയലാർ കവിതകളിലെ വിഷയങ്ങൾ.

> 1972-ൽ ഏറ്റവും നല്ല ഗാനരചയിതാവിനുള്ള രാഷ്ട്രപതിയുടെ സ്വർണമെഡൽ ലഭിച്ചത് അച്ഛനും ബാപ്പയും സിനിമക്ക് എഴുതിയ ഗാനത്തിനായിരുന്നു.

സമത്വത്തിൽ അധിഷ്ഠിതവും ചൂഷണങ്ങൾ ഇല്ലാത്തതുമായ ഒരു ലോകമായിരുന്നു കവിയുടെ സ്വപ്നം. ആ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിന് വേണ്ടിയുള്ള ശബ്ദം അദ്ദേഹത്തിന്റെ കവിതകളിൽ ഉണ്ട്. ജാതീയമായ വിവേചനവും സമൂഹത്തിൽ അധ:സ്ഥിതവർഗം നേരിടുന്ന ചൂഷണങ്ങളും മറ്റു കവികളെപ്പോലെ വയലാറിനെയും പ്രകോപിതനാക്കിയിരുന്നു. തങ്ങളുടെ താൽപര്യങ്ങൾക്ക് അനുസരിച്ച് ജാതി, മതം, വിശ്വാസം തുടങ്ങിയവയെ വ്യാഖ്യാനിക്കാനും അവയെ തങ്ങൾക്കധീനമാക്കാനും ശ്രമിച്ചുകൊണ്ടിരുന്ന ഉപരിവർഗത്തിനെതിരെ ശബ്ദിക്കാൻ വയലാർ തീരുമാനിച്ചു. കൊന്തയും പൂണൂലും, ഇത്താപ്പിരി, സന്യാസി തുടങ്ങിയ കവിതകളെല്ലാം ഈ ലക്ഷ്യത്തോടെ രചിച്ചിട്ടുള്ളവയാണ്.

പ്രണയത്തിന്റെ ലോലഭാവങ്ങൾ അവതരിപ്പിക്കുമ്പോഴും തന്റെ ജീവിതപ്രമാണത്തിന് നിരക്കാത്തതൊന്നും കവിയുടെ രചനകളിൽ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് കവിത കേവലം ഒരു വികാരപ്രകടനമായിരുന്നില്ല. പല കവിതകളിലും വിചാരാംശത്തെയാണ് കാവ്യവിഷയമാക്കിയിട്ടുള്ളത്. അവ കവിയുടെ ജീവിതസങ്കല്പത്തെയും ഒപ്പം കാവ്യവീക്ഷണത്തെയും അവതരിപ്പിക്കുന്നു. മനുഷ്യന്റെ മഹത്വത്തിൽ വിശ്വാസമർപ്പിക്കുകയും മനുഷ്യരാശിയുടെ ഉൽക്കർഷത്തിനു വേ

ണ്ടി മരണംവരെ പാടുകയും ചെയ്ത കവി യാണ് വയലാർ.

'സ്നേഹിക്കയില്ല ഞാൻനോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും'

എന്ന് 'മാനിഷാദ' എന്ന കവിതയിൽ വയലാർ പ്രഖ്യാപിക്കുന്നു. ആ കവിതയിൽ വാല്മീകിയുടെ ശബ്ദമാണ് താൻ ഏറ്റുപാടുന്നതെന്ന് കവി വ്യക്തമാക്കുകയും ചെയ്യുന്നു.

ഒരു യാഥാസ്ഥിതിക കുടുംബത്തിലാണ് ജനിച്ചതെങ്കിലും മനുഷ്യാഭിമാനത്തിന്റെ കവിയാണ് വയലാർ. അദ്ദേഹം മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു. മരണമില്ലാത്ത മനുഷ്യൻ വയലാർ കവിതകളിലെ മുഖ്യഘടകമാണ്. മാനവികബോധത്താൽ പ്രചോദിതമായി എഴുതുക എന്നതാണ് എഴുത്തുകാരന്റെ ധർമം എന്ന വിശ്വാസമാണ് വയലാറിനെ നയിച്ചിരുന്നത്. ഏത് ഭാഷയിലും ഉദാത്ത രചനകളെല്ലാം മനുഷ്യകഥാനുഗായികളാണ്. 'എനിക്ക് മരണമില്ല' എന്ന കവിതയിലെ 'ഞാൻ' മനുഷ്യരാശിയെ മുഴുവൻ പ്രതിനിധീകരിക്കുന്നു. ആ മനുഷ്യനിൽ തുടിക്കുന്ന സനാതന ചൈതന്യത്തെ സ്നേഹജ്വാലയായും അവനിൽ അവിശ്രമം പായുന്ന അശ്വത്തെ കാലമായും കവി വിഭാവനം ചെയ്യുന്നു.

'കാലമാണവിശ്രമം പായുമെന്നശ്വം സ്നേഹ –
ജ്വാലയാണെന്നിൽ കാണും ചൈതന്യം സനാതനം'

എന്ന് പ്രഖ്യാപിക്കുമ്പോൾ കവിയെ പ്രേരിപ്പിച്ചതും മനുഷ്യത്വബോധമാണ്. കാലദേശങ്ങളുടെയോ ജാതിമതങ്ങളുടെയും വർഗവർണങ്ങളുടെയോ അതിർവരമ്പുകൾ ഇല്ലാത്ത 'വിശ്വമാനവസങ്കല്പം' വയലാർ ക്കവിതകളുടെ അന്തർധാരകളിൽ ഒന്നാണ്. ചൂഷിത വർഗത്തിന്റെ ജീവിതയാതനകളാണ് അനേകം കവിതകളിൽ അദ്ദേഹം സ്വീകരിച്ച പ്രമേയം.

മനുഷ്യന്റെ പരിണാമത്തിന്റെ ചരിത്രം ഒരു ജൈത്രയാത്രയുടേതാണ്.

'പ്രപഞ്ചം മുഴുവനും പണ്ട് പണ്ടൊരു കാലം
പ്രളയാബ്ധിയിൽ മുങ്ങിത്താണടിഞ്ഞിരുന്നപ്പോൾ
വന്നു ഞാൻ അമീബയായ് .......'

ആ വളർച്ചയുടെ ഘട്ടങ്ങൾ ഓരോന്നായി കവി തൊട്ടു കാണിക്കുമ്പോൾ ഭാരതീയ പുരാണസങ്കല്പമനുസരിച്ചുള്ള ദശാവതാരകഥകൾ നമ്മുടെ മനസിൽ ഉയർന്നുവരും. വ്യക്തിജീവിതത്തിൽ പാരമ്പര്യത്തിന്റെ ആചാരാനുഷ്ഠാനങ്ങളുമായി സഹകരിച്ചിരുന്ന ഒരു കാലം കവിക്കുണ്ടായിരുന്നു. പക്ഷേ തന്റെ കാവ്യങ്ങളിലും വ്യക്തിജീവിതത്തിലും അദ്ദേഹത്തിന് മാറ്റങ്ങൾ ഉണ്ടായി.

> 'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
> മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
> മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി മനസ്സു പങ്കുവച്ചു'
>
> – വയലാർ

പ്രപഞ്ചത്തിന്റെ അധിനായകനാണ് ഈശ്വരൻ എന്ന സങ്കല്പത്തോട് വയലാറിന് യോജിപ്പുണ്ടായിരുന്നില്ല. ആ ഒരു ദൈവസങ്കല്പത്തിൽ നിന്നും കഴിയുന്നത്ര അകലം അദ്ദേഹം പാലിച്ചു. കവിയെ സംബന്ധിച്ചിടത്തോളം മനുഷ്യൻ തന്നെയാണ് സർവശക്തൻ. മനുഷ്യനെ നയിക്കേണ്ടത് സ്നേഹമാണെന്നും കവി ഉദ്ഘോഷിക്കുന്നു. വയലാറിന്റെ മാനവസങ്കല്പത്തിന്റെ പൂർണരൂപം കാണാനാകുന്ന കവിതയാണ് 'എനിക്ക് മരണമില്ല.'

'എന്നിൽ നിന്നതീതമായ് വ്യതിരിക്തമായ് മന്നി –

ലൊന്നുമുണ്ടായിട്ടില്ലെന്നന്നു ഞാൻ പ്രഖ്യാപിച്ചു.'

മനുഷ്യന്റെ മോചനമായിരുന്നു കവിയെ നിരന്തരം അലട്ടിയിരുന്ന പ്രശ്നം. മർദ്ദകരും മർദ്ദിതരും എന്ന് രണ്ട് വിഭാഗങ്ങൾ സമൂഹത്തിലുണ്ടെന്നും മർദ്ദിതർക്ക് വേണ്ടിയാണ് മനുഷ്യൻ നിലനിൽക്കേണ്ടതെന്നും അദ്ദേഹം വാദിച്ചു. അതോടൊപ്പം അധികാര വർഗത്തിന്റെ ക്രൂരതയെ നിശിതമായി വിമർശിക്കുകയും ചെയ്തു.

വേദനിക്കുന്നവരുടെ തോഴനായും അമർത്തപ്പെട്ടവരുടെ വിമോചകനായും സ്വയം പ്രഖ്യാപിച്ച വയലാർ സർഗ്ഗസംഗീതം എന്ന കവിതയിലൂടെ തന്റെ കാവ്യശൈലിക്ക് മാ

റ്റം വരുത്തി എന്ന വിമർശനം ഉയർന്നുവന്നു.

'വാളല്ലെൻ സമരായുധം ഝണ ഝണ

ധ്വാനം മുഴക്കീടുവാനാളല്ലെൻ കരവാളു വിറ്റൊരു

മണിപ്പൊൻവീണ വാങ്ങിച്ചു ഞാൻ!'

എന്ന വരികൾ കവിയിലെ വിപ്ലവ വീര്യം നഷ്ടപ്പെട്ടതിന്റെ ഫലമാണെന്ന ആക്ഷേപത്തിനിടയാക്കി. കുറച്ചുനാൾ കാവ്യലോകത്ത് നിന്നും വിട്ടുനിന്നപ്പോൾ വയലാർ ഒരു ദന്തഗോപുര കവിയാണെന്നും അല്ലെന്നുമുള്ള വാദങ്ങൾ നടന്നു.

'ഞാനെന്റെ വല്മീകത്തിലിത്തിരി നേരം

ധ്യാനലീനനായിരുന്നത് സല്ലപിക്കുവാനല്ല' എന്ന് പറഞ്ഞുകൊണ്ട് തന്റെ നിലപാട് വ്യക്തമാക്കാൻ കവി നിർബന്ധിതനായി.

### 1.4.2.2 ഗാനങ്ങൾ

1950-കളോട് കൂടിയാണ് വയലാർ ഗാനങ്ങൾ എഴുതി തുടങ്ങിയത്. 'ബലികുടീരങ്ങളെ,' 'തലയ്ക്കു മീതെ ശൂന്യാകാശം താഴെ മരുഭൂമി,' 'ചക്കരപ്പന്തലിൽ തേന്മഴ ചൊരിയും,' തുടങ്ങി നിരവധി നാടകഗാനങ്ങൾ അദ്ദേഹം രചിച്ചു. പെരിയാറേ പെരിയാറേ, മാനസ മൈനേ വരൂ, ഗംഗയാറൊഴുകുന്ന നാട്ടിൽ, കണ്ണുതുറക്കാത്ത ദൈവങ്ങളെ തുടങ്ങി അനശ്വരങ്ങളായ ആയിരക്കണക്കിന് സിനിമാഗാനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ദർശനികതയും പ്രണയവും കാമവും മോഹവും പ്രകൃതിയും പ്രളയവുമൊക്കെ വയലാറിന്റെ ഗാനങ്ങളിൽ നിറഞ്ഞുനിന്നു. കലാകാരൻ അമരനാണെന്ന് ഓർമിപ്പിച്ചുകൊണ്ട് നാമിന്നും അവ കേൾക്കുന്നു.

'ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം

ഇന്ദ്രധനുസിൻ തൂവൽ പൊഴിയും തീരം

ഈ മനോഹര തീരത്ത് തരുമോ

ഇനിയൊരു ജന്മം കൂടി


എനിക്കിനിയൊരു ജന്മം കൂടി ....'

1975-ൽ പുറത്തിറങ്ങിയ 'കൊട്ടാരം വിൽക്കാനുണ്ട്' എന്ന ചിത്രത്തിലെ ഗാനമാണിത്. മനോഹരമായ ഈ തീരത്ത് ഇനിയൊരു ജന്മം കൂടി വേണമെന്ന് ആഗ്രഹിച്ച വയലാർ 1975-ൽ ഇഹലോകത്തോട് വിട പറഞ്ഞു.

### അവലോകനം

വയലാർ രാമവർമ്മ കവി, ഗാനരചയിതാവ് എന്നീ നിലകളിൽ ശോഭിച്ചു. പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഈശ്വര സങ്കല്പത്തിൽ നിന്നും വേറിട്ട് മനുഷ്യൻ തന്നെയാണ് ഈശ്വരൻ എന്ന് തന്റെ കവിതകളിലൂടെ അദ്ദേഹം പ്രഖ്യാപിച്ചു. മർദ്ദിതരും ചൂഷണവിധേയരുമായ സാധാരണ മനുഷ്യന്റെ പ്രശ്നങ്ങളാണ് അദ്ദേഹം തന്റെ കാവ്യങ്ങൾക്ക് വിഷയമാക്കിയത്. കർഷക സമരങ്ങളും തൊഴിലാളിവർഗ സമരങ്ങളും കണ്ടുവളർന്ന വയലാർ അടിസ്ഥാന ജനതയുടെ ജീവിത പ്രതിസന്ധികളെ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാനാണ് കൂടുതലും ശ്രമിച്ചത്. അദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരം 1948-ൽ പുറത്തിറങ്ങിയ പാദമുദ്രകളാണ്. ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടനായിരുന്ന കവി (ഗാന്ധിജിയുടെ മരണശേഷം) എഴുതിയ കവിതകളാണ് 'പാദമുദ്രകൾ' എന്ന സമാഹാരത്തിലുള്ളത്. കൊന്തയും പൂണൂലും, നാടിന്റെ നാദം, എനിക്ക് മരണമില്ല, മുളങ്കാട്, ഒരു ജൂദാസ് ജനിക്കുന്നു, എന്റെ മാറ്റൊലിക്കവിതകൾ, സർഗസംഗീതം എന്നിവയാണ് പ്രധാനപ്പെട്ട കവിതാസമാഹാരങ്ങൾ. 'ആയിഷ' എന്ന ഖണ്ഡകാവ്യവും 'രക്തം കലർന്ന മണ്ണ്', 'വെട്ടും തിരുത്തും' എന്നീ കഥാസമാഹാരങ്ങളും 'പുരുഷാന്തരങ്ങളിലൂടെ' എന്ന യാത്രാവിവരണവും വയലാറിന്റെ രചനകളിൽ ഉൾപ്പെടുന്നു.

## 1.4.3 കെ. അയ്യപ്പപ്പണിക്കർ



കെ. അയ്യപ്പപ്പണിക്കർ

ആധുനികതയെ മലയാളികൾക്ക് പരിചയപ്പെടുത്തിയ കവിയാണ് കെ. അയ്യപ്പപ്പണിക്കർ. ആധുനികതയുടെ പ്രചാരകനും പ്രയോക്താവുമായി അദ്ദേഹം നിലനിന്നു. സ്വന്തം കവിതകളിലൂടെയും പ്രസിദ്ധീകരണങ്ങളുടെയും ചൊല്ലരങ്ങുകളുടെയും പരിഭാഷകളിലൂടെയും കവികൾക്കും സഹൃദയർക്കും പുതിയൊരു ദിശാബോധം ഉണ്ടാക്കാൻ അദ്ദേഹം ശ്രമിച്ചു.

**ആധുനികത**

ആധുനികത എന്നത് 18,19 നൂറ്റാണ്ടുകളിൽ പാശ്ചാത്യനാടുകളിൽ ഉണ്ടായ ഉണർവിനെ കുറിക്കുവാനാണ് ഉപയോഗിക്കുന്നത്. ആദ്യകാലങ്ങളിൽ സാമൂഹികമായ ഉരുത്തിരിയലിനെ ഉന്നം വച്ചാണ് ആധുനികത എന്ന പ്രയോഗം കേട്ടു തുടങ്ങിയതെങ്കിൽ 18-ാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ഉണ്ടായ സാഹിത്യ പുരോഗതിയെ ലക്ഷ്യം വച്ചാണ് ആധുനികത എന്ന പ്രയോഗം ഒരു സാഹിത്യ പ്രസ്ഥാനമായി അറിയപ്പെട്ടു തുടങ്ങിയത്. ഇംഗ്ലീഷ് സാഹിത്യത്തിൽ 1890 മുതൽ 1940 വരെയുള്ള കാലത്താണ് ആധുനികത നിലനിന്നതെന്നും ആധുനികതയുടെ ഏറ്റവും ക്രിയാത്മകവും നവീനവുമായ കാലം 1920-കളും 30-കളും ആയിരുന്നുവെന്നും ചൂണ്ടിക്കാനിക്കപ്പെട്ടിട്ടുണ്ട്. സമകാലികം എന്നർത്ഥമുള്ള 'Mo-do' എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് മോഡേണിസം എന്ന പദത്തിന്റെ ഉൽപത്തി.

### 1.4.3.1 കവിയും കാലവും

1950-കൾ മലയാള കവിതയെ സംബന്ധിച്ചിടത്തോളം നിർണായകമായിരുന്നു. വൈലോപ്പിള്ളി, ജി. ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ തുടങ്ങിയവർ കാല്പനികതയ്ക്ക് പുതിയ രൂപഭാവങ്ങൾ നൽകിക്കൊണ്ട് തങ്ങളുടെ കാവ്യങ്ങളിലൂടെ മലയാള കവിതാരംഗത്ത് നിലയുറപ്പിച്ചു. അവരിൽ നിന്നും വ്യത്യസ്തമായി സമൂഹത്തിന്റെ പ്രശ്നങ്ങളിലേക്ക് തങ്ങളുടെ വാക്കുകളെ സന്നിവേശിപ്പിച്ച് ഇടശ്ശേരിയും എൻ.വി. കൃഷ്ണവാരിയരും കാവ്യരംഗത്ത് ഉണ്ടായിരുന്നു. ഗദ്യസാഹിത്യത്തിലാകട്ടെ റിയലിസം പുതിയ വഴികളിലേക്ക് സഞ്ചരിക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിലാണ് പുതിയ കാവ്യഭാഷയും ശൈലികളുമായി അയ്യപ്പപ്പണിക്കർ മലയാള കാവ്യരംഗത്തേക്ക് കടന്നുവന്നത്.

1947-ൽ പ്രസിദ്ധീകരിച്ച പനിനീർപ്പൂവ് ആണ് അയ്യപ്പപ്പണിക്കരുടെ ആദ്യ കവിതാസമാഹാരം. തുടർന്ന് ധാരാളം കാവ്യസമാഹാരങ്ങളും വിവർത്തനങ്ങളും ഇനിയും സമാഹരിക്കപ്പെടാത്ത ലഘുകവിതകളും പരിഭാഷകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

മലയാള കവിതാലോകത്ത് നൂതനാനുഭവം സൃഷ്ടിച്ച കൃതിയാണ് കുരുക്ഷേത്രം. മഹാഭാരതയുദ്ധത്തിന്റെ മറ്റൊരുവർണ്ണനയല്ല കുരുക്ഷേത്രം. മനുഷ്യത്വത്തിന്റെ ഹരിതശക്തികളും അസുരത്വത്തിന്റെ താമ്രശക്തികളും തമ്മിൽ നടക്കുന്ന ഘോരസമരം ഒരു ആത്മസംഘർഷമായി അനുഭവിക്കുകയും അനുഭവിപ്പിക്കുകയും ചെയ്യുന്ന കവിതയാണ്

അയ്യപ്പപ്പണിക്കരുടെ കവിതകളുടെ ഒരു പ്രത്യേകത തനതായ ഒരു കാവ്യശൈലി അദ്ദേഹത്തിന് ഇല്ല എന്നുള്ളതാണ്. ഒരു എഴുത്തുകാരന്റെ കൃതികളെല്ലാം പരിശോധിച്ച് അവയെ വിശകലനത്തിന് വിധേയമാക്കുമ്പോൾ പൊതുവായ ഒരു കാവ്യസമ്പ്രദായമോ ദർശനമോ അയ്യപ്പപ്പണിക്കരുടെ കവിതകളിൽ ദൃശ്യമാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. ഓരോ കാവ്യത്തിൽ നിന്നും അതിന്റേതായ ഒരു വക്താവ് രൂപം കൊള്ളുന്നു. സ്ഥിരംശൈലിയുടെ അഭാവം, സ്ഥിരമായ ഒരു ദർശനം ഇല്ലായ്മ, വ്യക്തിത്വ സങ്കൽപത്തിന്റെ തിരസ്കാരം എന്നിവ അദ്ദേഹത്തിന്റെ കവിതകളുടെ മുഖമുദ്രയാണ്. ഒരു കവി എന്ന നിലയിൽ അദ്ദേഹം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ രഹസ്യവും ഇതുതന്നെയാണ്. അദ്ദേഹത്തിന്റെ കവിതകൾക്കെല്ലാം വ്യത്യസ്ത സ്വരവും ലക്ഷ്യവുമാണുള്ളത്. പഴയ കാലങ്ങളിൽ എഴുതപ്പെട്ട നാടൻകവിതകളുടെയോ പേരുകൾ രേഖപ്പെടുത്താത്ത ശിലാലേഖനങ്ങളുടെയോ സ്വഭാവമാണ് പണിക്കരുടെ കവിതകൾക്കുള്ളത്.

ഇരുപതാം നൂറ്റാണ്ടിൽ ഏറെ ചർച്ച ചെയ്യപ്പെട്ട പദമാണ് 'ആധുനികത'. സാമൂഹ്യ ജീവിതക്രമവുമായി ബന്ധപ്പെട്ടും സാഹിത്യസംബന്ധിയായും സംഗീതം, ചിത്രകല, സിനിമ, നൃത്തം എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങളിലും 'ആധുനികത' കടന്നുവരുന്നു. ഇംഗ്ലീഷിൽ മോഡേണിറ്റി, മോഡേണിസം എന്നും ഫ്രഞ്ചിൽ 'മൊദേർണിമസ്', 'മോദർണി' എന്നും രണ്ട് വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഈ രണ്ട് സംജ്ഞയ്ക്കും പകരമായി 'ആധുനികത' എന്ന പദം നമ്മൾ ഉപയോഗിച്ചുവരുന്നു.

– എം. മുകുന്ദൻ (എന്താണ് ആധുനികത)

അയ്യപ്പപ്പണിക്കർ ഒരിക്കലും പാരമ്പര്യവാദി ആയിരുന്നില്ല. എന്നാൽ തന്റെ കവിതകളിൽ പരമ്പരാഗത രീതികൾ അദ്ദേഹം സമർഥമായി ഉപയോഗിച്ചു. കവിയെന്ന നിലയിലുള്ള വളർച്ചയെ രൂപപ്പെടുത്തിയത് പൈതൃകത്തിന്റെയും പരിസരത്തിന്റെയും സ്വാധീനമാണ്. ആ സ്വാധീനതയെക്കുറിച്ച് കവി പറയുന്നത് ഇപ്രകാരമാണ്: 'വള്ളത്തോളും ആശാനും ശങ്കരക്കുറുപ്പും ചങ്ങമ്പുഴയും വൈലോപ്പിള്ളിയും..... എല്ലാം വായിച്ചാണ് കവിതയെപ്പറ്റി ഒരു സാമാന്യരൂപം ക്ലാസ് മുറികളിൽ നിന്ന് കിട്ടിപ്പോന്നത്. അതിലും ശക്തമായ സ്വാധീനതയാണ് വീട്ടിലെ നിത്യപാരായണത്തിന് ഉപയോഗിച്ചു പോന്ന രാമായണ, ഭാരത, ഭാഗവതാദികൾ. കൂട്ടത്തിൽ ഇരുപത്തിനാലുവൃത്തം, പതിനാലു വൃത്തം, ജ്ഞാനപ്പാന, ഹരിനാമകീർത്തനം, സന്ധ്യാനാമം പോലുള്ള സ്തോത്രങ്ങൾ എന്നിവയും. കൂടാതെ കഥകളി കാണുമ്പോൾ കേൾക്കുന്ന ആട്ടക്കഥ ഭാഗങ്ങൾ, തിരുവാതിരക്കളിക്കും മറ്റും ഉപയോഗിച്ചു പോന്ന നാടൻപാട്ടുകൾ, കൂട്ടുകാർ ചൊല്ലി കേട്ട തമാശാപദ്യങ്ങൾ, തെറിശ്ലോകങ്ങൾ, കൊയ്ത്താളന്മാരുടെയും മറ്റും കളികളും പാട്ടുകളും ഇതെല്ലാം ഓരോ തരത്തിൽ മനസിനെ സ്വാധീനിച്ചു. ഇവയിൽ നിന്നും ഊറി കിട്ടിയ ചില ഈണങ്ങൾ മനസിൽ പറന്നു നടന്നിരുന്നു. കുട്ടനാട്ടിലെ തോടും പാടവും കടന്ന് കാവാലത്തുനിന്ന് മങ്കൊമ്പിലെ സ്കൂളിലേക്ക് വള്ളത്തിലുള്ള യാത്രയും മറ്റും അനുഭവത്തെ ഈണപ്പെടുത്തുന്നതിൽ ഒരു പങ്ക് വഹിച്ചിരിക്കണം.' പാരമ്പര്യവും ആധുനികതയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ഈ സന്ധി അയ്യപ്പപ്പണിക്കരുടെക്കവിതയിലെ വൈരുദ്ധ്യാത്മകതയുടെ എന്നപോലെ നർമബോധത്തിന്റെയും ഒരു പ്രധാന ഉറവിടമാണ്.

മനുഷ്യമനസ്സിൽ അനാദികാലം മുതൽ നടക്കുന്ന ദേവാസുരയുദ്ധത്തിന്റെ പ്രതീകമാണ് സാക്ഷാൽ കുരുക്ഷേത്രമെന്ന് ഗീതാപണ്ഡിതൻമാർ എല്ലാക്കാലവും സമർത്ഥിച്ചിട്ടുണ്ട്. നമ്മുടെ കവിതയും ഒരു കുരുക്ഷേത്രത്തെയാണ് അവതരിപ്പിക്കുന്നത്. കാലം ആധുനികമായതുകൊണ്ട് പ്രശ്നങ്ങളെല്ലാം കൂടുതൽ സങ്കീർണ്ണമാണ്. ധർമമേത്, അധർമമേത് എന്ന് വിനിശ്ചയം ചെയ്യാൻ അർജ്ജുനനുണ്ടായി രുന്നതിനേക്കാൾ വിഷമമാണ് ആധുനിക മനുഷ്യന്. അർജ്ജുനന്റെ മുന്നിൽ കൃഷ്ണനെങ്കിലും ഉണ്ടായിരുന്നു. ഇന്ന് നമുക്ക് കൃഷ്ണനുമില്ല. ബുദ്ധനുമില്ല. ഗാന്ധിയുമില്ല. എങ്കിലും ലക്ഷ്യം കാണണം, സുഖം വേണം, (സുഖം ദേഹി ജനാർദ്ദന) ഭഗവാൻ കനിഞ്ഞുനൽകിയ വിശ്വരൂപദർശനമാണ് അർജ്ജുനന്റെ മനസിന് പൂർണ്ണമായ സമാധാനം നൽകിയത്. നമ്മുടെ കവിതയും ഒരുതരത്തിൽ വിശ്വരൂപദർശനത്തിനാണ് തുനിയുന്നത് അഥവാ വിശ്വസംസ്കാര ചരിത്രത്തിന്റെ ഒരു സംഗ്രഹദർശനത്തത്തിന്''

-ഗുപ്തൻ നായർ

ചങ്ങമ്പുഴക്കവിതകളുടെ സൗന്ദര്യം മലയാളകവിതയിൽ നിറഞ്ഞുനിന്ന കാലത്താണ് അയ്യപ്പപ്പണിക്കർ കാവ്യരചന ആരംഭിച്ചത്. അയ്യപ്പപ്പണിക്കരുടെ ആദ്യകാല കവിതകളിൽ ചങ്ങമ്പുഴക്കവിതകളുടെയും കാല്പനികഭാവങ്ങളുടെയും സ്വാധീനം

കാണാമായിരുന്നു. എങ്കിലും കാല്പനി കകവികൾ അവതരിപ്പിച്ചിരുന്ന ബിംബങ്ങ ളെയെല്ലാം അദ്ദേഹം ആദ്യകാല കവിതക ളിൽ തന്നെ ഭഞ്ജിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു.

1952-ൽ രചിച്ച 'എന്റെ ഭിത്തിമേൽ', 'ഒരു സർറിയലിസ്റ്റ് പ്രേമഗാനം' എന്നീ കവിത കളാണ് അയ്യപ്പപ്പണിക്കരുടെ രചനകളിൽ ആധുനിക മലയാള കാവ്യലോകത്തിന്റെ അടയാളരേഖയായി ആദ്യം തെളിയിച്ചു കാ ട്ടുന്നത്.

> കുടുംബപുരാണം എന്ന കവി തയിൽ മനുഷ്യവർഗത്തിന്റെ മനുഷ്യത്വത്തിന്റെയും പരിണാമ ചിത്രമാണ് കവി വിശകലനം ചെയ്യുന്നത്.

പുരാണങ്ങളെ ആധാരമാക്കി ധാരാളം കവിതകൾ അയ്യപ്പപ്പണിക്കർ രചിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ കുരുക്ഷേത്രം എന്ന കവിത മഹാഭാരതയുദ്ധത്തിന്റെ വർ ണനയല്ല. നമ്മുടെ കാലത്ത് മനുഷ്യത്വത്തി ന്റെ നന്മകളും തിന്മകളും തമ്മിൽ നടക്കുന്ന ഘോര സമരത്തെ ഒരു ആത്മസംഘർഷമാ യി അനുഭവിക്കുന്ന കവിതയാണത്. പുരൂരു വസ്, തന്റെ കൺമുന്നിൽ നിന്നും മറഞ്ഞു പോയ ഉർവശിയെ തേടിയലയുന്ന പഴയ വിക്രമൻ മാത്രമല്ല, നഷ്ടപ്രണയത്തെയും നഷ്ടസൗഭാഗ്യത്തെയും തേടിയലയുന്ന ദുഃഖിയും വിരഹിയുമായ സമകാലീന നായകൻ കൂടിയാണ്. ശിവപാർവതിയും ഉർ വശിയും പോലെ കാളിദാസകാവ്യങ്ങളുടെ പുനഃസൃഷ്ടി നടത്തുമ്പോൾ മാത്രമല്ല, യാ ത്രാനുഭവങ്ങളെ കവിതകളിലേക്ക് ആവാ ഹിക്കുമ്പോഴും പുരാണങ്ങളും പ്രാദേശിക സംസ്കാരങ്ങളും പണിക്കരുടെ കവിതയ് ക്ക് അഗാധതയും സ്ഥലകാലബോധവും നൽകുന്നു.

അയ്യപ്പപ്പണിക്കരുടെ കുടുംബപുരാണം മുതൽ ഗോത്രയാനം വരെയുള്ള കവിതക ളൊക്കെ വ്യക്തിസ്മൃതിയെയും വംശസ് മൃതിയെയും സമന്വയിപ്പിക്കുന്നവയാണ്. എന്നാൽ കവി പാരമ്പര്യത്തിന്റെ വെറുമൊ രു ശ്രോതാവായി മാറുകയല്ല ചെയ്യുന്നത്. സമൂഹത്തിനെ രൂക്ഷമായ പരിഹാസത്തിന് വിധേയമാക്കുകയും ചെയ്യുന്നു.

'ദൈവമേ കൈതൊഴാം കേൾക്കുമാറാക ണം<br>
ബോറനാമെന്നെ നീ കാക്കുമാറാകണം<br>
കള്ളം പറയുവാൻ ത്രാണിയുണ്ടാക്കണം<br>
കള്ളപ്പണത്തിനും മാർഗ്ഗമുണ്ടാക്കണം'

സന്ധ്യാനാമങ്ങളുടെ സംസ്കാരം ആക്ഷേപഹാസ്യത്തിനുള്ള ഉറവിടമായി മാ റുന്നു. കുടുംബപുരാണത്തിലെ പൂർവികരു ടെ സ്മരണകൾ കവിയെ നയിക്കുന്നത്:

'മർത്യന് സ്തുതി പാടുക നാം,<br>
തന്നയൽപ്പക്കത്തര വയർ<br>
നിറയാ പെണ്ണിനു പെരുവയർ നൽകും<br>
മർത്യനു സ്തുതി പാടുക നാം'..... എന്ന

വർത്തമാന വിമർശനത്തിലേക്കാണ്. മൃത്യു പൂജ എന്ന കവിതയിലെ കണ്വമഹർഷി കടങ്കഥ പറയുന്നത് കണ്ണാശുപത്രിയുടെ പർണാശ്രമത്തിൽ ഇരുന്നാണ്.

> മുഖച്ഛായ നഷ്ടപ്പെട്ട, സ്വത്വം നഷ്ടപ്പെട്ട സ്വന്തം നാടിനെക്കുറിച്ചുള്ള വിലാപ മാണ് 'നാടെവിടെ മക്കളെ' എന്ന കവിത

ഇത്തരത്തിൽ ആധുനികമായ അനുഭവ ങ്ങളെ തീവ്രമോ വിശാലമോ ആക്കുവാൻ, പരിഹസിക്കുവാൻ ഭൂതകാലത്തിൽ തനി ക്കുണ്ടായ അനുഭവങ്ങളും പാരമ്പര്യ സ്മര ണകളും കവി തന്റെ കവിതകളിൽ ഇണക്കി ചേർക്കുന്നു. ഇന്നും ഇന്നലെയും നാളെയും വർത്തമാനകാലമായ ഇന്നിൽ ഉറപ്പിച്ചു നിർ ത്തുകയാണ് പണിക്കർ ചെയ്യുന്നത്. പാര മ്പര്യത്തെ, വംശസ്മൃതികളെ തന്റെ ആവ ശ്യത്തിനനുസരിച്ച് കവി മാറ്റിമറിക്കുന്നു. കാല്പനികവിരുദ്ധമായ നർമബോധത്തി ന്റെയും രൂപസ്വാച്ഛന്ദ്യത്തിന്റെയും മാതൃക കളാൽ നിറഞ്ഞതാണ് പണിക്കരുടെ കവി തകൾ.

വിപരീതങ്ങൾ കൊണ്ട് മെനഞ്ഞെടുത്ത താണ് അദ്ദേഹത്തിന്റെ കവിതകൾ. പരസ് പര ദ്വന്ദ്വങ്ങളുടെ ഇണക്കിചേർക്കലിലൂടെ നേടുന്ന ചിന്താപരവും ഭാഷാപരവുമായ സമതുലനം അവയുടെ സ്വഭാവമാണ്. ഈ

വൈരുദ്ധ്യമാണ് അയ്യപ്പപ്പണിക്കരുടെക്കവിതകളിലെ നർമത്തിന്റെ ഉറവിടം. തത്വചിന്താപരമായ അവിശ്വാസവും ബോധപൂർവമായ കുസൃതിയും വിചിത്രമായ അനുപാതങ്ങളിൽ കലർത്തി പരോക്ഷമായ ഒരുതരം ഹാസ്യം സൃഷ്ടിക്കുന്നു. ശബ്ദങ്ങളിലൂടെ നർമം സൃഷ്ടിക്കുന്ന വിദ്യയും കവിക്കുണ്ട്. 'കിഷ്കിന്ധ - കിഷു കിഷു- കിഷ്കിന്ധ', 'കംതകം', 'വിപ്ലവപ്ലവം' തുടങ്ങിയ ശബ്ദത്തിൽ നിന്നും ഉറവെടുത്ത നർമങ്ങൾ കാണാം.

'പണമെവിടെടാ, എവിടാടാടാ

എന്നിട്ടും പെണ്ണിന്നില്ലൊരു കുറു കുറുമ്പെന്റപ്പച്ചാ'

'എന്തെല്ലാം സമാചാരം

എല്ലാം നമുക്ക് ചാരം' തുടങ്ങിയ വരികൾ പരിഹാസം നിറഞ്ഞ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങളാണ്. ചില കവിതകളുടെ നർമം വാക്കുകളിലോ വാഗ്സംയുക്തങ്ങളിലോ നിന്നാണ് ഉത്ഭവിക്കുന്നത്.

'വെറുമൊരു മോഷ്ടാവായോരെന്നെ

കള്ളനെന്ന് വിളിച്ചില്ലേ' എന്ന വരികളിലെ ഫലിതം മോഷ്ടാവ്, കള്ളൻ എന്നീ പദങ്ങളിൽ അധിഷ്ഠിതമാണ്.

മഹാരാജാക്കഥകളിലൂടനീളം കാണുന്ന മന്ത്രിപുംഗവൻ, ഭിഷഗ്വരൻ, അമൃതേത്ത്, മാഴ്കുക, ആരവിടെ തുടങ്ങിയ പ്രയോഗങ്ങൾ പരിഹാസദ്യോതകമാണ്. ഇതിലെ കഥാപാത്രങ്ങളിലൂടെ സമകാല രാഷ്ട്രീയത്തിന്റെ തിന്മകളെ മുഴുവൻ പരിഹസിക്കുന്നു. കുട്ടനാടൻ ദൃശ്യങ്ങൾ, കാർട്ടൂൺ കവിതകൾ എന്നിവയിലെ കഥാപാത്രങ്ങൾ ഗ്രാമപരിസരങ്ങളിൽ നിന്നും കണ്ടെടുത്ത ടൈപ്പ് കഥാപാത്രങ്ങളാണ്. അദ്ദേഹത്തിന്റെ കാവ്യബിംബങ്ങൾക്കും സവിശേഷതകൾ ഉണ്ട്.

'ഞെട്ടിയുണരാൻ വിളഞ്ഞു കിടപ്പൂ

തൊട്ടിലിൽ താനേ ശയിക്കും ശവങ്ങൾ' എന്നതുപോലെയുള്ള നാനാർത്ഥങ്ങളായ കാവ്യബിംബങ്ങൾ പണിക്കരുടെ കവിതകളിൽ കണ്ടെത്താൻ കഴിയും.

രൂപഭാവങ്ങളുടെ സ്വച്ഛന്ദമനോഭാവം വൃത്തസ്വീകാര്യത്തിലും പണിക്കർ പുലർത്തുന്നു.

> ഭരണാധികാരികളുടെ ആദർശരാഹിത്യത്തിനെതിരെയുള്ള പ്രതികരണമാണ് 'രാമൻ വാണാലും രാവണൻ വാണാലും' എന്ന കവിത

വൃത്തം കാലം തന്നെയായി കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. കേരളീയ കവിതകളുടെ വൃത്തസാധ്യതകൾ അയ്യപ്പപ്പണിക്കരെ പോലെ പ്രയോജനപ്പെടുത്തിയിട്ടുള്ള കവികൾ നമുക്ക് കുറവാണ്. ദ്രാവിഡമായ ഗാനരീതികൾ, വായ്ത്താരി വൃത്തങ്ങൾ, ചാറ്റു വൃത്തങ്ങൾ, സംസ്കൃതവൃത്തങ്ങൾ, അനുഷ്ടുപ്പ് പോലെയുള്ള ഗദ്യഛന്ദസുകൾ, ഗദ്യത്തിന്റെ ഭിന്നരൂപങ്ങൾ - ഇങ്ങനെ നിരവധി സാധ്യതകൾ അവസരത്തിന് അനുസരിച്ച് പണിക്കർ ഉപയോഗിക്കുന്നു. വായ്ത്താരി വൃത്തങ്ങൾ ദ്രാവിഡ വൃത്തങ്ങളിൽ പോലും ഇടകലർത്തുന്നു. ദണ്ഡകങ്ങളെ മൃത്യുപൂജ, കുടുംബപുരാണം, ഗോപികാദണ്ഡകം തുടങ്ങിയ കവിതകളിൽ സ്വതന്ത്രമായി കൂട്ടി കലർത്തുന്നു. അനംഗശേഖരം എന്ന ദണ്ഡകത്തിന്റെ ഒരു രൂപമാണ് ' പ്രിയതമേ പ്രഭാതമേ' എന്ന കവിതയിൽ ഉള്ളത്.

'വിരിഞ്ഞു നിന്നെ നോക്കിടുന്ന

പൂവുകൾക്കുദാര ശോഭ ചൊരിയുവാനൊരുങ്ങി വരും

വൈഭവ പ്രവാഹമേ''.

പറയൻ തുള്ളലിന്റെ മല്ലികാവൃത്തമാണ് 'ഹേ ഗഗാറിൻ' എന്ന കവിതയിലുള്ളത്.

'ഹേ ഗഗാറിൻ, ഗഗന ചാരിൻ, പഥികനെൻ വഴി വിട്ടുമാറിൻ'

'അച്ഛൻ പറഞ്ഞതു കേട്ടു ഗൗരി

അർഘ്യപാദാദികൾ കയ്യിലേന്തി

തോഴിമാരൊത്തു പരിചരിച്ചു

പ്രേമസൽക്കാര പ്രസന്നയായി'

എന്നിങ്ങനെ കുമ്മിയുടെ രീതിയും സമവൃത്തങ്ങളും വേഗം വർധിക്കുന്ന മേള രീതികളും ദ്രാവിഡ വൃത്തങ്ങൾക്കും നാടോടി വൃത്തങ്ങൾക്കും ഈണങ്ങൾക്കും ഒപ്പം പണിക്കരുടെ കവിതാലോകത്ത് കാണാം.

പദതാളങ്ങളെ തീർത്തും തിരസ്കരിക്കുന്ന ഗദ്യത്തിലുള്ള കവിതകൾ മലയാള

ത്തിൽ ആവിഷ്കരിച്ചത് അയ്യപ്പപ്പണിക്കരാണ്. എന്നാൽ ഒരേരീതിയിൽ അല്ല അദ്ദേഹം ഗദ്യം ഉപയോഗിച്ചിട്ടുള്ളത്, സംഭാഷണരൂപത്തിലുള്ളത്, ആഖ്യാനരൂപത്തിലുള്ളത്, പ്രവാചകസ്വരത്തിൽ ഉള്ളവ, വിലാപാത്മകവും പ്രഭാഷണാത്മകവുമായ ഗദ്യം എന്നിങ്ങനെ വിവിധതരത്തിൽ അവയെ കവി പ്രയോഗിക്കുന്നു. കൂടാതെ പുതിയ ശീലുകളും മട്ടുകളും പണിക്കർ കവിതയിൽ ആവിഷ്കരിച്ചു. സ്തോത്രം, ഭാവഗീതം, ഗീതകം, ആക്ഷേപഹാസ്യം, നാടകീയ കാവ്യം, നൃത്തസംഗീതിക എന്നിങ്ങനെ പഴയ രൂപങ്ങൾ ഉപയോഗിച്ചതിനൊപ്പം കാർട്ടൂൺ കവിതകൾ (മോഷണം, കടുക്ക, റോസിലി) ആനുപൂർവ്വികൾ (ഗസലുകളുടെ രാത്രി, ഇവിടെ ജീവിതം, പകലുകൾ രാത്രികൾ, പാസ്സേജ് ടു അമേരിക്ക), നാടകീയ സ്വഗതാഖ്യാനങ്ങൾ (എന്തേ വൈകുന്നു രാമ) ആക്ഷേപഹാസ്യ സ്വഭാവമുള്ള കാവ്യനാടകം (പാലങ്ങൾ) ഇങ്ങനെ നിരവധി വ്യത്യസ്ത തരത്തിലുള്ള നൂതന പരീക്ഷണങ്ങൾ അദ്ദേഹം തന്റെ കവിതകളിൽ പ്രയോഗിച്ചു.

### അവലോകനം

മലയാളകവിതയിൽ ആധുനികതയുടെ വക്താവായി കടന്നുവന്ന കവിയാണ് കെ. അയ്യപ്പപ്പണിക്കർ. കാവ്യസങ്കല്പത്തിൽ പുതിയ മാനങ്ങൾ അദ്ദേഹം കണ്ടെത്തി. സമൂഹത്തിന്റെ അത്യാചാരങ്ങളും കപടനാട്യങ്ങളും വ്യക്തിസത്ത ഇല്ലാതാക്കാനുള്ള മാർഗങ്ങളാണെന്ന് അദ്ദേഹം വിശ്വസിച്ചു. വ്യക്തിചേതനയുടെ ദീപ്തിയെ ഉദാത്തവല്കരിക്കാൻ ശ്രമിക്കുന്ന കവി, സമൂഹത്തിന്റെ പൊങ്ങച്ചങ്ങളെയും പൊയ്മുഖങ്ങളെയും ആക്ഷേപഹാസ്യത്തിന്റെ കൂരമ്പുകൾ ഉപയോഗിച്ചുകൊണ്ട് വിമർശിക്കുന്നു. അദ്ദേഹത്തിന്റെ കുരുക്ഷേത്രം എന്ന കവിത മലയാളകാവ്യരംഗത്തെ ഒരു പ്രധാന വഴിത്തിരിവായി ഗണിക്കപ്പെടുന്നു. അനന്തമായ സ്ഥലകാലസീമകളിൽ പരന്നുകിടക്കുന്ന മനുഷ്യചരിത്രത്തിന്റെ പരിണാമം ഉചിതമായ പ്രതീകങ്ങളിലൂടെയും ബിംബങ്ങളിലൂടെയും ഇതിൽ ചിത്രീകരിക്കുന്നു. മനുഷ്യന്റെ സങ്കടങ്ങളാണ് അയ്യപ്പപ്പണിക്കരുടെ കവിതകൾക്ക് വിഷയം. അവ ലളിതവും വ്യംഗ്യാർഥ പ്രധാനവുമാണ്.

## Recap

- വിപ്ലവും കവിതയും
- റിയലിസ്റ്റിക് രീതിയിൽ എഴുതിയവയാണ് പി. ഭാസ്കരന്റെ കവിതകൾ
- പി. ഭാസ്കരൻ എഴുതിയ ഖണ്ഡകാവ്യം വയലാർ ഗർജിക്കുന്നു
- ബ്രിട്ടീഷ് ഗവൺമെന്റ് നിരോധിച്ച കവിതയാണ് ഓടക്കുഴലും ലാത്തിയും
- പി. ഭാസ്കരന്റെ കവിതകളിൽ ആവർത്തിച്ചുവരുന്ന ബിംബങ്ങളാണ് കർഷകനും ഭൂമിയും
- പ്രകൃതിയെയും അതിലെ ജീവിതങ്ങളെയും സമഭാവനയോടെ കാണുന്നു
- മതരഹിതമായ ഒരു ലോകമാണ് കവിയുടെ സ്വപ്നം
- ലളിതവും ഋജുവുമാണ് പി. ഭാസ്കരന്റെ ഭാഷ
- വയലാറിനെ സ്വാധീനിച്ച പൂർവകവികൾ – കുഞ്ചൻ നമ്പ്യാരും വെൺമണി കവികളും
- ലളിതവും ഹൃദ്യവുമാണ് വയലാറിന്റെ ഭാഷ
- നമ്പ്യാർ കവിതകളുടെ സ്വാധീനമാണ് വയലാറിന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്ന പ്രസാദവും ഫലിതപരിഹാസങ്ങളും
- ചങ്ങമ്പുഴയുടെ സ്വാധീനതയും വയലാറിൽ പ്രകടമാണ്
- പ്രണയത്തെക്കുറിച്ച് പറയുമ്പോഴും സാമൂഹികപ്രശ്നങ്ങൾ അവതരിപ്പി

ക്കാൻ വയലാർ ശ്രമിച്ചു

- ആദ്യ കൃതിയാണ് പാദമുദ്രകൾ
- ഗാന്ധിജിയുടെ മരണം ഏൽപ്പിച്ച ആഘാതത്തിൽ എഴുതിയ കവിതയാണ് പാദമുദ്രകൾ
- സമത്വത്തിൽ അധിഷ്ഠിതവും ചൂഷണങ്ങൾ ഇല്ലാത്തതുമായ ഒരു ലോകമായിരുന്നു കവിയുടെ സ്വപ്നം
- മനുഷ്യമഹത്വത്തിൽ വിശ്വസിക്കുകയും മനുഷ്യരാശിയുടെ ഉയർച്ചക്കുവേണ്ടി നിലകൊള്ളുകയും ചെയ്ത കവിയാണ് വയലാർ
- വയലാർക്കവിതകളിലെ മുഖ്യഘടകം മരണമില്ലാത്ത മനുഷ്യൻ
- മാനവികബോധത്താൽ പ്രചോദിതമായി എഴുതുകയാണ് എഴുത്തുകാരന്റെ ധർമം എന്ന് വയലാർ വിശ്വസിക്കുന്നു
- വിശ്വമാനവസങ്കല്പം വയലാർക്കവിതകളുടെ അന്തർധാരയാണ്
- പാരമ്പര്യമായ ദൈവസങ്കൽപ്പത്തോട് വയലാറിന് വിയോജിപ്പാണ് ഉണ്ടായിരുന്നത്
- ധാരാളം നാടകഗാനങ്ങളും സിനിമാഗാനങ്ങളും രചിച്ചിട്ടുണ്ട്
- അടിസ്ഥാന ജനതയുടെ ജീവിത പ്രതിസന്ധികളെ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാൻ ശ്രമിച്ച കവിയാണ് വയലാർ
- വയലാറിന്റെ ഖണ്ഡകാവ്യമാണ് ആയിഷ
- അയ്യപ്പപ്പണിക്കർ ആധുനികതയെ മലയാളികൾക്ക് പരിചയപ്പെടുത്തി
- അയ്യപ്പപ്പണിക്കരുടെ ആദ്യ കവിതാസമാഹാരമാണ് പനിനീർ പൂവ്
- അയ്യപ്പപ്പണിക്കർക്ക് തനതായ ഒരു കാവ്യശൈലി ഇല്ല
- സ്ഥിരം ശൈലിയുടെ അഭാവം, സ്ഥിരമായ ഒരു ദർശനമില്ലായ്മ, വ്യക്തിത്വ സങ്കൽപ്പനത്തിന്റെ തിരസ്കാരം എന്നിവ അയ്യപ്പപ്പണിക്കർ കവിതകളുടെ മുഖമുദ്രയാണ്
- പഴയ കാലങ്ങളിൽ എഴുതപ്പെട്ട നാടൻ കവിതകളുടെയോ, പേരുകൾ രേഖപ്പെടുത്താത്ത ശിലാലേഖനങ്ങളുടെയോ സ്വഭാവമാണ് പണിക്കരുടെ കവിതകൾക്കുള്ളത്
- എന്റെ ഭിത്തിമേൽ, ഒരു സർ റിയലിസ്റ്റ് പ്രേമഗാനം എന്നിവയാണ് അയ്യപ്പപ്പണിക്കരുടെ രചനകളെ ആധുനിക മലയാള കാവ്യലോകത്തിന്റെ അടയാളരേഖയായി പരിഗണിക്കുന്നത്
- പുരാണങ്ങളും പ്രാദേശിക സംസ്കാരങ്ങളും അയ്യപ്പപ്പണിക്കരുടെ കവിതയ്ക്ക് അഗാധതയും സ്ഥലകാലബോധവും നൽകുന്നു
- വൈരുദ്ധ്യാത്മകത അയ്യപ്പപ്പണിക്കർ കവിതകളുടെ അന്തസത്തയാണ്
- നാനാർത്ഥങ്ങളായ കാവ്യബിംബങ്ങൾ അയ്യപ്പപ്പണിക്കരുടെ കവിതകളിൽ കാണാൻ കഴിയും
- മനുഷ്യന്റെ മഹാസങ്കടങ്ങളാണ് അയ്യപ്പപ്പണിക്കർ കവിതകളിലെ വിഷയം

## Objective Questions

1. പി. ഭാസ്കരന്റെ കാവ്യശൈലി ഏതു രീതിയിലുള്ളതാണ്?
2. 'വില്ലാളിയാണ് ഞാൻ ജീവിത സൗന്ദര്യ - വല്ലകി മീട്ടലല്ലെന്റെ ലക്ഷ്യം.'- ഏത് കവിത?
3. പി. ഭാസ്കരന്റെ ഖണ്ഡകാവ്യം ഏത്?
4. ബ്രിട്ടീഷ് ഗവൺമെന്റ് നിരോധിച്ച പി. ഭാസ്കരന്റെ കവിത ഏത്?
5. പി. ഭാസ്കരന്റെ കവിതകളിൽ ആവർത്തിച്ചുവരുന്ന ബിംബങ്ങൾ ഏതെല്ലാം?
6. 'പ്രേമഗായകനല്ല ഞാനിപ്പോളോമനേ മാപ്പു നൽകണേ' - ആരുടെ വരികൾ?
7. വയലാറിന്റെ ആദ്യ കൃതി?
8. 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും' - ഏത് കവിതയിലെ വരികൾ?
9. എനിക്ക് മരണമില്ല എന്ന കവിതയിലെ 'ഞാൻ' പ്രതിനിധീകരിക്കുന്നത് ആരെ?
10. വയലാറിന്റെ അഭിപ്രായത്തിൽ ആരാണ് സർവ്വശക്തൻ?
11. വയലാറിന്റെ മാനവസങ്കല്പം പൂർണ്ണമായും പ്രത്യക്ഷപ്പെടുന്ന കവിത ഏത്?
12. വയലാർ അന്തരിച്ച വർഷം ഏത്?
13. വയലാറിന്റെ ഖണ്ഡകാവ്യമേത്?
14. വയലാറിന്റെ കഥാസമാഹാരങ്ങളുടെ പേരെഴുതുക?
15. വയലാർ എഴുതിയ യാത്രാവിവരണം ഏത്?
16. മലയാളകവിതയിൽ ആധുനികതയുടെ വക്താവായി കടന്നുവന്ന കവി ആര്?
17. അയ്യപ്പപ്പണിക്കരുടെ ആദ്യ കവിതാ സമാഹാരം ഏത്?
18. 'പ്രിയതമേ പ്രഭാതമേ' എന്ന കവിതയിലെ വൃത്തം ഏത്?
19. 'ഹേ ഗഗാറിൻ' എന്ന കവിതയിലെ വൃത്തം ഏത്?

## Answers

1. റിയലിസ്റ്റിക്
2. വില്ലാളി
3. വയലാർ ഗർജിക്കുന്നു
4. ഓടക്കുഴലും ലാത്തിയും
5. കർഷകനും ഭൂമിയും

6. പി. ഭാസ്കരന്റെ
7. പാദമുദ്രകൾ
8. മാ നിഷാദ
9. മനുഷ്യരാശിയെ
10. മനുഷ്യൻ
11. എനിക്ക് മരണമില്ല
12. 1975
13. ആയിഷ
14. രക്തം കലർന്ന മണ്ണ്, വെട്ടും തിരുത്തും
15. പുരുഷാന്തരങ്ങളിലൂടെ
16. കെ. അയ്യപ്പപ്പണിക്കർ
17. പനിനീർ പൂവ്
18. അനംഗ ശേഖരം
19. മല്ലിക

## Assignments

1. വൈകാരികവും ധൈഷണികവുമായ തലങ്ങളെ സമന്വയിപ്പിക്കുകയും വ്യക്തമായ ഒരു ജീവിതദർശനം പങ്കുവയ്ക്കുകയും ചെയ്ത കവിയാണ് ബാലാമണിയമ്മ. വിശദമാക്കുക.
2. നഷ്ടമായ ഗ്രാമീണാനുഭവങ്ങളോടുള്ള തീവ്രമായ അഭിനിവേശം പി. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ ദൃശ്യമാണ് - വിലയിരുത്തുക
3. പി. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന ബിംബകല്പനകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
4. കാല്പനിക പ്രസ്ഥാനം - കുറിപ്പെഴുതുക.
5. കാല്പനിക വിരുദ്ധതയാണ് എൻ.വി. കൃഷ്ണവാരിയരുടെ കവിതകളുടെ പ്രത്യേകത - വ്യക്തമാക്കുക.
6. ചൂഷിതവർഗത്തിന്റെ ജീവിതയാതനകൾ വയലാർ കവിതകളിലൂടെ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയാണ്?
7. കാല്പനികതയും റിയലിസവും സമന്വയിക്കുന്ന കാവ്യശൈലിയാണ് പി. ഭാസ്കരന്റേത് - വിലയിരുത്തുക.

## Suggested Reading


1. എ.എം. ഉണ്ണികൃഷ്ണൻ (എഡി:), ബാലാമണിയമ്മ പഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.
2. ടി.എൻ. സതീശൻ, പി. കുഞ്ഞിരാമൻനായരുടെ കാവ്യബിംബങ്ങൾ, ലിപി പബ്ലിക്കേഷൻ, കോഴിക്കോട്.
3. ചന്ദ്രിക ശങ്കരനാരായണൻ, ചങ്ങമ്പുഴ എന്ന സർഗ്ഗവിസ്മയം, കറന്റ് ബുക്സ്, തിരുവനന്തപുരം.
4. കെ.വി. രാമകൃഷ്ണൻ, എൻ.വിയുടെ കാവ്യ ലോകം, കറന്റ് ബുക്സ്, തൃശ്ശൂർ.
5. രാമചന്ദ്രൻ കവടിയാർ, ഇടശ്ശേരി കവിത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Reference


1. എൻ. സാം, മലയാള സാഹിത്യ ചരിത്രം (കവിത), കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. കെ.എം. ജോർജ്, ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
3. എം. ലീലാവതി, മലയാള കവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.


SGOU

# 2 BLOCK

# നോവലും ചെറുകഥയും

SGOU

# UNIT 1

# മലയാള നോവലിന്റെ പശ്ചാത്തലം ആദ്യകാല നോവലുകൾ

## Learning Outcomes

- മലയാളനോവലിന്റെ രൂപീകരണ പശ്ചാത്തലം മനസിലാക്കുന്നു
- ആദ്യകാല മലയാള നോവലുകളെക്കുറിച്ച് അറിവ് നേടുന്നു
- വിവർത്തന നോവലുകളെ പരിചയപ്പെടുന്നു
- ആദ്യകാല മലയാള നോവലുകളുടെ പ്രമേയപരമായ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisites

മനുഷ്യ ജീവിതത്തിന്റെ സമഗ്ര സ്വഭാവം ആലേഖനം ചെയ്യുന്ന ആധുനിക സാഹിത്യ രൂപമാണ് നോവൽ എന്ന് പറയാം. ഘടനാപരമായി നോവൽ ശില്പത്തിന് നാടക ശില്പത്തോട് അല്പസ്വല്പം സാമ്യമുണ്ടെന്ന് കാണാം. അടിവേരുകൾ തേടി ചെന്നാൽ ചരിത്രത്തിന്റെ ആദ്യകാലത്ത് തന്നെ മഹാകാവ്യമുൾപ്പടെയുള്ള എല്ലാ സാഹിത്യരൂപങ്ങളും പൊട്ടിപ്പുറപ്പെട്ടത്, സ്വാനുഭവങ്ങൾ തന്മയത്വത്തോടെ വിവരിക്കുവാനുള്ള മാനവികാഭിരുചിയിൽ നിന്നുമാണ്. ആത്മാവിഷ്കാര തല്പരതയെന്നും, അനുകരണ കൗതുകമെന്നും സാഹിത്യ ദാർശനികർ വിശേഷിപ്പിച്ചിരിക്കുന്നത് മൗലികമായ ഈ ആഭിമുഖ്യത്തെയാണെന്ന് കെ.എം. തരകൻ മലയാളനോവൽസാഹിത്യ ചരിത്രത്തിൽ വിലയിരുത്തുന്നു. തികച്ചും ജനകീയമായ ഒരു കലയാണ് നോവൽസാഹിത്യം. മനുഷ്യജീവിതത്തിന്റെ സമഗ്രതയും, അഖണ്ഡതയും അത് ലക്ഷ്യം വയ്ക്കുന്നു, നോവലുകൾ ഇന്ന് പുതിയ ജീവിതവീക്ഷണകോണിലൂടെ പുത്തൻ മേച്ചിൽപുറങ്ങളിലേക്ക് സഞ്ചരിച്ചു കഴിഞ്ഞു.

ഇന്ത്യൻ നവോത്ഥാന ചരിത്രത്തിന് മിഷനറിമാരുടെ ആഗമനം വളരെ വലിയ രീതിയിൽ സഹായിച്ചിട്ടുണ്ട്. സാംസ്കാരിക, സാഹിത്യ മേഖലയിൽ മിഷനറിമാർ സ്ഥാപിച്ച അച്ചടിശാലകളും, വിദ്യാലയങ്ങളും ഒരേ സമയം നിരക്ഷരതാ നിർമാർജ്ജനവും, സാഹിത്യോന്നതിയും ലക്ഷ്യം വച്ചിട്ടുള്ളതായിരുന്നു. ബൈബിൾ ദേശീയ ഭാഷകളി

ലേക്ക് വിവർത്തനം ചെയ്തതും, വ്യാകരണഗ്രന്ഥങ്ങളും, നിഘണ്ടുക്കളുടെ നിർമാണവും വലിയ തോതിൽ നമ്മുടെ സാംസ്കാരിക മേഖലയ്ക്ക് നവീനമായ ഉണർവ് നല്കി. ഹോർത്തൂസ് മലബാറിക്കസ്, താമ്ര ശാസനങ്ങൾ, ഉദയംപേരൂർ സുന്നഹദോസ്, കൂടാതെ വർത്തമാന പുസ്തകം, വേദ തർക്കം തുടങ്ങിയവ ആദ്യ കാല എഴുത്തിന്റെ ലിഖിത ഭംഗികളായിരുന്നു. നോവൽസാഹിത്യം പിച്ചവെച്ച് തുടങ്ങിയത് അച്ചടിശാലകളുടെയും, പ്രസിദ്ധീകരണങ്ങളുടേയും വരവോടെയാണ്. പശ്ചിമ താരക, ജ്ഞാന നിക്ഷേപം, രാജ്യസമാചാരം, പശ്ചിമോദയം എന്നീ പ്രസിദ്ധീകരണങ്ങളും, കേരള പത്രിക, വിദ്യാവിലാസിനി, മലയാളി, നസ്രാണി ദീപിക കൂടാതെ കേരള മിത്രവും, മലയാള മനോരമയും മലയാള മണ്ണിൽ അക്കാലത്ത് എഴുത്തിന്റെ മാന്ത്രിക ജാലവിദ്യകൾക്ക് കാരണമായി തീർന്ന പ്രസിദ്ധീകരണങ്ങളായിരുന്നു.

## Keywords

നോവൽ പ്രസ്ഥാനത്തിന്റെ ആരംഭം ഘട്ടവിഭജനം - മലയാള നോവൽ - രൂപീകരണ ചരിത്രം - ആദ്യകാല നോവലുകൾ

## Discussion

### 2.1.1 നോവലിന്റെ പശ്ചാത്തലം

നോവൽ പദത്തിന്റെ ധാത്വർഥം പുതിയത് എന്നാകുന്നു. പതിനഞ്ചാം ശതകത്തിൽ ഇറ്റലിയിലും പതിനാറാം ശതകത്തിൽ ഫ്രാൻസിലും ഇംഗ്ലണ്ടിലും പ്രചരിച്ച നൂതന കഥയ്ക്കാണ് നോവലെന്ന പേര് ലഭിച്ചതെന്ന് എം.പി. പോൾ 'നോവൽ സാഹിത്യം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. Novus ഒരു ലത്തീൻപദം (അർഥം -പുതിയത്). Novella (പുതിയ വസ്തുക്കൾ) ഇറ്റാലിയൻ പദം, ഇവ രണ്ടും ചേർന്നുണ്ടായതാണ് നോവൽ (Novel). Novel പദത്തിന് പുതിയ ആഖ്യാനകഥ എന്നർഥം കല്പിക്കാം. ഗദ്യത്തിലുള്ള രസകരമായ ഒരിതിഹാസമാണ് നോവൽ എന്ന് ഫീൽഡിംഗ് നോവലിനെ നിർവചിച്ചു.

ഇംഗ്ലണ്ടിൽ വ്യവസായിക വിപ്ലവത്തിന്റെ ഫലമായി ഉണ്ടായ വിശ്രമവേളയും നവസാക്ഷരതയുമാണ് നോവൽ സാഹിത്യത്തിന്റെ ദ്രുതിത ഗതിയിലുള്ള വികാസത്തിന് കാരണമായത്. തുടർന്ന് യൂറോപ്പിൽ ആകെ അത് വ്യാപിച്ചു. പരുപരുത്ത ജീവിതയാഥാർഥ്യങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യവ്യക്തികളുടെ കഥകളാണ് ഇംഗ്ലീഷ് നോവലിന്റെ കേന്ദ്രവിഷയമായിത്തീർന്നത്.

ആംഗലനോവലിസ്റ്റുകളിൽ പ്രമുഖനായ ചാൾസ് ഡിക്കൻസിന്റെ (1812-70) സമീപനം എടുത്തു പറയേണ്ടതാണ്. സാധാരണ മനുഷ്യരുടെ ജീവിത കഥകളാണ് ഡിക്കൻസ് അവതരിപ്പിച്ചത്. വാൾട്ടർ സ്കോട്ട്, ജെയിൻ ഓസ്റ്റിൻ, വില്യം താക്കറെ, എമിലി ബ്രോണ്ടി, ജോർജ് എലിയട്ട്, തോമസ് ഹാർഡി, ഹെൻറി ജെയിംസ്, ജോൺ ഗാൽസർത്തി, എച്ച്.ജി. വെൽസ് തുടങ്ങിയ ആംഗല നോവലിസ്റ്റുകളിൽ ഏറിയും കുറഞ്ഞും പ്രത്യക്ഷമാകുന്നത് ഇതേ പ്രവണതയാണ്. വെൽസ് ശാസ്ത്രവിഷയങ്ങൾ സമർഥമായി കഥാരൂപമാക്കി അവതരിപ്പിച്ചുവെന്ന പ്രത്യേകതയുമുണ്ട്. 'ദ ടൈംസ് മെഷീൻ' എന്ന നോവൽ ആംഗലസാഹിത്യത്തിൽ ഒറ്റപ്പെട്ടു നില്ക്കു

ന്നു.

പോളണ്ടിൽ ജനിച്ച് ഇംഗ്ലീഷിൽ എഴുതി വളർന്ന ജോസഫ് കോൺറാഡ് (1857-1927) മനുഷ്യവ്യക്തിത്വത്തിലെ ദ്വന്ദ്വാത്മകതയെ ചിത്രീകരിച്ചു. സിഗ്മണ്ട് ഫ്രോയ്ഡും കാൾ യുങ്ങും വികസിപ്പിച്ചെടുത്ത ആധുനിക മനോവിജ്ഞാനീയത്തിന്റെ സ്വാധീനത ഡി. എച്ച്. ലോറൻസിന്റെ (1885-1930) രചനകളെ ഭാസുരമാക്കുന്നു. 'ഈഡിപ്പസ് കോംപ്ലക്സ്' കേന്ദ്രപ്രമേയമാക്കി രചിച്ചതാണ് ലോറൻസിന്റെ 'സൺസ് ആൻഡ് ലവേഴ്സ്' എന്ന നോവൽ. ഭാവത്തിന്റെ വന്യമായ നിഗൂഢതകൾ പ്രകാശിപ്പിക്കുന്നു, റെയിൻബോ', 'വിമൻ ഇൻ ലവ്', 'ലേഡിചാറ്റർ ലീസ് ലവർ' എന്നീ നോവലുകളിൽ. ബുദ്ധിപരതയെക്കാൾ മനസിന്റെ നൈസർഗികഭാവങ്ങൾ ചിത്രീകരിക്കുന്നതിൽ ശ്രദ്ധിച്ച ലോറൻസ് ഗദ്യമഹാകവി എന്ന വിശേഷണത്തിന് അർഹനാണ്. ഇംഗ്ലീഷ് നോവൽ സാഹിത്യത്തിൽ വ്യക്തിമനസിന്റെ സങ്കീർണതയിലേക്കുള്ള തിരനോട്ടം വൈകിയാണ് ഉണ്ടായത്. എന്നാൽ ഫ്രഞ്ച്, റഷ്യൻ നോവലിസ്റ്റുകൾ തുടക്കം മുതൽ തന്നെ ഇത്തരമൊരു അന്വേഷണത്തിന്റെ പാതയിലായിരുന്നു.

നോവൽ അതെഴുതുന്ന കാലഘട്ടത്തിന്റെയും യഥാർഥ ജീവിതത്തിന്റെയും ജീവിതസമ്പ്രദായത്തിന്റെയും ചിത്രമാണെന്നത്രേ ക്ലാരാ റീവ്സിന്റെ അഭിപ്രായം-ഗദ്യത്തിൽ എഴുതിയ കല്പിതാഖ്യാനപരങ്ങളായ ജീവിതത്തിന്റെ വ്യാഖ്യാനമായും നോവലിനെ നിർവചിച്ചിട്ടുണ്ട്. പ്രതിബിംബത്തിൽ ഒരു ജീവിത ദർശനമായി കാമു നോവലിനെ കാണുന്നു. സാമാന്യത്തിനും വിശേഷത്തിനും ഇടയ്ക്കുള്ള മനുഷ്യരുടെ നിരന്തരമായ പോക്കുവരവാണ് നോവലിൽ പകർത്തുന്നതെന്ന് സാർത്ര് രേഖപ്പെടുത്തുന്നു. അനുഭവസമ്പന്നമായ മനുഷ്യ ജീവിതത്തിന്റെ ശക്തിഭദ്രമായ ആവിഷ്കാരമാണ് നോവലെന്ന് ഈ നിർവചനങ്ങളിൽനിന്നു സിദ്ധിക്കുന്നു. പ്രമേയം, കഥാപാത്രങ്ങൾ, സംഭാഷണം, സംഭവങ്ങൾ നടക്കുന്ന സ്ഥലകാലങ്ങൾ, പ്രതിപാദനശൈലി, കഥയിൽ അന്തർഭവിച്ചിരിക്കുന്ന ജീവിതദർശനം എന്നിവ നോവലിന്റെ പ്രധാന ഘടകങ്ങളാണെന്ന് വില്യം ഹെൻറി ഹഡ്സൺ (An Introduction to the Study of Literature-William Henry Hudson-1841-1922) രേഖപ്പെടുത്തുന്നുണ്ട്. ലോകത്തിന്റെ ഭാവനാത്മകസംസ്കാരത്തിന് ബൂർഷ്വാസി അഥവാ മുതലാളിത്തം നല്കിയ അതിപ്രധാന പാരിതോഷികമാണ് നോവലെന്ന് റാൽഫ് ഫോക്സ് അഭിപ്രായപ്പെടുന്നു(Novel and the People-Ralph Fox 1900-1937). ആധുനിക ബൂർഷ്വാ സമൂഹത്തിന്റെ ഇതിഹാസ കലാരൂപമായി റാൽഫ് നോവലിനെ വിശേഷിപ്പിക്കുന്നു.

പ്രമേയം, ആവിഷ്കരണരീതി എന്നിവ അടിസ്ഥാനപ്പെടുത്തി നോവലുകളെ ചരിത്രനോവൽ, സാമൂഹിക നോവൽ, രാഷ്ട്രീയനോവൽ, അപസർപ്പക നോവൽ, ബോധധാരാ നോവൽ, ദാർശനിക നോവൽ, മനോവിജ്ഞാനീയ നോവൽ, ആത്മകഥാ നോവൽ, ശാസ്ത്രനോവൽ എന്നിങ്ങനെ തരംതിരിക്കാം.

### 2.1.1.1 നോവലും ചെറുകഥയും

നോവലിനെയും ചെറുകഥയെയും വേർതിരിക്കുന്ന ഘടകം രൂപമല്ല, ഉള്ളടക്കത്തിന്റേയും ആശയത്തിന്റേയും സ്വഭാവമാണെന്ന് പ്രശസ്ത കഥാകാരനും നിരൂപകനുമായ ഫ്രാങ്ക് ഓ കോണർ പറഞ്ഞിട്ടുണ്ട്. ഈ വ്യത്യാസം അദ്ദേഹം ഭംഗിയായി വിശദീകരിച്ചു വ്യക്തമാക്കിയിട്ടുള്ളതായി 'ചെറുകഥ ഇന്നലെ ഇന്ന്'എന്ന ഗ്രന്ഥത്തിൽ എം. അച്യുതൻ ചൂണ്ടിക്കാട്ടുന്നു. നോവൽ രചനയുടെ പിന്നിൽ ക്രമവൽകൃതവും അംഗീകൃതവുമായ സമുദായത്തെകുറിച്ചുള്ള സങ്കല്പം ഉണ്ട്. അതിലെ കഥാപാത്രവുമായി അടുക്കുവാനും സൗഹൃദ സ്ഥാപിക്കുവാനും കഴിയുന്നതുപോലെ ചെറുകഥയിൽ കഥാപാത്രത്തിന്റെ കാര്യത്തിൽ കഴിയുകയില്ല. നോവലിൽ സംഭവങ്ങൾക്കും കഥാപാത്രങ്ങൾക്കും അനുക്രമമായ വികാസമുണ്ട്. കാലമെന്ന ഘടകം നോവൽ എഴുത്തുകാർക്ക് യഥേഷ്ടം ലഭിക്കുന്ന ആനുകൂല്യമാണ്. ചെറുകഥയ്ക്ക് പക്ഷേ ഇങ്ങനെ ഒരു രൂപപരമായ അനിവാര്യസ്വഭാവം ഇല്ലെന്ന് കാണാം. നോവലിന് മനുഷ്യ ജീവിതത്തിന്റെ സമഗ്രതയും അഖണ്ഡതയും ലക്ഷ്യമാക്കേണ്ടതുണ്ട്.

ഇടത്തരക്കാരന്റെ സാഹിത്യരൂപമായിരുന്നു നോവൽ. പണ്ഡിതന്മാരെ രസിപ്പിക്കു

ന്നതുപോലെ തന്നെ സാധാരണക്കാരായ ജനങ്ങൾക്കും ഇത് ആഹ്ലാദം പകരുന്ന ഒന്നായിരുന്നു. ഏതു വിഷയവും നോവലി ന് തെരഞ്ഞെടുക്കാം. കഥാപാത്രങ്ങൾ ഏത് മേഖലയിൽപ്പെട്ടവരുമാകാം. എല്ലാ രസവും ഉദ്ദീപ്തമാകുന്നയിടം കൂടിയാണ് നോവൽ സാഹിത്യം. നോവലിലെ സംഭവം മാനുഷി കമായിരിക്കുകയും, കഥാപാത്രങ്ങളോട് സം ഭവങ്ങൾ ബന്ധപ്പെട്ടിരിക്കുകയും വേണം. പശ്ചാത്തലം, കഥാപാത്രങ്ങൾ ഉൾപ്പെടുന്ന സമൂഹം, കഥ നടക്കുന്ന സ്ഥലം, നോവലിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന സമൂഹത്തി ന്റെ സംസ്കാരം എന്നിവയ്ക്ക് നോവലിൽ വലിയ പ്രാധാന്യമുണ്ട്. കഥാകൃത്ത് നേരിട്ട് കഥ പറയുന്ന രീതിയും, കഥാപാത്രങ്ങൾ കഥ പറയുന്ന രീതിയും, ഡയറികളിലും, എഴുത്തുകളിൽക്കൂടിയും കഥ പറയുന്ന രീതിയും ആദിയിൽ നിന്നും ക്രമമനുസരി ച്ച് അന്ത്യത്തിലേക്കും തിരിച്ചും ആദിയും അവസാനമോ ഇല്ലാതിരിക്കുന്ന രീതിയും കാണുന്നുണ്ട്. പൂർവ്വ മാതൃകകൾ പലതും സ്വീകരിച്ചിട്ടുള്ളത് പാശ്ചാത്യ സാഹിത്യ ത്തിൽ നിന്നു തന്നെ. അങ്ങനെ വിശ്വസാ ഹിത്യത്തിലെ മികച്ച സൃഷ്ടികളോട് ചേർന്ന് നില്ക്കുന്ന മികച്ച നോവലുകൾ നമുക്കു മുണ്ടായി. സാമൂഹിക നോവലുകൾ, അപ സർപ്പക നോവലുകൾ, യുദ്ധനോവലുകൾ, മനശ്ശാസ്ത്ര രാഷ്ട്രീയ നോവലുകൾ, ബോ ധധാരാ നോവലുകൾ, സാഹസികവുമായി ബന്ധപ്പെട്ടവ എന്നിങ്ങനെ. റൊമാൻസുക ളും, സാമൂഹിക നോവലുകളും മറ്റുമായി തുടങ്ങി വച്ച ഈ സാഹിത്യമേഖല ക്രമേണ എല്ലാ രൂപങ്ങളിലും പ്രത്യക്ഷപ്പെട്ടു. ചരി ത്രപരമായ വസ്തുതകൾ, സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളി ലെ സമ്മർദ്ദങ്ങളും, വിദേശസ്വാധീനങ്ങളും, പാശ്ചാത്യ രചനകളുടെ ചെറുതല്ലാത്ത ഇട പെടൽ ഇങ്ങനെ നിരവധി ഘടകങ്ങളുടെ സ്വാധീനം ഈ മേഖലയെ മുന്നോട്ട് നയിച്ചി ട്ടുണ്ട്.

### 2.1.1.2 ഘട്ട വിഭജനം

നോവൽ സാഹിത്യ ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. 1864 മുതൽ 1940 വരെ പ്രഥമഘട്ടമെന്നും 1940 മുതൽ 1963 വരെ ദ്വിദീയ ഘട്ടമെന്നും 1963 മുതൽ 1990 വരെയുള്ള കാലഘട്ടം വരെ തൃതീയ ഘട്ടം എന്ന് അറിയപ്പെടുന്നു. സാമൂഹിക നോവലുകൾ, ചരിത്രനോവലുകൾ, റൊമാ ൻസുകൾ, അപസർപ്പക നോവലുകൾ, രാ ഷ്ട്രീയ നോവലുകൾ ഇങ്ങനെ ആദ്യകാല നോവലുകളെ തിരിച്ചിരിക്കുന്നു.

## 2.1.2 മലയാള നോവലിന്റെ ചരിത്രം

കേരളീയ ജീവിതം പശ്ചാത്തലമായ ആദ്യത്തെ നോവൽ ഇംഗ്ലീഷിലുള്ള മിസിസ് കോളിൻസിന്റെ 'The Slayer slain' എന്ന നോവൽ വിദ്യാസംഗ്രഹത്തിലാണ് പ്രസിദ്ധീകരിച്ചത്. നോവൽ പൂർത്തിയാകും മുൻപ് ഇതിന്റെ രചയിതാവായ മിസ്സിസ് കോളിൻസ് മരണ പ്പെട്ടു. 'ഈ ഗ്രന്ഥം പിന്നീട് പൂർത്തിയാക്കി യത് മിസ്റ്റർ കോളിൻസ് ആയിരുന്നു. 1878-ൽ ഘാതകവധം എന്ന പേരിൽ ഇത് വിവർത്ത നം ചെയ്യപ്പെട്ടു.

മലയാളത്തിലെ ആദ്യ നോവൽ എന്ന വിശേഷണം ഘാതകവധത്തിന് ലഭിച്ചു. ഇതിലെ പ്രധാന കഥാപാത്രം പുലയ സമു ദായത്തിൽ നിന്നും ക്രിസ്തുമതം സ്വീക രിച്ച പൗലോസ് എന്ന വ്യക്തിയായിരുന്നു. മറ്റൊരു ജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച പുലയ സമുദായത്തിൽപ്പെട്ട ഇദ്ദേഹത്തെ അംഗീകരിക്കാൻ സുറിയാനി ക്രിസ്ത്യാനികൾ വിമുഖത കാട്ടി. ഈ വിവേ ചനത്തിനെതിരെയാണ് മിസിസ് കോളിൻസ് തൂലിക ഉയർത്തിയത്. മനുഷ്യത്വത്തെ ഉയർ ത്തിപ്പിടിക്കുന്ന നോവൽ എന്നുള്ള കീർത്തി ഇതിന് സ്വന്തം. വിവർത്തനം ചെയ്യപ്പെട്ട ആദ്യ നോവൽ എന്ന നിലയിൽ മലയാള സാഹിത്യ ചരിത്രത്തിൽ സവിശേഷമായി സ്ഥാനമുണ്ട്.

മറ്റൊരു കൃതി ആർച്ച് ഡീക്കൻ കോശി യുടെ 'പുല്ലേലി കുഞ്ചു'വാണ്. ഈ കൃതി പ്രസിദ്ധീകരിച്ചത് കോട്ടയത്ത് നിന്നുമുള്ള ജ്ഞാനനിക്ഷേപത്തിൽ ആയിരുന്നു. മി സിസ് കോളിൻസ് കൊണ്ടുവന്ന നോവൽ സങ്കല്പത്തെ ഉൾക്കൊള്ളാൻ ആർച്ച് ഡീ ക്കൻ കോശിക്ക് സാധിച്ചില്ല എന്ന് തന്നെ പറയാം. ആദ്യകാല മലയാളം നോവലിന്റെ ചരിത്രത്തിൽ പുല്ലേലി കുഞ്ചുവിനും സവി ശേഷമായ സ്ഥാനമുണ്ട്. എന്നാൽ മലയാള

ത്തിലെ ആദ്യത്തെ നോവൽ എന്ന ബഹുമതി പൂർണ്ണ അർത്ഥത്തിൽ ലഭിച്ചത് അപ്പു നെടുങ്ങാടിയുടെ 'കുന്ദലത'യ്ക്കാണ്. 1887 ഒക്ടോബറിലാണ് ഇത് പ്രസിദ്ധീകരിച്ചത്. എന്നാൽ ഘാതകവധത്തിന്റെ മേന്മ അവകാശപ്പെടാൻ കുന്ദലതയ്ക്ക് സാധ്യമായില്ല. കഥയ്ക്കു വേണ്ടി രൂപപ്പെടുത്തിയ മറ്റൊരു കഥ മാത്രമായിരുന്നു കുന്ദലത വിമർശനവും നിലനിൽക്കുന്നു. 'സിംബലിൻ' എന്ന ഷേക്സ്പീരിയൻ നാടകത്തിലെ ഇതിവൃത്തമാണ് ഇതിന് സ്വീകരിച്ചിട്ടുള്ളത്.

കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ ആൾമാറാട്ടം, ചിദംബര വാധ്യാരുടെ കാമാക്ഷി ചരിതം, പി. വേലായുധൻ പിള്ളയുടെ 'പെരിക്ലീസ് രാജാവിന്റെ കഥ' എന്നീ നാടക സംഗ്രഹങ്ങളെ അപേക്ഷിച്ച് കേവലമൊരു വിവർത്തനമെന്നതിനെക്കാൾ ഭാഷാ രസികത്വം കൊണ്ടും, പ്രതിപാദനരീതികൊണ്ടും വായനക്കാരന് ആകർഷകത്വം നല്കിയ കൃതി എന്ന പേര് കുന്ദലതയ്ക്ക് ലഭിച്ചു.

എം.പി. പോളിന്റെ അഭിപ്രായത്തിൽ കുന്ദലതയിൽ ഗുണവിശേഷങ്ങൾ കുറവാണെന്നും, ഇതിവൃത്തത്തിന് അനുഭവ രസികതയില്ലെന്നും രചനാവൈശിഷ്ട്യം അവകാശപ്പെടാനില്ലെന്നും, കൂടാതെ കുന്ദലതയിൽ നിന്നും ഇന്ദുലേഖയിലേക്കുള്ള ദൂരം ശൈശവാവസ്ഥയിൽ നിന്ന് യൗവനത്തിലേക്കുള്ളതിനാൽ കൂടുതലാണെന്നും, ഒന്നു വെറുമൊരു കടലാസ്സു പൂവും, മറ്റേതു സാക്ഷാൽ കല്യാണ സൗഗന്ധികം എന്ന് കൂടി അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

സ്ഥായിയായ ഗുണങ്ങളടങ്ങിയ നോവലാണ് ഇന്ദുലേഖ. നോവലെന്ന സാഹിത്യരൂപത്തിന് ഭാഷയിൽ സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്ത കൃതിയായിരുന്നു ചന്തുമേനോന്റെ ഇന്ദുലേഖയും, സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയും. 1889-ലാണ് ഇന്ദുലേഖയുടെ പ്രസിദ്ധീകരണം. പാശ്ചാത്യ നോവലുകൾ സ്ഥിര വായനയിൽ ഉൾപ്പെടുത്തി ആസ്വാദനത്തിന് നവമേഖല രൂപപ്പെടുത്തിയ ഒ. ചന്തുമേനോന് ഇന്ദുലേഖയുടെ സൃഷ്ടിക്ക് പ്രചോദനമായത് 'പ്രൈഡ് ആന്റ് പ്രജുഡിസ്, ഹെന്റിറി റ്റാടെമ്പിൾ' എന്നീ നോവലുകൾ തന്നെയാണ്. കോടതി വ്യവഹാരങ്ങളെ കേന്ദ്ര വിഷയമാക്കി രണ്ടാമത്തെ നോവലായ ശാരദ രചിക്കാൻ കാരണവും ഇന്ദുലേഖ നേടിയെടുത്ത വിജയം ഒന്നു മാത്രമാണ്. എന്നാൽ ശാരദ പൂർത്തിയാക്കാൻ അദ്ദേഹത്തിനായില്ല. ആഗ്രഹ പൂർത്തീകരണത്തിന് മുൻപുതന്നെ അദ്ദേഹം മരണപ്പെടുകയാണുണ്ടായത്.

സുന്ദരമായൊരു പ്രണയകഥയ്ക്കൊപ്പം സമകാലീന സാമൂഹിക ജീവിതവും ചിത്രീകരിക്കുന്ന നോവലാണ് ചന്തുമേനോന്റെ ഇന്ദുലേഖ. നോവൽ രചനയിൽ ശക്തവും സുന്ദരവുമായൊരു ശില്പ ചൈതന്യം തെളിമയോടെ അനുവാചകനെ ആനന്ദത്തിലാറാടിക്കുന്നുണ്ട്. ശാരദയിൽ അദ്ദേഹം പകർത്തിയത് തനിക്ക് ചിരപരിചിതമായ ഒരു ലോകത്തെയും നിത്യജീവിതത്തിൽ ദിനേന കണ്ടറിവുള്ള മനുഷ്യരെയുമാണ്, കോടതി വ്യവഹാര ലോകത്തെ ഇതിവൃത്തമാക്കി മനുഷ്യമനസ്സുകളുടെ ദുർമോഹത്തിന്റേയും വിധിവൈപര്യത്തിന്റേയും കഥ പറയുകയാണ് ശാരദ.

കാർലൈലിന്റെ ലോകവീക്ഷണത്തോട് ചേർന്നു നില്ക്കുന്നതാണ് സി.വി. രാമൻപിള്ളയുടെ സാമൂഹിക ദർശനവും രാഷ്ട്രീയ കാഴ്ചപ്പാടും എന്ന് നോവൽസാഹിത്യത്തിൽ എം.പി. പോൾ വിലയിരുത്തിയിട്ടുണ്ട്. നോവൽസാഹിത്യം ഇടത്തരക്കാർക്കു വേണ്ടിയുള്ളതല്ലെന്നും, മഹാകാവ്യ പ്രസ്ഥാനം പോലെ പണ്ഡിതവര്യരുടേതും, സഹൃദയരുടേതുമാണെന്നും അദ്ദേഹം വിശ്വസിച്ചു. സമൂഹത്തിന്റേയും, രാജ്യത്തിന്റേയും വികാസമെന്നത് ശ്രേഷ്ഠന്മാരായ നായകപദവിയിലുള്ളവരുടെ നേതൃത്വത്തിലായിരിക്കണമെന്ന വിശ്വാസം അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. മലയാള ഭാഷാ ലാളിത്യം, പ്രസന്ന ഭാവം, മധുരിമ എന്നീ ഗുണങ്ങളെ ഉൾക്കൊള്ളുന്നതിൽ സി.വി.യുടെ ഗദ്യശൈലിക്ക് കഴിയാതെ പോയിട്ടുണ്ട്. എന്നാൽ അതിലുപരി സാധാരണ മനുഷ്യരുടെ മനോഭാവങ്ങളും, രീതികളും പകർത്താൻ അദ്ദേഹത്തിനോളം പ്രഗത്ഭമതിയായ ഒരു വ്യക്തിത്വം വിരളമെന്ന് തന്നെ പറയാം. മഹാകാവ്യ തുല്യമായ അദ്ദേഹത്തിന്റെ മൂന്ന് ചരിത്രാഖ്യായികൾക്ക് ലഭിച്ച സ്വീകാര്യത, പ്രേമാമൃതം എന്ന കൃതിക്ക് ലഭിച്ചില്ല. സമകാലീന സാമൂഹിക കാഴ്ചപ്പാടിലുണ്ടായ പരാജയത്തിന്റെ തെളിവായിരു

ന്നു പ്രേമാമൃതം എന്ന സാമൂഹിക നോവൽ എന്ന് കാണാം. അദ്ദേഹത്തിന്റെ പ്രതിഭാ വിലാസം ചിലയിടത്തു മാത്രമായി ഒളിമിന്നുന്ന ഒരു നോവലായി പ്രേമാമൃതത്തെ കാണാവുന്നതാണ്. സി.വി.യുടെ ആദ്യ നോവൽ 'മാർത്താണ്ഡവർമ്മ' എന്ന ചരിത്രാഖ്യായികയായിരുന്നു. മലയാളനോവൽ സാഹിത്യത്തിൽ സി.വി. രാമൻപിള്ളയ്ക്ക് സ്ഥിരപ്രതിഷ്ഠ നേടികൊടുത്ത കൃതികൾ 1917-ൽ പുറത്തിറങ്ങിയ ധർമ്മരാജായും 1920-ലെ രാമരാജാബഹുദൂറുമായിരുന്നു. മാർത്താണ്ഡവർമ്മയെക്കാൾ കൂടുതൽ ആഴവും ഗൗരവവുമുള്ള കൃതിയായിരുന്നു ധർമ്മരാജാ. ഷേക്സ്പിയർ നാടകങ്ങളുടെ ശില്പഭംഗി സി.വി.യുടെ നോവലുകളിൽ കാണാം. ഉദാത്തമായ പദപ്രയോഗത്തിൽ സി.വിയോളം പോന്ന മറ്റൊരു മലയാള നോവലിസ്റ്റിനെ കണ്ടെത്തുക പ്രയാസമത്രേ. 'കേരളത്തിലെ വിളഭൂമികൾ വരണ്ടുണങ്ങാതെ കരിമേഘങ്ങളെക്കൊണ്ട് ഇവിടെ മഴ പെയ്യിക്കുന്ന സഹ്യാദ്രി ശിഖരങ്ങളെ പോലെ സി.വി.യുടെ ചരിത്രാഖ്യായികൾ മലയാളനോവൽസാഹിത്യത്തിൽ നൂതന നോവൽ സൃഷ്ടിക്കു പ്രചോദനം നല്കിക്കൊണ്ട് സമുന്നതശീർഷങ്ങളായി നിലകൊള്ളുന്നു' എന്ന കെ.എം. തരകന്റെ മലയാളനോവൽസാഹിത്യ ചരിത്രത്തിലെ വിശകലനം ആ മഹത്തായ തൂലികയുടെ, ആഴവും കരുത്തും നമുക്ക് പരിചിതമാക്കുന്നു.

ചന്തുമേനോന്റെ നോവൽ രചന പ്രസാദനിർഭരവും മൗലികവും, മനുഷ്യ പ്രേമാധിഷ്ഠിതവുമുൾക്കൊള്ളുന്ന റിയലിസ്റ്റിക് രീതിയായിരുന്നെങ്കിൽ സി.വിയാകട്ടെ രാജവാഴ്ചയിലും, വീരാരാധനയിലും, ശക്തമായ ഭരണക്രമത്തോടും അനുഭാവം പ്രകടിപ്പിക്കുന്നതോടൊപ്പം ശൃംഗാര കരുണരസങ്ങളെ പ്രോത്സാഹിപ്പിക്കുന്ന റൊമാന്റിസിസത്തിൽ വിശ്വസിച്ചിരുന്നതായി കാണാം. പ്രൗഢമായിരുന്നു സി.വി.യുടെ രചനയെങ്കിൽ സരളമായിരുന്നു ചന്തുമേനോന്റെ ശൈലി. രണ്ടു പ്രതിഭാധനരെയും ഒരേ കാലത്ത് ലഭിച്ചുവെന്നത് മലയാളത്തിന്റെ മഹാഭാഗ്യമായിരുന്നു. മലബാറായിരുന്നു ചന്തുമേനോന്റെ കർമ്മഭൂമി. സി.വിയുടേത് തിരുവിതാംകൂറും. നോവൽസാഹിത്യ ചരിത്രത്തിൽ കെ.എം. തരകൻ രണ്ടു പ്രതിഭാധനരെയും ഹൃദ്യമായി വിലയിരുത്തുന്നത് കാണാം.

1854 മുതൽ 1940 വരെയുള്ള നോവൽസാഹിത്യം നിരീക്ഷിച്ചാൽ സി.വിക്കും ചന്തുമേനോനും ശേഷം നോവൽസാഹിത്യത്തിൽ ഉദാത്ത സൃഷ്ടികളായി ഒന്നും തന്നെ കണ്ടെത്തുക സാധ്യമല്ല. തർജമകളും, അനുകരണ സൃഷ്ടികളുമാണധികവും. ചരിത്രത്തിൽ ഇടം നേടിയ കൃതികളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു കേരളവർമ്മയുടെ 'അക്ബർ'എന്ന കൃതി. ഇതൊരു തർജ്ജമ നോവലാണ്. ഡച്ചു ഭാഷയിലെ മൂലഗ്രന്ഥം 1879-ൽ ഇംഗ്ലീഷ് ഭാഷയിലേക്കും ശേഷം, കേരളവർമ്മ ഈ ഗ്രന്ഥം മലയാളത്തിലേക്കും പരിഭാഷപ്പെടുത്തി.

എം.പി. പോൾ നോവൽസാഹിത്യത്തിൽ ഇങ്ങനെ പറയുന്നു. 'ഇതിലെ പാത്രസൃഷ്ടി മനോഹരവും, സ്വാഭാവികവുമാണ്. കഥാഘടനയിൽ കൃത്രിമത്വം അതി ദുർല്ലഭമാണ്. കഥയെ കേവലം പരിണാമഗുപ്തിയിൽ പരിനിഷ്ഠമാക്കുവാൻ കഥാകാരൻ ബദ്ധപ്പെട്ടിട്ടില്ല. കഥയ്ക്കാണെങ്കിൽ സാരസ്യവും അനുഭാവാനുഗുണ്യവും സിദ്ധിച്ചിരിക്കുന്നു'.

കേരള ചരിത്രത്തിലെ ചില സംഭവങ്ങളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട മറ്റൊരു നോവലാണ് അപ്പൻ തമ്പുരാന്റെ 'ഭൂതരായർ'ചരിത്രാഖ്യായികയായ മാർത്താണ്ഡവർമ്മയുടെയോ, വിവർത്തന കൃതിയായ അക്ബറിന്റെയോ ഉദാത്തതയൊന്നും അവകാശപ്പെടാനില്ലാത്ത കൃതിയായിരുന്നു ഇത്. ചേരരാജ്യ സംസ്കാരമായിരുന്നു പ്രമേയം. ജനാധിപത്യത്തിന്റെ മേന്മ എന്നാശയം ലക്ഷ്യം വച്ചുവെങ്കിലും ആശയ വികസനം കഥയിൽ വ്യക്തത നേടാതെ പരാജയപ്പെടുകയാണുണ്ടായത്. അപസർപ്പക നോവലെന്ന നിലയിൽ ആദ്യമായി ജന്മം കൊണ്ട നോവൽ 'ഭാസ്ക്കരമേനോൻ' (1904) എന്ന നോവലായിരുന്നു. കുറ്റാന്വേഷണ നോവൽ എന്ന നിലയിൽ ഇതൊരു പരാജയ കൃതിയായിരുന്നു എന്ന് പറയാം. 'ഒരു ദുർമ്മരണം' എന്ന പേരിൽ രസികരഞ്ജിനിയിൽ ആദ്യ ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

നോവലുകളുടെ കൂട്ടത്തിൽ രാഷ്ട്രീയ നോവലുകളുടെ രംഗപ്രവേശം 'പാറപ്പുറം, ഉദയഭാനു' എന്നീ രാഷ്ട്രീയ വിമർശനങ്ങൾ ഇതിവൃത്തമായ നോവലുകളിലൂടെയായിരുന്നു. കെ. നാരായണക്കുരുക്കളുടേതായി

രുന്നു ഈ നോവലുകൾ. സ്വദേശഭിമാനി രാമകൃഷ്ണപിള്ള കുരുക്കളുടെ ശിഷ്യനായിരുന്നു. ഈ നോവലുകളുടെ പ്രസാധകനും അദ്ദേഹമായിരുന്നു. നവീന ഭാരത സങ്കല്പം എന്നത് ഇത്തരം കൃതികളുടെ ലക്ഷ്യമായിരുന്നതായി കാണാം.

ഒ. ചന്തുമേനോന്റെ ഇന്ദുലേഖയ്ക്ക് ശേഷം സ്ത്രീപക്ഷ രചനകൾ ധാരാളമുണ്ടായി. നായികമാരുടെ പേരോട് കൂടിയ ഇത്തരം കൃതികൾ പലപ്പോഴും പരിഹാസത്തിനു പോലും പാത്രമായി. 1892-ലെ 'പറങ്ങോടി പരിണയം' ഇത്തരത്തിൽ രചിച്ച ഒരു ആക്ഷേപഹാസ്യ നോവലാണ്. രചന കിഴക്കേപ്പാട്ടുരാമൻ മേനോന്റേതായിരുന്നു.

നവീന വിഷയാവതരണംകൊണ്ട് സവിശേഷ ശ്രദ്ധ നേടിയ കൃതികളായിരുന്നു നസ്രാണികളുടെ ആചാരങ്ങൾ വിഷയമാക്കിയ പരിഷ്കാരപ്പാതിയും (കുന്നുകുഴിയിൽ കൊച്ചു തൊമ്മൻ) സാമൂഹിക അനാചാരങ്ങളിൽപ്പെട്ട ഒരു ബാലൻ സരസ്വതി കൃപയിൽ ഉന്നതിയിലെത്തുന്ന കഥ പറയുന്ന സരസ്വതീ വിജയവും (പൊത്തേരി കുഞ്ഞമ്പു). മലയാളി സ്ത്രീകളുടെ പരിഷ്കാര ഭ്രമം ഇതിവൃത്തമായ ദൊരശ്ശിണിയും (സർദാർ കെ.എം. പണിക്കർ), നമ്പൂതിരി വിവാഹം പ്രമേയമാകുന്ന ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ അപ്ഫന്റെ മകളും അക്കാലത്തെ വ്യത്യസ്ത കാഴ്ചപ്പാടുകൾ ഇതിവൃത്തമാക്കിയ നോവലുകളായിരുന്നു.

നോവൽസാഹിത്യത്തിൽ പിന്നീട് സഹൃദയ ശ്രദ്ധനേടിയെടുത്ത ഒരു നോവലായിരുന്നു കാരാട്ട് അച്യുതമേനോന്റെ വിരുതൻ ശങ്കു എന്ന കൃതി. ഒരേ സമയം സാമൂഹികവും സാഹസികവുമായ വിഷയങ്ങളും അപസർപ്പക രീതിയും ഇതിലെ ഇതിവൃത്തമാകുന്നുണ്ട്. ഒപ്പം ഹാസ്യരസ പ്രധാനമായ കൃതികളുടെ തുടക്കവുമാകുന്നു ഈ കൃതി. രചനാഭംഗികൊണ്ട് ശ്രദ്ധ നേടിയ ചാത്തുനായരുടെ മീനാക്ഷി, കണ്ണൻ മേനോന്റെ സ്നേഹലത, മൂർക്കോത്ത്കുമാരന്റെ 'വെള്ളിക്കൈ,' കൊച്ചീപ്പൻ തരകന്റെ 'ബാലികാസദന'വും മറ്റും അക്കാലത്തെ നോവൽസാഹിത്യത്തെ മോടിപിടിപ്പിച്ചുവെന്നു പറയാം.

## അവലോകനം

അപസർപ്പക നോവലുകളായും, ചരിത്രാഖ്യായികളായും ധാരാളം കൃതികൾ കാലാന്തരത്തിൽ മലയാളനോവൽസാഹിത്യത്തെ സമ്പന്നമാക്കിയിട്ടുണ്ട്. മൂർക്കോത്ത് കുമാരന്റെ കനകം മൂലം, ഒ.എം. ചെറിയാന്റെ കാലന്റെ കൊലയറ, കെ.എം. പണിക്കരുടെ കേരള സിംഹം, ടി. രാമൻ നമ്പീശന്റെ 'കേരളേശ്വരൻ' എന്നീ കൃതികൾ അന്നത്തെ സാമൂഹികാന്തരീക്ഷത്തെയും ജനജീവിതത്തെയും ചെറുതല്ലാത്ത വിധം സ്വാധീനിച്ച കൃതികളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ മലയാള നോവൽ പുതിയ ജീവിതപ്രപഞ്ചം കണ്ടെത്തിതുടങ്ങി. ചരിത്രനോവലുകളെക്കാളേറെ സാമൂഹിക നോവലുകളോടായി എഴുത്തുകാർക്കും വായനക്കാർക്കും പ്രതിപത്തി. 'ഇന്ദുലേഖ'യെ തുടർന്നുണ്ടായ പ്രധാന സാമൂഹികനോവലുകളാണ് അന്യോപദേശ രീതിയിൽ തിരുവിതാംകൂർ ഭരണകൂടത്തെ വിമർശിക്കുന്ന സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെ 'നരകത്തിൽ നിന്ന്' (1914), കെ.എം. പണിക്കരുടെ "ദൊരശ്ശിണി', ടി. കെ. വേലുപ്പിള്ളയുടെ 'ഹേമലത, മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ (1902-1944) 'അപ്ഫന്റെ മകൾ', കെ. കണ്ണൻ മേനോന്റെ സ്നേഹലത, കെ. രാമക്കുറുപ്പ് മുൻഷിയുടെ സൗദാമിനി, പി.കെ. കൊച്ചീപ്പൻ തരകന്റെ 'ബാലികാസദനം', സി. മാധവൻ പിള്ളയുടെ ദേശസേവിനി', മൂർക്കോത്തു കുമാരന്റെ വള്ളിക്കൈ, വസുമതി എന്നിവ. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളെ പ്രമേയമാക്കി ആദ്യം രചിച്ച നോവലാണ് അപ്ഫന്റെ മകൾ (1930). സാമൂഹികരംഗത്ത്, അക്കാലത്ത് കോളിളക്കം സൃഷ്ടിച്ച നോവലാണിത്. ഒറ്റപ്പാലത്തുകാരനായ മുത്തിരിങ്ങോട്ട് പുരോഗമനവാദിയും യോഗക്ഷേമസഭയുടെ പ്രധാന പ്രവർത്തകനുമായിരുന്നു.

## Recap

- നോവലും ചെറുകഥയും
- നോവൽ എന്ന ആധുനിക സാഹിത്യരൂപം
- ഘട്ട വിഭജനങ്ങൾ
- രൂപീകരണ ചരിത്രവും വികാസവും
- മലയാള നോവലിന്റെ ചരിത്ര വഴികൾ
- നോവൽ രൂപം കൊണ്ട സവിശേഷ സാഹചര്യം
- ആധുനിക സാഹിത്യ രൂപങ്ങൾ
- ഗദ്യസാഹിത്യം
- കുന്ദലതയും മറ്റ് ആദ്യകാല നോവലുകളും
- ആദ്യകാല നോവലുകളും നോവലിസ്റ്റുകളും
- ഇന്ദുലേഖയുടെ സവിശേഷതകൾ
- ചരിത്ര നോവലുകൾ
- ആദ്യകാല നോവലുകളുടെ പ്രമേയപരമായ സവിശേഷതകൾ
- സി.വി. രാമൻപിള്ളയുടെ രചനാലോകം
- ചരിത്രനോവലുകളുടെ രാഷ്ട്രീയം

## Objective Questions

1. 'വൈത്തിപ്പട്ടർ' ചന്തുമേനോന്റെ ഏത് നോവലിലെ കഥാപാത്രമാണ്?
2. കുന്ദലതയിൽ നിന്നും ഇന്ദുലേഖയിലേക്കുള്ള ദൂരം ശൈശവാസ്ഥയിൽ നിന്നും യൗവനത്തിലേക്കുള്ള തിനെക്കാൾ കൂടുതലാണെന്ന് വിലയിരുത്തിയതാരാണ്?
3. 'സിംബലിൻ' എന്ന ഷേക്സ്പിയർ നാടകത്തിന്റെ കഥാതന്തു സ്വീകരിച്ചെഴുതിയ നോവൽ?ആരുടേതാണീ രചന?
4. സാഹിത്യചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന മലയാളത്തിലെ ആദ്യ നോവൽ?
5. 'ഹെന്റിറ്റാ ടെമ്പിൾ' എന്ന പാശ്ചാത്യ നോവൽ പ്രചോദനമായി മലയാളത്തിൽ ഒ ചന്തുമേനോൻ രചിച്ച നോവൽ?
6. ധർമ്മരാജ പ്രകാശിതമായ വർഷം?
7. 'ഞാനും ജാനമ്മയും കൂടി ശൃംഗരിച്ച് എഴുതി തീർത്തതെന്ന്' സി.വി തന്നെ അഭിപ്രായപ്പെട്ട നോവൽ?
8. 'ചന്ത്രക്കാരൻ' എന്ന ദുർമോഹി കഥാപാത്രമായി വരുന്ന സി.വി.യുടെ നോവൽ?
9. വിശാഖം തിരുനാളിന്റെ ആഗ്രഹപ്രകാരം കേരള വർമ്മ മലയാളത്തിലേ

ക്ക് പരിഭാഷപ്പെടുത്തിയ കൃതി?

10. 'ഇത് വള്ളത്തോൾക്കവിതയുടെ പ്രസാദമാധുര്യം തുളുമ്പുന്ന നവീന ഗദ്യമാകുന്നു' അപ്പൻ തമ്പുരാന്റെ ഏത് കൃതിയെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
11. അപ്പൻ തമ്പുരാന്റെ ഭാസ്ക്കരമേനോൻ എന്ന നോവലിന്റെ മറ്റൊരു പേര്?
12. അപസർപ്പക നോവലായ കനകം മൂലം രചിച്ചതാരാണ്?

## Answers

1. ശാരദ
2. എം.പി. പോൾ
3. കുന്ദലത (അപ്പു നെടുങ്ങാടി)
4. കുന്ദലത
5. ഇന്ദുലേഖ
6. 1917
7. പ്രേമാമൃതം
8. ധർമ്മരാജാ
9. അക്ബർ
10. ഭൂതരായർ
11. ഒരു ദുർമ്മരണം
12. മൂർക്കോത്ത് കുമാരൻ

## Assignments

1. നോവൽ എന്ന ആധുനിക സാഹിത്യ രൂപം മലയാളത്തിൽ രൂപംകൊണ്ട സവിശേഷ സാഹചര്യത്തെക്കുറിച്ച് സംഗ്രഹിച്ച് ഉപന്യസിക്കുക.
2. മലയാളത്തിലെ ആദ്യകാല നോവലുകളുടെ പ്രമേയപരമായ സവിശേഷതകൾ കണ്ടെത്തുക?
3. മലയാളത്തിലെ ആദ്യകാല നോവലികളെ പരിചയപ്പെടുത്തുക.
4. നോവലിലും ചെറുകഥയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ സംഗ്രഹിച്ചു കുറിപ്പെഴുതുക.
5. മലയാളം നോവൽ സാഹിത്യചരിത്രത്തിൽ ഇന്ദുലേഖയുടെ സ്ഥാനം കണ്ടെത്തി വിലയിരുത്തുക.

SGOU

## Suggested Reading


1. പി.കെ. ബാലകൃഷ്ണൻ, ചന്തുമേനോൻ ഒരുപഠനം, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ. കെ. ഭാസ്കരൻനായർ, ദൈവനീതിക്ക്ദാക്ഷിണ്യമില്ല, എസ്.പി.സി.എസ്, കോട്ടയം.
3. കെ.എം. തരകൻ, മലയാളനോവൽസാഹിത്യ ചരിത്രം, കേരളശാസ്ത്രസാഹിത്യപരിത്ത്, തിരുവനന്തപുരം.
4. എം. അച്യുതൻ, നോവൽ പ്രശ്നങ്ങളും പഠനങ്ങളും, എൻ.ബി.എസ്, കോട്ടയം.
5. കെ.പി. അപ്പൻ മാറുന്ന മലയാളനോവൽ, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Reading


1. ഡോ. പി.കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി.സി. ബുക്സ് കോട്ടയം.
2. എം.എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.


## Reference


1. കെ.എം. ജോർജ്, ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
3. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി.സി. ബുക്സ്, കോട്ടയം.


SGOU

# 2 UNIT

# വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ.പൊറ്റെക്കാട്ട്, എം.ടി. വാസുദേവൻ നായർ

## Learning Outcomes

- നോവൽ രചനയുടെ സവിശേഷതകൾ കണ്ടെത്തുന്നു
- വൈക്കം മുഹമ്മദ് ബഷീറിന്റെ രചനാലോകത്തെ പരിചയപ്പെടുന്നു
- എസ്.കെ. പൊറ്റെക്കാട്ടിന്റെ സാഹിത്യലോകത്തെക്കുറിച്ച് മനസിലാക്കുന്നു
- എം.ടി. വാസുദേവൻ നായരുടെ കൃതികളുടെ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisites

**മലയാളം നോവൽ സാഹിത്യം**

ഇംഗ്ലീഷ് സാഹിത്യവുമായുള്ള അഭേദ്യബന്ധത്തിൽ നിന്ന് മലയാളത്തിലേക്ക് കടന്നുവന്ന സാഹിത്യ പ്രസ്ഥാനമാണ് നോവൽ. പതിനഞ്ചാം ശതകത്തിൽ ഇറ്റലിയിലും, പതിനാറാം ശതകത്തിൽ ഫ്രാൻസിലും, ഇംഗ്ലണ്ടിലും, പ്രചരിച്ചിരുന്ന കഥയാണ് നോവൽ എന്ന് എം.പി. പോൾ (നോവൽ സാഹിത്യം) വിലയിരുത്തുന്നുണ്ട്. ലക്ഷണയുക്തമായ ആദ്യ മലയാള നോവൽ 'ഇന്ദുലേഖ'യാണെന്ന് എം.പി. പോൾ പറയുന്നു. എങ്കിലും അതിനുമുമ്പ് തന്നെ നോവൽ എന്ന പേരിൽ ചില കൃതികൾ ഇവിടെ ഉണ്ടായി. മിസ്സിസ്സ് കാതറൈൻ, ഹന്ന മുല്ലൻസ് മദാമ്മ, ബംഗാളി ഭാഷയിൽ രചിച്ച 'ഫുൽമോന ആൻഡ് കോരുണ' എന്ന നോവൽ റവ. ജോസഫ് പിറ്റ് 'ഫുൽ മോന' എന്നും, 'കോരുണ' എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ എന്ന പേരിൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി. മിസിസ് കോളിൻസിന്റെ 'ഘാതകവധം' എന്ന കൃതിയും ആദ്യ നോവലായി പരിഗണിക്കുന്നുണ്ട്. ആർച്ചു ഡീക്കൻ കോശി എഴുതിയ 'പുല്ലേല്ലിക്കുഞ്ചു'വാണ് (1882) മറ്റൊരു കൃതി. ചില ഇംഗ്ലീഷ് നോവലുകളുടെ പരിഭാഷകളും (പരദേശി മോക്ഷയാത്ര, തിരുപ്പോരാട്ടം, ആൾമാറാട്ടം അഥവാ ഒരു നല്ല കേളീസല്ലാപം (ഷേക്സ്പിയർ നാടകം), അപ്പു നെടുങ്ങാടി രചിച്ച 'കുന്ദലത'(1887)യും ഇന്ദുലേഖയ്ക്കുമുന്നേ ഉണ്ടായ രചനകളാണ്. എന്നാൽ ഇവയ്ക്ക് ഒന്നിനും നോവൽ എന്നു

SGOU

പറയത്തക്ക ഗുണങ്ങൾ ഒന്നും ഉണ്ടായില്ല. വിനോദത്തിന് വേണ്ടി ഉണ്ടായ 'റൊമാൻസ്' എന്നതിനപ്പുറം സാഹിത്യ ചരിത്രകാരന്മാർ വിലകല്പിച്ചില്ല.

മലയാള നോവലിൽ റിയലിസത്തിന്റെ പ്രോദ്ഘാടകൻ ആയിരുന്നു ഇന്ദുലേഖയുടെ കർത്താവായ ഒ. ചന്തുമേനോൻ എന്നു പറയാം. ഇന്ദുലേഖയെ മലയാളത്തിലെ ആദ്യത്തെ സാമൂഹ്യനോവലൽ ആയി കരുതപ്പെടുന്നു. 19-ാം നൂറ്റാണ്ടിലെ നമ്പൂതിരി നായർ സമുദായങ്ങളുടെ സാമൂഹിക അന്തരീക്ഷവും മറ്റും ഇന്ദുലേഖയുടെ ഏടുകളിൽ നിന്ന് വായിച്ചെടുക്കാൻ കഴിയും. ഇംഗ്ലീഷ് പഠനം കൊണ്ട് പുതിയ തലമുറയിൽ ഉണ്ടായ സ്വാതന്ത്ര്യാഭിവാഞ്ഛ, ഉത്പതിഷ്ണുത്വം, കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ ശൈഥില്യം, മരുമക്കത്തായത്തിന്റെ തകർച്ച, സ്ത്രീസമൂഹത്തിന്റെ സാമൂഹികമായ ഉന്നമനം, അനാചാരങ്ങളിൽ നിന്നും ഉള്ള മോചനം തുടങ്ങിയവയുടെ ചിത്രീകരണം കൊണ്ട് ഇന്ദുലേഖയെ സാമൂഹ്യനോവലുകളുടെ അമരത്തേക്ക് ചന്തുമേനോൻ എത്തിച്ചേർത്തു. ശാരദ എന്നൊരു നോവൽ കൂടി അദ്ദേഹം രചിച്ചെങ്കിലും അത് പൂർത്തീകരിക്കാനായില്ല.

ഇന്ദുലേഖയുടെ പ്രസിദ്ധീകരണത്തോടെ മലയാളം നോവലിലെ ക്ലാസിക് യുഗത്തിന് നാന്ദി കുറിക്കപ്പെട്ടു. ചന്തുമേനോന്റെ സമകാലികനായിരുന്നു സി.വി. രാമൻ പിള്ള. സി.വി.യുടെ മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജബഹുദൂർ എന്നീ ചരിത്രാഖ്യായികൾ മലയാള നോവലിനെ മുന്നോട്ടു നയിച്ചു. തിരുവിതാംകൂർ ചരിത്രവും കല്പിത കഥയും ചേർന്ന് അദ്ദേഹം എഴുതിയ ചരിത്രനോവലുകൾ ക്ലാസിക്കൽ യുഗത്തിന്റെ മുതൽക്കൂട്ടുകളായി. ഇന്നും വായിക്കപ്പെടുന്ന കൃതികളായി അവ മാറി. വ്യക്തികളെക്കാൾ ടൈപ്പുകൾക്ക് പ്രാധാന്യം നൽകുക, ധീരോദാത്ത നായകന്മാരെ ചിത്രീകരിക്കുക, അപ്രധാനരായ കഥാപാത്രങ്ങളെ പരിഹാസ്യരായി അവതരിപ്പിക്കുക, മനുഷ്യന്റെ സാമൂഹിക രാഷ്ട്രീയ ബന്ധങ്ങൾ ചിത്രീകരിക്കുക തുടങ്ങിയവയായിരുന്നു ക്ലാസിക് മുഖമുദ്രകൾ. 1920-വരെ ഈ കാലഘട്ടം മലയാളനോവലിൽ സ്വാധീനം ചെലുത്തി. ചന്തുമേനോനും സി.വി.ക്കും ശേഷം ധാരാളം കൃതികൾ ഉണ്ടായെങ്കിലും കലാമൂല്യം തീണ്ടിയിട്ടില്ലാത്ത അനുകരണങ്ങൾ മാത്രമായി അവ അവശേഷിച്ചു.

1920 മുതൽ 1940 വരെയുള്ള കാലഘട്ടത്തെ വേണമെങ്കിൽ നീയോ ക്ലാസ്സിക് യുഗം എന്നു വിളിക്കാം. അക്കാലത്ത് രചിക്കപ്പെട്ട നോവലുകൾ എല്ലാം സുകുമാരി, സ്നേഹലത, സൗദാമിനി തുടങ്ങിയ പേരുകളിൽ എഴുതപ്പെട്ടവയാണ്. ഇവയിൽ പലതും വികലമായ ഭാഷ കൊണ്ടും വിരസമായ പ്രതിപാദനം കൊണ്ടും വായനക്കാരെ സ്വാധീനിച്ചില്ല. സാമൂഹ്യപരിഷ്കരണ ശ്രമങ്ങളിൽ ഇന്ദുലേഖയോടൊപ്പം നിൽക്കുന്ന മീനാക്ഷി, നമ്പൂതിരി സമുദായത്തിലെ ദൈന്യത ചിത്രീകരിക്കുന്ന മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ 'അപ്ഫന്റെ മകൾ' തുടങ്ങിയ ശ്രദ്ധേയമായ ചില നോവലുകളും ഉണ്ടായി. മലയാളം നോവലിന്റെ അടുത്ത ഘട്ടം നവോത്ഥാന ഘട്ടം എന്ന പേരിൽ അറിയപ്പെടുന്നു. പാശ്ചാത്യ സാഹിത്യത്തിലെ പുതിയ പ്രവണതകൾ പലതും മലയാളത്തിലേക്ക് കടന്നുവന്നത് ഈ ഘട്ടത്തിലാണ്. നവോത്ഥാന ഘട്ടത്തിലെ രചനകളെക്കുറിച്ച് എരുമേലി പരമേശ്വരൻ പിള്ള ഇങ്ങനെ രേഖപ്പെടുത്തുന്നു: 'വെറും ഭാവനാലോകത്തിൽ സഞ്ചരിക്കാതെ യഥാർഥ ജീവിതത്തിലേക്ക് കണ്ണയയ്ക്കാൻ എഴുത്തുകാർ സന്നദ്ധരായി. ഈ മണ്ണിൽ പിറന്ന മനുഷ്യർ ഈ മണ്ണിന്റെ ഭാഷയിൽ ഇവിടുത്തെ ജനങ്ങളുടെ ജീവിതവേദനകളും പ്രശ്നങ്ങളും പ്രതീക്ഷകളും കൈകാര്യം ചെയ്യണമെന്ന ബോധം എഴുത്തുകാർക്ക് ഉണ്ടായി. അങ്ങനെ സാമൂഹികവും, സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും എഴുത്തുകാരന്റെ സർഗാത്മക ചേതന ചെന്നെത്തി. അഭിവാഞ്ഛയും ജനങ്ങളിൽ ഉണ്ടാ


യി' (എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ). ഫ്രോയിഡിന്റെ മാനസികാപഗ്രഥനരീതിയും സാമൂഹിക ജീവിതത്തിലെ വൈകൃതങ്ങളും ധർമച്ച്യുതിയും സാമുദായികവും സാമ്പത്തികവുമായ ചൂഷണങ്ങളും അസമത്വങ്ങളും ഒക്കെ തുറന്നുകാട്ടുന്ന വിവിധതരം റിയലിസ്റ്റിക് സമീപനങ്ങളും നവോത്ഥാന എഴുത്തുകാർ തങ്ങളുടെ രചനകളിൽ സ്വീകരിച്ചു. തകഴി, ബഷീർ, ദേവ്, പൊറ്റെക്കാട്ട് പൊൻകുന്നം വർക്കി തുടങ്ങിയവരായിരുന്നു എഴുത്തുകാരിൽ പ്രധാനികൾ.

## Keywords

സാഹിത്യചരിത്രം - മലയാളനോവൽ ചരിത്രം - ആദ്യകാല നോവലുകളും രചയിതാക്കളും - നവോത്ഥാന കാലഘട്ടം - സവിശേഷതകൾ - യഥാതഥ പ്രസ്ഥാനം - റിയലിസം വിശകലനം - വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ. പൊറ്റെക്കാട്ട്, എം.ടി. വാസുദേവൻ നായർ

## Discussion

### 2.2.1 വൈക്കം മുഹമ്മദ് ബഷീർ


വൈക്കം മുഹമ്മദ് ബഷീർ

എല്ലാക്കാലത്തിലുമുള്ള എല്ലാ മനുഷ്യർക്കുമായി കഥ പറഞ്ഞ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. 1908 ജനുവരി 21-ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ അദ്ദേഹം ജനിച്ചു. തലയോലപ്പറമ്പ് മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലുമായി വിദ്യാഭ്യാസം. ഫിഫ്ത് ഫോമിൽ പഠിക്കുന്ന കാലത്ത് കൊച്ചിയിലെത്തി തീവണ്ടിയിൽ കോഴിക്കോട് എത്തിച്ചേർന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമായി ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി. കോഴിക്കോട്ട് നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മർദനമനുഭവിക്കുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തു. ('അമ്മ എന്ന കഥയിൽ ബഷീർ ഇക്കാര്യം ഹൃദയസ്പർശിയായി അവതരിപ്പിച്ചിട്ടുണ്ട്'). തുടർന്ന് ഇന്ത്യയൊട്ടാകെയും ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും സന്ദർശനം നടത്തി. ഈ സഞ്ചാരങ്ങൾ അദ്ദേഹത്തെ വലിയൊരു അനുഭവസമ്പത്തിന്റെ ഉടമയാക്കി മാറ്റി. ബഷീറിന്റെ കൃതികൾക്ക് കതിർക്കനം വർധിപ്പിച്ചത് ഈ അനുഭവസമ്പത്താണ്.

വളരെ ദരിദ്രമായ ചുറ്റുപാട്, ഈ ചുറ്റുപാടിൽ ബഷീർ എന്തിനു കഥയെഴുതാനിരുന്നു. അത് ആത്മാവിന്റെ ആവശ്യമായിരുന്നു; സ്വന്തം അസ്തിത്വത്തിനുവേണ്ടിയായിരുന്നു. എങ്ങനെയുള്ള കഥകളാണ് അദ്ദേഹം എഴുതിയത്? പട്ടിണി, വ്യഭിചാരം, സ്വാതന്ത്ര്യസമരം, പോലീസ് മർദ്ദനം, സമുദായത്തിന്റെ ജീർണത അങ്ങനെ എല്ലാറ്റിനെക്കുറിച്ചും. ബഷീറിന്റെ കഥകളിലധികവും അദ്ദേഹത്തിന്റെ സ്വന്തം അനുഭവങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നു തോന്നുന്നു. നേരിട്ട് സ്വാനുഭവത്തെ ആവിഷ്കരിക്കുന്ന രീതിയിലാണുതാനും മിക്ക കഥകളുടെയും രചന. തല നിറച്ച് ആദർശങ്ങളുണ്ടായിരിക്കുക,

ദരിദ്രനെങ്കിലും ഊർജസ്വലനായിരിക്കുക. യാഥാർഥ്യങ്ങളെ നേരിടാനും സമുദായത്തെ പരിഷ്കരിക്കാനും സമരാവേശത്തോടെ മുന്നിട്ടിറങ്ങി, കഠിനപീഡകൾക്കു പാത്രമായി ക്രമേണ പിന്തിരിഞ്ഞ്, തന്റെ അനുഭവങ്ങളെ ചിലപ്പോൾ ഒരു സിനിക്കിന്റെ ഭാഷയിൽ സോപഹാസമായി, ചിലപ്പോൾ ഹൃദയാലുവായ ഒരു മനുഷ്യന്റെ വികാരവായ്പോടെ ഉള്ളിൽ തട്ടുമാറ് തുറന്നെഴുതുന്ന ഒരു മനുഷ്യനെ കാണാം, ബഷീറിന്റെ കഥകളിൽ. (എം.അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്)

('പാത്തുമ്മയുടെ ആടിൽ' അബിയുടെ നാണയം വിഴുങ്ങിയ സംഭവം ചിത്രീകരിക്കുകയാണ് ബഷീർ. ആ ചിത്രീകരണ ഭംഗി നോക്കുക.)

"ഉള്ളാടത്തിപ്പാറൂ ഉള്ളാടത്തിപ്പാറൂ
വാലേപ്പിടി വാലേപ്പിടി
മുള്ളണത് കണ്ടില്ലാ മുള്ളണത് കണ്ടില്ലാ
കൊമ്പേപ്പിടി കൊമ്പേപ്പിടി"

"ദേവി, അപമാനഭാരത്താൽ അച്ഛനും അമ്മയും ചിലപ്പോൾ ആത്മഹത്യ ചെയ്തേക്കും. അവർ പടുവൃദ്ധരാണ് മാനക്ഷയം സഹിക്കാൻ അവർക്ക് സാധ്യമല്ല. നമ്മുടെ ദാമ്പത്യജീവിതത്തിൽ അവരുടെ ആത്മഹത്യ ഒട്ടാകെ കടുംനിഴലായിരിക്കും. എന്റെ മനസിൽ അപാരമായ ദുഃഖമുണ്ട്. എങ്കിലും ദേവി, എന്റെ ദേവി, എന്റെ വിഷാദമോഹനമായ മധുരകാവ്യം അച്ഛന്റെയും അമ്മയുടെയും മറ്റും ഹിതത്തിനു വിധേയയാവുക, ധീരതയോടെ അപമാനം ഞാൻ സഹിച്ചുകൊള്ളാം. ദേവി ഈ സ്വർണപ്പൊതിയുമായി അച്ഛന്റെയും അമ്മയുടെയും അടുത്തേക്ക് തന്നെ പോകൂ. കരുണാമയനായ ദൈവം ദേവിയെയും എന്നെയും കാത്തുരക്ഷിക്കട്ടെ." അനുരാഗത്തിന്റെ ദിനങ്ങളിലെ ഗൗരവം നിറഞ്ഞ ഒരു രംഗത്തിന്റെ അവതരണമാണിത്. ഫലിതം നിറഞ്ഞ രംഗമാണെങ്കിലും ഗൗരവപൂർണമായ കാര്യമാണെങ്കിലും അത് കൈകാര്യം ചെയ്യുന്നതിന് തന്റേതായ ഒരു ശൈലി ബഷീറിനുണ്ട്. അനുകരണീയമായ ആ ശൈലിയാണ് ബഷീറിനെ തനിമയുള്ള എഴുത്തുകാരനാക്കിമാറ്റിയത്. ജീവിതത്തെ അതിന്റെ തനിമയിൽ പച്ചയായി ചിത്രീകരിക്കാൻ ബഷീറിനായി. ബാല്യകാലസഖി ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരു ഏടാണ് അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു'. എന്ന് എം.പി. പോളിനെ കൊണ്ട് പറയിച്ചത് ഈ ജീവിതചിത്രീകരണമാണ്.

> വൈക്കം മുഹമ്മദ് ബഷീറിന്റെ അനർഘനിമിഷം എന്ന കഥാസമാഹാരത്തിലെ മിക്ക കഥകൾക്കും പരിസ്ഥിതി-സൂഫി-മിസ്റ്റിക് ബോധങ്ങളുടെ സാന്നിധ്യമുണ്ട്.

"സ്നേഹം എത്ര മഹത്താണ് എന്നുമാത്രമല്ല സ്നേഹം എത്ര നിരർഥകമായ വസ്തുതയായിത്തീരുന്നു എന്നും സ്നേഹം എങ്ങനെ 'യാഥാർഥ്യത്താൽ ഞെരുക്കപ്പെടുന്നു എന്നും പറയാനാണ് ബഷീർ ബാല്യകാലസഖി' എഴുതിയത്. ഏതെല്ലാം തീച്ചൂളകളിലാണ് അദ്ദേഹം വെന്തുനീറിയത് എന്നും ഏതെല്ലാം അഗ്നിപഥങ്ങളിലാണ് അദ്ദേഹം സഞ്ചരിച്ചത് എന്നും വിശപ്പിന്റെ ഏതെല്ലാം ഘട്ടങ്ങളാണ് അദ്ദേഹം അളന്നു തീർത്തത് എന്നും അന്വേഷിക്കുകയാണ് ബഷീറിനെയും ചരിത്രത്തെയും കണ്ടെത്താനുള്ള മാർഗം''.- (എം.എൻ.വിജയൻ, മരുഭൂമികൾ പൂക്കുമ്പോൾ) ബഷീറിന്റെ 'ബാല്യകാലസഖി' പിറന്നിട്ട് 81 വർഷം, രണ്ടുതവണ സിനിമയായി, 18 ഭാഷകളിൽ വിവർത്തനം; ബഷീർ സാഹിത്യത്തെ 'അനുഭവങ്ങളുടെ വൻകര'യെന്നും ബഷീറിനെ കാടായി തീർന്ന ഒറ്റ മരമെന്നുമാണ് എം.എൻ. വിജയൻ വിശേഷിപ്പിച്ചിരിക്കുന്നത്.

ബഷീറിന്റെ കൃതികളെ ശ്രദ്ധേയമാക്കുന്ന മറ്റൊരു ഘടകം അതിലെ ഭാഷയാണ്. സ്വന്തം ഭാഷയെക്കുറിച്ച് ബഷീർ തന്നെ പാത്തുമ്മയുടെ ആടിൽ വിവരിക്കുന്നുണ്ട്. ഇക്കാക്ക വ്യാകരണം പഠിക്കണം എന്നു പറഞ്ഞ അബ്ദുൽ ഖാദറിനോട് "എടുത്തുകൊണ്ടു പോടാ നിന്റെ പളുങ്കൂസൻ വ്യാകരണം. ആളുകൾ വർത്തമാനം പറയുന്നമാതിരിയാണ് ഞാൻ ഇതൊക്കെ എഴുതി വച്ചിരിക്കുന്നത്'' എന്ന് ബഷീർ പറയുന്നുണ്ട്. ബഷീറും അബ്ദുൽ ഖാദറും സ്കൂളിൽ പോയിരുന്ന

രംഗം ചിത്രീകരിക്കുന്നത് ഇപ്രകാരമാണ്. അബ്ദുൽ ഖാദറിന്റെ തളർന്ന കാല് കറക്കിയുള്ള അടിയേറ്റ് നിലത്തു വീണുകിടക്കുന്ന ബഷീറിനോട് "എന്റെ സെറേട്ടും, പൊസ്സകോം എടുക്കുന്നുണ്ടോ, സാമതിച്ചു ചെന്നാൽ സാറടിക്കും". എന്ന് അബ്ദുൾ ഖാദർ പറയുന്നുണ്ട്. നിലത്തു കിടന്ന ബഷീർ അബ്ദുൽ ഖാദറിന്റെ നല്ലകാലിൽ പിടിച്ചു നിലത്തിട്ടു. "ദാ കിടക്കുന്നു അബ്ദുൾ ഖാദർ ചളുക്കോ പിളുക്കോന്ന് മലർന്ന്''. ഫലിതം കലർന്ന തനി നാടൻഭാഷ ഇങ്ങനെ ബഷീറിന്റെ മിക്ക കൃതികളിലും കാണാം.

മറ്റൊന്ന് കഥാപാത്രചിത്രീകരണമാണ്. ആനമക്കാറ്, വട്ടനടിമ, ആനവാരിരാമൻ നായർ, പൊൻകുരിശ് തോമ, എട്ടുകാലി മമ്മൂഞ്ഞ്, ഒറ്റക്കണ്ണൻ പോക്കർ, ഉണ്ടക്കണ്ണൻ അദ്രു, മണ്ടൻ മുത്തപ്പ തുടങ്ങി നിരവധി കഥാപാത്രങ്ങളിലൂടെയാണ് ബഷീർ തന്റെ കഥകൾ പറഞ്ഞത്. ഉമ്മയായാലും, പാത്തുമ്മയായാലും പോക്കറ്റടിക്കാരനായാലും, വേശ്യയായാലും കഥാപാത്രങ്ങളുടെ വലിപ്പച്ചെറുപ്പം നോക്കാതെ അവരിൽ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും കണങ്ങൾ നിക്ഷേപിക്കുന്നതിൽ ബഷീർ പിശുക്ക് കാണിച്ചില്ല. തങ്ങളുടെ സ്രഷ്ടാവിന്റെ മഹത്വം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നവരാണ് ബഷീറിന്റെ ഓരോ കഥാപാത്രങ്ങളും. 'ഒരു മനുഷ്യൻ' എന്ന കഥയിലെ പോക്കറ്റടിക്കാരനെ പ്രത്യേകം പരിശോധിച്ചാൽ മനസിലാവും.

> ബഷീർ സമകാലികരെ അപേക്ഷിച്ച് അനുഭവങ്ങളുടെ മഹായാത്രകൾ നടത്തിയ എഴുത്തുകാരനായിരുന്നു. ജീവിതാനുഭവങ്ങളാണ് തന്റെ എഴുത്തിന്റെ ആധാരമെന്ന് ബഷീർ തന്നെ പറഞ്ഞിട്ടുണ്ട്.

നീണ്ട കഥയോ സങ്കീർണകഥാപാത്രങ്ങളോ ബഷീറിന്റെ 'ബാല്യകാലസഖി'യിൽ കാണാൻ കഴിയില്ല. ഒരു സാധാരണ പ്രേമകഥ. പ്രകൃതികളായ കഥാപാത്രങ്ങൾ. എങ്കിലും ആ സാധാരണത്വത്തിനിടയിൽ തുടിക്കുന്ന മനുഷ്യവികാരങ്ങൾക്ക് മൗലികതയുണ്ട്; അപൂർവതയുടെ സൗന്ദര്യമുണ്ട്. നോവലിന്റെ ഘടകങ്ങളെ വേർതിരിച്ചെടുത്തുള്ള അപഗ്രഥനം അർഥശൂന്യമാകുന്നു. എല്ലാം കൂടിച്ചേരുമ്പോഴുണ്ടാകുന്ന ഭാവദീപ്തിയാണ് പ്രധാനം. ചുറുചുറുക്കുള്ള ആ വാക്യങ്ങളിൽ ഒരു മനുഷ്യഹൃദയത്തിന്റെ ശീഘ്രസ്പന്ദനം നമുക്ക് അനുനിമിഷം കേൾക്കാമെന്ന് നോവൽ സാഹിത്യത്തിൽ പ്രൊഫ. എം.പി. പോൾ പ്രസ്താവിക്കുന്നു(പുറം. 277).

'ചിരിപ്പിടിയോളം മുട്ടൻശൈലി', ശരിയായ ജീവിതവീക്ഷണം, ലോകത്തിന്റെ പലഭാഗങ്ങളിലും സഞ്ചാരിയായി നടന്നു കിട്ടിയ അനുഭവസമ്പത്ത്, ഫലിതം തുടങ്ങിയവയെല്ലാം ഒരുമിച്ച് ചേർന്ന് വാർത്തെടുത്ത ഒരു കൂറ്റൻ സൗധമായി ബഷീർ സാഹിത്യം മലയാളത്തിൽ ഉയർന്നു ശോഭിക്കുന്നു. 1994 ജൂലൈ 5-ന് ബഷീർ കഥാവശേഷനായി.

> "കാലണയേ കൊടുക്കേണ്ടൂ ഒരു ചായയ്ക്ക്. പക്ഷേ, കാലണ വേണമല്ലോ. പട്ടിണികിടക്കുക, ഓർത്തോർത്തു ദുഃഖിക്കുക, എന്നിട്ടും കടലാസും മഷിയും കടം വാങ്ങി കഥയെഴുതുക; അത് തപാലിലയയ്ക്കാൻ നാലുപൈസയില്ലാതെ എരിപിരിക്കൊള്ളുക, നമ്മുടെ കഥാകൃത്തുക്കളിൽ ബഷീറിനു മാത്രമേ ഈ അനുഭവമുണ്ടായിട്ടുള്ളൂ; അല്ലെങ്കിൽ അദ്ദേഹം മാത്രമേ ഹൃദയം നീറ്റുന്ന ഈ സത്യം തീവ്രമായ അനുഭവമാക്കിത്തന്നിട്ടുള്ളൂ.''(എം.അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്)

## അവലോകനം

സാധാരണമായ സ്ത്രീപുരുഷബന്ധങ്ങൾക്ക് ഭാഷയുടെ കാവ്യാത്മകതകൊണ്ട് അപൂർവതയുടെ വിതാനമേകി മനുഷ്യത്വത്തിന്റെ മനോഹരമുഖം അവതരിപ്പിക്കുന്ന കലാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. മലയാള കഥാസാഹിത്യത്തിൽ ഇത്ര മധുരവും ദീപ്തവുമായ കാവ്യാനുഭവം സൃഷ്ടിച്ച മറ്റൊരു കലാകാരനില്ല. പ്രകൃതിയുടെ ഭംഗി

മുഴുവൻ കണ്ണുകളിൽ സൂക്ഷിക്കുന്ന മഞ്ഞുതുള്ളിയെപ്പോലെ നമ്മുടെ പ്രഭാതങ്ങളെ അവ സുന്ദരവും ഭാവനാപൂർണവുമാക്കുന്നു. മലയാള നോവൽ സാഹിത്യത്തിൽ ബഷീറിന് അനുകർത്താക്കളില്ല. അങ്ങനെ ഉണ്ടാവുക സാധ്യവുമല്ല. ഒരു നീർച്ചോല പോലെ, പൂമരം പോലെ ഊഷരതകൾക്കിടയിൽ ബഷീർ സാഹിത്യം ആഹ്ലാദം ചൊരിയുന്നു.

1947-ൽ പ്രകാശിതമായ പ്രേമലേഖനമാണ് ആദ്യമായി പ്രസിദ്ധീകരിച്ച നോവൽ. ബാല്യകാലസഖി, ശബ്ദങ്ങൾ, (ആദ്യത്തെ എക്സിസ്റ്റ്യൻഷ്യലിസ്റ്റിക് നോവൽ എന്ന് പ്രൊഫസർ കെ.എം. തരകൻ) ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് തുടങ്ങിയ സാമൂഹിക നോവലുകൾ, പ്ലോട്ട് ഇല്ലാത്ത കഥ എന്ന് വിശേഷിക്കപ്പെട്ട പാത്തുമ്മയുടെ ആട്, മതിലുകൾ തുടങ്ങിയ ആത്മകഥാ നോവലുകൾ, മാന്ത്രിക പൂച്ച, അനുരാഗത്തിന്റെ ദിനങ്ങൾ, ആനവാരിയും പൊൻകുരിശും, മുച്ചീട്ടു കളിക്കാരന്റെ മകൾ, താരാ സ്പെഷ്യൽ തുടങ്ങിയവയാണ് ബഷീറിന്റെ പ്രധാനപ്പെട്ട നോവലുകൾ.

### 2.2.2 എസ്.കെ. പൊറ്റെക്കാട്ട്


എസ്.കെ. പൊറ്റക്കാട്ട്

1913 മാർച്ച് 14-ന് ശങ്കരൻകുട്ടി പൊറ്റെക്കാട്ട് എന്ന എസ്.കെ. പൊറ്റെക്കാട്ട് കോഴിക്കോട് ജനിച്ചു. താൻ ഒരു കഥയെഴുത്തുകാരനായതിനെക്കുറിച്ച് എസ്.കെ. ഞാൻ കഥാകാരനായ കഥ എന്ന ഓർമ്മക്കുറിപ്പിൽ വിവരിക്കുന്നുണ്ട്. 'മകനെ സുഖമായി വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും വേണ്ടി തന്റെ സകലസ്വത്തുക്കളും വിറ്റ്, പോരാതെ അയൽവീടുകളിൽ ഭൃത്യപ്പണി ചെയ്ത് വളരെ കഷ്ടങ്ങൾ അനുഭവിച്ച അക്ഷരജ്ഞാനമില്ലാത്ത ഒരു വൃദ്ധമാതാവ്. ആ അമ്മ ആഗ്രഹിച്ചത് പോലെ മകൻ ഉദ്യോഗസ്ഥനായി. നിസഹായതയിലും പട്ടിണിയിലും അലയുന്ന ആ അമ്മ തന്റെ മകൻ മനസിലാക്കാൻ വേണ്ടി നീണ്ട കത്ത് എഴുതി അയക്കാൻ എന്റെ അടുക്കൽ വന്നു. മാറത്തിട്ട കീറമുണ്ടിന്റെ അറ്റം കൊണ്ട് കണ്ണീർ തുടച്ചും മൂക്ക് പിഴിഞ്ഞും കൊണ്ടും അവർ പറയും 'അവനു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പട്ടിണി കിടന്നതും അവന്നുഷ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂറുപെട്ടിയും വാങ്ങാൻ പൈസ ഇല്ലാതെ ഞാനെന്റെ അരയിലെ ഏലസ്സിനകത്ത് കിടന്നിരുന്ന ഒരു പൊൻ പണം തൂക്കി വിറ്റതും മറ്റും അവന് ഓർമയുണ്ടോ എന്ന് എഴുതി ചോദിക്കൂ. ഇപ്പോൾ അവന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ 'കുഷ്ഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. അവന്റെ മനസൊന്ന് ഇളക്കാൻ എന്റെ മോൻ ഇതെല്ലാം ഒന്ന് എഴുതി അയക്കണം. ദൈവത്തെ മറന്നു കളിക്കണ്ട എന്നും പറയണം.''

വൃദ്ധ പറഞ്ഞ കഥ കേട്ട് മനസലിഞ്ഞ എസ്.കെ. അവർ പറഞ്ഞതിനെ പാകപ്പെടുത്തി തന്റെ വകയായ ചില സരസ്വതീവിലാസങ്ങളും ചേർത്ത് ആ മടിയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു. രണ്ടുമൂന്നു മാസം കഴിഞ്ഞപ്പോൾ മകൻ അമ്മയ്ക്ക് ഭാര്യ അറിയാതെ പണം അയച്ചു തുടങ്ങി. ഒരിക്കൽ വന്നു കാണുകയും ചെയ്തു. ആ മുത്തിത്തള്ളയാണ് കഥാരചനയിൽ തന്റെ ആദ്യത്തെ ഗുരുനാഥ. അവരുടെ മകന് അന്ന് ഞാൻ എഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ ചെറുകഥകൾ എന്നു പറയാം. താൻ കഥാരചനയിലേക്ക് കടന്നുവന്ന കഥയാണ് എസ്.കെ. ഇങ്ങനെ വിവരിച്ചത്.

മലയാളത്തിലെ സഞ്ചാരസാഹിത്യകാരന്മാരിൽ സമുന്നത വ്യക്തിത്വം പുലർത്തിയ എഴുത്തുകാരൻ എസ്.കെ. പൊറ്റെക്കാട്ടാണെന്ന് നിസ്സംശയം പറയാം. മലയാളത്തിൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച ആദ്യ നോവലിസ്റ്റ് എസ്.കെ. ആണ്. യാഥാർഥ്യപ്രതീതിയും ഭാവസാന്ദ്രതയും അദ്ദേഹത്തിന്റെ സഞ്ചാരസാഹിത്യകൃതികൾക്ക് മനോഹാരിത നല്കുന്നു. അതുപോലെ തന്നെ അദ്ദേഹത്തിന്റെ നോവലുകളിലും ഇത്തരം അനുഭവങ്ങളുടെ പ്രത്യക്ഷീകരണം നമുക്ക് ദർശിക്കാം. അന്വേഷണപരതയും സൂക്ഷ്മനിരീക്ഷണപാടവവും ഭാവനാവിലാസവും ശില്പചാതുരിയും എസ്.കെയിൽ ഒത്തിണങ്ങിയിരിക്കുന്നു. അതിന്റെ പ്രത്യക്ഷസാക്ഷ്യമാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ നോവലുകൾ. കൊച്ചു ചിത്രങ്ങളിലൂടെ ഒരു

മഹാപ്രപഞ്ചത്തെ ആവാഹിച്ചെടുക്കാനുള്ള കരവിരുതാണ് എസ്.കെ. യുടെ നോവലുകളെ മറ്റുള്ളവരുടേതിൽ നിന്നും വേർതിരിച്ചു നിർത്തുന്നത്. വായനക്കാരെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഓരോ നാടിന്റെ മനുഷ്യരുടെയും ഹൃദയം അദ്ദേഹം മറനീക്കിക്കാണിക്കുന്നത്. ലോകമെമ്പാടുമുള്ള മനുഷ്യരെ കാണാനും മനുഷ്യസ്വഭാവവൈചിത്ര്യങ്ങളെ പഠിക്കാനുമാണ് എസ്.കെ. ലോകസഞ്ചാരം നടത്തിയത്. ഓരോ നാടിന്റെയും നന്മയും തിന്മയും വേദനയും ദുരന്തങ്ങളും തന്റെ നോവലുകളിലൂടെയും കഥകളിലൂടെയും തുറന്നു കാട്ടാൻ എസ്.കെ. പൊറ്റെക്കാട്ടെന്ന മനുഷ്യസ്നേഹിക്കു കഴിയുന്നു.

മലയാളനോവൽ സാഹിത്യത്തിൽ രണ്ടാം തലമുറയിൽപ്പെട്ട എഴുത്തുകാരനായാണ് എസ്.കെ.യെ വിലയിരുത്തുന്നത്. യഥാതഥപ്രസ്ഥാനമാണ് (റിയലിസം) കഥയെഴുത്തിന്റെ തുടക്കമെങ്കിലും ഒപ്പം തന്നെ കാല്പനികസ്വഭാവം (റൊമാന്റസിസം) പുലർത്തുന്ന രചനകളും എസ്.കെ. രചിച്ചിട്ടുണ്ട്. വിഷകന്യക, മൂടുപടം പോലെയുള്ള കൃതികൾ ഉദാഹരണങ്ങളാണ്. തെരഞ്ഞെടുക്കുന്ന വ്യക്തികളുടെ ചിത്രമല്ല ഒരു സമൂഹത്തിന്റെ മുഴുവൻ ചിത്രമാണ് നോവലിൽ വരച്ചു കാണിക്കേണ്ടത് എന്ന പക്ഷക്കാരൻ ആണ് എസ്.കെ.' എന്ന് എരുമേലി 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ' എന്ന കൃതിയിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതിന്റെ ആദ്യപരീക്ഷണമാണ് വിഷകന്യകയെന്നും അദ്ദേഹം പറയുന്നു. മിക്ക കൃതികളിലും സമൂഹത്തെ ഒന്നാകെ അവതരിപ്പിക്കാനുള്ള ശ്രമം നമുക്ക് കാണാൻ കഴിയും. അതിഭാവുകത്വത്തിന്റെ പ്രസ്ഫുരണം എസ്.കെ. യുടെ കഥാപ്രപഞ്ചത്തിൽ ദൃശ്യമാണ്. മനുഷ്യനന്മയിലുള്ള അഗാധമായ വിശ്വാസവും അതിനെ അംഗീകരിക്കാനുള്ള ശ്രമവും, അതിന്റെ ഉച്ചകോടിയിൽ കൃതികളിൽ പ്രതിഷ്ഠിക്കാനുള്ള വ്യഗ്രതയും പൊറ്റെക്കാട്ടിൽ ഏറി നില്കുന്നത് കൃതികളുടെ പാരായണത്തിൽ നിന്ന് വ്യക്തമാകും.

എസ്.കെ. യുടെ പ്രധാനകൃതികൾ കൂടി വിശദീകരിക്കാം. അദ്ദേഹത്തിന്റെ ആദ്യ നോവലായി പറയപ്പെടുന്നത് നാടൻപ്രേമമാണ്. കോഴിക്കോട് നഗരത്തിന്റെ ഉള്ളും പുറവും തുറന്നു കാട്ടുന്ന നോവലാണ് ഒരു ദേശത്തിന്റെ കഥ. തെരുവ്, വലിച്ചെറിയപ്പെടുന്നവരുടെ സങ്കേതമാണ്. വിസർജ്യവസ്തുക്കൾ പോലെ മനുഷ്യജീവിതങ്ങളും കുപ്പത്തൊട്ടികളിൽ വന്നടിയുന്നു. മനുഷ്യരും തെരുവ് നായ്ക്കളും ഒരേ കുപ്പത്തൊട്ടിയിൽ നിന്ന് ഭക്ഷണം കഴിക്കുന്നു. ഒരേ കടത്തിണ്ണയിൽ അന്തിയുറങ്ങുന്നു. കഷ്ടപ്പാടുകളും, പൊട്ടിച്ചിരികളും, പൊട്ടിക്കരച്ചിലും, പട്ടിണിയും എല്ലാം തോളോട് തോൾ ചേർന്ന് ആ തെരുവിന്റെ ഭാഗമാകുന്നു. ഒപ്പം അവിടെ സ്ഥിരതാമസക്കാരായ കുറച്ചുപേരും. പല തട്ടുകളിൽ ജീവിക്കുന്ന വ്യത്യസ്ത സ്വഭാവക്കാരായ ഒരുപറ്റം മനുഷ്യജീവികൾ, അവർ തമ്മിൽ ബന്ധപ്പെട്ട ഒരു സമൂഹമായി രൂപാന്തരപ്പെടുന്നതിന്റെ ചിത്രം ഈ നോവലിൽ കാണാൻ കഴിയില്ല. എല്ലാറ്റിനും സാക്ഷിയായി നിലകൊള്ളുന്ന തെരുവ് തന്നെയാണ് ഇതിലെ കേന്ദ്രകഥാപാത്രം. ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന തെരുവ് നിവാസികളുടെ സുഖദുഃഖങ്ങൾ നോവലിൽ ശ്രദ്ധേയമാകുന്നു. 1961-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ഈ കൃതിക്കാണ് ലഭിച്ചത്.

മറ്റൊരു ശ്രദ്ധേയമായ നോവൽ ഒരു ദേശത്തിന്റെ കഥയാണ്. എസ്.കെ യ്ക്ക് ജ്ഞാനപീഠപുരസ്കാരം നേടിക്കൊടുത്ത ബൃഹത്തായ നോവലാണിത്. അതിരാണിപ്പാടം എന്ന ദേശത്തിന്റെ ചരിത്രവും അവിടെ ജീവിച്ച കഥാവശേഷരായ ഒരു കൂട്ടം മനുഷ്യരുടെ ഹൃദ്യമായ ജീവിതവും പശ്ചാത്തലം ആക്കി എസ്.കെ. എഴുതിയ കൃതിയാണിത്. കഥാകാരന്റെ ആത്മാംശം ഉൾക്കൊണ്ട ഈ കൃതിയിലെ കേന്ദ്രകഥാപാത്രം ശ്രീധരനാണ്. ചേനക്കോത്ത് കൃഷ്ണൻ മാസ്റ്ററുടെ മകനാണ് ശ്രീധരൻ. മാപ്പിള ലഹളയുടെ ഫലമായി ഉണ്ടായ കെടുതികൾ കൺമുന്നിൽ കണ്ട കുട്ടിയാണവൻ. അഭയാർഥികൾ ഏറ്റുവാങ്ങിയ ദുരന്തങ്ങൾ, മനോരോഗങ്ങൾ, നിന്ദകൾ, പീഡനങ്ങൾ എല്ലാം അതിരാണിപ്പാടത്തിന്റെ ദേശചരിത്രത്തിന്റെ ഭാഗമാണ്. മൂന്നു ദശാബ്ദകാലംകൊണ്ട് ഒരു നാട്ടിൽ സംഭവിക്കുന്ന പരിണാമത്തിന്റെ ചരിത്രമാണ് ഒരു ദേശത്തിന്റെ കഥ.

മലയാളത്തിലെ ലക്ഷണമൊത്ത കാല്പനിക നോവലാണ് വിഷകന്യക. മണ്ണിനോടുള്ള മനുഷ്യന്റെ സ്നേഹവും അത് സ്വന്ത

മാക്കാനുള്ള പ്രയത്നത്തിൽ നേരിടേണ്ടി വരുന്ന യാതനകളും നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ നിന്നും മലബാറിലെത്തുന്ന (വയനാട്) അന്തോണിയാണ് പ്രധാന കഥാപാത്രം. അധ്വാനത്തിലൂടെ ഒരു നല്ല ജീവിതം കെട്ടിപ്പടുക്കാൻ വേണ്ടി കൊതിയോടെ വയനാട്ടിലെത്തിയതാണ യാൾ. സ്വദേശികളുടെയും, കാലാവസ്ഥയുടെയും എതിർപ്പിനെ ക്ഷമാപൂർവം നേരിട്ട് അയാൾ പ്രവർത്തനം തുടങ്ങി. കന്നിമണ്ണ് ഒരു കന്യകയെപ്പോലെ അയാളെ പ്രലോഭിപ്പിച്ചു. ഇതിനിടയിൽ ആരെയും വലയിൽ വീഴ്ത്തുന്ന ശാരീരിക പ്രലോഭനങ്ങൾ വഴി മാധവി അയാളെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കി. പ്രേമശിക്ഷ, മൂടുപടം തുടങ്ങിയ നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ട്.

### അവലോകനം

സമകാലികരായ നോവലിസ്റ്റുകളിൽ നിന്നു വ്യത്യസ്തമായി ഭാവനാംശത്തിനു പ്രാധാന്യം നല്കുന്ന സൗന്ദര്യാത്മക കഥാഖ്യാനത്തിലാണ് പൊറ്റെക്കാട്ട് കൂടുതൽ ശ്രദ്ധിച്ചത്. ലളിതവും ഭാവനാത്മവുമായ ഭാഷ, കാവ്യാത്മകമായ ശൈലി, മടുപ്പുള വാക്കാത്ത കഥാവതരണം, വ്യക്തമായ ജീവിത ചിത്രണം, കഥാപാത്രത്തിന്റെ ദൃഢത തുടങ്ങിയ സവിശേഷതകൾ എസ്.കെ. യുടെ കൃതികളെ ശ്രദ്ധേയമാക്കി. 1982 ആഗസ്റ്റ് 6-ന് അദ്ദേഹം അന്തരിച്ചു.

## 2.2.3 എം.ടി. വാസുദേവൻ നായർ


എം.ടി. വാസുദേവൻ നായർ

മലയാള സാഹിത്യത്തിൽ നോവൽ കൊണ്ടും കഥകൊണ്ടും തിരക്കഥകൾ കൊണ്ടും എല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച എം.ടി. വാസുദേവൻ നായർ 1933 ജൂലൈ 15-ന് പഴയ പൊന്നാനി താലൂക്കിലുള്ള കൂടല്ലൂരിൽ ജനിച്ചു. വായനക്കാരെ പതിവ് രീതികളിൽ നിന്നും മാറി സഞ്ചരിക്കാൻ പ്രേരിപ്പിച്ച എഴുത്തുകാരനായി എം.ടി. വളർന്നു. എം.ടി.യുടെ കഥകൾ നവീനഭാവുകത്വത്തിന് ഉദാഹരണമായി എടുത്തുകാണിക്കാം.

വ്യക്തികൾ ഏകാന്തതയിൽ അനുഭവിക്കുന്ന ദുഃഖങ്ങളുടെ എഴുത്തുകാരനായിരുന്നു അദ്ദേഹം. മലയാള നോവലിലെ രണ്ടാം ഘട്ടത്തിലെ രണ്ടാം തലമുറക്കാരായിരുന്നു എം.ടി. നവോത്ഥാനഘട്ടത്തിലെ എഴുത്തുകാരോടൊപ്പവും, ആധുനികഘട്ടത്തിലെ എഴുത്തുകാരോടൊപ്പം എം.ടി.യെ നാം കാണുന്നു. നവോത്ഥാനഘട്ടത്തിൽ നിന്ന് ആധുനികഘട്ടത്തിലേക്ക് മലയാളകഥയെ സംക്രമിപ്പിച്ച എഴുത്തുകാരനായതിനാൽ എം.ടി.യെ സംക്രമണ നോവലിസ്റ്റ് എന്ന് വിശേഷിപ്പിക്കാറുണ്ട്. സ്വന്തം ഗ്രാമത്തെ തന്റെ കഥകളുടെ പശ്ചാത്തലമാക്കി അദ്ദേഹം മാറ്റി. കൂടല്ലൂരിലെ ഗ്രാമജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ എം.ടി.യുടെ ആത്മസ്പർശം ഉള്ള കഥാപാത്രങ്ങൾക്ക് നവചൈതന്യം പകർന്നുകൊണ്ട് നില്ക്കുന്നത് അവയുടെ വായനയിൽ വ്യക്തമായി കാണാൻ കഴിയും.

നാലുകെട്ട്, അസുരവിത്ത്, കാലം, മഞ്ഞ്, രണ്ടാമൂഴം, വിലാപയാത്ര, അറബിപ്പൊന്ന്, പാതിരാവും പകൽ വെളിച്ചവും, വാരാണസി, വാനപ്രസ്ഥം തുടങ്ങിയവയാണ് എം.ടി.യുടെ നോവലുകൾ. ഇന്ദുലേഖയ്ക്ക് ശേഷം കേരളത്തിലെ സവർണ ജന്മിത്തറവാടുകളിൽ സംഭവിച്ച സാമ്പത്തികത്തകർച്ചയും, സമ്പദ്ഘടനയിലെ മാറ്റവും, കുടുംബബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലും ഉണ്ടാക്കിയ വ്യതിയാനവും ചരിത്രപരമായി അടയാളപ്പെടുത്തിയ നോവലാണ് നാലുകെട്ട്. സ്വന്തം ദേശവും സ്വന്തം തറവാടും അവിടുത്തെ വ്യക്തികളും കൂട്ടുകുടുംബസമ്പ്രദായത്തിന്റെ തകർച്ച അനുഭവിച്ചറിഞ്ഞതെങ്ങനെയെന്ന് സ്വാനുഭവത്തിന്റെ തീവ്രതയോടെ എം.ടി. ഈ നോവലിൽ ചിത്രീകരിച്ചു. അവ്യവസ്ഥയുടെയും അലങ്കോലങ്ങളുടെയും ആ കാലഘട്ടത്തിൽ ജനിച്ചുവളർന്ന അപ്പുണ്ണി എന്ന കുട്ടിയുടെ ബാല്യകൗമാരയൗവനങ്ങളിൽ അയാൾ അനുഭവിക്കുന്ന ദാരിദ്ര്യവും പട്ടിണിയും അപമാനവും ചൂഷണവും നാടുവിട്ടു പോകാൻ പ്രേരിപ്പിക്കുന്നു. തിരിച്ചു വന്ന് തന്നെ ദ്രോഹിച്ചവരോട് പ്രതികാരം ചെയ്യണമെന്ന ലക്ഷ്യത്തോടെ പോയ അപ്പുണ്ണി തിരിച്ചുവരുമ്പോൾ സർവവും തകർന്നതാണ് കണ്ട

ത്. കൂട്ടുകുടുംബ വ്യവസ്ഥയുടെ ആത്മാവ് മാത്രമല്ല, വാസ്തുരൂപവും തകർന്ന അവസ്ഥയാണ് തറവാട് പൊളിച്ചുനീക്കലിലൂടെ വെളിവാക്കുന്നത്. അതിന്റെ സ്ഥാനത്ത് ധാരാളം കാറ്റും വെളിച്ചവും കടക്കുന്ന ഒരു പുതിയ വാസ്തുരൂപം ഉയരുന്നു. പുസ്തക രൂപത്തിൽ പ്രസിദ്ധീകൃതമായ എം.ടി. യുടെ ആദ്യ കൃതി നാലുകെട്ടാണ്.

എം.ടി.യുടെ കേരള പശ്ചാത്തലം ഇല്ലാത്ത നോവലാണ് മഞ്ഞ്. എം.ടി.യുടെ ഭാഷ അതിന്റെ സൂക്ഷ്മസൗന്ദര്യത്തെ പ്രകാശിക്കുന്നത് 'മഞ്ഞി'ലാണ് എന്ന് പറയാം. മലയാളത്തിലെ ബോധധാരാനോവലുകളിൽ പ്രധാനപ്പെട്ട കൃതി കൂടിയാണിത്. ഒറ്റപ്പെടലും വേദനയും ഈ നോവലിന്റെ ഒരു സവിശേഷതയാണ്.

ഏറ്റവും അധികം എടുത്തു പറയേണ്ട ഒരു സവിശേഷത എം.ടി.യുടെ ഭാഷയാണ്. എഴുതുന്നതെല്ലാം വായിപ്പിക്കുന്ന മാന്ത്രികസ്പർശമുള്ള എഴുത്തുഭാഷയാണ് എം.ടി.യുടേത്. ഭാവാത്മകവും, സൗന്ദര്യാത്മകവുമായി അദ്ദേഹം കൂടല്ലൂരിനെയും അവിടത്തെ മനുഷ്യരെയും അവരുടെ ഭാഷയെയും സംസ്കാരത്തെയും അദ്ദേഹം സൂക്ഷ്മം ആവിഷ്കരിക്കുകയായിരുന്നു. വള്ളുവനാടൻ ഭാഷയ്ക്ക് കിട്ടിയ സർവസ്വീകാര്യതയ്ക്ക് എം.ടി.യുടെ ആവിഷ്കാരശൈലി തന്നെയാണ് കാരണം. എം.ടി.യുടെ ആഖ്യാന ഗദ്യഭാഷ കവിതയുടെ രഹസ്യ നിക്ഷേപം ഉള്ള ഗദ്യമാണ്. 'മഞ്ഞി'ലെ ഗദ്യത്തെ ഗീതകമെന്ന കാവ്യരൂപവുമായി ബന്ധിപ്പിക്കുന്നുണ്ട്. കെ.പി. ശങ്കരൻ, മഞ്ഞിന് എഴുതിയ അവതാരികയായ 'നോവലിലെ സംഗീതത്തിൽ'. ഇക്കാര്യം തന്നെ ഇരുട്ടിന്റെ ആത്മാവിന്റെ പഠനത്തിൽ എം.പി. ശങ്കുണ്ണി നായരും പറയുന്നുണ്ട്.

'എനിക്കുവേണ്ടിയാണ് ഞാൻ എഴുതുന്നത്. എഴുതുമ്പോൾ എന്റെ മുന്നിൽ പത്രക്കാരില്ല, പ്രസാധകന്മാരില്ല വായനക്കാരുമില്ല, ഇതെല്ലാം ഞാൻ എഴുതുന്ന കഥയുടെ ഭൗതിക ജീവിതത്തിന്റെ വശങ്ങളാണ്. എഴുതിത്തീർന്നശേഷമേ ഇതെല്ലാം വരുന്നുള്ളൂ. കഥയുടെ ആത്മീയജീവിതം എന്നിൽത്തന്നെയാണ്. എന്റെ ഹൃദയത്തിലാണതു മുളയ്ക്കുന്നത്. കിളിർക്കുന്നതും പടരുന്നതും പൂത്തു കയറുന്നതും എന്റെ ഹൃദയത്തിൽത്തന്നെ' എന്ന് എം.ടി. 'കാഥികന്റെ പണിപ്പുര'യിൽ പറയുന്നതിൽ നിന്ന് അദ്ദേഹത്തിന്റെ എല്ലാ രചനകളുടെയും പിന്നിലുള്ള പണിത്തഴക്കവും പണിരീതികളും നമുക്ക് മനസിലാക്കാം.

എം.ടി.യുടെ സാഹിത്യജീവിതത്തിന്റെ ഉച്ചകോടിയായി കൊണ്ടാടപ്പെടുന്ന നോവലാണ് 'രണ്ടാമൂഴം.' കാല്പനികതയുടെ സൂക്ഷ്മഭംഗികളിൽ അഭിരമിച്ച ആ കലാഹൃദയത്തിന് ഇതിഹാസകഥാഖ്യാനം ഒരു വെല്ലുവിളിയല്ലേ എന്നു തോന്നാം. 'മഹാഭാരതം' ഇന്ത്യൻസാഹിത്യത്തിലെമ്പാടും പുതുമുളകൾ പൊട്ടിക്കിളിർക്കുന്നതിന് കാരണമായിട്ടുണ്ട്. ഒരു മഹാവൃക്ഷത്തിന്റെ ചെറുശാഖകളോ ഇലകളോ പൂക്കളോ ഒക്കെയായി പരിണമിച്ച് ആ കൃതികൾ പൊതുവെ പുലർത്തുന്നത് ക്ലാസിക് സ്വഭാവമാണ്. കേവലം ഉപാഖ്യാനങ്ങളുടെ സ്വഭാവം കൈവെടിയാത്ത അത്തരം കൃതികൾക്കിടയിൽ അദ്ഭുതം സൃഷ്ടിച്ചവർ കാളിദാസനോ ഉണ്ണായി വാരിയരോ വി.എസ്. ഖാണ്ഡേക്കറോ അങ്ങനെ കാലത്തെ അതിജീവിച്ച ഏതാനും മഹാപ്രതിഭകൾ മാത്രം. ഈ പേരേടിൽ പതിഞ്ഞുകിടക്കുന്ന നാമങ്ങളിലൊന്ന് എം.ടി. വാസുദേവൻ നായരുടേതുമാണ്.

'രണ്ടാമൂഴ'ത്തെക്കുറിച്ച് ആദ്യമേ പറയേണ്ട പ്രധാനകാര്യം 'മഹാഭാരതകഥ'യുടെ ശബ്ദഘോഷങ്ങളെ നിരാകരിച്ചുകൊണ്ട് വ്യാസന്റെ മൗനങ്ങളിൽ ശക്തിതേടുന്നു എന്നതാണ്. ഇതിഹാസകർത്താവ് വ്യാഖ്യാനിക്കാതെ വിട്ടുകളഞ്ഞ കഥയുടെ സൂക്ഷ്മതലങ്ങളിലാണ് എം.ടി.യുടെ കണ്ണെത്തുന്നത്. അധികാരത്തിനുവേണ്ടിയുള്ള മത്സരങ്ങളിൽ ഒരായുധംപോലെ എപ്പോഴും പ്രയോഗിക്കപ്പെടുന്ന ശക്തിദുർഗമാണ് ദ്വിതീയ പാണ്ഡവൻ. ഭാരതകഥയിൽ അയാൾ ഭക്ഷണത്തിൽ ആർത്തി പെരുത്തവനാണ്. ബുദ്ധിയെക്കാൾ മെയ്ബലത്തിലാണ് ഊന്നൽ. കൊടുങ്കാറ്റിനു തുല്യമായ ആ കായശക്തിക്കുള്ളിൽ അസ്വസ്ഥനാകുന്ന വികാരജീവിയെ ആരും ശ്രദ്ധിക്കുന്നില്ല; ഈ അവഗണിതമുഖമാണ് 'രണ്ടാമൂഴ'ത്തിൽ എം.ടി. അന്വേഷിക്കുന്നതും കണ്ടെത്തുന്നതും. പാണ്ഡവരോടെതിരിടുന്ന കൗര

വരെ പ്രതിരോധിക്കുന്നതും യുദ്ധം ജയിക്കുന്നതും ഭീമസേനന്റെ കരുത്തിലാണ്. അപമാനിതയായ പാഞ്ചാലി അവളുടെ ദുഃഖപരിഹാരത്തിന് ആശ്രയം തേടുന്നതും ഭീമനിൽത്തന്നെ. അതിനും മുൻപ് അവളുടെ ഹൃദയം കവർന്ന സൗഗന്ധിക പുഷ്പം സ്വന്തമാക്കാൻ ഭീമന്റെ തുണയാണ് അവൾക്ക് വേണ്ടത്. കൗരവ നായകനായ ദുര്യോധനൻ ഭീമന്റെ കൈകൊണ്ടു മരണം പ്രാപിക്കുന്നു. ഭീമന്റെ വിചാരങ്ങളിലൂടെയാണ് രണ്ടാമൂഴം മുന്നോട്ടുപോകുന്നത്. മഹാഭാരതകഥയ്ക്ക് ഭീമനിലൂടെ ഒരു നോട്ടം സാധ്യമാക്കുന്നു. ഇതിഹാസത്തിന്റെ പഴമയിൽ ജീർണമായ മുഖഭാവമല്ല, ഏതുകാലത്തും പ്രസക്തനായ മനുഷ്യവ്യക്തിയുടെ ചൈതന്യമാണ് എം.ടി. ആവാഹിക്കുന്നത്. മാന്ത്രികശക്തിയുള്ള ഭാഷാശൈലി 'രണ്ടാമൂഴ'ത്തിന് പുതിയൊരു ഇതിഹാസത്തിന്റെ സാന്ദ്രചാരുത പ്രദാനം ചെയ്യുന്നു.

### അവലോകനം

ഭാഷയുടെ മാന്ത്രിക ചൈതന്യംകൊണ്ട് സ്വന്തം സൗന്ദര്യസാമ്രാജ്യം ഉറപ്പിച്ച പ്രതിഭാശാലിയാണ് എം.ടി. വാസുദേവൻ നായർ. എം.ടി.യുടെ മനുഷ്യദർശനം ഭിന്നമാണ്. നക്ഷത്രങ്ങളുടെ വെളിച്ചത്തിൽ നന്മയുടെ അലകൾ ഉണർത്തുന്ന നീലിമയ്ക്കു പകരം ഇരുട്ടിനുള്ളിൽ ഒറ്റപ്പെടലിന്റെയും വിദ്വേഷത്തിന്റെയും പ്രതികാരചിന്തയുടെയും ഒക്കെ ശബ്ദവീചികൾ ഉയരുന്നുണ്ട്. അത് കാലം ഏല്പിച്ച് പരിക്കുകളാണ്. സാഹിത്യം, ഭാഷയുടെ ഭംഗി വെളിപ്പെടുത്തലാണെന്ന് വിശ്വസിക്കുന്ന എം.ടി. മലയാളത്തനിമ തികഞ്ഞ അന്തരീക്ഷസൃഷ്ടിയിലൂടെ കാല്പനികതയ്ക്ക് പുതിയ സൗന്ദര്യതലങ്ങൾ നല്കിയിരിക്കുന്നു.

മരണം രംഗബോധമില്ലാത്ത കോമാളിയെന്നെഴുതിയ എം.ടി. പ്രവചനാത്മകതയ്ക്കു മുന്നിൽ ഓർത്തു വെക്കാൻ വാക്കുകളുടെ, അക്ഷരങ്ങളുടെ ഒരു പ്രപഞ്ചം മലയാളിക്ക് സമ്മാനിച്ചിട്ട് 2024 ഡിസംബർ 25 ന് അന്തരിച്ചു. അമ്പത്വത്തിന്റെ ആധികളെക്കുറിച്ചാണ് എം.ടി.യുടെ കഥകൾ സംസാരിച്ചത്. സ്വന്തം കൈപ്പടംപോലെ തനിക്കറിയാവുന്ന ഒരു ഉൾനാട്ടിന്റെ കഥകളിൽ മിക്കതും ബഹിഷ്കൃതരെക്കുറിച്ചായിരുന്നു. വേലായുധനെ തളച്ച ഇരുട്ടുമുറി സമൂഹമനസിന്റെ അകത്തളം തന്നെയാണ്. ജൈവബന്ധങ്ങൾ ക്ഷയിക്കുന്ന ഉൾനാട്ടിൽ കേടുവന്ന ജീവിതങ്ങൾ പെരുകുന്നു. താൻ ആവിഷ്കരിച്ച ചെറിയ ലോകത്തിന്റെ സാർവലൗകിക മാനങ്ങളെ കുറിച്ച് എം.ടി.യ്ക്ക് ഗാഢമായി അറിയാമായിരുന്നു. അതാണ് മലയാളിയുടെ മനസ്സിലേക്ക്, നിളയുടെ കഥാകാരൻ, മലയാളിയുടെ മനസറിഞ്ഞ എം.ടി. ആവാഹിപ്പിച്ചത്. എം.ടി എന്നതു രണ്ടക്ഷരങ്ങളായിരുന്നില്ല, മലയാളത്തിലെ വായനയുടെയും എഴുത്തിന്റെയും ദീപസ്തംഭമായിരുന്നു. അവിടെനിന്നുള്ള വെളിച്ചമാണ് മുക്കാൽ നൂറ്റാണ്ട് നമ്മുടെ ഭാഷയുടെ സർഗസഞ്ചാരങ്ങളെ വഴിനടത്തിയത്. എം.ടി.യെന്ന ആ ദീപമണഞ്ഞെങ്കിലും പ്രകാശം ബാക്കിനില്കുന്ന അക്ഷരങ്ങളുടെ അത്ഭുത പ്രപഞ്ചമാണ് ഈ വലിയ എഴുത്തുകാരൻ അവശേഷിപ്പിക്കുന്നത്. "ഒരുപാട് ഇന്ത്യൻ എഴുത്തുകാരെ പ്രചോദിപ്പിച്ച സാഹിത്യകാരനായിരുന്നു എം.ടി. വാസുദേവൻ നായർ. പരന്ന വായനയിലൂടെ താൻ സ്വാംശീകരിച്ച വിശ്വസാഹിത്യം തന്റെ ഭാഷയെ നവീകരിക്കാനാണ് എം.ടി. ഉപയോഗിച്ചത്. മലയാളത്തിലെ ആധുനികത-പ്രത്യേകിച്ചും ഫിക്ഷനിലെ ആധുനികത-എം.ടി.യോട് കടപ്പെട്ടിരിക്കുന്നു'' - (ഇ.വി. രാമകൃഷ്ണൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്).

## Recap

- ബഷീർ - ജീവിതവും ദർശനവും
- അനുഭവസമ്പത്താണ് കേന്ദ്രം
- ജീവിതത്തെ അതിന്റെ തനിമയിൽ പച്ചയായി ചിത്രീകരിക്കാൻ ബഷീറിനായി
- ബഷീറിന്റെ കൃതികളെ ശ്രദ്ധേയമാക്കുന്ന മറ്റൊരു ഘടകം അതിലെ ഭാഷയാണ്
- സമൂഹത്തെ ഒന്നാകെ അവതരിപ്പിക്കാനുള്ള ശ്രമം
- മനുഷ്യനന്മയിലുള്ള അഗാധമായ വിശ്വാസവും അതിനെ അംഗീകരിക്കാനുള്ള ശ്രമവും
- എസ്.കെ. പൊറ്റെക്കാട്ടിന്റെ ആദ്യനോവലായി പറയപ്പെടുന്നത് നാടൻപ്രേമമാണ്
- യാത്രയും അനുഭവവും
- ഒരു ദേശത്തിന്റെ കഥ
- മലയാളത്തിലെ ലക്ഷണമൊത്ത കാല്പനിക നോവലാണ് വിഷകന്യക
- ലളിതവും ഭാവനാത്മവുമായ ഭാഷ
- കാവ്യാത്മകമായ ശൈലി
- മടുപ്പുളവാക്കാത്ത കഥാവതരണം
- വ്യക്തമായ ജീവിത ചിത്രണം
- നോവൽ കൊണ്ടും കഥകൊണ്ടും തിരക്കഥകൾ കൊണ്ടും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച എം.ടി. വാസുദേവൻ നായർ
- രചനയും ഭാഷയും ശൈലിയും
- വ്യക്തികൾ ഏകാന്തതയിൽ അനുഭവിക്കുന്ന ദുഃഖങ്ങളുടെ എഴുത്തുകാരനായിരുന്നു
- ആധുനികഘട്ടത്തിലേക്ക് മലയാള കഥയെ സംക്രമിപ്പിച്ച എഴുത്തുകാരൻ
- കേരളീയ പശ്ചാത്തലം
- എം.ടി. വാസുദേവൻ നായരുടെ രചനകളുടെ ഭാവപരവും രൂപപരവുമായ സവിശേഷതകൾ

## Objective Questions

1. 'ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരു ഏടാണിത് അതിന്റെ വക്കിൽ ഇപ്പോഴും രക്തം പൊടിഞ്ഞിരിക്കുന്നു'എം.പി. പോൾ ബഷീറിന്റെ ഏത് കൃതിയെ കുറിച്ചാണ് ഇപ്രകാരം അഭിപ്രായപ്പെട്ടത്?
2. എസ്.കെ. പൊറ്റെക്കാട്ടിന് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്ത കൃതി ഏത്?

3. ശബ്ദങ്ങൾ ആരുടെ രചനയാണ്?
4. ഒരു മനുഷ്യൻ ആരുടെ കഥയാണ്?
5. വിഷകന്യക ആരുടെ നോവലാണ്?
6. എസ്.കെ. പൊറ്റെക്കാട്ടിന്റെ ആദ്യകൃതി ഏതാണ്?
7. 'ശ്രീധരൻ' എസ്.കെ.യുടെ ഏത് നോവലിലെ കഥാപാത്രമാണ്?
8. അതിരാണിപ്പാടം എന്ന ദേശത്തിന്റെ ചരിത്രം പ്രമേയമായി വരുന്ന എസ്.കെ. പൊറ്റെക്കാട്ടിന്റെ നോവൽ ഏതാണ്?
9. എസ്.കെ. പൊറ്റെക്കാട്ടിന്റെ ഏത് നോവലിലെ കഥാപാത്രമാണ് അന്തോണി?
10. നാലുകെട്ട് ആരുടെ കൃതിയാണ്?
11. ബോധധാരാ സമ്പ്രദായത്തിൽ ഉൾപ്പെടുന്ന എം.ടിയുടെ നോവൽ?
12. മഞ്ഞ് എന്ന നോവലിലെ കേന്ദ്ര കഥാപാത്രം ആര്?

# Answers

1. ബാല്യകാലസഖി
2. ഒരു ദേശത്തിന്റെ കഥ
3. വൈക്കം മുഹമ്മദ് ബഷീർ
4. വൈക്കം മുഹമ്മദ് ബഷീറിന്റെ
5. എസ്.കെ. പൊറ്റെക്കാട്ടിന്റെ
6. നാടൻപ്രേമം
7. ഒരു ദേശത്തിന്റെ കഥ
8. ഒരു ദേശത്തിന്റെ കഥ
9. വിഷകന്യക
10. എം.ടി. വാസുദേവൻ നായർ
11. മഞ്ഞ്
12. വിമല

## Assignments

1. മലയാള നോവലിലെ നവോത്ഥാനഘട്ടത്തിന്റെ സവിശേഷതകൾ വിവരിക്കുക?
2. ബഷീറിന്റെ രചനാശൈലിയുടെ സവിശേഷതകൾ കണ്ടെത്തുക.
3. 'നാലുകെട്ട്' എന്ന നോവലിലൂടെ അനാവൃതം ആകുന്ന സാമൂഹ്യസാഹചര്യങ്ങൾ ചുരുക്കി എഴുതുക.
4. എസ്.കെ. പൊറ്റെക്കാട്ടിന്റെ 'ഒരു ദേശത്തിന്റെ കഥ' എന്ന കൃതിയിലെ പ്രമേയം എന്ത്? അതിന്റെ സവിശേഷതകൾ വിവരിക്കുക.
5. 'വിഷകന്യക' എന്ന നോവൽ ലക്ഷണമൊത്ത ഒരു കാല്പനിക നോവലാണെന്ന് അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

## Suggested Reading

1. കെ.എം. തരകൻ, മലയാളനോവൽസാഹിത്യ ചരിത്രം, കേരളശാസ്ത്രസാഹിത്യപരിഷത്ത്, തിരുവനന്തപുരം.
2. എം. അച്യുതൻ, നോവൽ പ്രശ്നങ്ങളും പഠനങ്ങളും, എൻ.ബി.എസ്, കോട്ടയം.
3. കെ.പി. അപ്പൻ, മാറുന്ന മലയാളനോവൽ, ഡി.സി. ബുക്സ്, കോട്ടയം.

## Reference

1. എം.എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.
2. പി.കെ. ബാലകൃഷ്ണൻ, ചന്തുമേനോൻ ഒരുപഠനം, ഡി.സി. ബുക്സ്, കോട്ടയം.
3. ഡോ. കെ. ഭാസ്കരൻനായർ, ദൈവനീതിക്ക് ദാക്ഷിണ്യമില്ല, എസ്.പി.സി.എസ്, കോട്ടയം.

BLOCK - 2

# UNIT 3

# ഉറൂബ്, കാക്കനാടൻ, ഒ.വി. വിജയൻ, സാറാ ജോസഫ്

## Learning Outcomes

- നോവൽ എന്ന സാഹിത്യരൂപത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- ആധുനികതയുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- ഉറൂബ്, കാക്കനാടൻ, ഒ.വി. വിജയൻ, സാറാ ജോസഫ് തുടങ്ങിയവരുടെ കൃതികളും രചനാവിധങ്ങളും പരിചയപ്പെടുന്നു
- ആധുനിക മലയാള നോവലുകളെ പരിചയപ്പെടുന്നു

## Prerequisites

മലയാളത്തിലെ ആധുനികതയുടെ കാലം പ്രതിഷേധത്തിന്റെയും നിഷേധത്തിന്റെയും കാലഘട്ടമായിരുന്നു. അന്നത്തെ എഴുത്തുകാർ തങ്ങളുടെ കൃതികളിലൂടെ സമൂഹവുമായി സംവദിക്കുകയും തങ്ങളുടെ ഉള്ളിൽ നിറഞ്ഞുനിന്ന ആശയങ്ങൾ അവരുമായി പങ്കുവെയ്ക്കുകയും ചെയ്തു. ആ തലമുറയുടെ പ്രതിനിധിയാണ് ഉറൂബ്. ആധുനികത 1960-കളുടെ പൂർവാർദ്ധം പിന്നിട്ടപ്പോൾ മലയാളനോവലിൽ ഒരു പുതിയ കാഴ്ചപ്പാടിന്റെ ഉദയമായി. ആ ഘട്ടത്തിൽ മലയാളനോവലിലേക്ക് കടന്നുവന്ന എഴുത്തുകാർ പുതിയ ഭാവുകത്വത്തിന്റെ വക്താക്കളായി. അതുവരെ സാഹിത്യത്തിൽ നിലനിന്നിരുന്ന ധാരണകളെയെല്ലാം നിഷേധ വാസനയോടു കൂടിയ ഇവർ കടപുഴക്കി എറിഞ്ഞു. അസ്തിത്വദുഃഖം, പാരമ്പര്യനിഷേധം, അന്യവത്കരണം എന്നിവയായിരുന്നു ഇവരുടെ മുഖമുദ്ര. പാശ്ചാത്യ ചിന്തകരുടെ ദർശനങ്ങളായിരുന്നു ഇവരുടെ വഴികാട്ടി. 'വിശ്വാസങ്ങളുടെ തകർച്ച, മരണാഭിമുഖ്യം, ആത്മരതി, പകപോക്കൽ ആണ് ജീവിതം എന്ന വിശ്വാസം, വ്യർഥതാബോധം തുടങ്ങിയവ ആധുനികതയുടെ കൊടിയടയാളങ്ങളായി ഇവർ എടുത്തുകാട്ടി. ചെറുപ്പക്കാരായ വായനക്കാരിൽ സംവേദനത്തിന്റെ പുതിയ അർഥതലങ്ങൾ രചിക്കാൻ ഈ ആധുനികർക്ക് കഴിഞ്ഞു. 1980 എത്തിയപ്പോഴേക്കും ഇവരെല്ലാം ഓജസ്സ് കുറഞ്ഞവരായി. എങ്കിലും അവരുടെ സർഗചൈതന്യം മലയാളസാഹിത്യത്തിന്റെ വളർച്ചയിലെ അതിപ്രധാന ഘടകമാകു

ന്നു.' ആധുനികതയിൽ അഭിരമിച്ച മലയാള നോവൽ എഴുത്തുകാരെക്കുറിച്ച് എരുമേലി പരമേശ്വരൻ പിള്ള 'മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ' എന്ന കൃതിയിൽ ഇങ്ങനെ അഭിപ്രായപ്പെടുന്നു. ഒ.വി വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, ആനന്ദ്, സേതു തുടങ്ങിയവരെല്ലാം ആധുനികതയുടെ വക്താക്കളായി അറിയപ്പെടുന്നു.

## Keywords

നവോത്ഥാന നോവൽ - ആധുനികത (Modernism) - ആധുനികതയുടെ കാഴ്ചപ്പാടുകൾ - ആധുനിക നോവൽ എഴുത്തുകാർ - ഉറൂബ്, കാക്കനാടൻ, ഒ.വി. വിജയൻ, സാറാ ജോസഫ്

## Discussion

### 2.3.1 പി.സി. കുട്ടികൃഷ്ണൻ - ഉറൂബ്



ഉറൂബ്

1915 ആഗസ്റ്റ് 15-ന് ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി.സി. കുട്ടികൃഷ്ണൻ ജനിച്ചു. മലയാള നോവലിന്റെ വികാസപരിണാമങ്ങളെക്കുറിച്ച് പഠിക്കുന്ന ഒരാൾക്ക് ഉറൂബ് എന്ന പി.സി. കുട്ടികൃഷ്ണനെ ഒഴിവാക്കി നിർത്തി പഠനം പൂർത്തീകരിക്കാനാവില്ല. ഉറൂബ് എന്ന പദത്തിനർഥം അസ്തമയം, യൗവനം നശിക്കാത്തവൻ എന്നൊക്കെയാണ്. സാമൂഹിക ജീവിതത്തെയും വ്യക്തിജീവിതത്തെയും ഒരുപോലെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കിയ എഴുത്തുകാരനാണ് ഉറൂബ്. മനുഷ്യജീവിതം ഇതിഹാസമാനങ്ങളുള്ളതാണെന്നും അത് മരണത്തിന്റെയും ഉയർത്തെഴുന്നേല്പിന്റെയും കഥയാണെന്നും ഉറൂബ് കരുതുന്നു. ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും, അമ്മിണി, കുഞ്ഞമ്മയും കൂട്ടുകാരും, അണിയറ, മൗലവിയും ചങ്ങാതിമാരും തുടങ്ങിയ നോവലുകളുടെ രചയിതാവാണ് ഉറൂബ്.

ഉറൂബിന് 1958-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയാണ് ഉമ്മാച്ചു. മായനെ സ്നേഹിച്ച് ബീരാനെ വിവാഹം കഴിക്കേണ്ടിവന്ന ഉമ്മാച്ചു ആണ് ഈ നോവലിലെ കേന്ദ്രകഥാപാത്രം. മാനവികതയിൽ ഊന്നിയ ഹൃദയസ്പർശിയായ ഒരു കഥയാണ് ഉമ്മാച്ചു. ഉമ്മാച്ചു, മായൻ, ചിന്നമ്മു, ബീരാൻ, ചാപ്പുണ്ണി നായർ, ഹസ്സൻ, അബ്ദു, മരയ്ക്കാർ, ആമിന തുടങ്ങിയവരാണ് കഥാപാത്രങ്ങൾ. 1947-ന് മുമ്പുള്ള കേരളീയസമൂഹത്തിന്റെ ചരിത്രം വിവരിക്കുന്ന നോവലാണ് സുന്ദരികളും സുന്ദരന്മാരും. മലബാർ കലാപം, മതപരിവർത്തനങ്ങൾ, ഫ്യൂഡലിസം, ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ, ട്രേഡ് യൂണിയൻ പ്രസ്ഥാനം, കലാസാംസ്കാരിക രംഗത്ത് ഉണ്ടായ മാറ്റങ്ങൾ തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങൾ ഈ കൃതി ചർച്ച ചെയ്യുന്നു. ഇരുമ്പൻ ഗോവിന്ദൻ നായർ, വേലു മാമൻ, ലക്ഷ്മിക്കുട്ടി, കുഞ്ഞിക്കുട്ടി, കാർത്തികേയൻ, ശാന്ത തുടങ്ങിയവരാണ് കഥാപാത്രങ്ങൾ.

'ആ മയിന പറച്ചില് മാത്തിരം ബേണ്ട'

'ഇജ്ജ് നസീബുള്ളോനാ ആട്ടെ ഇക്കയ്യോണ്ട് ദുനിയാവിമ്മല് പണിയെടുത്താ എന്തു കിട്ടും - പടച്ചോന്റെ ചോറ്.

'അക്കുടുംബത്തിന്റെ ബെളക്കാ ഓള്' - ഉമ്മാച്ചു.

'ഇടിച്ചു മറിഞ്ഞ ജമ്പ്ലലിന്റെ ചേലിക്കാ ഇക്കിടപ്പ്' - ഉമ്മാച്ചു.

'ഒരു കൊച്ചു മോട്ടോർ ബോട്ട് വലിച്ചു കൊണ്ടുപോകുന്ന കെട്ടുവഞ്ചി പോലെ പടിക്കൽ വെച്ച് അവർ തമ്മിലുള്ള കെട്ടഴിഞ്ഞു'

'അവ മഷി തട്ടിയ ദീപങ്ങളെപ്പോലെ പ്രകാശിച്ചു. വെളുത്ത് കൊലുന്നനെയുള്ള ആ ഉമ്മക്കുട്ടി മഞ്ഞു നനഞ്ഞ വള്ളിക്കുടിലിൽ വെയിൽ നാളം തട്ടുന്നത് പോലെ ഒന്ന് തെളിഞ്ഞു' - ഉമ്മാച്ചു.

മുകളിൽ സൂചിപ്പിച്ച കഥാസന്ദർഭങ്ങൾ ഉറൂബിന്റെ കാവ്യാത്മകമായ രചനാശൈലിയും മുസ്ലിംഭാഷയുടെ സൗന്ദര്യം നിറഞ്ഞ പ്രയോഗവും വ്യക്തമാക്കുന്നു. മനോഹരമായ ഗദ്യഭാഷയുടെ പ്രയോഗം കൊണ്ട് ശ്രദ്ധേയമാണ് ഉറൂബിന്റെ കൃതികളെല്ലാം.

'ഉമ്മാച്ചു' മലയാള നോവൽ സാഹിത്യത്തിലെ ഒറ്റപ്പെട്ട ഒരു മുത്തുച്ചിപ്പിയാണ്. അന്നേവരെ അപരിചിതമായിരുന്ന അന്തരീക്ഷമാണ് 'ഉമ്മാച്ചു'വിൽ പ്രത്യക്ഷപ്പെടുന്നത്. കഥയുടെ വിശദാംശങ്ങളോ കഥാപാത്രങ്ങളുടെ വേഷമോ ഭാഷയോ ആചാരവിശേഷങ്ങളോ ഒന്നുമല്ല ഈ നോവലിൽ പ്രധാനം. വിവിധ ജീവിതവൃത്തികൾക്കു നിദാനമായ മാനസിക പ്രവണതകളുടെ ശക്തവും സൂക്ഷ്മവുമായ വ്യാഖ്യാനമാണ് ഉമ്മാച്ചു. ബഷീറിന്റെ നോവലുകളിൽ ദൃശ്യമായ അന്തഃരംഗാവിഷ്കരണപ്രവണത ഉറുബിന്റെ നോവലിന്റെ മുഖ്യസ്വഭാവമായിരുന്നു.

പുറമെ പ്രശാന്തമായ ജീവിതത്തിന്റെ ആഴങ്ങളിൽ വികാരസമുദ്രം അലയടിക്കുന്നു. മലയാളസാഹിത്യത്തിലെ ഏറ്റവും തേജസ്വിയായ കഥാപാത്രമാണ് ഉമ്മാച്ചു. അഗ്നിയിൽ സ്ഫുടം ചെയ്ത വ്യക്തിത്വത്തിന്റെ പ്രകാശം എങ്ങും നിറഞ്ഞുനില്കുന്നു. ആ കേന്ദ്രത്തിനുചുറ്റുമാണ് നോവലിലെ ഇതര കഥാപാത്രങ്ങൾ ചരിക്കുന്നത്. ഉമ്മാച്ചു മായനെ സ്നേഹിച്ചു. പക്ഷേ അവർ തമ്മിലുള്ള വിവാഹം നടന്നില്ല. അതിനു കാരണക്കാരനായ അഹമ്മതുണ്ണിയെ മായൻ അടിച്ചുവീഴ്ത്തി. അയാൾ മരിച്ചുപോയെന്നു ധരിച്ച് മായൻ നാടുവിട്ടു. ഉമ്മാച്ചുവിനെ ബീരാൻ ഭാര്യയാക്കി. അവർക്ക് ഒരു മകനും പിറന്നു; അബ്ദു.

അഹമ്മതുണ്ണിയുടെ മരണത്തിൽ തനിക്കു പങ്കില്ലെന്ന് തിരിച്ചറിവുണ്ടായ മായൻ വയനാട്ടിലെ അജ്ഞാതവാസം ഉപേക്ഷിച്ച് നാട്ടിൽ മടങ്ങിയെത്തി. ഒരു രാത്രി ബീരാൻ കൊല്ലപ്പെട്ടു. നാളുകൾക്കുശേഷം മായൻ തന്നെ ഉമ്മാച്ചുവിനെ സ്വന്തമാക്കി. അവർക്കു രണ്ടു കുട്ടികൾ ഉണ്ടായി; ഹൈദ്രോസും മക്കാരും.

അബ്ദു വളർന്നപ്പോൾ അവനെ നേരിടാൻ മായനു കഴിയാതെയായി. അയാൾ ഒറ്റയ്ക്ക് വീടു വിട്ടിറങ്ങി; ഒടുവിൽ ആത്മഹത്യ ചെയ്തു. വീണ്ടും ചിന്നമ്മുവിലൂടെയും അബ്ദുവിലൂടെയും കഥ തുടരുകയാണ്. പുതിയ തലമുറ രൂപംകൊള്ളുന്നു. നൂതനമായ മാനവികതയ്ക്ക് സ്നേഹം ശക്തി പകരുന്നു. ജീവിതം ഒരു പ്രവാഹമാണ് അത് നിലയ്ക്കുന്നില്ല. സാമൂഹികശക്തികൾക്കോ മതപരമായി വൈജാത്യങ്ങൾക്കോ ഒന്നും അതിന് നിയന്ത്രിക്കാൻ ആവുകയില്ല. മനുഷ്യ ജീവിതങ്ങളുടെ ആത്മാവിൽ മുഴങ്ങുന്ന കാലത്തിന്റെ പരിണാമശബ്ദം ഏറ്റവും ശക്തമായി അനുഭവപ്പെടുന്ന കൃതിയാണ് ഉമ്മാച്ചു. ഇതിൽ സമൂഹത്തിന്റെ ബാഹ്യമായ ചട്ടക്കൂടില്ല. എങ്ങും യാന്ത്രികത്വം അനുഭവപ്പെടുന്നില്ല. സചേതനമായ മനുഷ്യവ്യക്തിത്വത്തിന്റെ പ്രഭയിൽ അജയ്യമായ ആത്മശക്തി പിറക്കൊള്ളുകയാണ്. ആഴക്കടലിന്റെ അക്ഷോഭ്യത. വികാരസമുദ്രത്തിന്റെ ഗംഭീരമായ ഈ നിശ്ചലതയാണ് ഉമ്മാച്ചുവിന്റെ ഏറ്റവും ആകർഷകമായ വിതാനം (ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ).

ഉമ്മാച്ചുനു ശേഷം മിണ്ടാപ്പെണ്ണ്, സുന്ദരികളും സുന്ദരന്മാരും, അണിയറ, അമ്മിണി തുടങ്ങിയ നോവലുകളാണ് ഉറൂബിന്റെ സർഗപ്രതിഭയിൽ രൂപമെടുത്തത്.

### അവലോകനം

ചരിത്രപരമായി നോക്കുമ്പോൾ മലയാളത്തിലെ നവോത്ഥാനകാല എഴുത്തുകാരനാണ് ഉറൂബ്. എന്നാൽ കാലദേശ

പ്രസ്ഥാനഭേദങ്ങളെ അതിവർത്തിച്ചുകൊണ്ട് മനുഷ്യാനുഭൂതികളുടെ സമുജ്ജ്വലമായ ആവിഷ്കാരങ്ങളാണ് അദ്ദേഹത്തിന്റെ രചനകൾ. അദ്ദേഹം വ്യക്തിജീവിതത്തിന്റെ വിവിധങ്ങളായ തലങ്ങൾ ആവിഷ്കരിക്കുകയും മനുഷ്യമനസിന്റെ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലുകയും മനുഷ്യവികാര വൈചിത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തു. ഇതിവൃത്തം, പാത്രസൃഷ്ടി, പ്രതിപാദനരീതി, ഭാവവികാസം ഇവയിൽ പുതുമ സൃഷ്ടിച്ചുകൊണ്ടായിരുന്നു ഉറൂബ് നോവൽ രചന നടത്തിയത്. സാധാരണ മനുഷ്യന്റെ ഐതിഹാസിക മാനം സ്വന്തം നോവലിൽ ഫലപ്രദമായി പ്രതിഫലിപ്പിച്ച് ഉറൂബ് ക്രിയാവിചിത്ര്യമായ മനുഷ്യ ജീവിതത്തിന്റെ അണിയറയിലേക്ക് ഇറങ്ങിച്ചെന്ന നോവലിസ്റ്റ് ആണ്. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള സാധാരണമായ ധാരണകളെ ഉറൂബ് തകർത്തെറിഞ്ഞു. മനുഷ്യമനോവ്യാപാരങ്ങളുടെ കാണാക്കയങ്ങളിൽ ആണ്ടിറങ്ങി ചെല്ലുവാൻ ഉറൂബിന് സാധിച്ചു. കഥാപാത്രങ്ങളെ ആദർശവല്കരിക്കാനോ ആശയങ്ങളുടെ കൂട്ടിൽ അടച്ചിടാനോ ശ്രമിക്കാതെ അവരെ സ്വാഭാവികമായ വികാസത്തിന് സ്വതന്ത്രമായി വിടുന്ന രീതിയാണ് ഉറൂബിൽ കാണുന്നത്. സാഹചര്യസമ്മർദ്ദങ്ങൾ കൊണ്ട് മനുഷ്യസ്വഭാവത്തിൽ വരുന്ന വികാസപരിണാമങ്ങളെ വിദഗ്ധമായി അദ്ദേഹം അവതരിപ്പിച്ചു. താൻ ജീവിക്കുന്ന കാലഘട്ടത്തെക്കുറിച്ചും ദേശത്തെക്കുറിച്ചും ഉറൂബ് തികച്ചും ബോധവാനായിരുന്നു. സംഭവബഹുലവും പ്രശ്നസങ്കീർണവുമായ സമകാലിക സാമൂഹിക ജീവിതത്തെ ചരിത്രവും ഭാവനയും ത്രികാലങ്ങളും കൂട്ടിയിണക്കി സ്വാംശീകരിക്കുവൻ ഉറൂബിന് സാധിച്ചു. അദ്ദേഹത്തിന്റെ നോവലുകൾ എല്ലാം തന്നെ വ്യത്യസ്തത കൊണ്ട് ശ്രദ്ധേയമാണ്. അത്യന്തം ഹൃദയസ്പർശിയായ പ്രേമകഥയും, ശക്തമായ സാമൂഹിക, സാമുദായിക നോവലും ദാർശനികമായ ഗാംഭീര്യമുള്ള ഒരു മനോവിജ്ഞാനീയാധിഷ്ഠിത കൃതിയുമാണ് ഉമ്മാച്ചു. 1954 ലാണ് ഉമ്മാച്ചു പുസ്തകരൂപത്തിൽ പുറത്തുവന്നത്. അതിനുമുമ്പ് അത് മാതൃഭൂമി വാരികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു

സമൂഹത്തിന്റെ കഥകളിൽ നിന്ന് ചിത്രത്തിലേക്ക്, മനസിന്റെ ആഴങ്ങളിലേക്ക് യാത്ര ചെയ്യുകയും വികാരസമുദ്രങ്ങൾ സൃഷ്ടിക്കുകയും ചെയ്ത നോവലിസ്റ്റാണ് ഉറൂബ്. അദ്ദേഹത്തിന്റെ കഥാപ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെടുന്നത് ചായംതേച്ച മുഖങ്ങളല്ല. മനുഷ്യരുടെ വൈയക്തിക ബന്ധങ്ങളുടെ താളലയങ്ങൾ ചിത്രീകരിക്കുന്ന ഉറൂബ് ജീവിതം പകർത്തുക മാത്രമല്ല വ്യാഖ്യാനിക്കുകയും ചെയ്യുന്നു. നോവലുകളിൽ മാത്രമല്ല രാച്ചിയമ്മ പോലുള്ള ചെറുകഥകളിലും ജീവിതബന്ധങ്ങളിലെ സങ്കീർണതകളും സൗന്ദര്യവും കണ്ടെത്തുന്നു. മനുഷ്യസ്നേഹത്തിന്റെ ഗാംഭീര്യം ബഷീറിന് ശേഷം ശക്തമായി ആവിഷ്കരിച്ച നോവലിസ്റ്റുകളിൽ ഒരാളാണ് ഉറൂബ്. അദ്ദേഹത്തിന്റെ നോവലുകൾ മാനവികതയുടെ ഇതിഹാസമായി പരിണമിക്കുന്നു.

## 2.3.2 കാക്കനാടൻ-ജോർജ് വർഗീസ്



ജോർജ് വർഗീസ്

മലയാള കഥാകാരന്മാരിൽ ആധുനികതയുടെ ശക്തനായ വക്താവായി കടന്നുവന്ന എഴുത്തുകാരനാണ് കാക്കനാടൻ എന്ന തൂലികാനാമത്തിന്റെ ഉടമയായ ജോർജ് വർഗീസ്. സാഹിത്യത്തിനുള്ള സാമൂഹ്യബന്ധങ്ങൾ അംഗീകരിക്കുമ്പോൾത്തന്നെ ആദർശങ്ങളുടെ പൊള്ളത്തരങ്ങൾ, മനുഷ്യബന്ധങ്ങളുടെ വിചിത്ര ഗതികൾ, മതദർശനങ്ങളുടെ പരാജയങ്ങൾ, സാമൂഹ്യ ജീവിതത്തിലെ ഹിപ്പോക്രസികൾ, തുടങ്ങിയവയെ സ്വന്തം നോവലുകളുടെ പ്രമേയമാക്കി മാറ്റാനും കാക്കനാടന് കഴിയുന്നു. സമകാലിക ജീവിതത്തിന്റെ അർഥശൂന്യതയും നിഷ്ഫലതയും സുശക്തമായി പ്രതിപാദിക്കാൻ പൗരാണിക കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും നന്നായി പ്രയോജനപ്പെടുത്തുന്നു അദ്ദേഹം.(കാളിയ മർദ്ദനം പോലുള്ള കഥകൾ ഉദാഹരിക്കാം). വർത്തമാനകാലത്തെ നിഷേധിച്ച് സമൂഹത്തെ വെല്ലുവിളിച്ചു മുന്നോട്ടുപോകുന്ന പുതിയ തലമുറയെ കാക്കനാടൻ അവതരിപ്പിക്കുന്നു. ആധുനികതയുടെ മുഖമുദ്രയായ ആത്മനിഷേധത്തിന്റെ ശബ്ദമാണ് കാക്കനാടന്റെ കൃതികളിൽ


നാം കാണുന്നത്. മനുഷ്യനന്മയ്ക്ക് നേരെ അധികാരത്തിന്റെ അഴിഞ്ഞാട്ടം ഉണ്ടാകുമ്പോൾ ഉപഹാസത്തിന്റെ മൂർച്ചയേറിയ വാൾ ഉപയോഗിക്കുന്നു. മറ്റു നാടുകളിലും മഹാനഗരങ്ങളിലും അലഞ്ഞു നടക്കുന്നവർ, ഉടഞ്ഞുപോയ മുഖങ്ങൾ, വറ്റിപ്പോയ പുഴകൾ ഇവയൊക്കെയാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. വിഷയസ്വീകരണത്തിലും ആവിഷ്കരണത്തിലും ശൈലിയിലും ഭാഷയിലും എല്ലാം വൈവിധ്യം പുലർത്തുന്ന എഴുത്തുകാരനാണ് കാക്കനാടൻ. നിലവിലിരിക്കുന്ന സാഹിത്യബോധത്തിന്റെ ഉടച്ചുവാർക്കൽ അദ്ദേഹത്തിന്റെ ലക്ഷ്യമായി. പ്രതിലോമശക്തികളെ തകർത്തു മുന്നേറുന്ന നവമാനവന്റെ ഉണർവിന്റെ ശക്തി കാണാതെ പോകുന്ന സമീപനവും കാക്കനാടനുണ്ട്. അസ്തിത്വദർശനമാണ് മിക്ക നോവലുകളുടെയും ഭൂമിക. ഉഷ്ണമേഖല, ഏഴാംമുദ്ര, വസൂരി, സാക്ഷി, പറങ്കിമല, ബർസാത്തി, ഇവിടെ ഈ തീരത്ത്, അജ്ഞതയുടെ താഴ്വര, പ്രളയത്തിനുശേഷം, മഴനിഴൽപ്രദേശം, കോഴി, കമ്പോളം, ഈ നായ്ക്കളുടെ ലോകം തുടങ്ങിയവയാണ് കാക്കനാടന്റെ പ്രധാന നോവലുകൾ.

വിപ്ലവരാഷ്ട്രീയ പ്രവർത്തനം വ്യക്തികളെ കർമവിമുഖതയുടെയും അപചയത്തിന്റെയും നഷ്ടബോധത്തിന്റെയും പാതയിലേക്ക് നയിക്കുമെന്ന വീക്ഷണമാണ് ഉഷ്ണമേഖലയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ശിവൻ എന്ന കഥാപാത്രത്തെ മുൻനിർത്തി കാക്കനാടൻ ഇത് വിശദീകരിക്കുന്നു. ആധുനിക മനുഷ്യന്റെ പ്രശാന്തമായ മനസിന് ഗതിവേഗങ്ങൾ സംഭവിക്കുന്നത് എപ്രകാരമാണെന്ന് 'കോഴി'യിലൂടെ കാക്കനാടൻ വിവരിക്കുന്നു. മനുഷ്യസ്വത്വത്തെ കോഴിവളർത്തുകാരനായ ദേവദത്തനിലൂടെ അവതരിപ്പിക്കുന്നു. പതിനൊന്ന് വർഷങ്ങൾക്കു മുമ്പ് വീടുവിട്ടിറങ്ങിയ മകൻ അച്ഛന്റെ ജീവിതത്തെ അടിസ്ഥാനമാക്കി മരണത്തെയും ജീവിതത്തെയും വിശകലനം ചെയ്യുന്ന കൃതിയാണ് 'സാക്ഷി'. നൈതിക മൂല്യങ്ങളെ പിടിച്ചു കുലുക്കുകയും ലൈംഗികതയുടെ നിർവചനങ്ങളെ റദ്ദ്ചെയ്യുകയും ചെയ്യുന്ന കൃതിയാണ് 'അന്ത്രയോസ് എന്ന പാപി.' സമൂഹത്തിലെ കാട്ടുനീതികൾക്കെതിരേ ഉയരുന്ന മൂർച്ചയുള്ള ശബ്ദമാണ് 'ഈ നായ്ക്കളുടെ ലോകം.'

### അവലോകനം

മേൽ പരാമർശിച്ച കൃതികൾ എല്ലാം പരിശോധിച്ചാൽ കാക്കനാടന്റെ ശൈലിയും ഭാഷയും ജ്വലനശക്തിയുള്ളതാണെന്ന് മനസിലാക്കാം. ആധുനിക ഘട്ടത്തിന്റെ മിക്ക സവിശേഷതകളും ഒത്തുചേർന്ന രചനകളാണ് കാക്കനാടന്റേതെന്ന് കൃതികളുടെ സൂക്ഷ്മമായ വായനയിൽ നിന്ന് നമുക്ക് മനസിലാക്കാൻ കഴിയും.

## 2.3.3 ഒ.വി. വിജയൻ


ഒ.വി. വിജയൻ

ദുഃഖത്തിന്റെയും മരണത്തിന്റെയും മർമസന്ധികളിലൂടെ യാത്ര ചെയ്യുന്ന മനുഷ്യന്റെ ജീവിതാവബോധം വിഷയമാക്കുന്ന നോവലുകളുടെയും കഥകളുടെയും കർത്താവാണ് ഒ.വി. വിജയൻ. 1931-ൽ പാലക്കാട് ജില്ലയിലെ മങ്കരയിൽ ജനിച്ചു. ഖസാക്കിന്റെ ഇതിഹാസം, ഗുരുസാഗരം, ധർമ്മപുരാണം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ തുടങ്ങിയ നോവലുകൾ രചിച്ചു. മലയാളം നോവൽ സാഹിത്യത്തിന് പുതിയ മാനം നൽകിയ കൃതിയാണ് 'ഖസാക്കിന്റെ ഇതിഹാസം'. ജീവിതത്തെ സംബന്ധിച്ച് ഒരു ദാർശനിക വീക്ഷണവും മനുഷ്യന്റെ അസ്തിത്വം നേരിടുന്ന പ്രശ്നങ്ങൾ ചികയുന്ന സത്യാന്വേഷണവും ആണ് ഒ.വി. വിജയന്റെ കൃതികളിൽ അടിയൊഴുക്കായി നിലകൊള്ളുന്നത്. ദാർശനിക മാനമുള്ള ഒരു ഭാഷയും അതിനുയോജിച്ച പ്രൗഢമായ ഒരു ശൈലിയും നമുക്ക് വിജയന്റെ കൃതികളിൽ കാണാം.

'മലയാള നോവലിൽ ഒരു വഴിത്തിരിവായി പരിഗണിക്കുന്ന കൃതിയാണ് 'ഖസാക്കിന്റെ ഇതിഹാസം'. ഒരു ഏകാധ്യാപക വിദ്യാലയത്തിലെ അധ്യാപകനായ രവിയുടെ വ്യക്തിപരമായ ദുരന്തമാണ് നോവലിലെ പ്രമേയം. ഈ കൃതിയിലൂടെ ഒരു സമൂഹത്തിന്റെ സാംസ്കാരിക ജീർണതകൾ വിജയൻ തുറന്നു കാണിക്കുന്നു. ഖസാക്ക് എന്ന സങ്കല്പത്താവളത്തിലാണ് രവിയുടെ ജീവിതം പടർന്നുകയറുന്നതും വേരറ്റു വീഴുന്നതും.

തങ്ങളെത്തന്നെ തിരിച്ചറിയാൻ കഴിയാതെ ജീവിതത്തെ നിരർഥകമായി വീക്ഷിക്കുന്ന മനുഷ്യരുടെ കഥയാണ് ഇത്. പ്രതികരണ ശേഷിയും കർമശേഷിയും നഷ്ടമായ ആധുനിക സമൂഹത്തിന്റെ മൂല്യച്യുതിയാണ് നോവലിൽ ആവിഷ്കരിച്ചിരിക്കുന്നത്. ധർമ ബോധം മറികടന്ന് നിസ്സംഗതയുടെ വിരിമാറിൽ ഉറങ്ങുന്ന മനുഷ്യൻ എവിടെയും ചെന്നെത്തില്ല. അസ്തിത്വദുഃഖമാണ് രവിയുടെ മനസിന്റെ സ്ഥായിഭാവം. നോവലിന്റെ ശില്പപരവും ആഖ്യാനപരവുമായ ചാരുത എല്ലാവിഭാഗം വായനക്കാർക്കും പുതിയൊരു അനുഭവമായി തീർന്നു. ജീവിതം നിരർഥകമാണെന്ന വിശ്വാസം ഉറപ്പിച്ചെടുക്കുകയാണ് വിജയന്റെ ലക്ഷ്യം.

> 'പിതൃവിലാപത്തിന്റെയും പുത്രവിലാപത്തിന്റെയും മഹാകാരുണ്യം നിറഞ്ഞ മുഹൂർത്തത്തിലാണ് 'ഗുരുസാഗരം' അവസാനിക്കുന്നത്. നോവലിലെങ്ങും ആഴത്തിൽ പടരുന്ന ദുരന്തബോധം ഇവിടെ അതിന്റെ പാരമ്യത്തിൽ എത്തുന്നു. മരണത്തിലൂടെ കല്യാണി നേടിയ ജ്ഞാനം ജീവിതത്തിന്റെ ദുരന്തസ്വഭാവത്തെക്കുറിച്ചുള്ളതാണ്. അവൾ അച്ഛനു പകരുന്നതും അതു തന്നെ. 'നിസ്സാന്ത്വനമായ മടക്കയാത്രയെന്നെഴുതിക്കൊണ്ട് വിജയൻ അതു സൂചിപ്പിക്കുന്നു. ദുരന്തബോധം കൊണ്ടുഴറി അറിവുനേടാൻ കൊതിച്ചവനെ ചുഴലുന്ന സീതാദുഃഖം. അയാൾക്കു സാന്ത്വനമില്ല. കർമപരമ്പരയുടെ വിയോഗവിധി അയാളെ പിന്തുടരുന്നു. ആ അറിവിൽ നിന്നു മനുഷ്യമോചനമില്ല എന്ന ദുരന്തവീക്ഷണത്തിലേക്കു വിജയൻ എത്തിച്ചേർന്ന മുഹൂർത്തമാണിത്.''
>
> -പി.കെ. രാജശേഖരൻ (പിതൃഘടികാരം : ഒ.വി. വിജയന്റെ കലയും ദർശനവും)

ഖസാക്കിന്റെ ഇതിഹാസത്തിന്റെ പ്രമേയത്തെ കുറിച്ചുള്ള എരുമേലി പരമേശ്വരൻ പിള്ളയുടെ ഈ അഭിപ്രായം ശ്രദ്ധേയമാണ്(മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ). കൂമൻകാവിൽ ബസ് നിന്നപ്പോൾ ആ സ്ഥലം രവിക്ക് അപരിചിതമായി തോന്നിയില്ല. എന്ന് തുടങ്ങുന്ന നോവൽ അതേ സ്ഥലത്ത് സർപ്പദംശനമേറ്റ് മഴ നനഞ്ഞു കിടക്കുന്ന രവിയെ അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു. കുഞ്ഞുണ്ണി എന്ന പത്രപ്രവർത്തകന്റെ വ്യക്തിപരവും കുടുംബപരവുമായ ജീവിതപരാജയത്തിന്റെ അവതരണമാണ് ഗുരുസാഗരം. മധുരം ഗായതി മിഥോളജിയും ഇക്കോളജിയും സമന്വയിപ്പിച്ച നോവലാണ്. ഇന്ത്യയിലെ രാഷ്ട്രീയ ഉപജാപങ്ങളുടെയും ഭരണാധികാരികളുടെ ഹീനജീവിതത്തിന്റെയും തുറന്ന അവതരണം ആണ് ധർമപുരാണം. നിസ്കാരത്തിന്റെ ആധിപത്യത്തിൽ അമർന്ന് മനുഷ്യജന്മങ്ങളുടെ നിലവിളിയായി വാഴ്ത്തപ്പെട്ട കൃതിയാണിത്. ശക്തമായ അലിഗറി (സദൃശ്യകഥ)യിലൂടെ ഇന്ത്യാ മഹാരാജ്യത്തിന്റെ ദൈന്യാവസ്ഥ ആവിഷ്കരിക്കാനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. ആക്ഷേപഹാസ്യത്തിന്റെ തിരതള്ളലിൽ കപട ജനാധിപത്യ മുതലാളിത്തവും സോഷ്യലിസവും എല്ലാം ഒലിച്ചുപോകുന്നു.


### അവലോകനം

ആധുനികതാപ്രസ്ഥാനത്തിന്റെ വരവറിയിച്ചുകൊണ്ട് വിജയൻ കഥയെഴുതിത്തുടങ്ങുമ്പോൾ മലയാള സാഹിത്യത്തിൽ രണ്ടു കല്പിതാഖ്യാനധ്രുവങ്ങളുണ്ടായിരുന്നു. കാല്പനിവും യഥാതഥാഖ്യാനവും. എഴുത്തിലും വരയിലും വായനയിലും മലയാളികൾക്ക് ഇതിഹാസതുല്യമായ ദർശനം പകർന്നു തന്ന കഥാകാരനായിരുന്നു ഒ.വി. വിജയൻ. മനുഷ്യജീവിതത്തിലെ എക്കാലത്തെയും സന്ദിഗ്ദ്ധതകളെ വിജയൻ മനോഹരമായി ചിത്രീകരിച്ചു. ആധുനികന്റെ അന്വേഷണങ്ങളുടെ ആകത്തുകയാണ് അസ്തിത്വദുഃഖം. ജീവിതത്തിന്റെ അർഥം തേടിയുള്ള ആധുനികന്റെ അലച്ചിലിൽ സാഹിത്യത്തിൽ ഒ.വി. വിജയൻ രേഖപ്പെടുത്തി.

വിശ്വാസങ്ങളുടെ തകർച്ച, മരണാഭിമുഖ്യം, ആത്മരതി തുടങ്ങിയ ആധുനികതയുടെ ചിഹ്നങ്ങൾ എല്ലാം കൃതികളിൽ തെളിഞ്ഞു കാണുന്നതിനാൽ ആധുനികതയുടെ പ്രധാന വക്താവായി വിജയനെ അവതരിപ്പി

ച്ചുകാണുന്നതിൽ തെല്ലും അതിശയോക്തിയില്ല തന്നെ.

## 2.3.4 ആനന്ദ്


ആനന്ദ്

ആധുനിക കഥാകൃത്തുക്കളിൽ ഏറ്റവും മൗലികമായ ശബ്ദം ആൾക്കൂട്ട (1970 ത്തിന്റെ കർത്താവായ ആനന്ദിന്റെതാണ്. ആനന്ദും മുകുന്ദനും കാക്കനാടനും ഒ.വി. വിജയനുമൊക്കെ അസ്തിത്വത്തിന്റെ വേരുകൾ അറ്റ് അന്യരും പുറം തള്ളപ്പെട്ടവരുമായിത്തീർന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ചു. നായകന് പകരം എതിർ നായകന്മാരുണ്ടായി. ആൾക്കൂട്ടത്തിലാണെങ്കിൽ നായകനേയില്ല. വ്യക്തിയുടെ സ്ഥാനത്ത് ഒരു കൂട്ടം മാത്രം. ഉള്ളടക്കത്തിന്റെ സവിശേഷതകൊണ്ട് ആകർഷകമായിത്തീർന്ന നോവലാണ് മരണസർട്ടിഫിക്കറ്റ്. മനുഷ്യന്റെ നിസ്സഹായതയുടെ ചിത്രം ആനന്ദിന്റെ രചനകളുടെ സവിശേഷതയാണ്. അധികാരത്തിന് നേരേ ഉയർത്തുന്ന നിരവധി ചോദ്യങ്ങൾ നമുക്ക് അദ്ദേഹത്തിന്റെ രചനകളിൽ കാണാം.

**നോവലുകൾ**

മരണസർട്ടിഫിക്കറ്റ് (1974), ഉത്തരായനം(1982), അഭയാർത്ഥികൾ (1984), മരുഭൂമികൾ ഉണ്ടാകുന്നത് (1989), ഗോവർധനന്റെ യാത്രകൾ (1995), വ്യാസനും വിഘ്നേശ്വരനും (1996) തുടങ്ങിയവ

## 2.3.5 സാറാ ജോസഫ്


സാറാ ജോസഫ്

നോവലിനെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ വന്ന മാറ്റങ്ങൾ ഓരോകാലത്തും സംഭവിക്കുന്ന സാംസ്കാരികവിനിമയങ്ങളെക്കൂടി അടയാളപ്പെടുത്തുന്നുണ്ട്. കേരളീയസമൂഹത്തിനുണ്ടാകുന്ന ഘടനാപരമായ വ്യതിയാനം, സാമൂഹിക സ്ഥാപനങ്ങൾക്കുണ്ടായ തകർച്ച, ഉപഭോഗബന്ധങ്ങളിലും വിദ്യാഭ്യാസ സാംസ്കാരികരംഗങ്ങളിലും വലിയ മാറ്റങ്ങൾ എന്നിവ 1980 കൾക്ക് ശേഷം വളരെ പ്രകടമായിരുന്നു. കാലദേശങ്ങളുടെ ദാർശനികതയും, അസ്തിത്വപരമായ ഉൽകണ്ഠകളും, നഗരവത്ക്കരണവും അതിലൂടെ സംജാതമാകുന്ന അന്യഥാബോധവും ഫാന്റസിയുമൊക്കെ നിറഞ്ഞുനിന്ന കഥാലോകത്തേക്കാണ് അതിരുവത്കരിക്കപ്പെട്ടവന്റെ അനുഭവതലം, പ്രാദേശിക ഭാഷാഭേദങ്ങൾ തുടങ്ങി പുതുഭാവുകത്വസംസ്കാരത്തിന്റെ ചിഹ്നങ്ങളുമായി സാറാ ജോസഫ് എഴുത്തുതുടങ്ങുന്നത്.

"ഊര് കാവലിലെ നായകനാണ് അംഗദൻ, വാലിയുടെ മകൻ. മിത്തിക്കൽ പുരാണങ്ങളിൽ ഒരു ഗോത്രത്തിന്റെ അടയാളമായി നിലകൊണ്ടവൻ. പുരുഷനെക്കുറിച്ചുള്ള സങ്കല്പങ്ങൾ രൂപം കൊള്ളുന്നതിൽ പുരാണകഥാപാത്രങ്ങൾക്കുള്ള പങ്ക് നിഷേധിക്കാനാവില്ല. കിഷ്ക്കിന്ധയുടെ യുവരാജാവിന് അവശ്യം ഉണ്ടായിരിക്കേണ്ട വീരസാഹസികതയൊന്നും അംഗദനിൽ ദൃശ്യമല്ല. മലയാളനോവൽ സാഹിത്യത്തിൽ അതുവരെ എഴുതപ്പെട്ട പുരാണകഥാസ്പദനോവലുകളിലെ നായകകഥാപാത്രങ്ങൾക്ക് വിധിക്കപ്പെട്ടവഴിയിലൂടെയല്ല അംഗദന്റെ സഞ്ചാരം. അംഗദൻ എന്ന പൗരാണിക ബിംബത്തെ സാറാ ജോസഫ് ഉപയോഗിക്കുന്നത് പുനർവ്യാഖ്യാനമെന്ന നിലയ്ക്കല്ല. മറിച്ച് പുരുഷാധികാരത്തിന്റെ മൂല്യവ്യവസ്ഥയിൽ സ്വയം നിർണയാവകാശം പോലും നഷ്ടപ്പെട്ട സ്ത്രീയുടെ പ്രതിമാനമെന്ന നിലയിലാണ്''

-പി.കെ. രാജശേഖരൻ

മലയാള സാഹിത്യരംഗത്ത് സ്ത്രീപക്ഷ സാഹിത്യത്തിന്റെ വക്താവായി രംഗത്ത് വരികയും സ്ത്രീപക്ഷ രചനകളിലൂടെ സ്

ത്രീകൾക്ക് സമത്വവും സ്വാതന്ത്ര്യവും നേടിക്കൊടുക്കാൻ യത്നിക്കുകയും ചെയ്യുന്ന എഴുത്തുകാരിയാണ് സാറാ ജോസഫ്. അവരുടെ പാപത്തറ എന്ന കഥാസമാഹാരം വിലയിരുത്തുമ്പോഴാണ് കവി സച്ചിദാനന്ദൻ 'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. വർത്തമാനകാല ജീവിതത്തെ ശരിയായി വീക്ഷിക്കുകയും അതിന്റെ ഭാഗമായുള്ള ചലനങ്ങളെ വേദനയോടെ നോക്കികാണുകയും ചെയ്യുന്ന എഴുത്തുകാരിയാണ് സാറാ ജോസഫ്. സാഹിത്യത്തിന്റെ മിക്ക മേഖലകളിലും കടന്നുചെന്ന് തന്റേതായ സംഭാവനകൾ നല്കുവാൻ അവർ പരമാവധി ശ്രമിക്കുന്നുണ്ട്. പാർശ്വവല്കരിക്കപ്പെട്ട കീഴാള ജനതയോടും ആസ്വാതന്ത്ര്യത്തിൽ ആണ്ടുപോയ സ്ത്രീജനങ്ങളോടുമുള്ള കാരുണ്യം വാക്കിലും മനസിലും പേറി സഞ്ചരിക്കുന്ന കഥാകാരിയാണ് സാറാ ജോസഫ്. സ്ത്രീകളുടെ അസമത്വത്തിനും ഭാരത്തിനും കാരണക്കാരായ പുരുഷ വർഗത്തിനെതിരെ തന്റെ കൃതികളിലൂടെ ശക്തമായി പ്രതികരിക്കാനും അവർ മടി കാണിക്കുന്നില്ല. സാറാ ജോസഫ് 1946-ൽ തൃശൂരിൽ ജനിച്ചു. എൺപതുകൾക്കുശേഷം മലയാള സാഹിത്യലോകത്ത് സജീവമായ പാരിസ്ഥിതിക ചിന്തയേയും ദളിത് മുന്നേറ്റങ്ങളേയും സ്ത്രീവാദാധിഷ്ഠിതമായ ദാർശനിക പരിസരത്തേയും സമ്മേളിപ്പിച്ച് എഴുതിയ നോവലാണ് ആലാഹയുടെ പെൺമക്കൾ. 1990-ൽ പ്രസിദ്ധീകൃതമായ പാപത്തറയിൽ തുടങ്ങിവെച്ച പെൺ പ്രത്യയശാസ്ത്രത്തിന്റെ ശക്തമായ അടിത്തറയായിരുന്നു ആലാഹയുടെ പെൺമക്കളുടെ ഉൾക്കരുത്ത്. നാഗരികരുടെ ലോകത്തുനിന്ന് പുറംതള്ളപ്പെട്ട് ഓരങ്ങളിൽ കഴിഞ്ഞുകൂടേണ്ടിവരുന്ന പാർശ്വവത്കൃത ജനതയുടെ കഥയാണിത്. ശവത്തിന്റേയും മലത്തിന്റേയും നഗരമാലിന്യത്തിന്റേയും കുമ്പാരമായ കോക്കാഞ്ചിറയുടെ കഥ. സ്ഥലത്തിലും കാലത്തിലും പലപല തലങ്ങളുടെ ഒരു മഹത്തായ സാഹിത്യസൃഷ്ടിയാണ് ആലാഹയുടെ പെൺമക്കൾ എന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ആലാഹയുടെ പെൺമക്കൾ, നന്മതിന്മകളുടെ വൃക്ഷം, അകലെ അരികിൽ, ഊരുകാവൽ, ആളോഹരി ആനന്ദം, ആതി, മാറ്റത്തി, ഒതപ്പ്, എസ്തേർ, ബുധിനി തുടങ്ങിയവയാണ് നോവലുകൾ.

"പുരുഷനെ ഇരട്ടി പ്രതാപത്തോടെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി മാറേണ്ടി വരുന്ന സ്ത്രീയെക്കുറിച്ചുള്ള വെർജിനിയ വുൾഫിന്റെ തിരിച്ചറിവിൽ തുടങ്ങി കർതൃത്വം നിരാകരിക്കപ്പെട്ട സ്ത്രീയേക്കുറിച്ചുള്ള സിമോൺ ദ് ബുവെയുടെ നിരീക്ഷണത്തിലൂടെ മുന്നേറി, ഭാഷയുടെ ലിംഗരാഷ്ട്രീയത്തേയും സാമൂഹികാധികാരത്തേയും കുറിച്ചുള്ള റൊളാങ് ബാർത്തിന്റേയും ജൂലിയ ക്രിസ്തേവയുടേയും ബോധ്യങ്ങൾ പങ്കുവച്ച്, സ്വത്വപ്രഖ്യാപനങ്ങളിലും കർതൃത്വ രൂപീകരണത്തിലും സ്ത്രീ ശരീരത്തിനുള്ള സാധ്യതകളെക്കുറിച്ച് ഹെലൻ സിസ്കസുവും ജൂഡിത് ബട്‌ലറും മുതൽ മിഷേൽ ഫുക്കോയും ഴാങ് -ലക്കാനുമുൾപ്പെടെയുള്ളവർ വരെ ഉന്നയിക്കുന്ന ആശയങ്ങൾ പിൻപറ്റി, ചരിത്രത്തിലും പുരുഷപാഠങ്ങളിലും ഒരുപോലെ സംഭവിച്ച വംശത്തിന്റേയും വർണത്തിന്റേയും സ്ത്രീവിരുദ്ധ രാഷ്ട്രീയങ്ങളെക്കുറിച്ചുള്ള ബാർബറാ സ്മിത്തിന്റേയും മറ്റും വെളിപാടുകളിലൂടെ സഞ്ചരിക്കുന്ന സ്ത്രീ സ്വത്വബോധത്തിന്റെ ഇന്ത്യൻ/കേരളീയ പാഠരൂപകങ്ങളാണ് സാറാ ജോസഫിന്റെ രചനകൾ''

– ഡോ. ഷാജി ജേക്കബ്

2001-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതിയാണ് ആലാഹയുടെ പെൺമക്കൾ. നാഗരികതയുടെ കുത്തൊഴുക്കിൽ ഒരു ജനതയ്ക്ക് നഷ്ടപ്പെട്ടുപോയ സ്ഥലകാല വേരുകളും സ്വന്തം ഭാഷയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ഈ നോവൽ. ഊരുകാവലിൽ രാമായണ കഥയ്ക്ക് കീഴാള കാഴ്ചപ്പാടിൽ പുതിയൊരു ഭാഷ്യം ചമക്കുകയാണ് കഥാകാരി ചെയ്യുന്നത്. പുതിയകാലത്തെ മണ്ണിന്റെയും പെണ്ണിന്റെയും ജീവിതം ആവിഷ്കരിക്കുന്ന നോവലാണ് ആളോഹരി ആനന്ദം. മനുഷ്യബന്ധങ്ങളെ ഉടച്ചു വാർക്കുന്നതിന് ഉദ്പാദന സംസ്കാ

രത്തിന്റേതായ ഒരു പുതിയ ബദൽ അവതരിപ്പിക്കുകയാണ് സാറാ ജോസഫ്. ബൈബിൾ പഴയ നിയമത്തിലെ കഥാപാത്രമായ എസ്തേറിനെ പുതിയ കാലഘട്ടത്തിന്റെ പ്രതീകമായി അവതരിപ്പിക്കുന്ന നോവലാണ് എസ്തേർ.

പെണ്ണിന്റെ പക്ഷത്ത് നിന്നുകൊണ്ട് അവൾ അനുഭവിക്കുന്ന അസമത്വത്തിനും അസ്വാതന്ത്ര്യത്തിനുമെതിരെ പോരാടുകയും ലിംഗ സമത്വത്തിനുവേണ്ടി വാദിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുകയും ചെയ്യുന്ന എഴുത്തുകാരിയാണ് സാറാ ജോസഫ്. ആ പോരാട്ടത്തിന് വേണ്ട ശക്തമായ ഉപാധിയായി സാഹിത്യം മാറുന്നത് ഓരോ കൃതികളിലും വായിക്കാം.

"വിചാരത്തിലും വ്യവഹാരത്തിലും ഇന്നു നിലനില്കുന്ന പുരുഷമേധാവിത്വഘടനകളെ അപനിർമ്മിച്ചുകൊണ്ടും മുൻകാലങ്ങളിൽ ഒളിച്ചുവയ്ക്കപ്പെട്ടതോ അടിച്ചമർത്തപ്പെട്ടതോ, അവഗണിക്കപ്പെട്ടതോ ആയ സ്ത്രൈണാനുഭവങ്ങളെ പുന:ർനിർമ്മിക്കാനുമാണ് എഴുത്തുകാരി പരിശ്രമിക്കുന്നത്''

–സച്ചിദാനന്ദൻ

## അവലോകനം

പൂർവഗതിയിൽ നിന്ന് തീർത്തും വിരുദ്ധമായ വീക്ഷണങ്ങളും രചനാതന്ത്രവും സ്വീകരിച്ചുകൊണ്ട് മാറ്റിമറിച്ച എഴുത്തുകാർ അറുപതുകളുടെ അന്ത്യത്തിൽ മിക്ക സാഹിത്യശാഖകളിലും പ്രത്യക്ഷപ്പെട്ടു. യുദ്ധാനന്തര യൂറോപ്പിലെ ഗ്രഹിച്ച കാലാവസ്ഥയ്ക്ക് അനുരൂപമായ അന്തരീക്ഷം ആയിരുന്നു അത്. ആധുനികതയുടെ ആവിർഭാവം ബോധ്യപ്പെടുത്തിയ അപകടം മൂല്യബോധത്തിന് തകർച്ചയാണ്. സ്വപ്നങ്ങൾ സൂക്ഷിക്കാൻ കഴിയാത്ത മനസ് ശൂന്യമായിത്തീർന്നിരിക്കുന്നു. ഈ ശൂന്യതയ്ക്കിടയിൽ ഏക ചിന്താവിഷയം സ്വന്തം അസ്തിത്വം മാത്രമാണ്. ജീവിതത്തിൽ യഥാർഥമായി ഒന്നുമാത്രമേയുള്ളൂ; മരണം. ആസന്നമായ മരണത്തിനു മുമ്പിൽ മനുഷ്യന്റെ സഹജഭാവം വെളിപ്പെട്ടു പോകുന്നു. അവശേഷിക്കുന്ന സമയം അർഥപൂർണമാക്കുക, നൈസർഗികവാസനകൾക്കു സാഫല്യമേകുക, അതിനാണ് യത്നം (ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ). കാക്കനാടനും ഒ.വി. വിജയനും ആധുനികതയുടെ ശബ്ദമായിരുന്നു. ആധുനികകാലത്ത് എഴുതിത്തുടങ്ങിയെങ്കിലും സാറാ ജോസഫിന്റെ രചനകൾ ഉത്തരാധുനികതയിലേയ്ക്ക് നീളുന്നു.

## Recap

- സാമൂഹിക ജീവിതത്തെയും വ്യക്തിജീവിതത്തെയും ഒരുപോലെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കിയ എഴുത്തുകാരനാണ് ഉറൂബ്
- മലബാർ കലാപം, മതപരിവർത്തനങ്ങൾ, ഫ്യൂഡലിസം, ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ, ട്രേഡ് യൂണിയൻ പ്രസ്ഥാനം, കലാസാംസ്കാരിക രംഗത്ത് ഉണ്ടായ മാറ്റങ്ങൾ
- മനുഷ്യരുടെ വൈയക്തിക ബന്ധങ്ങളുടെ താളലയങ്ങൾ ചിത്രീകരിക്കുന്ന ഉറൂബ്
- ആധുനികതയുടെ ശക്തനായ വക്താവായി കടന്നുവന്ന എഴുത്തുകാരനാണ് കാക്കനാടൻ
- ആദർശങ്ങളുടെ പൊള്ളത്തരങ്ങൾ, മനുഷ്യബന്ധങ്ങളുടെ വിചിത്ര ഗതികൾ, മതദർശനങ്ങളുടെ പരാജയങ്ങൾ, സാമൂഹ്യ ജീവിതത്തിലെ ഹിപ്പോക്രസികൾ
- ദുഃഖത്തിന്റെയും മരണത്തിന്റെയും മർമസന്ധികളിലൂടെ യാത്ര
- ജീവിതത്തെ സംബന്ധിച്ച് ഒരു ദാർശനിക വീക്ഷണവും മനുഷ്യന്റെ അസ്തിത്വം നേരിടുന്ന പ്രശ്നങ്ങളും
- രവിയുടെ വ്യക്തിപരമായ ദുരന്തമാണ് നോവലിലെ പ്രമേയം.
- ജീവിതം നിരർഥകമാണെന്നവിശ്വാസം
- ആധുനിക സമൂഹത്തിന്റെ മൂല്യച്യുതി
- വിശ്വാസങ്ങളുടെ തകർച്ച, മരണാഭിമുഖ്യം, ആത്മരതി
- സ്ത്രീപക്ഷ സാഹിത്യത്തിന്റെ വക്താവ്
- പെണ്ണെഴുത്ത് എന്ന പദവും രാഷ്ട്രീയവും
- നാഗരികതയുടെ കുത്തൊഴുക്കിൽ ഒരു ജനതയ്ക്ക് നഷ്ടപ്പെട്ടുപോയ സ്ഥലകാല വേരുകൾ
- അസമത്വത്തിനും അസ്വാതന്ത്ര്യത്തിനുമെതിരെ പോരാടി
- ഭാഷാശൈലിയും രചനാശൈലിയും

## Objective Questions

1. ഉറൂബിന് 1958-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?
2. മായനും ബീരാനും ഏതു നോവലിലെ കഥാപാത്രങ്ങളാണ്?
3. ഇരുമ്പൻ ഗോവിന്ദൻ നായർ, വേലു മാമൻ, ലക്ഷ്മിക്കുട്ടി, ശാന്ത തുടങ്ങിയവർ കഥാപാത്രങ്ങളായി വരുന്ന ഉറൂബിന്റെ നോവൽ?
4. അജ്ഞതയുടെ താഴ്വര ആരുടെ നോവലാണ്?
5. കാക്കനാടന്റെ ഏത് നോവലിലെ കഥാപാത്രമാണ് ശിവൻ?

6. പ്രവാചകന്റെ വഴി ആരുടെ നോവലാണ്?
7. ഏകാധ്യാപകവിദ്യാലയത്തിൽ അധ്യാപകനായി എത്തുന്ന രവി ഏത് നോവലിലെ കഥാപാത്രമാണ്?
8. ഊരുകാവൽ ആരുടെ കൃതിയാണ്?
9. 2001-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ നോവൽ?
10. എസ്തർ എന്ന നോവൽ എഴുതിയതാര്?

## Answers

1. ഉമ്മാച്ചു
2. ഉമ്മാച്ചു എന്ന നോവലിലെ
3. സുന്ദരികളും സുന്ദരന്മാരും
4. കാക്കനാടൻ
5. ഉഷ്ണമേഖല
6. ഒ.വി. വിജയൻ
7. ഖസാക്കിന്റെ ഇതിഹാസം
8. സാറാ ജോസഫ്
9. ആലാഹയുടെ പെൺമക്കൾ
10. സാറാ ജോസഫ്

## Assignments

1. സാറാ ജോസഫിന്റെ രചനകളുടെ പൊതുസവിശേഷതകൾ വിശകലനം ചെയ്യുക.
2. ആലാഹയുടെ പെൺമക്കൾ-സാറാ ജോസഫ് :ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
3. കാക്കനാടിന്റെ രചനകളുടെ പ്രത്യേകതകൾ എന്തെല്ലാം?
4. ആധുനികതാവാദത്തിന്റെ ആശയങ്ങൾ പരിചയപ്പെടുത്തുക.
5. സ്ത്രീപക്ഷ രാഷ്ട്രീയവും മലയാള സാഹിത്യവും - ഉപന്യാസം തയ്യാറാക്കുക.

## Suggested Reading


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.
2. പി.കെ. രാജശേഖരൻ, അന്ധനായ ദൈവം:മലയാള നോവലിന്റെ നൂറുവർഷങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.


## Reference


1. കെ.എം. ജോർജ്., ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
3. കെ.എം. തരകൻ, മലയാളനോവൽസാഹിത്യ ചരിത്രം, കേരളശാസ്ത്രസാഹിത്യപരിഷത്ത്, തിരുവനന്തപുരം.
4. എം. അച്യുതൻ, നോവൽ പ്രശ്നങ്ങളും പഠനങ്ങളും, എൻ.ബി.എസ്, കോട്ടയം.


SGOU

BLOCK - 2

# UNIT 4

# ചെറുകഥ

## Learning Outcomes

- മലയാള സാഹിത്യ ചരിത്രത്തിൽ ചെറുകഥ എന്ന സാഹിത്യ രൂപത്തിനുള്ള സ്ഥാനം കണ്ടെത്തുന്നു
- ആദ്യകാല ചെറുകഥാകൃത്തുക്കളെയും ചെറുകഥകളെയും കുറിച്ച് മനസിലാക്കുന്നു
- കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ ചെറുകഥാസാഹിത്യത്തെ തരംതിരിക്കുകയും അവയുടെ ഭാവുകത്വ പരിണാമം മനസിലാക്കുകയും ചെയ്യുന്നു
- കാരൂർ, തകഴി, കേശവദേവ്, പൊൻകുന്നം വർക്കി, ടി. പത്മനാഭൻ, മാധവിക്കുട്ടി, കാക്കനാടൻ, സാറാ ജോസഫ്, സക്കറിയ തുടങ്ങിയവർ ചെറുകഥ സാഹിത്യത്തിന് നൽകിയ സംഭാവനകൾ കണ്ടെത്തുന്നു

## Prerequisites

ഒർഥത്തിൽ ചെറിയ കഥയാണ് ചെറുകഥ. എന്നാൽ ഗദ്യത്തിലുള്ള ഹ്രസ്വമായരചന എന്നു പറഞ്ഞാലും ആശയം പൂർണമാകുകയില്ല. ചെറുകഥ അല്പം കൂടി വലുതായാൽ നോവലാവുകയില്ല; നോവലിന്റെ ദൈർഘ്യം കുറഞ്ഞാൽ ചെറുകഥയുമാവില്ല. അപ്പോൾ ദൈർഘ്യം മാത്രമല്ല ചെറുകഥയെ ചെറുകഥയാക്കുന്നതെന്നു വരുന്നു. ജീവിതത്തിന്റെ കലാസുഭഗമായ ചിത്രീകരണംവഴി, താരതമ്യേന ഹ്രസ്വമായ ഗദ്യരചനയിലൂടെ ഒരെഴുത്തുകാരൻ സങ്കീർണമായ ജീവിതത്തിലേക്ക് ഒരുൾക്കാഴ്ച നമുക്കു നല്കുമെങ്കിൽ (ഒപ്പം, ജീവിതത്തോട് അയാൾക്കുള്ള സമീപനത്തിന്റെ ധ്വനിയും) അത് 'ചെറുകഥ' എന്ന പേരിനർഹമാണെന്നു പറയാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈർഘ്യത്തെക്കാൾ ഉള്ളടക്കത്തിന്റെ സ്വഭാവവും രചനാരീതിയുമാണ് ഒരു കഥയെ 'ചെറുകഥ'യെന്ന കലാസൃഷ്ടിയാക്കുക (മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ)

SGOU

ഇംഗ്ലീഷിൽ Fiction എന്ന പേരിലും മലയാളത്തിൽ 'കഥ' എന്ന പേരിലും അറിയപ്പെടുന്നത് നോവലും ചെറുകഥയുമാണ്. പക്ഷേ നോവലിനും ചെറുകഥയ്ക്കും വ്യത്യസ്തങ്ങളായ ചരിത്രങ്ങളാണുള്ളത്. നോവലിന്റെ ഒരു ഉപോത്പന്നമല്ല (by product) ചെറുകഥ.

**ചെറുകഥയുടെ കഥ:**

മനുഷ്യന്റെ ചരിത്രത്തോടൊപ്പം രംഗത്തുവന്ന ഒരു സാഹിത്യരൂപമാണ് ചെറുകഥ. കഥ കേൾക്കാനുള്ള കൗതുകം മനുഷ്യന് ജന്മസിദ്ധമാണ്. കഥ കേൾക്കാനും പറയാനുമുള്ള തൃഷ്ണയാണ് സാരോപദേശകഥകളും മുത്തശ്ശിക്കഥകളും യക്ഷിക്കഥകളും മുതൽ അസ്ഫുടങ്ങളായി സ്ഫുരിക്കുന്ന വിശ്ലഥബോധധാരകളും മറ്റും ചിത്രീകരിക്കുന്ന ആധുനിക കഥകൾ വരെ മനുഷ്യർക്കുള്ള താല്പര്യത്തിന്റെ അടിസ്ഥാനം.

പത്തൊമ്പതാം നൂറ്റാണ്ട് മുതൽക്കാണ് ചെറുകഥയ്ക്ക് സാർവത്രികമായ പ്രചാരവും അംഗീകാരവും ലഭിച്ചു തുടങ്ങിയത്. 'ഒരാൾ മറ്റു ചിലരോട് ചെയ്യുന്ന നാതിദീർഘമായ സംവാദം' എന്ന് വില്യം സരോയൻ ചെറുകഥയെ നിർവചിക്കുന്നു. സോമർസെറ്റ് മോം ആകട്ടെ ബാഹ്യമോ ആഭ്യന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടിയാണ് ചെറുകഥ എന്നാണ് വിവരിക്കുന്നത്. ഒരു ചെറുകഥയിൽ ഒരേയൊരാശയമേ ഉൾപ്പെടുത്താവൂ എന്ന് 'സാഹിത്യ പഠനത്തിന് ഒരു ആമുഖം' എന്ന ഗ്രന്ഥത്തിൽ ഹഡ്സൺ കഥയെ കുറിച്ച് അഭിപ്രായപ്പെടുന്നു.

ചെറുകഥാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് റഷ്യൻ സാഹിത്യകാരനായ ഗൊഗോൾ, അമേരിക്കൻ സാഹിത്യകാരനായ എഡ്ഗാർ അലൻപോ തുടങ്ങിയവരാണ്. 1885-ൽ ബ്രാണ്ടർ മാത്യൂസ് 'ചെറുകഥയുടെ ദർശനം' എന്ന ലേഖനം പ്രസിദ്ധീകരിച്ചതോടെ ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമായി ചെറുകഥ അംഗീകരിക്കപ്പെട്ടു. വാഷിംഗ്ടൺ, നാഥാനിയേൽ ഹാത്തോൺ, ഗോഥെ, മോപ്പസാങ്, ആന്റൺ ചെഖോവ്, മാക്സിം ഗോർക്കി, ടർജനീവ്, ഒ. ഹെൻറി, ഓസ്കാർ വൈൽഡ്, ലിയോ ടോൾസ്റ്റോയി തുടങ്ങിയവർ ലോക പ്രശസ്തരായ ചെറു കഥാകൃത്തുക്കളാണ്.

**ചെറുകഥ മലയാളത്തിൽ:**

മലയാള ചെറുകഥയ്ക്ക് ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ട് പഴക്കമുണ്ട്. മലയാളത്തിൽ ചെറുകഥ എന്ന സാഹിത്യരൂപം നമ്മുടെ ഭാവുകത്വത്തെ സ്വാധീനിക്കുകയും ഏറ്റവും ശ്രദ്ധേയമായ സാഹിത്യ വിഭാഗമായി മാറുകയും ചെയ്തു.

നോവൽ സാഹിത്യത്തെപ്പോലെ തന്നെ പാശ്ചാത്യ സാഹിത്യസമ്പർക്കമാണ് ചെറുകഥയുടെ ആവിർഭാവത്തിന് തുടക്കം കുറിച്ചത്. കൊല്ലവർഷം 1066-ൽ (ക്രിസ്തുവർഷം 1891) വിദ്യാവിനോദിനി മാസികയിൽ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ എന്ന് അറിയപ്പെടുന്നത്. മൂർക്കോത്ത് കുമാരൻ, സി.എസ്. ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, എം.ആർ.കെ.സി, ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ, കെ. സുകുമാരൻ, ഇ.വി. കൃഷ്ണപിള്ള എന്നിവരാണ് ആദ്യകാല കഥാകാരന്മാരിൽ പ്രധാനികൾ.

1930-ന് ശേഷമുള്ള കാലഘട്ടത്തെ മലയാള ചെറുകഥയുടെ നവോത്ഥാനഘട്ടം എന്ന് വിശേഷിപ്പിക്കപ്പെട്ടു. നവോത്ഥാന കാഥികരിൽ പ്രമുഖരാണ് തകഴി ശിവശങ്കരപ്പിള്ള, കാരൂർ നീലകണ്ഠപ്പിള്ള, പി. കേശവദേവ്, എസ്.കെ. പൊറ്റെക്കാട്ട്, പൊൻ

കുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ, ഉറൂബ്, നാഗവള്ളി. ആർ.എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, ലളിതാംബിക അന്തർജനം തുടങ്ങിയവർ. ഇതിനിടയിൽ പട്ടാളക്കഥകൾ എന്ന പേരിൽ വേറിട്ട ഒരു കഥാമേഖല മലയാളത്തിലുണ്ടായി. പട്ടാള ബാരക്കുകളിൽ കഴിയുന്ന മനുഷ്യജീവികളുടെ കഥകൾ കൃത്യമായി മലയാളത്തിൽ പകർന്നേകിയ എഴുത്തുകാരിൽ പ്രമുഖരാണ് കോവിലനും നന്തനാരും പാറപ്പുറത്തും വിനയനും.

തുടർന്ന് മലയാള ചെറുകഥയിലേക്ക് ആധുനിക പ്രവണതകൾ കടന്നുവന്നു. ഇതിന് നേതൃത്വം നല്കിയവരാണ് എം.ടി. വാസുദേവൻ നായർ, ടി. പത്മനാഭൻ, പട്ടത്തുവിള കരുണാകരൻ, മാധവിക്കുട്ടി തുടങ്ങിയവർ. കഥാസാഹിത്യത്തിന്റെ രൂപ ഭാവങ്ങൾക്ക് ശക്തിയും സൗന്ദര്യവും പകർന്നവരാണ് എം. മുകുന്ദൻ, കാക്കനാടൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, ഒ.വി. വിജയൻ, പത്മരാജൻ, സക്കറിയ, സേതു മുതലായവർ. നാലഞ്ചു പ്രത്യേക ഘട്ടങ്ങളായിട്ടാണ് മലയാള ചെറുകഥ വികാസം പ്രാപിച്ചത്. 1891 മുതൽ 1930 വരെയുള്ള കാലഘട്ടത്തിലെ കഥകൾക്ക് കൂട്ടുകുടുംബത്തെ പുലർത്തിപ്പോരുന്ന ഒരു രൂപഘടനയുണ്ട്. ധാരാളം കഥാപാത്രങ്ങളും ഉപകഥകളും തുറന്ന ഗ്രാമീണാന്തരീക്ഷവും സാമുദായിക ഉച്ചനീചത്വം അംഗീകരിക്കുന്ന മന:സ്ഥിതിയും സാഹിത്യഭാഷയും അതിനൊക്കെ യോജിച്ച സൗന്ദര്യശാസ്ത്രവും എല്ലാം അത്തരം കഥകളിൽക്കാണാം. ആദ്യകാല കഥകളിൽ കഥാകഥന ചാതുരി നിയന്ത്രിത മാർഗങ്ങളിൽ ഒതുങ്ങി നില്കുന്നത് കാണാനാകും. ഇന്നും വായിച്ചു രസിക്കാവുന്ന കഥകൾ ആ കാലത്തും രചിക്കപ്പെട്ടു എന്നത് ശ്രദ്ധേയമാണ്. പത്രമാസികകളുടെ സ്വാധീനം അന്നേ ചെറുകഥാസാഹിത്യത്തെ ഗാഢമായി നിയന്ത്രിച്ചു പോന്നിരുന്നു.

1930-40-കളിൽ പുരോഗമനസാഹിത്യ പ്രസ്ഥാനത്തോട് ഒട്ടി നിന്നിരുന്നതിനാൽ നാലുകെട്ട് വിട്ട് ഒറ്റത്തായ്ക്കെട്ടിടങ്ങളുടെ മട്ടിൽ സ്വതന്ത്ര ഘടനയോടെ പ്രമേയ പ്രധാനങ്ങളും പ്രശ്നകേന്ദ്രീകൃതങ്ങളുമായ സൃഷ്ടികളായാണ് കഥകൾ പ്രത്യക്ഷപ്പെട്ടത്. ഗ്രാമത്തിൽ നിന്ന് കുറെയൊക്കെ നഗരപ്രാന്തങ്ങളിലേക്ക് കഥകളും കഥാപാത്രങ്ങളും കാഥികന്മാരും ഒരുപക്ഷേ വായനക്കാരും നീങ്ങുന്നതായി കാണാം. സംഘടിത കർഷകത്തൊഴിലാളികളും ഫാക്ടറിത്തൊഴിലാളികളുമെല്ലാം അവരുടെ ജീവിത പ്രശ്നങ്ങളുമായി മുന്നോട്ട് വന്നു. അതോടെ പ്രഭാഷണ ശൈലിക്ക് പകരം സംഭാഷണ ശൈലി കഥാകഥനത്തിന് അംഗീകരിക്കപ്പെട്ടു.

1950-കളിലെ ആധുനിക ഘട്ടം എടുത്താൽ ഭാവപ്രധാനമായ കഥകൾ, മഹാനഗരങ്ങൾക്കുള്ളിൽ കുടുങ്ങിയവരുടെ മാനസിക മണിമേടകളിലെ ഏകാന്തതയും ഏങ്ങലുകളും ചേർന്ന് ഭാവകാവ്യങ്ങളായി പരിണമിക്കുന്നത് കാണാം. ഒറ്റയാൻ കഥാപാത്രങ്ങൾ മനോവിശ്ലേഷണപരമായ ആത്മഗതങ്ങൾ ഉതിർത്തുകൊണ്ട് കഥകളിലെല്ലാം അലഞ്ഞു തിരിയുന്ന കാഴ്ച നമുക്ക് കാണാൻ കഴിഞ്ഞു. കഥയുടെ ഭാഷ ചടുലമയമായ സംഭാഷണത്തിൽ നിന്ന് ഗദ്ഗദവും തേങ്ങലും നിറഞ്ഞ ഗാനമോ മൗനമോ ആകാൻ വെമ്പൽ കൊണ്ടു.

തുടർന്നുവന്ന ആധുനികാവശിഷ്ടദശയിൽ നഗരഗ്രാമങ്ങളിലെ മട്ടുപ്പാവു മാതൃകയിൽ ശില്പ പ്രധാനങ്ങളായ കഥകളുടെ വേലിയേറ്റമുണ്ടായി. ക്രമേണ ഉത്തരാധുനിക ഘട്ടത്തിൽ ഭാവശില്പപ്രാധാന്യം അംഗീകരിച്ചുകൊണ്ട് നഗരവത്കൃത ഗ്രാമസന്താപങ്ങളും പേറി ഫ്ളാറ്റുകളുടെ ആന്തരഘടനയിലേക്ക് നീങ്ങുന്നതായി തോന്നുന്നു. ഓരോ ഘട്ടത്തിലും മുൻ ഘട്ടങ്ങളുടെ രീതിയിൽ തുടർന്നെഴുതിപ്പോരുന്ന വഴക്കവും നിലനില്കുന്നതുകൊണ്ട് ഈമാതിരി ഘട്ട വിഭജനങ്ങൾക്ക് ഒരു പരിധിവരെ മാത്രമേ

പ്രസക്തിയുള്ളൂ. എങ്കിലും കഥകളുടെ ഘട്ട വിഭജനം മനസിലാക്കി ആസ്വദിക്കാൻ ഈ താരതമ്യം സഹായിക്കും(ഡോ. കെ. അയ്യപ്പപ്പണിക്കർ).

## Keywords

ചെറുകഥയുടെ ആരംഭം - ലോക സാഹിത്യത്തിൽ - ചെറുകഥ മലയാളത്തിൽ - വാസനാവികൃതി - നവോത്ഥാന ഘട്ടം - ആധുനികഘട്ടം - ഉത്തരാധുനികത - ചെറുകഥയുടെ ഘട്ടങ്ങൾ.

## Discussion

### 2.4.1 ആദ്യകാല കഥകൾ

മലയാളത്തിലെ ആദ്യകാല കഥകളിലേറെയും ഇംഗ്ലീഷിനെ അനുകരിച്ച് എഴുതിയവയാണ്. ചെറുകഥയെ സംബന്ധിച്ച ആധുനിക ധാരണ വെച്ച് നോക്കിയാൽ അവർ എഴുതിയ കഥകൾ ചെറുനോവലുകളായേ കരുതാൻ വഴിയുള്ളൂ. കുറേ സംഭവങ്ങൾ പരത്തിപ്പറയുന്നതിൽ കവിഞ്ഞ് കഥയ്ക്ക് ആവശ്യമായ ഏകാഗ്രതയിലും ഘടനയിലും അന്നത്തെ കഥാകൃത്തുക്കൾ ശ്രദ്ധിച്ചിരുന്നില്ല. അത്ഭുതം, സങ്കല്പം, വിനോദം, സാഹസികത ഇവയ്ക്കൊക്കെയാണ് അവർ പ്രാധാന്യം നല്കിയത്. സാമൂഹിക പ്രശ്നങ്ങളിൽ നിന്ന് അവർ അകന്നുനിന്നു. കേവലം വിനോദം മാത്രമായിരുന്നു കഥാരചനയുടെ ലക്ഷ്യം. മനുഷ്യൻ നിത്യജീവിതത്തിൽ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടിയവർ എന്ന അർഥത്തിൽ ആദ്യകാല കഥാകാരന്മാരെ പലായനാത്മക സാഹിത്യകാരന്മാർ എന്ന് വിളിച്ചു(കെ.എസ്. രവികുമാർ - ആദ്യകാല കഥകൾ).

മലയാളത്തിലെ കഥാസാഹിത്യം പരിശോധിച്ചാൽ കണ്ടുകിട്ടിയവയിൽ ഏറ്റവും പഴക്കം ചെന്നത് 1824-ൽ സി.എം.എസ്.പ്രസിൽ അച്ചടിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന പുസ്തകമാണ്. കേരളത്തിൽ അച്ചടിച്ച ആദ്യ മലയാള ഗ്രന്ഥവും ഇതാണ്. 1867-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ പ്രസിദ്ധപ്പെടുത്തിയ രണ്ടാം പാഠാവലിയിലും മൂന്നാം പാഠാവലിയിലും പ്രസിദ്ധപ്പെടുത്തിയ കഥകളാണ് മലയാള ചെറുകഥയുടെ ആദ്യാങ്കുരങ്ങൾ (കേരളവർമ്മകൾ - തിക്കുറിശ്ശി ഗംഗാധരൻ). ആനുകാലികങ്ങളിൽ കാണുന്ന ആദ്യ കഥ 1849-ൽ പുറത്തിറങ്ങിയ ജ്ഞാനനിക്ഷേപത്തിലെ 'ആനയെയും തുന്നനെയും കുറിച്ചുള്ള കഥ' യാണ്. വിദ്യാവിലാസിനിയുടെ ആദ്യലക്കത്തിൽ കാണുന്ന 'ഒരു കല്ലൻ' ആണ് മലയാള ചെറുകഥയുടെ പ്രഥമാങ്കുരം(ജി. പ്രിയദർശൻ - മലയാള പത്രപ്രവർത്തനം പ്രാരംഭ സ്വരൂപം)

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, മൂർക്കോത്ത് കുമാരൻ, സി.എസ്. ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, എം.ആർ.കെ.സി. (ചെങ്കുളത്തു ചെറിയ കുഞ്ഞിരാമമേനോൻ), ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ, കെ. സുകുമാരൻ, കുറ്റിപ്പുറത്തുകിട്ടുണ്ണിനായർ, അപ്പൻ തമ്പുരാൻ എന്നിവരാണ് ആദ്യ കാല കഥാകൃത്തുക്കൾ. ഇവരോടൊപ്പം സി.പി. അച്യുതമേനോൻ, സി.വി. കുഞ്ഞുരാമൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഇ.വി. കൃഷ്ണപിള്ള എന്നിവരുടെ കഥകൾ കൂടി ആദ്യകാല

കഥകൾ എന്ന പുസ്തകത്തിൽ കെ.എസ്. രവികുമാർ ഉൾപ്പെടുത്തിയിരിക്കുന്നു.

**വാസനാവികൃതി**

മലയാളത്തിലെ ആദ്യ ചെറുകഥയായി കരുതുന്നത് കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ വാസനാ വികൃതിയാണ്. 1891-ൽ വിദ്യാവിനോദിനി മാസികയിലാണ് ഈ കഥ ആദ്യമായി പ്രസിദ്ധീകരിച്ചത്. കേസരി എന്ന പത്രത്തിന്റെ പത്രാധിപരായിരുന്നു കുഞ്ഞിരാമൻ നായനാർ. ആദ്യകാല ചെറുകഥകളുടെ പ്രത്യേകതകളിലൊന്നായ വിനോദോപാദി എന്ന നിലയിലാണ് വാസനാ വികൃതി രചിച്ചിട്ടുള്ളത്. ഇക്കണ്ട കുറുപ്പ് എന്നാണ് കഥാനായകന്റെ പേര്. കഥാപാത്രം നേരിട്ടു പറയുന്ന രീതിയിലാണ് കഥ എഴുതിയിരിക്കുന്നത്. മോഷ്ടാവായ കഥാനായകന് പറ്റുന്ന ഒരമിളിയും അതിൽ പെട്ട് ജയിൽ വാസം ലഭ്യമാകുന്നതുമാണ് കഥാസാരം. കഥ പറയുന്ന രീതി ചെറുകഥയുടെ ഘടനയിൽ തന്നെയാണ്. എഴുതുമ്പോൾ നായനാരെ പോലെ എഴുതണം എന്നാണ് ഇന്ദുലേഖയുടെ കർത്താവായ ചന്തുമേനോൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. കർമഫലത്തിന്റെ അനിവാര്യതയെ നർമബോധത്തോടെ ചിത്രീകരിക്കുകയാണ് ഇവിടെ.'' രാജ്യശിക്ഷ അനുഭവിച്ചിട്ടുള്ളതിൽ എന്നെ പോലെ ഭാഗ്യഹീനന്മാരായി മറ്റാരും ഉണ്ടായിട്ടില്ല'' എന്ന നായകന്റെ ആത്മഗതത്തോടെയാണ് വാസനാവികൃതി ആരംഭിക്കുന്നത്.

### 2.4.1.1 വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

ദ്വാരക, മദിരാശിപ്പിത്തലാട്ടം, വാസനാവികൃതി തുടങ്ങിയവ പ്രധാന കഥകൾ. മേനോക്കിയെ കൊന്നതാര് എന്ന കഥയിൽ രചയിതാവിന്റെ പേരില്ലാത്തതിനാൽ ആരാണ് രചയിതാവെന്നറിയില്ല. കോമലേഴത്ത് കെ.ജി. മാധവൻ കഥാപല്ലവങ്ങളിലും പ്രൊഫ. എം. അച്യുതൻ ചെറുകഥ ഇന്നലെ ഇന്ന് എന്ന ഗ്രന്ഥത്തിൽ കേസരിയുടേതുതന്നെ എന്നും എടുത്തു പറഞ്ഞിട്ടുണ്ട്. ചില സാധാരണ സംഭവങ്ങൾ നർമബോധത്തോടെ പറയാനാണ് ഈ കഥകളിലൂടെ കേസരി ശ്രമിച്ചത്.

### 2.4.1.2 മൂർക്കോത്ത് കുമാരൻ

സാമൂഹിക പരിവർത്തനം ലക്ഷ്യമാക്കി ബോധപൂർവം കഥാരചന നടത്തിയ കഥാകൃത്താണ് മൂർക്കോത്തുകുമാരൻ. പാറുക്കുട്ടി, വനകുസുമം, ഒരു ചെറിയ കുട്ടി, ഒരു നരിയെകൊന്നവെടി, ഒരൊറ്റ നോക്ക്, കൊലയോ ആത്മഹത്യയോ, കലികാല വൈഭവം, ഒരു മരണപത്രം തുടങ്ങിയവയാണ് പ്രധാന കഥകൾ.

### 2.4.1.3 സി.എസ്. ഗോപാലപ്പണിക്കർ

വാസ്തവികങ്ങളോ കല്പിതങ്ങളോ ആയ സംഭവങ്ങളെ അടിസ്ഥാനമാക്കി വർണനാപ്രധാനമായ കഥകൾ എഴുതിയ എഴുത്തുകാരൻ. ഒരു മുതലനായാട്ട്, മേൽവിലാസം മാറി എന്നിവ പ്രധാനപ്പെട്ട കഥകൾ.

### 2.4.1.4 ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ

സാമാന്യം ദീർഘമായ കഥകൾ രചിച്ച് വായനക്കാരെ രസിപ്പിച്ചു. വീര സാഹസികരായ നായകന്മാരും പ്രേമലോലകളും ധീരകളുമായ നായികമാരും കഥാപാത്രങ്ങളായി. കല്യാണിക്കുട്ടി, ജാനു, നാരായണിക്കുട്ടി, കേളുണ്ണി മൂപ്പിൽ നായർ, ഒരുയോഗം, കൗമുദി, വിചാരം തെറ്റി തുടങ്ങിയവയാണ് കഥകൾ.

### 2.4.1.5 അമ്പാടി നാരായണപ്പൊതുവാൾ

പ്രണയകഥകളോടായിരുന്നു കമ്പം. ചരിത്ര സംഭവങ്ങൾ പ്രമേയമാക്കി കഥകൾ എഴുതി. ഒരു ഇതിഹാസ വനിത, വൈരം മുറിച്ച നാരി, ബോധം വന്ന ഭൂതം, ഉള്ളാർന്ന കള്ളൻ, കൈമളാശാന്റെ കല്യാണം തുടങ്ങിയവയാണ് കഥകൾ.

### 2.4.1.6 എം.ആർ.കെ.സി

കേരളപത്രികയുടെ പത്രാധിപരായിരുന്നു അദ്ദേഹത്തിന്റെ കഥകളെ ചരിത്ര കഥകൾ, കുറ്റാന്വേഷണ കഥകൾ, സാമൂ

ഹിക കഥകൾ എന്ന് മൂന്നായി തിരിക്കാം. ചരിത്ര സംഭവങ്ങളെ ആ പശ്ചാത്തലത്തിൽ നിർത്തിക്കൊണ്ടുതന്നെ സാങ്കല്പിക രംഗങ്ങൾ സൃഷ്ടിച്ച് കൊഴുപ്പ് ഉണ്ടാക്കാൻ അദ്ദേഹത്തിന് വൈഭവം ഉണ്ട്. കണ്ണിപ്പറമ്പിലെ കൊലപാതകൻ, തിരുവലയം, കുടിപ്പക, എടച്ചേന കുങ്കന്റെ പരാക്രമങ്ങൾ തുടങ്ങിയവ കഥകൾ.

### 2.4.1.7 കെ. സുകുമാരൻ

ഞാനും എന്റെ പേടിയും, ഒരു പന്തയം, കടംകൊണ്ട് കിട്ടിയ മുതൽ, ചിതമായ ചതി, നിങ്ങളാണ് സമർഥൻ, ആരാന്റെ കുട്ടി തുടങ്ങിയവയാണ് കഥകൾ. ഇദ്ദേഹത്തിന്റെ കഥകളിലെ സജീവ ഘടകം സംഭാഷണമായിരുന്നു. സ്ത്രീവിഷയകമായ ഇതിവൃത്തമാണ് അധികവും കൈകാര്യം ചെയ്തിട്ടുള്ളത്.

സി.പി. അച്യുതമേനോന്റെ എന്റെ ആദ്യത്തെ ഫീസ്, സി.വി. കുഞ്ഞുരാമന്റെ എനിക്ക് ആത്മഹത്യ ചെയ്യാൻ മതിയായ കാരണമില്ലായോ, കുറ്റിപ്പുറത്ത് കിട്ടുണ്ണി നായരുടെ അപ്പുണ്ണി മൂപ്പിൽ നായർ, അപ്പൻ തമ്പുരാന്റെ ഇതു വിചാരിച്ചില്ല തുടങ്ങിയ കഥകളും ആദ്യകാല കഥകളുടെ കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

### 2.4.1.8 ഇ.വി. കൃഷ്ണപിള്ള


കഥാസാഹിത്യത്തിലെ പഴയ തലമുറയുടെയും പുതിയ തലമുറയുടെയും മധ്യത്തിൽ നില്കുന്ന കഥാകൃത്താണ് ഇ.വി. കൃഷ്ണപിള്ള. ജീവിതയാഥാർഥ്യങ്ങളുമായി ഗാഢബന്ധം പുലർത്തുന്ന കഥകളാണ് അദ്ദേഹത്തിന്റേത്. പ്രേമ ദാസ്യം, ഭാരതിയുടെ ഉപദേശം, അവളുടെ കഥയെഴുത്ത്, സുപ്രണ്ടിന്റെ കൈക്കൂലി, കൈമളുടെ അറസ്റ്റ് തുടങ്ങിയവയാണ് പ്രധാന കഥകൾ. ഇ.വിയുടെ 43 കഥകളുടെ സമാഹാരമാണ് കേളിസൗധം (നാല് ഭാഗങ്ങൾ) മലയാള ചെറുകഥാ പ്രസ്ഥാനത്തെക്കുറിച്ചുള്ള ചർച്ചയിൽ സജീവപരിഗണന അർഹിക്കുന്ന കൃതിയാണിത്.

മലയാളത്തിലെ ആദ്യകാല കഥകൾ വിനോദോപാധി എന്ന നിലയിൽ ഉണ്ടായതാണെങ്കിലും അവയിൽ ചിലതെങ്കിലും മലയാള ചെറുകഥയെ കുറിച്ചുള്ള പഠനത്തിൽ പ്രത്യേകം ശ്രദ്ധിക്കത്തക്കതായുണ്ട്.

## 2.4.2 നവോത്ഥാന ഘട്ടം

1930 മുതൽ ഉള്ള കാലഘട്ടം മലയാള ചെറുകഥയിലെ നവോത്ഥാനഘട്ടമായി കരുതുന്നു. ഇതിന് തുടക്കം കുറിച്ചതിന് പല കാരണങ്ങളുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയായിരുന്നു അതിൽ പ്രധാനപ്പെട്ടത്. ദേശീയ പ്രസ്ഥാനത്തിൽ പ്രചോദിതരായ എഴുത്തുകാർ തങ്ങളുടെ സർഗ ശക്തി ദേശീയ വിമോചനത്തിനുള്ള ആയുധമാക്കി മാറ്റി. വിദ്യാഭ്യാസത്തിന്റെ വ്യാപനം നിരവധി പാശ്ചാത്യ ഗ്രന്ഥങ്ങളുടെയും ആശയങ്ങളുടെയും കടന്നുവരവിനും അവയുടെ പഠനം പുതിയ വീക്ഷണബോധം വേരുറയ്ക്കുന്നതിനും കാരണമായി. പാശ്ചാത്യ സാഹിത്യ പ്രസ്ഥാനങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കാൻ കേസരി ബാലകൃഷ്ണപിള്ള തയ്യാറായി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെയും മാർക്സിയൻ ചിന്തയുടെയും പ്രചരണം കൂടിയായപ്പോൾ എഴുത്ത് വെറും സർഗസൃഷ്ടി മാത്രമല്ല, അത് സമൂഹത്തിന്റെ പരിവർത്തനത്തിനുതകുന്ന ഒന്നാകണമെന്ന ആശയം എഴുത്തുകാരിൽ ഉണ്ടായി. തകഴി, ദേവ്, ബഷീർ, മുട്ടത്ത്വർക്കി, അന്തർജ്ജനം, ഉറൂബ് തുടങ്ങിയവർ ഈ ഘട്ടത്തിലെ പ്രധാന കഥാകൃത്തുക്കളാണ്.

### 2.4.2.1 വൈക്കം മുഹമ്മദ് ബഷീർ



ബഷീർ

മലയാള സാഹിത്യത്തിൽ അതുല്യമായ ഒരു സ്ഥാനമാണ് വൈക്കം മുഹമ്മദ് ബഷീറിനുള്ളത്. ബേപ്പൂർ സുൽത്താൻ എന്നപേരിൽ അറിയപ്പെട്ടു. തനതായ ഭാഷാ ശൈലിയും അനന്യമായ ജീവിതവീക്ഷണവും ബഷീറിന്റെ കൃതികളെ മഹത്തരമാക്കുന്നു. സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവരുടെ ജീവിതയാതനകളെ അദ്ദേഹം തനതായ ശൈലിയിൽ അവതരിപ്പിച്ചു. ദാരിദ്ര്യം, വിശപ്പ് തുടങ്ങിയ അടിസ്ഥാന മനുഷ്യാവസ്ഥകളെ തീഷ്ണമായും യഥാതഥമായും അവതരിപ്പിക്കാൻ ബഷീർ ശ്രമിച്ചു. പ്രപഞ്ചത്തിലെ ചരാചരങ്ങളെ സമഭാവനയോടെ കാണുന്ന മനോ

ഭാവമാണ് ബഷീറിനുള്ളത്. അഗാധമായ കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും പ്രഭ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലും പ്രകടമാണ്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും കഥാപാത്രങ്ങളായി കടന്നു വരാറുണ്ട്. സ്വന്തമായ വാക്കുകളും ശൈലികളും ഉപയോഗിച്ചുകൊണ്ട് ഒരു ബഷീറിയൻ ശൈലി തന്നെ അദ്ദേഹം സൃഷ്ടിച്ചു. വായ്മൊഴി വഴക്കങ്ങളും വക്രോക്തി പ്രയോഗങ്ങളും നിരർഥക ശബ്ദങ്ങളുടെ വിന്യാസവും കൊണ്ട് ഹാസ്യരസം ജനിപ്പിക്കുക എന്നത് ബഷീറിന്റെ പ്രത്യേകതയാണ്. നാട്ടുഭാഷയുടെ കൃത്രിമത്വമില്ലായ്മയെ അദ്ദേഹം നന്നായി തന്റെ കൃതികളിൽ ഉപയോഗിച്ചു. ബഷീറിന്റെ കൃതികൾ വായനക്കാരെ വിഭിന്നങ്ങളായ അനുഭവ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പൊള്ളുന്ന ജീവിത യാഥാർഥ്യങ്ങളെ നർമത്തിന്റെ മേമ്പൊടി ചേർത്ത് അവതരിപ്പിക്കുകയാണ് ബഷീർ ചെയ്യുന്നത്. കഠിനദുഃഖങ്ങളെയും ജീവിതയാതനകളെയും പുഞ്ചിരിയോടെയാണ് അദ്ദേഹം അവതരിപ്പിച്ചത്. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ജയിൽ വാസം അനുഭവിക്കുകയും പോലീസ് മർദനത്തിന് ഇരയാവുകയും ചെയ്തിട്ടുണ്ട്. ഗാന്ധിയൻ ആദർശങ്ങളെ പിന്തുടർന്നുപോന്നു. നിരവധി ദേശങ്ങളിൽ സഞ്ചാരം നടത്തി, ജീവിതത്തിന്റെ വൈവിധ്യങ്ങളെ അനുഭവിച്ചറിഞ്ഞു. കഠിനമായ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോയ ബഷീറിന്റെ അനുഭവസമ്പത്തിന്റെ കരുത്ത് അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. 'തങ്കം' എന്ന കഥയാണ് ആദ്യമായെഴുതിയത്. ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക്, ജന്മദിനം, പാവപ്പെട്ടവരുടെ വേശ്യ, വിശപ്പ്, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ആനപ്പൂട, ശിങ്കിടിമുങ്കൻ എന്നിവ ബഷീറിന്റെ പ്രശസ്ത കഥകളാണ്.

### 2.4.2.2 കാരൂർ നീലകണ്ഠപ്പിള്ള

നവോത്ഥാനകാഥികരിൽ ശ്രദ്ധേയനാണ് കാരൂർ. അധ്യാപക കഥകളിലൂടെ പ്രശസ്തനായ കാരൂർ താൻ കൂടി അംഗമായ വർഗത്തിന്റെ വേദന നിറഞ്ഞ കഥകൾ സമൂഹത്തിനുമുമ്പാകെ സത്യസന്ധമായി പകർത്തിക്കാണിച്ചു. അതിൽ വിജയം വരിക്കുകയും ചെയ്തു. മിതത്വം, ആത്മാർഥത, ശുദ്ധമായ പ്രതിപാദന ശൈലി എന്നീ സവിശേഷതകൾ കൊണ്ട് ശ്രദ്ധേയമാണ് കാരൂരിന്റെ കഥകൾ. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കഥാരചന എന്നാൽ സർഗാത്മകമായ വലിയൊരു ദൗത്യമായിരുന്നു. ഗ്രാമാന്തരീക്ഷത്തിന്റെ ശാലീനത കാരൂരിന്റെ മിക്ക കഥകളിലും ഉണ്ട്.

സ്വന്തം മകനെ പഠിപ്പിച്ച് വലുതാക്കാൻ പഠിപ്പിച്ച ശിഷ്യരെ ആശ്രയിക്കേണ്ടിവരുന്ന കേശവക്കുറുപ്പ് മാഷും (മാലപ്പടക്കം) സ്വന്തം അധ്വാനത്തിന്റെ കൂലിയിൽ നിന്ന് ഒരംശം മാറ്റിവെച്ച് നഗരത്തിലെത്തുന്നവർക്ക് ദാഹജലം നല്കാനായി കിണറു കുഴിക്കുകയും ആ കിണർ നികത്തണമെന്ന നഗരസഭയുടെ നിർബന്ധം വന്നപ്പോൾ ആ കിണറ്റിൽ തന്നെ ജീവനവസാനിപ്പിക്കുകയും ചെയ്യുന്ന ഉതുപ്പാനും(ഉതുപ്പാന്റെ കിണർ) ആശാരിപ്പറമ്പിൽ നളിനിയെയും അവൾ കൊത്തിയുണ്ടാക്കിയ രണ്ടു മരപ്പാവകളെയും കണ്ടിട്ട് മൂന്നും വളരെ നന്നായിരിക്കുന്നു എന്ന് പറയുന്ന എന്യൂമറേറ്ററും രണ്ട് കണ്ടിട്ട് മൂന്നെന്നു തോന്നുന്നതാണ് അത്ഭുതം എന്ന് പറയുന്ന നളിനിയും (മരപ്പാവകൾ) രാത്രിയിൽ വിരുന്നു വന്ന ബന്ധുക്കൾക്ക് ഭക്ഷണം കൊടുക്കാനായി തമ്പുരാന്റെ പാടത്തുനിന്നും നെല്ല് കട്ടു കൊയ്യുന്നചെറുമിയും (അന്നത്തെ കൂലി) മറ്റും നമ്മുടെ മനസിൽ കയറിക്കൂടുന്നത് കാരൂരിന്റെ കഥ പറച്ചിലിന്റെ മികവു കൊണ്ടാണ്. കോഴിയെ കൊല്ലുമ്പോൾ കരയാത്തതിനു കാരണം കണ്ണിലൂറേണ്ട വെള്ളം വായിൽ ഊറുന്നത് കൊണ്ടാണ് എന്ന മട്ടിലുള്ള ഫലിതവും ശ്രദ്ധിക്കത്തക്കതാണ് (കോഴിയും കിഴവിയും). കഥന ശൈലിയിലും ഗ്രാമനൈർമല്യത്തിന്റെ ഭാഷയിലും കഥാപാത്രസൃഷ്ടിയിലും കഥാപശ്ചാത്തലത്തിലുമെല്ലാം പുലർത്തുന്ന മികവാണ് കാരൂർക്കഥകളെ സമ്പന്നമാക്കുന്നത്.

അമ്പലപ്പറമ്പിൽ, മേൽവിലാസം, കാരൂർ കഥകൾ, മരപ്പാവകൾ, പൂവമ്പഴം, അസ്ട്രോളർ, ഇരുട്ടിൽ, ഗൃഹനായിക, ഒരു പിടി മണ്ണ്, മീൻകാരി, മോതിരം തുടങ്ങിയവയാണ് കാരൂരിന്റെ കഥാ സമാഹാരങ്ങൾ.

### 2.4.2.3 തകഴി ശിവശങ്കരപ്പിള്ള


തകഴി

കുട്ടനാടിന്റെ ഇതിഹാസകാരൻ ആരെന്ന് ചോദിച്ചാൽ തകഴി ശിവശങ്കരപ്പിള്ള എന്ന് ചെറിയ കുട്ടികൾ പോലും ഉത്തരം പറയുന്ന രീതിയിൽ വിഖ്യാതാവാണ് തകഴി. മലയാള കഥാസാഹിത്യത്തിൽ യഥാതഥ പ്രസ്ഥാനത്തിന്റെ (റിയലിസം) പ്രധാന വക്താവായിരുന്നു തകഴി. കേസരി പരിചയപ്പെടുത്തിയ മോപ്പസാങ്ങിന്റെ ഫ്രഞ്ചു ഭാഷയിൽ രചിച്ച കഥകൾ ആയിരുന്നു തകഴിയെ പ്രചോദിപ്പിച്ചത്'. വെള്ളപ്പൊക്കം ഉണ്ടായപ്പോൾ ഒറ്റപ്പെട്ട് പുരപ്പുറത്ത് കഴിയാൻ ഇടവരികയും മരണംവരെ തന്റെ യജമാനന്റെ വീട് കാക്കുകയും ചെയ്ത ചേന്നന്റെ നായയുടെ ദാരുണമായഅന്ത്യം വിവരിക്കുന്ന 'വെള്ളപ്പൊക്കത്തിൽ' മലയാള കഥാസരണിയിൽ പ്രമേയം കൊണ്ടും ആവിഷ്കരണ ചാരുത കൊണ്ടും തകഴിയുടെ ശക്തമായ കഥയാണ് എന്ന് അറിയപ്പെട്ടു. പ്രമേയത്തിന്റെ കെട്ടുറപ്പും കഥ പറച്ചിലിലെ ലാളിത്യവും വികാരപരമായ പിരിമുറുക്കവും തകഴിയുടെ കഥകളുടെ സവിശേഷതകളാണ്. 'സാധുക്കൾ' എന്ന കഥയിലൂടെയാണ് തകഴി മലയാള കഥാരംഗത്തേക്ക് കടന്നുവന്നത്. മലയാള കഥയിൽ റിയലിസത്തെ ശക്തമാക്കിയ കഥാകൃത്താണ് തകഴി. ഇരുപത്തിയൊന്നാം നൂറ്റാണ്ട്, പതിവ്രത, പ്രതിജ്ഞ, അടിയൊഴുക്ക്, ഇൻക്വിലാബ്, നിത്യകന്യക തുടങ്ങിയവയാണ് തകഴിയുടെ കഥാസമാഹാരങ്ങൾ.

### 2.4.2.4 പി. കേശവദേവ്


പി. കേശവദേവ്

വ്യക്തിയെ വിട്ട് സമൂഹത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങൾ എതിർപ്പിന്റെ മനോഭാവത്തോടുകൂടി പ്രതികരിക്കുന്ന എഴുത്തുകാരനാണ് പി. കേശവദേവ്. 1904 ആഗസ്റ്റിൽ വടക്കൻ പറവൂരിൽ ജനിച്ചു. നിലനില്ക്കുന്ന സാമൂഹ്യവ്യവസ്ഥയിൽ അസംതൃപ്തനായിരുന്ന അദ്ദേഹം അധികാരി വർഗത്തോട് ഒരിക്കലും സന്ധി ചെയ്തിരുന്നില്ല. ദേവിന്റെ കഥകളിൽ റിക്ഷാക്കാരനും റൗഡിയും തോട്ടിയും എല്ലാം നായകന്മാരായി വിലസുന്നത് കാണാം. മൂർച്ചയേറിയ ഭാഷയാണ് ദേവ് രചനയ്ക്കായി ഉപയോഗിച്ചത്. സമൂഹത്തിൽ നിലനില്കുന്ന സാമ്പത്തിക അസമത്വങ്ങളും അടിച്ചമർത്തലുകളും ദേവിനെ പ്രകോപിതനാക്കി. അതിന്റെ അനുരണനം അദ്ദേഹത്തിന്റെ കൃതികളിലും ഭാഷയിലും എല്ലാം നമുക്ക് കാണാൻ കഴിഞ്ഞു. ദീനാമ്മ, ജീവിതചക്രം, ഭാവിവരൻ, റെഡ് വാളണ്ടിയർ, പ്രവാഹം, ഉഷസ്സ്, അന്നത്തെ നാടകം, കാമുകന്റെ കത്ത് തുടങ്ങിയവയാണ് ദേവിന്റെ കഥാസമാഹാരങ്ങൾ. ബാഹ്യസൗന്ദര്യത്തേക്കാൾ ആന്തരിക സൗന്ദര്യത്തെയാണ് വകവയ്ക്കേണ്ടത് എന്ന ആശയം പകർന്നു നൽകുന്ന 'ദീനാമ്മ', ഗുസ്തി നോട്ടീസ് വായിച്ച് ഫയൽവാൻമാർ രണ്ടു മതക്കാരായതിനാൽ പരസ്പരം ചേരിതിരിഞ്ഞ് ലഹള നടത്തുന്നതും കൊല്ലപ്പെടുന്നതും അവരുടെ മക്കൾ കാര്യങ്ങൾ മനസിലാക്കി യോജിക്കുന്നതുമായ കഥ പറയുന്ന 'ഗുസ്തി' തുടങ്ങിയ കഥകൾ വളരെ ശ്രദ്ധിക്കപ്പെട്ട കഥകളാണ്.

### 2.4.2.5 പൊൻകുന്നം വർക്കി


പൊൻകുന്നം വർക്കി

മത പൗരോഹിത്യ വർഗം വരുത്തിവെച്ച സാമൂഹ്യജീർണതകളെ പച്ചയായി ആവിഷ്കരിക്കുന്ന കഥകൾ എഴുതിയ കഥാകാരനാണ് വർക്കി. 1910 ജൂലൈ 11-ന് കോട്ടയം ജില്ലയിലെ പൊൻകുന്നത്ത് ജനിച്ചു. അധ്വാന വർഗമായ കർഷക സമൂഹത്തിന്റെ ജീവിത ദുരിതങ്ങൾ സത്യസന്ധമായി വിവരിച്ചു. ആവാഴവെട്ട് എന്ന കഥയിലെ മാർക്കോസ് ചേട്ടനും ശബ്ദിക്കുന്ന കലപ്പയിലെ ഔസേപ്പ് ചേട്ടനും വർക്കിയുടെ കാർഷിക കഥകളിലെ പ്രമുഖ കഥാപാത്രങ്ങളാണ്. പള്ളിയുടെയും പട്ടക്കാരന്റെയും ആത്മീയ സംരക്ഷണത്തിനപ്പുറം മനുഷ്യത്വത്തിന്റെ വക്താവും സംരക്ഷകനുമായാണ് വർക്കി രംഗത്തെത്തിയത്. ഇടിവണ്ടി, വികാരസദനം, മോഡൽ, ശബ്ദിക്കുന്ന കലപ്പ, ദാഹം, വിട്ടുപോയ കാ

ര്യം, പൂപ്പാലിക, ആരാമം, നിവേദനം, നാട്ടുവെളിച്ചം തുടങ്ങി ഇരുപതിലേറെ കഥാസമാഹാരങ്ങൾ രചിച്ചിട്ടുണ്ട്.

> പൊൻകുന്നം വർക്കിയുടെ ആദ്യകാല കഥകളിലൊന്നാണ് റിക്ഷാക്കാരൻ. വർക്കിക്കഥകളുടെ സവിശേഷതകളെല്ലാം അതിലുണ്ട്.

മോഡൽ എന്ന കഥ രചിച്ചതിന് അന്നത്തെ ദിവാനായിരുന്നു സർ സി.പി. രാമസ്വാമി അയ്യർ വർക്കിയെ ജയിലിലടച്ചു. സ്വന്തം കർതവ്യങ്ങളുടെ മുമ്പിൽ കാലിടറി വീണുപോയ നിസ്സഹായനായ ഔസേപ്പ് ചേട്ടന്റെ വേദനാജനകമായ കഥയാണ് 'ശബ്ദിക്കുന്ന കലപ്പ്'. 'ദുഃഖിക്കാൻ കഴിവുള്ള മനസുകളുടെ അടുപ്പമാണ് സ്നേഹമെങ്കിൽ കണ്ണനെയും ഔസേപ്പ് ചേട്ടനെയും പോലെ അടുത്തവർ ലോകത്തിൽ ഇല്ല.' ഈ വിധത്തിലാണ് കണ്ണൻ എന്ന തിര്യക്കിന്റേയും സ്നേഹധനനായ ഔസേപ്പ് ചേട്ടന്റെയും ആത്മബന്ധം കഥാകൃത്ത് അവതരിപ്പിക്കുന്നത്. 'രാത്രിയായിട്ടും ഔസേപ്പ് ചേട്ടൻ വരാതായപ്പോൾ ഭാര്യയ്ക്ക് പരിഭ്രമമായി. വളരെ വൈകിയാണ് ആ കുടുംബനാഥൻ മടങ്ങിയെത്തിയത്. കൂടെ കണ്ണനുമുണ്ടായിരുന്നു. ആയിരം നാക്കുകളും പതിനായിരം ചോദ്യങ്ങളും അവിടെ ഉയർന്നു. അയാൾ മൗനം ഭജിച്ചു. മുണ്ടും ചട്ടയും വാങ്ങാൻ കൊടുത്തയച്ച പണത്തിന് കോലം കെട്ട കണ്ണനെയും കൊണ്ടാണ് അയാൾ വന്നിരിക്കുന്നത്. മറിയ ചേട്ടത്തി കലികയറി തുള്ളുകയാണ്. മകൾ മനം നൊന്ത് കരഞ്ഞു. എനിക്ക് നിന്നെ പോലെയാ അവനും എന്നു പറഞ്ഞ് അയാൾ തേങ്ങി. ആ രാത്രി അവിടെ ആരും ഉറങ്ങിയില്ല. നേരം വെളുത്തപ്പോൾ കണ്ണൻ മരിച്ചു കിടക്കുന്ന കാഴ്ചയാണ് അവർ കണ്ടത്. തന്നെ ചൊല്ലി ആ കുടുംബം വേദനിക്കുന്നത് കാണാനാവാതെ സ്നേഹിക്കുന്ന ഹൃദയത്തിനു മുന്നിൽ ആ സ്നേഹം ലയിച്ചു'. വായനക്കാരന്റെ കണ്ണുകളെ ഈറൻ അണിയിക്കുന്ന ഭാഗമാണിത്. തിര്യക്കുകളും മനുഷ്യരും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം വിവരിക്കുന്ന കഥകൾ നവോത്ഥാന കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ബഷീറിന്റെ ടൈഗറും അന്തർജനത്തിന്റെ മാണിക്യനും എല്ലാം ഈ ഗണത്തിൽപ്പെടും.

> സ്വാതന്ത്ര്യ സമരകാലത്ത് സർ.സി.പി.യ്ക്കെതിരായി പ്രതിഷേധശബ്ദം മുഴക്കിയ എഴുത്തുകാരനായിരുന്നു പൊൻകുന്നം വർക്കി

### 2.4.3 ആധുനിക ഘട്ടം

സാമൂഹ്യവും രാഷ്ട്രീയവുമായ അവസ്ഥാവിശേഷത്തിനാണ് നവോത്ഥാന എഴുത്തുകാർ ശ്രദ്ധ ചെലുത്തിയതെങ്കിൽ ആത്മനിഷ്ഠമായ സൂക്ഷ്മാംശ പ്രകടനത്തിനാണ് ആധുനിക കഥാകൃത്തുക്കൾ ശ്രദ്ധയൂന്നിയത്. സമൂഹത്തിന്റെ ബാഹ്യ ചലനങ്ങളെക്കാളേറെ സ്വന്തം അസ്തിത്വത്തെ കുറിച്ചുള്ള ബോധമാണ് അവരെ നയിച്ചത്. കഥാംശത്തിന് പ്രാമുഖ്യം നൽകുന്ന പഴയ രചനാ സങ്കേതങ്ങൾ തിരസ്കരിച്ച് മനസിന്റെ നിഗൂഢതയിൽ മയങ്ങിക്കിടക്കുന്ന സങ്കീർണ ഭാവങ്ങൾ വ്യഞ്ജിപ്പിക്കാനുള്ള മാധ്യമം ആക്കി ചെറുകഥയെ ആധുനികർ മാറ്റി. ഭാഷാപരമായ എല്ലാ സാധ്യതകളും അവർ പ്രയോജനപ്പെടുത്തി. രൂപ സംവിധാനത്തിൽ ലാളിത്യവും സ്വാഭാവികതയും അവർ കൈവരുത്തി. അസ്തിത്വ ദർശനം മനോവിജ്ഞാനീയം തുടങ്ങിയവ പുതിയ കഥാകൃത്തുക്കളെ സ്വാധീനിച്ചു. എം.ടി., ടി. പത്മനാഭൻ, മാധവിക്കുട്ടി, ഒ.വി. വിജയൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, കാക്കനാടൻ, എം. മുകുന്ദൻ തുടങ്ങിയവരാണ് മലയാളത്തിലെ ആധുനിക കഥാകൃത്തുക്കൾ.

> " വഴിവക്കിൽ കാണുന്ന ചൂഷണങ്ങളെപ്പറ്റി പറയുമ്പോൾ മാർദവമല്ലാത്ത വാക്കുകൾ ഇതിൽ പലേടത്തും വീണിട്ടുണ്ടാവാം. ആരെയെങ്കിലും ആക്ഷേപിക്കുന്നതിനല്ല, നന്നാക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുക - ശക്തിയല്ല, ആത്മാർത്ഥതയാണ് അതിന് പ്രേരിപ്പിക്കുക''
>
> - പൊൻകുന്നം വർക്കി (വികാര സദനം )

### 2.4.3.1 ടി. പത്മനാഭൻ


ടി. പത്മനാഭൻ

മലയാളത്തിലെ ആധുനിക ചെറുകഥാ രചയിതാക്കളിൽ പ്രമുഖനായ ടി. പത്മനാഭൻ 1931-ൽ കണ്ണൂരിലെ പള്ളിക്കുന്നിൽ ജനിച്ചു. ചെറുകഥയുടെ അനന്ത സാധ്യതകൾ ആസ്വാദക ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുത്തത് അദ്ദേഹമാണ്. പഴമയെ കൈവിടാതെ തന്നെ ആധുനിക ജീവിതത്തിന്റെ വ്യാകുലതകൾ അദ്ദേഹം അവതരിപ്പിക്കുന്നു. 1950-ഓടുകൂടിയാണ് അദ്ദേഹം കഥാകൃത്ത് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടത്. 'സ്വാതന്ത്ര്യസമരത്തിനും ഇന്ത്യയുടെ വിഭജനത്തിനും വർഗീയ കലാപങ്ങൾക്കും സാക്ഷിയായ കാലഘട്ടത്തിലെ ഭാരതീയ ജീവിതമാണ് പത്മനാഭന്റെ കഥകളുടെ പശ്ചാത്തലം. കേരളത്തിലെ മണ്ണിന്റെയോ മനുഷ്യരുടെയോ സവിശേഷ ഗന്ധം അദ്ദേഹത്തിന്റെ കഥാസാഹിത്യത്തിൽ കുറവാണ്. സ്നേഹം, സഹാനുഭൂതി, ത്യാഗം, ജീവകാരുണ്യം തുടങ്ങിയ തിളങ്ങുന്ന ആദർശങ്ങളുള്ള ഒരു യുവാവ് ലോഭവും മോഹവും മദവും മാത്സര്യവും മേഞ്ഞു നടക്കുന്ന മർത്യാത്മാക്കളാൽ ദൂഷിതമായ ലോകത്തെ കണ്ടു വേദനിക്കുക, സ്നേഹത്തിന്റെ ചെറിയ തിരികൊളുത്തി വെളിച്ചം നൽകാൻ ഉദ്യമിക്കുക, കൂടുതൽ ഇരുൾ പരക്കുന്നത് കണ്ട് പിൻവാങ്ങി ദുഃഖത്തിന്റെയും സ്നേഹത്തിന്റെയും വേദനയുടെയും കനത്ത ആവരണമണിഞ്ഞ തന്നിലേക്ക് തന്നെ തിരിയുക'. അങ്ങനെ ഒരാളുടെ അനുഭവാവിഷ്കാരങ്ങളാണ് ടി. പത്മനാഭന്റെകഥകൾ (പ്രൊഫ. എം. അച്യുതൻ - ചെറുകഥ ഇന്നലെ ഇന്ന്).

ആധുനികയുഗത്തിന്റെ ധർമ വ്യഥകളും അസാധാരണമായ സ്നേഹാർദ്രതയും മൂല്യച്യുതിയും ആസ്വാദകഹൃദയത്തിൽ സംഗീതസാന്ദ്രമായ ഒരു അനുഭൂതിയായി വികസിപ്പിക്കത്തക്ക വിധം കഥയെ ശുദ്ധ കലാശില്പമാക്കി മാറ്റാൻ കഴിയുന്ന അപൂർവം ചിലരിൽ ഒരാളാണ് ടി. പത്മനാഭൻ. വാക്കുകൾ കൊണ്ട് അനുഭവങ്ങൾ വിവരിക്കുകയല്ല വാക്കുകളെ അനുഭവമാക്കി മാറ്റുകയാണ് പത്മനാഭൻ ചെയ്യുന്നത്. ഉദാഹരണമായി ശേഖൂട്ടി എന്ന കഥയെടുക്കാം. തികച്ചും സ്വാഭാവികമായി മരണം ആസന്നമായ ഒരു നായയുടെ ആത്മാവിലൂടെ കഥയുടെ ചുരുൾ നിവർത്തുകയാണ് ശേഖൂട്ടി എന്ന കഥയിൽ കഥാകാരൻ. പ്രമേയത്തിന്റെ അപരിചിതത്വവും ഭാവതീവ്രതയും ഊഷ്മളമായ ഭാഷാശൈലിയും എല്ലാം ചേർന്ന് ശേഖൂട്ടി അവിസ്മരണീയമായ ഒരു കഥയായി മാറുന്നത് നമ്മൾ കാണുന്നു. പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, ഹാരിസൺസായ്‌വിന്റെ നായ, കടൽ, ഗുൽമുഹമ്മദ്, മഖൻസിങ്ങിന്റെ മരണം, ഒരു കഥാകൃത്ത് കുരിശിൽ, സാക്ഷി, കാലഭൈരവൻ, ഗൗരി, പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്, നളിനകാന്തി തുടങ്ങിയവയാണ് കഥാസമാഹാരങ്ങൾ.

### 2.4.3.2 എം.ടി. വാസുദേവൻ


എം.ടി.

ലോകത്താകെ മലയാള സാഹിത്യത്തിന്റെ കൊടിയടയാളമായി കരുതപ്പെടുന്ന പേരുകളി ലൊന്നാണ് എം.ടി. വാസുദേവൻ നായരുടേത്. കഥ, നോവൽ, തിരക്കഥ, സ്മരണ തുടങ്ങി വിവിധ വിഭാഗങ്ങളിലായി സുദീർഘമായ സാഹിത്യജീവിതമാണ് അദ്ദേഹത്തിനുള്ളത്. പഴയ നായർ തറവാട്ടിലെ ബാല്യകാലാനുഭവങ്ങളായാണ് എം.ടി. യുടെ ആദ്യകാല രചനകൾ രൂപമെടുക്കുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിതിയിലെ ആചാരങ്ങളും കീഴ്‌വഴക്കങ്ങളും അവയിൽ വിഷയമായി. വ്യവസ്ഥയ്ക്കുള്ളിൽപ്പെട്ട് നിശബ്ദരായിപ്പോയ സ്ത്രീജീവിതങ്ങളുടെ വേദനകളും കഥകൾ തുറന്നുകാട്ടി. തറവാട്ടിൽ നിന്ന് പുതിയ ലോകത്തിലേക്ക് ആ കഥകൾ വളർന്നു. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കായിരുന്നു ഈ വളർച്ച. ആഗ്രഹിച്ചതൊന്നുമാകാൻ പറ്റാതെ നഷ്ടപ്പെട്ടതോർത്ത് ദുഃഖിക്കുന്ന യുവത്വത്തിനാണ് അവയിൽ പ്രാമുഖ്യമുണ്ടായിരുന്നത്. പല നിലയിൽ ഒറ്റപ്പെട്ടവന്റെ വൈകാരികവിഷയങ്ങൾ കഥകളിൽ ചർച്ച ചെയ്യപ്പെട്ടു. ആത്മോപാഖ്യാന രീതിയിലാണ് എം.ടി. യുടെ പല രചനകളും എഴുതപ്പെട്ടിട്ടുള്ളത്.

അവയിലെല്ലാം കഥാപാത്രങ്ങളുടെ മനോനില വരികൾക്കിടയിൽ നിന്ന് തെളിഞ്ഞുവരുന്നത് കാണാം. ഇങ്ങനെ സാമൂഹികതലത്തിൽ നിന്ന് വ്യക്തിമനസിലേക്കുള്ള യാത്ര എം.ടി.യിൽ പ്രധാനമാവുന്നു.

ജീവിത പ്രതിസന്ധികളെ ആഴത്തിൽ അഭിമുഖീകരിക്കുന്ന കഥകൾ എം.ടി. എഴുതിയിട്ടുണ്ട്. ആ ഗണത്തിൽ പ്രധാനമാണ് പള്ളിവാളും കാൽച്ചിലമ്പും. വളർത്തു മൃഗങ്ങൾ, ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, ഓപ്പോൾ, വാനപ്രസ്ഥം, ഷെർലക്, ചെറിയ ചെറിയ ഭൂകമ്പങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട കഥകളാണ്.

### 2.4.3.3 മാധവിക്കുട്ടി



മാധവിക്കുട്ടി

ശില്പത്തിന് പ്രാധാന്യം നല്കി കഥയെ ഭാവഗാനമാക്കിയ എഴുത്തുകാരിയാണ് മാധവിക്കുട്ടി. കമലാദാസ് എന്നതാണ് ശരിയായ പേര്. സ്ത്രീത്വവാദം മാധവിക്കുട്ടിയുടെ കഥകളിലെ പ്രധാന ഘടകമാണ്. മനുഷ്യ ചേതനയിലെ ചില നിഗൂഢഭാവങ്ങൾ ചേതോഹാരിയായി അവതരിപ്പിക്കുന്നവയാണ് മാധവിക്കുട്ടിയുടെ കഥകൾ. വായനക്കാരനെ പുതിയ അനുഭവ മേഖലയിലേക്ക് നയിക്കുന്നതും പുതിയ ആശയങ്ങൾക്കും, സംവേദനങ്ങൾക്കും വിധേയരാക്കുന്നതുമാണ് ആ കഥകൾ. തുടക്കവും ഒടുക്കവും തീരെ അപ്രതീക്ഷിതമാകും. സാധാരണക്കാർക്ക് അപ്രാപ്യമായ വികാരവിചാരങ്ങളും ഭാവങ്ങളും അവർ പലപ്പോഴും അനാവരണം ചെയ്യുന്നു. കുട്ടികളുടെയും, കൗമാരക്കാരുടെയും, മനോഗതങ്ങളെ അതി സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. സ്ത്രീ വിമോചനത്തിന്റെ പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിക്കുന്ന മാധവിക്കുട്ടി സ്ത്രീയെ ചങ്ങലക്കിടുന്ന പുരുഷ മേധാവിത്വത്തിന്റെ സൃഷ്ടിയായി വിവാഹത്തെ കരുതുന്നു. തരിശു നിലം, പക്ഷിയുടെ മരണം, പലായനം, തണുപ്പ്, ചുവന്ന പാവാട, മതിലുകൾ, നഷ്ടപ്പെട്ട നീലാംബരി, ചേക്കേറുന്ന പക്ഷികൾ, നരിച്ചീറുകൾ പറക്കുമ്പോൾ തുടങ്ങിയവയാണ് പ്രധാന രചനകൾ.

നെയ്പായസം, കടലിന്റെ വക്കത്ത് ഒരു വീട്, അമ്മയും മകനും, തുടങ്ങിയ കഥകൾ പുതിയൊരു ആസ്വാദനതലം വളർത്തുന്ന കഥകൾ ആണെന്ന് കാണാം.

### 2.4.3.4 ഒ.വി. വിജയൻ



ഒ.വി. വിജയൻ

നൂറ്റാണ്ടിന്റെ മധ്യത്തിൽ ആധുനികതാപ്രസ്ഥാനത്തിന്റെ വരവറിയിച്ചുകൊണ്ട് ഒ.വി വിജയൻ കഥയെഴുതിത്തുടങ്ങുമ്പോൾ മലയാളചെറുകഥയിൽ രണ്ടു കല്പിതാഖ്യാനധ്രുവങ്ങളുണ്ടായിരുന്നു. കാല്പനികവും യഥാതഥാഖ്യാനവും. എഴുത്തിലും വരയിലും വായനയിലും മലയാളികൾക്ക് ഇതിഹാസതുല്യമായ ദർശനം പകർന്നു തന്ന കഥാകാരനായിരുന്നു ഊട്ടുപുലാക്കൽ വേലുക്കുട്ടി വിജയൻ എന്ന ഒ.വി. വിജയൻ. ചെറുകഥാരംഗത്തും നോവൽ രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം മലയാള സാഹിത്യത്തിൽ പകരക്കാരില്ലാത്ത ഇതിഹാസകാരനായി. ആനന്ദ്, എം. മുകുന്ദൻ, കാക്കനാടൻ എന്നിവരുടെ സമകാലികനായാണ് ഒ.വി. വിജയൻ സാഹിത്യരംഗത്തേക്ക് എത്തിയത്. ഒരു ഭൂമികയിൽ തന്നെ നിലയുറപ്പിക്കാതെ മനുഷ്യമനസുകളിലേക്കും സമൂഹത്തിലേക്കും ഒരുപോലെ കണ്ണുനട്ട് അവിടുന്ന് ആർജിച്ചെടുത്ത സംഭവങ്ങളെ തന്മയത്വത്തോടെ ആവിഷ്കരിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധപതിപ്പിച്ചത്. മനുഷ്യജീവിതത്തിന്റെ വിപരീത സമസ്യയെ ആവിഷ്കരിക്കാനുള്ള ദാർശനികയത്നങ്ങളാണ് ഒ.വി. വിജയന്റ രചനകൾ. വൃദ്ധനും നിസഹായനുമായ വെള്ളായിയപ്പന്റെ കഥ പറഞ്ഞ കടൽത്തീരത്ത്, ഇരുപത്തിയൊന്നാം നൂറ്റാണ്ട്, കാറ്റ് പറഞ്ഞ കഥ, അശാന്തി തുടങ്ങിയ കഥകളിലെല്ലാം തന്നെ മനുഷ്യജീവിതത്തിലെ എക്കാലത്തെയും സന്ദിഗ്ദ്ധതകളെ വിജയൻ മനോഹരമായി ചിത്രീകരിച്ചു. അദ്ദേഹത്തിന്റെ ഒട്ടുമുക്കാൽ കഥകളിലും വേറിട്ട ആഖ്യാന സവിശേഷത ദർശിക്കാം.

### 2.4.3.5 കാക്കനാടൻ



കാക്കനാടൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ജോർജ് വർഗീസ് 1935 ഏപ്രിൽ 26-ന് തിരുവല്ലയിൽ ജനിച്ചു. മലയാള കഥാകാരന്മാരിൽ അത്യാധുനികരുടെ

ജോർജ് വർഗീസ്

നിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. സാഹിത്യത്തിനുള്ള സാമൂഹ്യബന്ധം അംഗീകരിക്കുന്നു. ആദർശങ്ങളുടെ പൊള്ളത്തരങ്ങൾ, മനുഷ്യബന്ധങ്ങളുടെ വിചിത്രഗതികൾ, മതദർശനങ്ങളുടെ പരാജയങ്ങൾ, സാമൂഹ്യജീവിതത്തിലെ ഹിപ്പോക്രസികൾ മുതലായവയാണ് കാക്കനാടന്റെ കഥകൾക്ക് വിഷയമാക്കുന്നത്. സമകാലിക ജീവിതത്തിന്റെ അർഥശൂന്യതയും, നിഷ്ഫലതയും, സുശക്തമായി വേണ്ടുവോളം, ഉപയോഗപ്പെടുത്തിയിട്ടണ്ട്. ഉദാഹരണം കാളിയമർദ്ദനം എന്ന കഥ മതത്തിലും രാഷ്ട്രീയ രംഗത്തും സമൂഹമധ്യത്തിലും യഥാർഥ മനുഷ്യനെ അല്ല മുഖംമൂടികളെയാണ് കാണുന്നത്. മനുഷ്യനന്മയ്ക്ക് നേരെ അധികാരത്തിന്റെ വൃത്തികെട്ട ഇടപെടലുകൾ ഉണ്ടാകുമ്പോൾ അദ്ദേഹം ശക്തവും ഭയാനകവുമായ ഉപഹാസത്തിന്റെ വാൾ വീശുന്നു. മറ്റു നാടുകളിലും മഹാനഗരങ്ങളിലും മടങ്ങി നടക്കുന്നവർ, ഉടഞ്ഞുപോയ മുഖങ്ങൾ, വറ്റിപ്പോയ പുഴകൾ ഇവയൊക്കെയാണ് കാക്കനാടന്റെ കഥാപാത്രങ്ങൾ. വിഷയ സ്വീകരണത്തിലും, ആവിഷ്കരണത്തിലും, ശൈലിയിലും വൈവിധ്യം പുലർത്തുന്ന കഥാകാരനാണ് അദ്ദേഹം. ബൈബിൾ ശൈലിയിൽ കഥ എഴുതി സംവേദനത്തിൽ അദ്ദേഹം പുതിയ പുതിയ മാനങ്ങൾ സൃഷ്ടിച്ചു. ആൽവാർ തിരൂർ നഗറിലെ പന്നികൾ, ശ്രീചക്രം, യുദ്ധാവസാനം, ഐതരേകാണ്ഡം, ജാപ്പാന പുകയില, ഉച്ചയില്ലാത്ത ഒരു ദിവസം, മഴയുടെ ജ്വാലകൾ, ആത്മാവിന്റെ നഗ്നത, ആന്ദ്രേയോസ് എന്ന പാപി, കാക്കനാടന്റെ കഥകൾ തുടങ്ങിയവ പ്രധാന കൃതികൾ.

### 2.4.3.6 സാറാ ജോസഫ്

സ്ത്രീപക്ഷപാതിയായ കഥാകൃത്താണ് സാറാ ജോസഫ്. അധീശ വർഗത്തിന്റെ മൂല്യങ്ങളെ ചോദ്യം ചെയ്യുന്ന രചനാരീതിയാണ് സാറാ ജോസഫിന്റെ കൃതികളുടെ പ്രധാനപ്പെട്ട സവിശേഷത. പുരുഷ മേധാവിത്വവുമായി സന്ധിചെയ്യാൻ എഴുത്തുകാരി തയ്യാറല്ല. അടിസ്ഥാന വർഗ മൂല്യങ്ങളിൽ വിശ്വാസം അർപ്പിച്ച എഴുത്തുകാരിയാണ് സാറാ ജോസഫ്. സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ സാക്ഷാത്കാരത്തിലൂടെ മാത്രമേ മനുഷ്യ വിമോചനം പൂർണമാകൂ എന്ന പ്രായോഗിക വീക്ഷണമാണ് സാറാ ജോസഫിന്റെ രചനകളുടെ അടിസ്ഥാനതത്വം(മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ). മനസിലെ തീ മാത്രം, കാടിന്റെ സംഗീതം, നന്മതിന്മകളുടെ വൃക്ഷം, പാപത്തറ, ഒടുവിലത്തെ സൂര്യകാന്തി, നിലാവ് അറിയുന്നു, കാടിതു കണ്ടായോ കാന്താ, പുതുരാമായണം എന്നിവ പ്രധാനപ്പെട്ട ചെറുകഥകളാണ്

### 2.4.3.7 സക്കറിയ



ആധുനിക ചെറുകഥാകാരന്മാരിൽ പലതുകൊണ്ടും വേറിട്ട വ്യക്തിത്വം പുലർത്തുന്ന കഥാകാരനാണ് സക്കറിയ. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഉരുളികുന്നം എന്ന ഗ്രാമത്തിൽ 1945-ലാണ് ജനിച്ചത്.

സക്കറിയ

പുതിയ ഭാവങ്ങൾ പുതിയ രൂപത്തിൽ പകർന്നു തരാൻ ശ്രദ്ധിക്കുന്ന എഴുത്തുകാരനാണ് സക്കറിയ. ജീവിതത്തിലെ ബാഹ്യ സംഘട്ടനങ്ങൾ അദ്ദേഹം കഥാവിഷയമായി സ്വീകരിക്കാറില്ല. സാഹിത്യകാരന് സമൂഹത്തോട് പ്രതിബദ്ധതയുണ്ടാകണം എന്ന കാര്യത്തിൽ വലിയ നിർബന്ധം കാണിക്കാറില്ല. മനുഷ്യന്റെ ആന്തരിക സംഘട്ടനങ്ങൾക്ക് അദ്ദേഹം കഥാരൂപം നൽകുന്നു. മനുഷ്യ ചേതനയുടെ അപൂർവമായ തുടിപ്പുകളും തേങ്ങലുകളും സ്വന്തം ഭാവനയുടെ അംശമാക്കി സക്കറിയ മാറ്റുന്നു. സക്കറിയയുടെ കഥാശൈലിയാകട്ടെ ആസ്വാദക ഹൃദയത്തെ ആനന്ദിപ്പിക്കുന്ന

തും ഇഴയടുപ്പമുള്ളതുമാണ്. മനോവിഭ്രാന്തി മൂലമുണ്ടാകുന്ന തോന്നലുകളെ യാഥാർഥ്യം പോലെ അവതരിപ്പിക്കുന്ന ഫാന്റസിയുടെ സാന്നിധ്യം പല കഥകളിലും നമുക്ക് കാണാനാകും. ഒരിടത്ത്, കുന്ന്, നസ്രാണി യുവാവും ഗൗളിശാസ്ത്രവും, ഭാസ്കര പട്ടേലരും എന്റെ ജീവിതവും, ('നോവല്ല'യാണെന്ന അഭിപ്രായമുണ്ട്) ആർക്കറിയാം, കണ്ണാടി കാൺമോളവും, സക്കറിയയുടെ യേശു, പ്രതി കഥകൾ, സലാം അമേരിക്ക, കന്യാകുമാരി, സക്കറിയുടെ കഥകൾ, തുടങ്ങി നിരവധി കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. തൊമ്മിയ്ക്ക് ഭാസ്കരപട്ടേലരോടുള്ള വിധേയത്വം വ്യക്തമാക്കുന്ന ഭാസ്കര പട്ടേലരും എന്റെ ജീവിതവും (അടൂർ ഗോപാലകൃഷ്ണൻ വിധേയൻ എന്ന പേരിൽ സിനിമയാക്കി). യേശുദേവന്റെ ജനനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിക്കുന്ന 'ആർക്കറിയാം', മനുഷ്യമനസാക്ഷിയെ തൊട്ടുണർത്തുന്ന ചില മൗലിക പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന 'മൂന്നു കുഞ്ഞുങ്ങൾ' തുടങ്ങിയ കഥകളൊക്കെ വായിക്കുമ്പോൾ സക്കറിയയുടെ കഥകളുടെ സവിശേഷതകൾ നമുക്ക് വ്യക്തമാകുന്നു.

### അവലോകനം

'ഒരാൾ മറ്റൊരാളോട് ചെയ്യുന്ന നാതിദീർഘമായ സംവാദം' എന്നു വില്യം സരോയനും, 'ബാഹ്യമോ ആഭ്യന്തരമോ ആയ ഒരൊറ്റ സംഭവത്തെ കുറിക്കുന്ന ഭാവനാസൃഷ്ടിയാണ് ചെറുകഥ' എന്ന് സോമർ സെറ്റ് മോമും ചെറുകഥയെ നിർവചിച്ചിട്ടുണ്ട്. റഷ്യൻ കാഥികനായ ഗൊഗോളും, എഡ്ഗാർ അല്ലൻ പോയും കഥയുടെ ചരിത്രത്തിന് തുടക്കം കുറിച്ചു. മലയാളത്തിലെ ചെറുകഥയ്ക്ക് പല ഘട്ടങ്ങളുണ്ട്. ആദ്യകാല കഥകൾ, നവോത്ഥാന ഘട്ടം, ആധുനിക ഘട്ടം, ഉത്തരാധുനിക ഘട്ടം എന്നിങ്ങനെ. ഓരോ ഘട്ടത്തിലെ കഥയ്ക്കും അതിന്റേതായ സവിശേഷതകളുണ്ട്. യഥാതഥമായ ജീവിതപ്രതിഫലനത്തിൽ നിന്ന് വ്യക്തികളുടെ സ്വകാര്യദുഃഖങ്ങളിലേക്ക് ഉള്ളതാണ് ആദ്യത്തെ മാറ്റം. ചെറുകഥ അന്തർമുഖത്തിന്റെ ഭാവഭംഗികൾ ആർജിക്കുകയും, കല്പനികത കൈവരിക്കുകയും ചെയ്തു. മനുഷ്യാവസ്ഥയെയും ജീവിതത്തെയും താത്വികമായി വിശകലനം ചെയ്യാനുള്ള പരിശ്രമത്തിന് ഈ കാല്പനിക ഭാവുകത്വം വഴിമാറി കൊടുക്കുന്നതാണ് ഇന്ന് നാം കാണുന്നത്. സംശയാലുക്കളോ അവിശ്വാസികളോ ആയ ഒരുകൂട്ടം ധിഷണാശാലികളുടെ നിഷേധത്തിന്റെ സ്വരം അവിടെ ഉയർന്നുകേൾക്കുന്നു. ഈ ദാർശനികതയുടെ ഭാരം ഒഴിവാക്കുകയും കർക്കശമായ യാഥാർഥ്യബോധത്തോടെ ജീവിതബന്ധങ്ങളെയും വ്യക്ത്യനുഭവങ്ങളെയും വിശകലനം ചെയ്യുന്നതിൽ സർഗാത്മക സാഫല്യം കണ്ടെത്തുകയും ചെയ്യുന്ന എഴുത്തുകാരുടെ കൂട്ടത്തിനെ കാണുന്നു. അവർ വിശ്വാസം വീണ്ടെടുത്തുവെന്നോ ജീവിതത്തിന്റെ പ്രകാശപൂർണമായ തലങ്ങളിലേയ്ക്ക് കണ്ണുയർത്താൻ തയ്യാറായെന്നോ പറയുക ശരിയായിരിക്കില്ല. അപ്രിയസത്യങ്ങളെയാണ് അവർ അഭിമുഖീകരിക്കുന്നത്. കഥയുടെ ആഖ്യാന തന്ത്രത്തിലും ആവിഷ്കാര രീതിയിലും ധാരാളം പരീക്ഷണങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. ഏകീകരിക്കപ്പെട്ട ഭാവം എന്നതിനേക്കാൾ വൈവിധ്യത്തിലാണ് അതിന്റെ സൗന്ദര്യം ഇന്ന് നിലകൊള്ളുന്നത്.

## Recap

- മലയാള ചെറുകഥയുടെ ആരംഭ ചരിത്രം
- ചെറുകഥ എന്ന സാഹിത്യ രൂപം
- ഭാവുകത്വത്തിന്റെ പരിണാമങ്ങളും ഘട്ടവിഭജനവും
- വിവർത്തനവും മലയാള ചെറുകഥയും
- ആദ്യകാല ചെറുകഥാകൃത്തുക്കൾ
- ആദ്യകാല ചെറുകഥകൾ
- നവോത്ഥാനകാല ചെറുകഥ
- കാലഘട്ടവും ചെറുകഥയും
- വ്യത്യസ്തമായ ആശയധാരകൾ
- കാരൂരിന്റെ രചനാലോകം
- തകഴിയുടെ ചെറുകഥകളുടെ പ്രത്യേകതകൾ
- കേശവദേവും മലയാളം ചെറുകഥയും
- പൊൻകുന്നം വർക്കിയുടെ രചനകൾ
- ടി. പത്മനാഭന്റെ ചെറുകഥകളുടെ പൊതു സവിശേഷതകൾ
- ആധുനികതയും കാല്പനികതയും
- മാധവിക്കുട്ടിയുടെ ചെറുകഥാലോകം
- സ്ത്രീപക്ഷ രചനകൾ
- ഭാഷയും ശൈലിയും
- കാക്കനാടനും മലയാള ചെറുകഥയും
- സാറാ ജോസഫിന്റെ ചെറുകഥകൾ
- സക്കറിയയുടെ രചനകൾ

## Objective Questions

1. മലയാളത്തിലെ ആദ്യ ചെറുകഥ എന്ന് പരിഗണിക്കുന്ന കൃതി ഏത്?
2. കേസരി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ചെറുകഥാകൃത്ത് ആര്?
3. ദ്വാരക ആരുടെ ചെറുകഥയാണ്?
4. കലികാല വൈഭവം എന്ന ചെറുകഥ രചിച്ചത് ആര്?
5. കല്യാണിക്കുട്ടി ആരുടെ ചെറുകഥയാണ്?
6. എം.ആർ.കെ.സിയുടെ കഥകളെ മൂന്നായി തരംതിരിച്ചിരിക്കുന്നത് എങ്ങനെ?
7. കുടിപ്പക ആരുടെ കഥയാണ്?
8. ഇ.വി. കൃഷ്ണപിള്ളയുടെ 43 കഥകളുടെ സമാഹാരത്തിന്റെ പേര് എന്ത്?

## Objective Questions

9. അധ്യാപക കഥകളിലൂടെ ശ്രദ്ധേയനായ ചെറുകഥാകൃത്ത് ആര്?
10. മരപ്പാവകൾ ആരുടെ ചെറുകഥയാണ്?
11. കുട്ടനാടിന്റെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന ചെറുകഥാകൃത്ത് ആരാണ്?
12. ദീനാമ്മ ആരുടെ ചെറുകഥയാണ്?
13. ശബ്ദിക്കുന്ന കലപ്പ എന്ന ചെറുകഥ എഴുതിയതാര്?
14. നളിനകാന്തി ആരുടെ ചെറുകഥയാണ്?
15. നെയ്പായസം എന്ന ചെറുകഥ എഴുതിയത് ആര്?
16. നസ്രാണി യുവാവും ഗൗളിശാസ്ത്രവും ആരുടെ ചെറുകഥയാണ്?
17. പാപത്തറ എന്ന കഥ രചിച്ചത് ആര്?
18. കാക്കനാടൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര്?
19. മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ ചെറുകഥ എന്ന് പരിഗണിക്കപ്പെടുന്ന വിവർത്തനകൃതി ഏത്?
20. വൈരം മുറിച്ച നാരി ആരുടെ കഥയാണ്?

## Answers

1. വാസനാവികൃതി
2. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
3. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ
4. മൂർക്കോത്ത് കുമാരൻ
5. ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ
6. ചരിത്ര കഥകൾ, കുറ്റാന്വേഷണ കഥകൾ, സാമൂഹിക കഥകൾ
7. എം.ആർ.കെ.സിയുടെ
8. കേളി സൗധം
9. കാരൂർ നീലകണ്ഠപിള്ള
10. കാരൂരിന്റെ
11. തകഴി
12. പി. കേശവദേവ്
13. പൊൻകുന്നം വർക്കി
14. ടി. പത്മനാഭൻ

15. മാധവിക്കുട്ടി
16. സക്കറിയ
17. സാറാ ജോസഫ്
18. ജോർജ് വർഗീസ്
19. ചെറുപൈതങ്ങൾക്ക് ഉപകാരാർഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ
20. അമ്പാടി നാരായണ പൊതുവാൾ

## Assignments

1. നോവലും ചെറുകഥയും എന്ന ഉപാദന സാമഗ്രിയിൽ സൂചിപ്പിച്ചിട്ടുള്ള കഥാകൃത്തുക്കളുടെ ഓരോ കഥ വായിച്ച് അവയ്ക്ക് ഓരോ ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുക. (നവോത്ഥാന കാഥികരും ആധുനികരും മാത്രം മതി)
2. ശബ്ദിക്കുന്ന കലപ്പയിലെ പ്രമേയം വിവരിച്ച് അതിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുക.
3. ആദ്യകാല ചെറുകഥകളുടെ പൊതുസ്വഭാവം എന്ത്?
4. ചെറുകഥയുടെ കാലഘട്ടങ്ങളും ഓരോ ഘട്ടത്തിലും ചെറുകഥയ്ക്ക് വന്ന പരിണാമങ്ങളും ചർച്ച ചെയ്യുക.
5. ടി. പത്മനാഭന്റെ കഥകളുടെ സവിശേഷതകൾ വിവരിക്കുക.

## Suggested Reading


1. ഡോ. എം.എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ,
2. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി.സി. ബുക്സ്, കോട്ടയം.


## Reference


1. കെ.എം. ജോർജ് (എഡി) ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂ ടെ, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ. പി.കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

# Model Question Paper Sets for the Fifth Semester Course of the B.A. Malayalam Language and Literature Programme

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : …….............**

## FIFTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION

### GENERIC ELECTIVE COURSE - B21ML01GE -

### ആധുനികമലയാള സാഹിത്യചരിത്രം

### (CBCS - UG)

### MODEL QUESTION PAPER- SET- A

### 2022-23 - Admission Onwards

**Time: 3 Hours** **Max Marks: 70**

---

### SECTION A

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. വൈത്തിപ്പട്ടർ ചന്തു മോനോന്റെ ഏതു നോവലിലെ കഥാപാത്രമാണ്?
2. നാലുകെട്ട് – ആരുടെ കൃതിയാണ്?
3. ധർമ്മരാജ പ്രകാശിതമായ വർഷം ഏത്?
4. 2001–ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി ഏത്?
5. അതിരാണിപ്പാടം എന്ന ദേശം പ്രമേയമായി കടന്നുവരുന്ന എസ്.കെ. പൊറ്റെക്കാട്ടിന്റെ നോവൽ ഏത്?
6. ലീല ആരുടെ കൃതിയാണ്?
7. ഒരു മനുഷ്യൻ എന്ന ചെറുകഥ രചിച്ചത് ആര്?
8. ആദ്യത്തെ എക്സിസ്റ്റൻഷ്യലിസ്റ്റ് നോവൽ എന്ന് കെ.എം. തരകൻ വിശേഷിപ്പിച്ചിരിക്കുന്ന കൃതി ഏത്?
9. 'ക്രിസ്തുദേവന്റെ പരിത്യാഗശീലവവും സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും' – വള്ളത്തോൾ ആരെക്കുറിച്ചാണ് ഇപ്രകാരം എഴുതിയിരിക്കുന്നത്?
10. എസ്.കെ. പൊറ്റെക്കാട്ടിന്റെ ആദ്യ നോവൽ ഏതാണ്?
11. പ്രേമലേഖനം ആരുടെ കൃതിയാണ്?
12. മാറുന്ന മലയാള നോവൽ– ആരുടെ രചനയാണ്?
13. 'വന്ദിപ്പിൻ മാതാവിനെ' എന്ന മാതൃ സങ്കീർത്തനം രചിച്ചത് ആര്?
14. കാല്പനിക സ്വഭാവം പുലർത്തുന്ന എസ്.കെ. പൊറ്റെക്കാട്ടിന്റെ രണ്ട് കൃതികളുടെ പേര് എഴുതുക?

15. എസ്.കെ. പൊറ്റെക്കാട്ടിന്റെ ഏതു നോവലിലെ കഥാപാത്രമാണ് അന്തോണി?

**(10X1 = 10 Marks)**

## SECTION B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. 'ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ' – സാരാംശം എഴുതുക.
17. ബാല്യകാലസഖിയെക്കുറിച്ചുള്ള എം.പി. പോളിന്റെ നിരീക്ഷണം എന്താണ്?
18. എൻ.വി. കൃഷ്ണവാരിയരുടെ രണ്ട് രചനകളുടെ പേര് എഴുതുക.
19. മലയാളനോവൽ സാഹിത്യ ചരിത്രത്തിൽ എം.ടി. യുടെ മഞ്ഞ് എന്ന നോവലിന്റെ സവിശേഷത എന്തെല്ലാം?
20. എലികൾ എന്ന കവിതയുടെ പ്രമേയപരമായ സവിശേഷതകൾ സംഗ്രഹിക്കുക.
21. ബാല്യകാലസഖിയിലെ കേന്ദ്ര കഥാപാത്രങ്ങൾ ആരെല്ലാം?
22. അച്ഛനും മകളും എന്ന കൃതിയുടെ കേന്ദ്ര പ്രമേയം എന്താണ്?
23. ദുരവസ്ഥയിലെ കേന്ദ്ര പ്രമേയമെന്താണ്?
24. ഉറൂബ് എന്ന പദത്തിന്റെ അർഥമെന്താണ്?
25. പൂതപ്പാട്ട്, കാവിലെ പാട്ട് എന്നീ കവിതകളുടെ പൊതുസവിശേഷതകൾ സംഗ്രഹിക്കുക.

**(5x2=10 marks)**

## SECTION C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. വീണപൂവ് എന്ന കവിതയുടെ ഭാവപരമായ സവിശേഷതകൾ എന്തെല്ലാം?
27. നാലുകെട്ട് എന്ന നോവലിലൂടെ അനാവൃതമാകുന്ന സാമൂഹ്യ സാഹചര്യങ്ങൾ ചുരുക്കി എഴുതുക.
28. കൊച്ചുതൊമ്മൻ എന്ന കവിതയുടെ ഭാവപരമായ സവിശേഷതകൾ എന്തെല്ലാം?
29. 1947-ന് മുമ്പുള്ള കേരളീയ സമൂഹത്തിന്റെ ചരിത്രം വിവരിക്കുന്ന നോവലാണ് സുന്ദരികളും സുന്ദരന്മാരും – വിലയിരുത്തുക.
30. ബഷീറിന്റെ രചനാശൈലിയുടെ സവിശേഷതകൾ എന്തെല്ലാം?
31. ആശാന്റെ സ്തോത്ര കാവ്യങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
32. 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും' – ആശയം വ്യക്തമാക്കുക.
33. സാറാ ജോസഫിന്റെ ആളോഹരി ആനന്ദം എന്ന നോവലിന്റെ പ്രമേയപരമായ സവിശേഷതകൾ എന്തെല്ലാം?
34. ഉമാകേരളം എന്ന കൃതിയുടെ സവിശേഷതകൾ എന്തെല്ലാം?
35. കാല്പനിക പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
36. ഉമ്മാച്ചു എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പെഴുതുക.
37. ബഷീർ കൃതികളിലെ ജീവിതാവിഷ്കാരം എപ്രകാരമായിരുന്നു? ഏതെങ്കിലും രണ്ട് കൃതികളെ മുൻനിർത്തി കുറിപ്പെഴുതുക.

**(6x5=30 Marks)**

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. ആത്മീയ ജീവിതവും ലൗകിക ജീവിതവും തമ്മിലുള്ള സംഘർഷങ്ങൾ കുമാരനാശാന്റെ കൃതികളിൽ കാണാം - വിമർശനാത്മകമായി വിലയിരുത്തുക.
39. 'കാല്പനികതയും റിയലിസവും സമന്വയിക്കുന്ന കാവ്യ ശൈലിയാണ് പി. ഭാസ്കരന്റേത്.' വിലയിരുത്തുക.
40. വിശ്വമാനവസങ്കല്പം വയലാറിന്റെ കവിതകളുടെ അന്തർധാരയാണ് - വിലയിരുത്തുക.
41. ആലാഹയുടെ പെൺമക്കൾ - ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**(2x10=20Marks)**

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ……...........**

## FIFTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION

### GENERIC ELECTIVE COURSE - B21ML01GE - ആധുനികമലയാള സാഹിത്യചരിത്രം

**(CBCS - UG)**

**MODEL QUESTION PAPER- SET- B**

**2022-23 - Admission Onwards**

**Time: 3 Hours** **Max Marks: 70**

---

### SECTION A

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. ചന്ത്രക്കാരൻ എന്ന ദുർമോഹി കഥാപാത്രമായി വരുന്ന സി.വി.യുടെ നോവൽ?
2. ശബ്ദങ്ങൾ- ആരുടെ രചനയാണ്?
3. ഭക്തി ദീപിക ആരുടെ കൃതിയാണ്?
4. അസുരവിത്ത് ആരുടെ കൃതിയാണ്?
5. അപ്പൻതമ്പുരാൻ രചിച്ച ഭാസ്കരമേനോൻ എന്ന നോവലിന്റെ മറ്റൊരു പേര് എന്താണ്?
6. 'കൈരളിയുടെ കർണ്ണപുണ്യം' എന്ന് സഞ്ജയൻ വിശേഷിപ്പിച്ച ഖണ്ഡകാവ്യം ഏത്?
7. എസ്.കെ. പൊറ്റെക്കാട്ടിന്റെ ഏതു നോവലിലെ കഥാപാത്രമാണ് ശ്രീധരൻ?
8. കേരള കലാമണ്ഡലം സ്ഥാപിതമായ വർഷം?
9. 'ചെറുകഥ ഇന്നലെ ഇന്ന്' എന്ന കൃതി രചിച്ചത് ആര്?
10. മലയാളത്തിലെ പ്രേമോപനിഷത്ത് എന്ന് അറിയപ്പെടുന്നു കൃതി?
11. എം.ടി. യുടെ കേരള പശ്ചാത്തലമില്ലാത്ത നോവൽ ഏതാണ്?
12. വിഷകന്യക ആരുടെ കൃതിയാണ്?
13. അപസർപ്പക നോവൽ ആയ കനകം മൂലം രചിച്ചത് ആര്?
14. കഥികന്റെ പണിപ്പുര ആരുടെ കൃതിയാണ്?
15. മഞ്ഞ് എന്ന നോവലിലെ കേന്ദ്ര കഥാപാത്രം ആരാണ്?

**(10x1=10 Marks)**

## SECTION B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. സുന്ദരികളും സുന്ദരന്മാരും എന്ന നോവലിന്റെ പ്രമേയമെന്താണ്?
17. ബധിരവിലാപം എന്ന കൃതിയുടെ സവിശേഷതകൾ എന്തെല്ലാം?
18. ബാല്യകാലസഖിയിലെ കേന്ദ്ര പ്രമേയത്തെക്കുറിച്ച് കുറിപ്പെഴുതുക.
19. ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും എന്ന നോവലിലെ അഞ്ച് കഥാപാത്രങ്ങളുടെ പേര് എഴുതുക?
20. ബോധധാരാ സാമ്പ്രദായത്തെക്കുറിച്ച് കുറിപ്പെഴുതുക.
21. കുമാരനാശാൻ ഗ്രാമവൃക്ഷത്തിലെ കുയിൽ എഴുതാനിടയായ സാഹചര്യം എന്ത്?
22. ഒരു തെരുവിന്റെ കഥ എന്ന നോവലിന്റെ ഇതിവൃത്തം എന്താണ്?
23. കർണഭൂഷണത്തിന്റെ രചനാപരമായ സവിശേഷതകൾ എന്തെല്ലാം?
24. ഒ.വി. വിജയന്റെ രണ്ട് നോവലുകളുടെ പേര് എഴുതുക?
25. മലയാളത്തിലെ രണ്ട് മഹാകാവ്യങ്ങളുടെ പേര് എഴുതുക?

**(5x2=10 Marks)**

## SECTION C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. ബഷീറിന്റെ കൃതികളെ ശ്രദ്ധേയമാക്കുന്ന ഒരു പ്രധാന ഘടകം അതിലെ ഭാഷയാണ് - പാത്തുമ്മയുടെ ആട് എന്ന കൃതിയെ അടിസ്ഥാനമാക്കി വിവരിക്കുക.
27. നവോത്ഥാനകാല സാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
28. ഭാവഗീതങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?
29. ആധുനികത (modernism)-കുറിപ്പെഴുതുക.
30. ബാലാമണിയമ്മയുടെ കാവ്യജീവിതത്തെ പരിചയപ്പെടുത്തുക.
31. ചിത്രയോഗം മഹാകാവ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
32. കളിയച്ഛൻ എന്ന കവിതയുടെ സവിശേഷതകൾ എന്തെല്ലാം?
33. ആശാൻ കവിതയിലെ ജീവിത ദർശനത്തെക്കുറിച്ച് കുറിപ്പെഴുതുക.
34. കാക്കനാടന്റെ നോവലുകളുടെ രചനാപരമായ സവിശേഷതകൾ എന്തെല്ലാം?
35. ഉള്ളൂരിന്റെ സാഹിത്യ ജീവിതത്തെക്കുറിച്ച് സംഗ്രഹിച്ച് കുറിപ്പെഴുതുക.
36. വിഷകന്യക ലക്ഷണമൊത്ത ഒരു കാല്പനിക നോവൽ ആണെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
37. 'മൂന്ന് ദശാബ്ദക്കാലം കൊണ്ട് ഒരു നാട്ടിൽ സംഭവിക്കുന്ന പരിണാമത്തിന്റെ ചരിത്രമാണ് ഒരു ദേശത്തിന്റെ കഥ' - വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**(6x5=30 Marks)**

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. പി. കുഞ്ഞിരാമൻ നായരുടെ കവിതകളിലെ ബിംബകല്പനകളെക്കുറിച്ച് ഉപന്യസിക്കുക.
39. സ്നേഹമാണഖിലസാരമൂഴിയിൽ - ആശാന്റെ കവിതകളിലെ സ്നേഹസങ്കല്പ ത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
40. സംഘർഷവും യാഥാർഥ്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ചങ്ങമ്പുഴയുടെ കവി തകളിൽ കാണാം - വിമർശനാത്മകമായി വിലയിരുത്തുക.
41. മലയാളനോവലിലെ സ്ത്രീപക്ഷ രാഷ്ട്രീയം - ഉപന്യാസം തയ്യാറാക്കുക

**(2×10=20Marks)**

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres

### Kozhikode

Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery

Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura

Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi

Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# ആധുനിക മലയാളസാഹിത്യചരിത്രം

COURSE CODE: B21ML01GE

ISBN 978-81-980417-0-8

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

9 788198 041708